**ധനകാര്യം**

മി. സ്പീക്കർ: 2013–14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളും 1990–91, 1992–93, 1995–96, 1996–97, 1997–98, 1998–99, 2000–01, 2001–02, 2003–04, 2006–07, 2008–09, 2009–10 സാമ്പത്തിക വർഷത്തേയ്ക്കുള്ള അധിക ധനാഭ്യർത്ഥനകളും താഴെ പറയുന്ന മന്ത്രിമാർ പ്രത്യേക ലിസ്റ്റിൽ കൊടുത്തിട്ടുള്ള ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച പ്രമേയങ്ങളും അവതരിപ്പിക്കേണ്ടതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി): സർ, ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,18,78,000 രൂപയുടേയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,5,80,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം.മാണി): സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,18,00,000 രൂപയുടേയും ഭവനനിർമ്മാണം എന്ന XXI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

78,39,45,000 രൂപയുടേയും ഉപധാനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഭൂനികുതി എന്ന VI –ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,76,92,000 രൂപയുടേയും ജില്ലാ ഭരണവും പലവകയും എന്ന XI –ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,77,1,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII- ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 98,08,000 രൂപയുടേയുംം ഭക്ഷ്യം എന്ന XXX–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 61,24,10,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ( ശ്രീ. കെ. ബാബു): സർ, എക്സൈസ് എന്ന VIII –ാം നമ്പർ ധനാഭ്യർത്ഥനയുടെ

പേരിൽ 49,70,000 രൂപയുടേയും മത്സ്യബന്ധനം എന്ന XXXIII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,4,49,000 രൂപയുടേയും തുറമുഖങ്ങൾ എന്ന XL -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, വാഹന നികുതികൾ എന്ന IX -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,00,000 രൂപയുടേയും വനം എന്ന XXXIV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,82,51,000 രൂപയുടേയും ഗതാഗതം എന്ന XLI -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,50,29,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,70,85,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,19,25,000 രൂപയുടെയും

ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, സ്റ്റേഷനറിയും അച്ചടിയും മറ്റും ഭരണപരമായ സർവ്വീസുകൾ എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,02,60,000 രൂപയുടെയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 67,29,59,000 രൂപയുടെയും മൃഗസംരക്ഷണം എന്ന XXXI -ാം നമ്പർ ധനാഭ്യർത്ഥന പേരിൽ 4,29,57,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 436,58,92,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം പൊതുമരാമത്ത് വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 192,88,16,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 116,67,37,000 രൂപ യുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ശുദ്ധജല വിതരണവും ശുചീക രണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,000 രൂപ യുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 62,000 രൂപയുടെയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, നഗര വികസനം എന്ന XXII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 55,28,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,51,00000 രൂപയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,43,17,000 രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 55,23,10,000 രൂപയുടെയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും എന്ന

XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 57,14,81,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളും എന്നിവയുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 96,39,86,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,85,64,0000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 269,75,61,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, പഞ്ചായത്ത് എന്ന XXXV -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,000 രൂപയുടെയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 340,73,35,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പി ക്കുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, വ്യവസായം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 245,18,52,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഊർജ്ജം എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,0000000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഊർജ്ജ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രിക്ക് ആദ്യമായി ജന്മദിനാശംസകൾ പറയുകയാണ്. അദ്ദേഹത്തിന് എല്ലാവിധ ആരോഗ്യവും ആയുസ്സും കർമ്മശേഷിയും ഉണ്ടാകട്ടേയെന്ന് ഞാൻ ആശംസിക്കുകയാണ്.

2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളേയും മറ്റ് ഉപധനാഭ്യർത്ഥനകളേയും അധിക ധനഭ്യർത്ഥ നകളേയും ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റും ഈ വർഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റും കേരളത്തിന്റെ സുസ്ഥിര വികസനത്തെക്കുറിച്ച് ഒരു കാഴ്ചപ്പാടുമില്ലാത്ത ബഡ്ജറ്റ് ആണെന്നാണ് ഈ ബഡ്ജറ്റുകളെക്കുറിച്ചുള്ള ഏറ്റവും വലിയ വിമർശനം. സംസ്ഥാനത്തിന്റെ സാമ്പത്തിക ഘടനയെ മുന്നോട്ട് നയിക്കുന്ന, സംസ്ഥാനത്തിന്റെ വികസനക്കുതിപ്പിന് സഹായിക്കുന്ന ഒന്നും ഈ ബഡ്ജറ്റിൽ ഉണ്ടായിട്ടില്ല എന്നതാണ് ഏറ്റവും ഖേദകരമായ വസ്തുത. സംസ്ഥാന വരവിന്റെ അടിസ്ഥാനത്തിൽ, വിഭവസമാഹരണം നടത്തി പുതിയ പദ്ധതികൾ വിഭാവനം ചെയ്തതുവഴി സ്ഥിരവികസനത്തിന് അടിത്തറയുണ്ടാ ക്കുന്നതിന്റെ രൂപരേഖയാണ് ഒരു സംസ്ഥാനത്തിന്റെ വാർഷിക ബഡ്ജറ്റു കൾ. അതാണ് ഒരു ബഡ്ജറ്റിൽ നിന്നും നമ്മൾ പ്രതീക്ഷിക്കുന്നത്. ഇക്കാര്യ ത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റുകൾ പുറകോട്ടുപോയി എന്നതാണ് വാസ്തവം. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് പ്രാഥമികമായ കാര്യങ്ങൾ – റോഡ്, ശുദ്ധജലം, വൈദ്യുതി ഇവയെല്ലാം സമൃദ്ധമായി ഒരു സംസ്ഥാനത്ത് ഉണ്ടാകുക എന്നാണ് നമ്മൾ

മനസ്സിലാക്കിയിട്ടുള്ളത്. ലോകത്ത് സാമ്പത്തിക കുതിപ്പ് നടത്തിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും ഇതാണ് പ്രാഥമികമായി നടന്നിട്ടുള്ളത്. അതോടൊപ്പമാണ് വിദ്യാഭ്യാസ മേഖലയും ആരോഗ്യപരിപാലന മേഖലയും. ഈ മേഖലകളിൽ കേരളം നേടിയ നേട്ടങ്ങൾ പുറകോട്ട് പോകുന്നു. അതു പോലെ വൈദ്യുതി ഉൽപ്പാദനത്തിന്റെ കാര്യത്തിൽ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൈവരിച്ച നേട്ടങ്ങളിൽനിന്ന് പുറകോട്ട് പോകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഈ മേഖലയ്ക്കെല്ലാം ഒരു കുതിപ്പ് കൊടുക്കാനുള്ള പദ്ധതികളോ നിർദ്ദേശങ്ങളോ ഈ ബഡ്ജറ്റിൽ ഉണ്ടായി ട്ടില്ല എന്നതാണ് ഏറ്റവും ഖേദകരമായ വസ്തുത. അതുപോലെ നമ്മുടെ മനു ഷ്യവിഭവശേഷി ഉപയോഗിക്കുന്ന കാര്യത്തിൽ ഈ ബഡ്ജറ്റിൽ എന്താണ് ഒരു പുതിയ നിർദ്ദേശമുളളത്? ഒരു ഭാവനാസമ്പന്നമായ നിർദ്ദേശം വയ്ക്കാ നുള്ളത്, മാനവവിഭവ ശേഷി മേഖലയിൽ 50 ശതമാനം വരുന്നത് സ്ത്രീകളാണ്. നമ്മുടെ തൊഴിലുറപ്പ് പദ്ധതിയിൽ, എല്ലാ തരത്തിലുള്ള ജോലി കൾ കേരളത്തിലുടനീളം ചെയ്യുന്നത് സ്ത്രീകളാണ്. അവരെ എന്തിനാണ് ഉപയോഗിക്കുന്നത്? പുല്ല് പറിക്കാൻ ഉപയോഗിക്കുന്നു. മറ്റെന്തെങ്കിലും നിസ്സാരമായ ജോലികൾ ചെയ്യുന്നതിനുവേണ്ടിയും അവരെ ഉപയോഗിക്കുന്നു.

മി. സ്പീക്കർ: പ്ലീസ്........പ്ലീസ്........ ഒരു അംഗം ധനകാര്യ വകുപ്പു മന്ത്രിയുടെ ബഡ്ജറ്റിനെ ആധാരമാക്കിയാണ് സഭയിൽ സംസാരിക്കുന്നത്. ഈ പ്രസംഗം കേൾക്കാനുള്ള ഒരു........................

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇതൊരു സ്ഥിരം കാഴ്ചയാണ്. ഭരണ കക്ഷി അംഗങ്ങൾ കൺസേൺഡ് മന്ത്രിയുടെ അടുത്ത് പോകുക, പ്രതിപക്ഷ

അംഗങ്ങൾ ഇവിടെനിന്ന് സംസാരിക്കുക, ധനകാര്യ വകുപ്പുമന്ത്രിക്ക് പ്രസംഗം കേൾക്കാനുള്ള അവസരമുണ്ടാക്കികൊടുക്കാതിരിക്കുക. ഞാൻ പറയുന്നത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേൾക്കുന്നുണ്ടോ?

നമ്മുടെ നാട്ടിലെ വിദ്യാസമ്പന്നരായ സ്ത്രീകളെ തൊഴിലുറപ്പ് പദ്ധതി യിൽ ഏറ്റവും നിസ്സാരമായ ജോലികൾക്കുവേണ്ടി ഉപയോഗിക്കുകയാണ്. അവരുടെ സ്കിൽ ഡെവലപ് ചെയ്യാനുള്ള എന്തെങ്കിലും പദ്ധതികൾ നമ്മൾ ആവിഷ്കരിക്കേണ്ടതല്ലേ? കാർപെന്ററി, മേസനറി, ഗാർഡനിംഗ്, വാർദ്ധക്യ ത്തിലെത്തുന്നവർക്ക് കെയർ കൊടുക്കുന്നതിനുള്ള പരിശീലനം തുടങ്ങിയ മേഖലകളിൽ അവർക്ക് അനന്ത സാധ്യതകളാണുള്ളത്. പ്രാഥമിക വിദ്യാഭ്യാ സവും അതിൽ കൂടതൽ വിദ്യാഭ്യാസവുമുള്ള സ്ത്രീകളെ ഇത്തരം ജോലിക ളിൽ പരിശീലിപ്പിക്കുകയും അവരെ വികസന കാര്യങ്ങളിൽ ഉപയോഗിക്കു കയും ചെയ്യാനുള്ള ഒരു പദ്ധതിയും ഈ ബഡ്ജറ്റിൽ ഉണ്ടായിട്ടില്ല എന്ന താണ് ഏറ്റവും ഖേദകരമായ വസ്തുത. തൊഴിലുറപ്പ് പദ്ധതിയിലുള്ളവരെ പുല്ലുചെത്തുന്നതിനായി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി തൊഴിലുറപ്പ് പദ്ധതിയുടെ പൈസ വിനിയോഗിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ നിയമങ്ങളിൽ മാറ്റം വരുത്തുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ ഒരു ശ്രമം നടത്തേണ്ടതല്ലേ? കേന്ദ്ര ഗവൺമെന്റിനോട് ഇത് പല പ്രാവശ്യം ആവശ്യപ്പെടുകയും ഒരു ഘട്ടത്തിൽ അത് പരിഗണിക്കാമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടേതുൾപ്പെടെ നിയമങ്ങൾ കേരളത്തിന് അനുസൃതമായും കേരളത്തിലെ സ്ത്രീകളുടെ മാനവ വിഭവ ശേഷി ഉപയോഗിക്കുന്നതിനായും ആവശ്യമായ രീതിയിൽ മാറ്റം വരുത്തുന്ന തിന് തയ്യാറാകണമെന്നാണ് പറയാനുള്ളത്. അതുപോലെ വികസനത്തിനു

വേണ്ടി സാമ്പത്തിക വിഭവം സമാഹരിക്കുന്ന കാര്യത്തിൽ കേരളത്തിന് അനന്ത സാധ്യതകളാണുള്ളത്. പ്രതിവർഷം 60000 കോടി രൂപയുടെ റെമിറ്റൻസ് വരുന്നുണ്ട്. ഇത് കേരളത്തിന്റെ വികസന രംഗത്തേക്ക് തിരിച്ചുവിടാനുള്ള ക്രാന്തദർശിത്വം നമ്മൾ കാണിക്കേണ്ടതല്ലേ? അങ്ങനെയൊരു സമീപനം ഈ ബഡ്ജറ്റുകളിലൊന്നുമില്ലെന്നുള്ളതാണ് ഏറ്റവും ഖേദകരമായ വസ്തുത. ഇതിനുവേണ്ടി എന്ത് പദ്ധതിയാണ് ആവിഷ്ക്കരിക്കാനുള്ളത്? അതിന് കൃത്യമായി എന്തെങ്കിലും ബഡ്ജറ്റിൽ വകകൊള്ളിക്കാനോ ബഡ്ജറ്റിൽ അത് സംബന്ധിച്ച പ്രൊപ്പോസൽ നൽകാനോ ഗവൺമെന്റിനും ധനകാര്യ വകുപ്പുമന്ത്രിക്കും കഴിയുന്നില്ല എന്നത് വളരെ പരിതാപകരമായ അവസ്ഥയാണ്. നമ്മുടെ സംസ്ഥാനം ക്രോപ്പിംഗ് ഇന്റൻസിറ്റിയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ്. വർഷം മുഴുവൻ കേരളമെമ്പാടും വെർട്ടിക്കലായിത്തന്നെ വളരുന്നതാണ് നമ്മുടെ നാണ്യവിളകൾ. ക്രോപ്പിംഗ് ഇന്റൻസിറ്റി എന്നതിന് വലിയ മാനം നൽകുന്നതാണ് കേരളത്തിലെ നാണ്യവിളകൾ. കേരളത്തിൽ പല തവണയുള്ള കൃഷി രീതിയല്ല ഉള്ളത്. വർഷം മുഴുവൻ ഈ വിളകൾ നിൽക്കുകയാണ്. ക്രോപ്പിംഗ് ഇന്റൻസിറ്റിയിൽ ഏറ്റവുമധികം സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിന്റെ നാണ്യവിളകളായ റബ്ബറിനും കുരുമുളകിനും ഏലത്തിനും വില കൂടുകയും കുറയുകയും ചെയ്യുന്നു. നാളികേരവില പാതാളത്തോളം താഴ്ന്നു. കേരളത്തിന്റെ നാണ്യവിളകൾ സംരക്ഷിക്കുന്നതിന് നമ്മളെന്താണ് ചെയ്യുന്നത്? ഉത്തരേന്ത്യയിലെവിടെയെങ്കിലും ഗോതമ്പിന്റെയും അരിയുടെയും വിലത്തകർച്ചയുടെ കാര്യത്തിൽ കൃഷിക്കാരും അവരുടെ സംഘടനകളും വിലപിക്കുന്നത് കേട്ടിട്ടുണ്ടോ? എല്ലാവർഷവും പുതുക്കിയ സംഭരണ

വില നിശ്ചയിക്കുകയും സംഭരിച്ച് ഗോഡൗണുകളിൽ സൂക്ഷിക്കുകയും ചെയ്യുന്നു. റബ്ബർ, നാളികേരം, കുരുമുളക് തുടങ്ങിയ നാണ്യവിളകളുടെ കാര്യത്തിൽ ഗവൺമെന്റ് മാർക്കറ്റിൽ ഇടപെടാത്തതെന്താണ്? നമുക്ക് സംഭരണശാലകൾ വേണ്ടേ? കേരളത്തിലെ കൃഷിക്കാരെ സംരക്ഷിക്കണ മെങ്കിൽ, അവർക്ക് ആശ്വാസം ലഭിക്കണമെങ്കിൽ മാണി സാറിന്റെ കോൺസ്റ്റി റ്റ്യുൻസിയായി അദ്ദേഹംതന്നെ അവകാശപ്പെടുന്ന ഈ മേഖലയിൽ ഗവൺമെന്റ് സ്ഥിരമായി ഇടപെടണം. ഉത്തരേന്ത്യയിലെ പ്രധാനപ്പെട്ട വിളകൾ ഗോതമ്പും അരിയുമാണ്. സ്ഥിരമായി ഈ വിളകളുടെ സംഭരണ വില പുതുക്കി നിശ്ചയിക്കുന്നതിനാൽ വിലയുടെ കാര്യത്തിൽ കൃഷിക്കാർക്ക് പരാതിയില്ല. കേരളത്തിൽ ഇതിന് സ്ഥിരം സംവിധാനമുണ്ടാകണ്ടേ? റബ്ബർ, നാളികേരം, ഏലം, കുരുമുളക് തുടങ്ങിയ നാണ്യവിളകൾ ഗവൺമെന്റ് സംഭരിക്കുകയും വർഷംതോറും അടിസ്ഥാനവില നിശ്ചയിക്കുകയും സംഭരിച്ചത് ഗോഡൗണിൽ സൂക്ഷിക്കാനുമുള്ള സംവിധാനം കേരള ഗവൺമെന്റ് നേരിട്ട് നടത്തണം. എങ്കിൽമാത്രമേ നമ്മുടെ നാണ്യവിളകൾ സംരക്ഷിക്കപ്പെടുകയുള്ളൂ. ഉത്തരേന്ത്യയുടെ കാര്യത്തിൽ അതാണ് നടക്കു ന്നത്. അവരുടെ ഏറ്റവും പ്രധാനപ്പെട്ട വിളയായ ഗോതമ്പ് സംഭരിക്കുകയും ഗോഡൗണുകളിൽ സൂക്ഷിക്കുകയും ചെയ്യുന്നു. വിലയെക്കുറിച്ച് കൃഷി ക്കാർക്ക് പരാതിയില്ല. വില ഒരു പരിധിയിൽകവിഞ്ഞ് താഴേക്ക് പോകുന്നില്ല. കേരളത്തിലെ വിളകളുടെ വില പാതാളത്തോളം താഴുമ്പോൾ നമ്മൾ വിലപി ക്കുകയാണ് ചെയ്യുന്നത്. കേരളം സ്വന്തമായി ഇനിഷ്യേറ്റീവെടുത്ത് നാണ്യവി ളകളെ സംരക്ഷിച്ചാൽ മാത്രമേ കേരളത്തിലെ കൃഷിക്കാർക്ക് നിവർന്ന് നിൽക്കാൻ സാധിക്കൂ. അങ്ങനെ മാത്രമേ കേരളത്തിലെ നാണ്യവിളകൾ സംരക്ഷിക്കപ്പെടുകയുള്ളൂ. അതുപോലെ ബ്രിട്ടീഷുകാരുടെ ഭരണകാലത്ത്

കണ്ടുപിടിച്ചതാണ് തെങ്ങിന്റെ രോഗം. ഇതിന്റെ പ്രതിവിധിക്കായി അനസ്യൂത മായ ഗവേഷണം നടക്കുന്നുണ്ടെന്നാണ് പറയുന്നത്. തെങ്ങുകൾക്ക് രോഗം കൂടുകയും പുതിയ രോഗം പിടിപെടുകയും ചെയ്യുന്നതല്ലാതെ തെങ്ങിനെ സംബന്ധിച്ച രോഗങ്ങൾക്കൊന്നും പ്രതിവിധിയുണ്ടായിട്ടില്ല. നാളികേര ഉല്പാ ദനം നമ്മുടെ നാട്ടിലേക്കാൾ കൂടുതലാണ് തമിഴ്നാട്ടിൽ. കേരളത്തിലെ പ്രധാന കൃഷിയായ നാളികേര കൃഷി അധോഗതിയിലായിട്ടും അതിനെ സംര ക്ഷിക്കാനും നമ്മുടെ ശാസ്ത്രജ്ഞൻമാരെ ഉൾപ്പെടുത്തി വലിയൊരു ഗവേ ഷണ മുന്നേറ്റം ഈ മേഖലയിൽ നടത്താനും ഗവൺമെന്റ് യാതൊന്നും ചെയ്യുന്നില്ല. അതിനൊന്നും ഈ ബഡ്ജറ്റിൽ യാതൊരു പരിഗണനയുമില്ല. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഹൈടെക് ഫാമിംഗ് തുടങ്ങിയ അവ്യക്തമായ ചില പരാമർശങ്ങളല്ലാതെ ഒരു കോൺക്രീറ്റ് ഇന്റർവെൻഷൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കൃഷിയുടെ കാര്യത്തിലു ണ്ടാകുന്നില്ല എന്നതാണ് ഏറ്റവും വലിയ പരാജയം. എന്റെ നിയോജക മണ്ഡലത്തിലെ ചില കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പി ക്കുകയാണ്. ഏറ്റുമാനൂർ നിയോജക മണ്ഡലത്തിൽ ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച് ഞാൻ ഇന്നലെയും പറഞ്ഞിരുന്നു. ഇതുസംബന്ധിച്ച് കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി മാണിസാറിന് നിവേദനം നൽകുന്നതാണ്. കോട്ടയം ജില്ലയിലെ എല്ലാ സ്ഥലത്തും മിനി സിവിൽ സ്റ്റേഷനുകളും റവന്യൂ ടവറുകളുമുണ്ട്. എന്നാൽ ഏറ്റുമാനൂർ നിയോജക മണ്ഡലത്തിൽമാത്രം മിനിസിവിൽ സ്റ്റേഷനില്ല. ഞാൻ ഇന്നലെ പറഞ്ഞ പ്പോൾ മാണി സാർ പറഞ്ഞത് അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്ന് പഞ്ചാ യത്ത് ............ അങ്ങനെയല്ലല്ലോ ബാക്കിയുള്ള സ്ഥലങ്ങളിൽ ഇതെല്ലാമുണ്ടായ ത്. അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും മുഴുവൻ തുകയും തരാൻ ഞാൻ

തയ്യാറാണ്. പക്ഷേ മറ്റ് സ്ഥലങ്ങളിൽ അങ്ങനെയല്ല മിനിസിവിൽ സ്റ്റേഷനുണ്ടായത്. ഇക്കാര്യം മാണി സാർ ഗൗരവമായിട്ടെടുക്കണം. ഇത് ഏറ്റുമാനൂർ നിയോജക മണ്ഡലത്തെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതുപോലെ ഏറ്റുമാനൂർ ഒരു ടൗൺഷിപ്പായി പ്രഖ്യാപിക്കുന്നതിനായി ബഡ്ജറ്റിൽ ഒരു കോടി രൂപ നാമമാത്രമായി പ്രഖ്യാപിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട സുരേഷ് കുറുപ്പ്, ഞാൻ പറയുന്നത്, ഇപ്പോൾത്തന്നെ അങ്ങ് 5 മിനിട്ട് കൂടുതൽ എടുത്തു, ഇന്ന് ഒന്നര മണിക്കൂർ ചർച്ച വേറേ ഉണ്ട്. എല്ലാവരും ഇങ്ങനെ സമയം കൂടുതൽ എടുത്താൽ സഭ രാത്രി ആയാലും അവസാനിക്കില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ ഒറ്റ മിനിട്ട് കൊണ്ട് നിറുത്തും. അതുപോലെ ചീർപ്പുങ്കൽ മണിയാപറമ്പ് റോഡിനായും നാമമാത്രമായ തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഏറ്റുമാനൂർ നിയോജക മണ്ഡലത്തിന്റെ കാര്യത്തിൽ മാണി സാർ ഉപേക്ഷ വിചാരിക്കരുത്. അദ്ദേഹം എപ്പോഴും അങ്ങോട്ടുമിങ്ങോട്ടും പോകുന്ന വഴിയാണ്. ഇക്കാര്യത്തിൽ ഒരു പ്രത്യേക പരിഗണനയുണ്ടാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ആർ. സെൽവരാജ്: സർ, ഞാൻ ആദ്യമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ജന്മദിനത്തിൽ എല്ലാ ഭാവുകങ്ങളും നേരുകയാണ്. 2013–14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ ശക്തിയായി പിന്താങ്ങു

ന്നു. കേരളത്തിൽ 'വികസനവും കരുതലും', 'അതിവേഗം ബഹുദൂരം' എന്നീ പരിപാടികളുമായും ജനങ്ങളെ നേരിൽക്കണ്ട് ആവലാതികളും പരാതികളും കേട്ട് പരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിച്ചും മുന്നോട്ടുപോകുന്ന മുഖ്യമന്ത്രിയാണ് യു.ഡി.എഫ്. സർക്കാരിനെ നയിക്കുന്നത്. ഇതൊരു ചരിത്ര സംഭവമാണ്. വികസന നേട്ടവുമായാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ഈ വികസന നേട്ടത്തിന് നിറം പകരുന്ന പദ്ധതികളാണ് മാണി സാറിന്റെ ബഡ്ജറ്റെന്ന് കഴിഞ്ഞ ബഡ്ജറ്റുകൾ പരിശോധിച്ചാൽ മനസിലാകുന്നതാണ്.

അനുഭവ സമ്പത്തിന്റെയും യാഥാർത്ഥ്യബോധത്തിന്റെയും ശ്രദ്ധ ഉൾക്കൊണ്ടുകൊണ്ടുള്ളതാണ് ഈ ബഡ്ജറ്റ്. പാവപ്പെട്ടവരുടെ, പ്രത്യേകമായി കർഷകരുടെയും തൊഴിലില്ലാത്തവരുടെയും അവസ്ഥയ്ക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞകാല ബഡ്ജറ്റുകളിൽ ഓരോ വകുപ്പിലും നടപ്പാക്കിയ കാര്യങ്ങൾ പരിശോധിച്ചാൽ, ഈ ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ നേട്ടങ്ങൾ മനസ്സിലാക്കാൻ കഴിയും. അതുപോലെ ഈ ബഡ്ജറ്റിന് മുമ്പുള്ള കഴിഞ്ഞകാല ഗവൺമെന്റുകൾ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളും അതിനാവശ്യമായ ബഡ്ജറ്റ് നിർദ്ദേശങ്ങളും പരിശോധിച്ചാൽ, ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ധനകാര്യവകുപ്പുമന്ത്രി മാണിസാറിന്റെ ബഡ്ജറ്റിന്റെ പ്രത്യേകത മനസ്സിലാക്കാൻ കഴിയും. ഓരോ വകുപ്പും പരിശോധിക്കുകയാണെങ്കിൽ ആരോഗ്യ മേഖലയിൽ പ്രശംസനീയമായ നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. മൂന്ന് വർഷത്തെ പ്രവർത്തനം പരിശോധിച്ചാൽ

ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃക കാട്ടുന്ന പ്രവർത്തനമാണ് കേരളം ആരോഗ്യരംഗത്ത് കൈവരിച്ചിട്ടുള്ളത്. അഞ്ച് മെഡിക്കൽ കോളേജുകൾ മാത്രമുണ്ടായിരുന്ന കേരളത്തിൽ സർക്കാർ മേഖലയിൽ കൂടുതൽ മെഡിക്കൽ കോളേജുകൾ പുതിയതായി ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, തിരുവനന്തപുരത്ത് പുതിയതായി വീണ്ടും മെഡിക്കൽ കോളേജ് വരുന്നു. നമ്മുടെ കുട്ടികൾ അന്യസംസ്ഥാനങ്ങളിൽ പോയി കോഴ കൊടുത്ത് മെഡിക്കൽ ബിരുദം നേടുന്നത് തടയുന്നതിനും പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കേരളത്തിൽ സൗജന്യമായി മെഡിക്കൽ വിദ്യാഭ്യാസം നൽകുന്നതിനും ആവശ്യമായ പ്രവർത്തനങ്ങളാണ് ആരോഗ്യരംഗത്ത് ബഹുമാനപ്പെട്ട മന്ത്രി നടപ്പാക്കി മുന്നോട്ടുപോകുന്നത്. അതുപോലെയാണ് ആശുപത്രികളുടെ കാര്യവും. ജില്ലാ ആശുപത്രികളെല്ലാം ജനറൽ ആശുപത്രികളായും പി.എച്ച്.സി.-കൾ സി.എച്ച്.സി.-കളായും സി.എച്ച്.സി.-കൾ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളായും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികൾ ജില്ലാ ആശുപത്രികളായും മാറ്റിക്കൊണ്ടിരിക്കുകയാണ്. ജനറൽ ആശുപത്രികളിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിരിക്കുകയാണ്. ഇന്ന് ഏറ്റവും കൂടുതൽ ബാധിക്കുന്ന മാരക രോഗങ്ങളായ ക്യാൻസർ, കിഡ്നി, കരൾ രോഗങ്ങൾക്കെല്ലാം ബി.പി.എൽ.-എ.പി.എൽ. വ്യത്യാസമില്ലാതെ സൗജന്യ ചികിത്സ നൽകുന്നതിനുള്ള സംവിധാനങ്ങളുണ്ട്. എല്ലാവിധ രോഗങ്ങൾക്കും എല്ലാ ആശുപത്രികളിലും മരുന്നുകൾ ലഭ്യമാണ്. ഇതിനെല്ലാമുപരി കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ രോഗികൾക്ക് ഇന്ന് അനുഗ്രഹമായി മാറിയിരിക്കുന്നു. ഇതൊക്കെ ഏത് കാലത്താണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. അത്തരത്തിലുള്ള നേട്ടങ്ങളുമായി

മുന്നോട്ടുപോകുന്ന ആരോഗ്യമേഖലയാണ് കേരളത്തിലുള്ളത്. കൊച്ചു കുട്ടികളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ രോഗങ്ങൾക്ക് സൗജന്യ ചികിത്സാ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. അതുപോലെ ഭാവിതലമുറ ആരോഗ്യമുള്ളതാക്കി മാറ്റുന്നതിനുവേണ്ടി കൊച്ചുകുട്ടികളിൽ ഉണ്ടാകുന്ന രോഗങ്ങൾ കണ്ടുപിടിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹെൽത്ത് നഴ്സുമാരെ നിയമിച്ച് കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള നടപടികളുണ്ട്. ദേവസ്വം വകുപ്പിന്റെ കാര്യം പരിശോധിച്ചാൽ, ശബരിമല തീർത്ഥാടനകാലത്ത് എല്ലാ വർഷവും വിവിധ ചർച്ചകൾ നടക്കുകയും വിവിധ ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്യും. എന്നാൽ കഴിഞ്ഞ ഉത്സവകാലം യാതൊരു ആരവങ്ങളും കൂടാതെ കടന്നുപോയി എന്നുള്ളത് പ്രശംശനീയമാണ്. അതുപോലെയാണ് പൊതുമേഖലാ വ്യവസായ രംഗത്ത് കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ സംരംഭം ഉണ്ടാക്കിക്കൊടുക്കുന്ന നടപടികളുമായിട്ടാണ് മുന്നോട്ടു പോകുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. തെക്കൻ കേരളത്തിലെ നെയ്യാറ്റിൻകരയിലെ ഏക പൊതുമേഖലാ സ്ഥാപനമാണ് കെ.എ.എൽ. വളരെ കാലങ്ങൾക്ക് മുമ്പ് സ്ഥാപിതമായ കെ.എ.എൽ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടലിന്റെ അവസ്ഥ നേരിട്ടിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിർ വന്ന്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പ് ഏറ്റെടുത്തതിനുശേഷം കെ.എ.എൽ.-ന്റെ അവസ്ഥ ഞാൻ അദ്ദേഹത്തെ നേരിൽക്കണ്ട് പറയുകയും മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നവീകരണത്തിന് ആവശ്യമായ പദ്ധതികൾ

ഏർപ്പെടുത്തി, പുതിയ ടെക്നനോളജിയിയുള്ള വാഹനങ്ങൾ പുറത്തിറക്കുന്ന തിനും സാധിച്ചു. ഏറ്റവും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടക്കുന്നതിന് ആവശ്യമായ സ്കിൽ ഡെവലപ്മെന്റ് പദ്ധതി ആദ്യമായി നടപ്പാക്കാൻ കഴിഞ്ഞു. ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിന് ഏതെങ്കിലും ഒരുകാലത്ത് ഊന്നൽ നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ട കാര്യമാണ്. പൊതുമരാമത്ത് മേഖലയിൽ ദേശീയ പാതകളുടെയും ബൈപ്പാസുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് വിനിയോഗിക്കുന്ന തുകയും അതിൽ കാണിക്കുന്ന ജാഗ്രതയും പ്രശംസനീയമാണ്. ദേശീയപാതാ വികസനത്തിന്, പ്രത്യേകമായി കരമന മുതൽ കളിയിക്കാവിള വരെയുള്ള നാഷണൽ ഹൈവേ 47–ന്റെ ഭാഗം എത്രയോ വർഷങ്ങൾക്ക് മുമ്പ്..... കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വളരെ ശക്തിയായി സമ്മർദ്ദം ചെലുത്തിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാൻ അന്ന് കഴിഞ്ഞില്ല. പക്ഷേ, ഇന്ന് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ആദ്യഭാഗ വികസനത്തിന് വസ്തു ഏറ്റെടുക്കുന്നതിനും വസ്തു ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും 308 കോടി രൂപ അനുവദിച്ച് പണി ആരംഭിച്ചിരിക്കുകയാണ്. ഒഴിപ്പിക്കൽ നടപടി സ്വീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ഏറെ താമസിയാതെ ആരംഭിക്കുമെന്നുള്ളതാണ് വസ്തുത. ബൈപ്പാസ്, പാലങ്ങൾ, ഹൈവേ തുടങ്ങിയവയുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുമ്പോൾ ഇന്ന് ഉണ്ടായിരിക്കുന്ന നിയമപരമായ തടസ്സം മാറ്റിയെടുക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതു പോലെ വിദ്യാഭ്യാസ മേഖലയിൽ ഇന്ന് ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ

സാധിച്ചിട്ടുണ്ടെന്നുള്ളതാണ് പ്രത്യേകത. ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും വിദ്യാഭ്യാസ മേഖലയിൽ ആ ഗവൺമെന്റിന്റെ നയം നപ്പാക്കുക പതിവാണ്. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന നാൾ മുതൽ പുതിയതായി വിദ്യാഭ്യാസ നയം നടപ്പിലാക്കാതെയും ആ നയത്തിൽ യാതൊരു മാറ്റം വരുത്താതെയും വിദ്യാഭ്യാസ രംഗത്ത് ധാരാളം പരിഷ്ക്കാരങ്ങൾ വരുത്താൻ കഴിഞ്ഞു. സ്കിൽ ഡെവലപ്മെന്റിന് ഊന്നൽ നൽകുന്ന തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനാണ് വിദ്യാഭ്യാസ രംഗത്ത് കൂടുതൽ പ്രാധാന്യം നൽകിയത്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന നിയോജകമണ്ഡലങ്ങളിലും ഗവൺമെന്റ് കോളേജ് ഇല്ലാത്ത നിയോജകമണ്ഡലങ്ങളിലും കോളേജ് അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തീരുമാനിക്കുകയുണ്ടായി. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എന്റെ നിയോജകമണ്ഡലത്തിലും ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കുകയും അത് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ആ ഉദ്ഘാടന സമയത്ത് കൂളത്തൂർ ടെക്നിക്കൽ സ്കൂൾ അധികാരികളും നിരാശ പൂണ്ട രാഷ്ട്രീയ വാദികളും ചേർന്ന് ബഹുമാന്യരായ മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും പങ്കെടുത്ത മഹത്തായ ഉദ്ഘാടന സമ്മേളനം അലങ്കോലപ്പെടുത്താൻ നടത്തിയ ശ്രമങ്ങൾ പുറത്തുകൊണ്ടുവരുന്നതിന് സാധിച്ചിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി വളരെ ഗൗരവമായി കാണുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതിൽ കടുത്ത നിലപാടുമായി മുന്നോട്ട് പോകാതിരിക്കാൻ നിർവ്വാഹമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം കുളത്തൂരിൽ സ്ഥിതി ചെയ്യുന്ന ടെക്നിക്കൽ

സ്കൂളിനെ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തണമെന്നുകൂടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിന്റെ 'ഭൂരഹിതരില്ലാത്ത കേരളം' എന്ന സ്വപ്ന പദ്ധതി പൂർത്തീകരിച്ച് വരികയാണ്. റവന്യൂ വകുപ്പിനെ അഴിമതി രഹിത വകുപ്പാക്കി മാറ്റുന്നതിന് കഴിഞ്ഞ 3 വർഷംകൊണ്ട് സാധിച്ചുവെന്നുള്ളത് മഹനീയമായ നേട്ടമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ലോകശ്രദ്ധയാകർഷിക്കുന്ന മറ്റൊരു പദ്ധതിയായ വിഴിഞ്ഞം പദ്ധതി പൂർത്തീകരിക്കാൻ പോവുകയാണ്. അത് കേരളീയർക്ക് അഭിമാനിക്കാവുന്ന പദ്ധതിയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. പി. സി. വിഷ്ണുനാഥ്)

അതുപോലെതന്നെ ആ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി, മത്സ്യമേഖലയിൽ കാണിക്കുന്ന ശുഷ്കാന്തി, മത്സ്യ മേഖലയിൽ അഭിമാനാർഹമായ ഒട്ടനവധി പദ്ധതികളാണ് ഇതിനകം നടപ്പാക്കികഴിഞ്ഞത്. മിനി ഹാർബർ, ഫിഷ് ലാന്റിംഗ് സെന്റർ, ആധുനിക മാർക്കറ്റുകൾ, മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം, മത്സ്യത്തൊഴിലാളികളുടെ വ്യക്തിഗത ആനുകൂല്യങ്ങൾ എന്നുവേണ്ട തീരദേശ റോഡുകളുടെയും പാലങ്ങളുടെയുമൊക്കെ നിർമ്മാണത്തിനാവശ്യമായ നടപടികളുമായിട്ടാണ് ആ വകുപ്പ് കൈകാര്യം ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി കെ. ബാബു മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഏറ്റവും എടുത്തുപറയത്തക്ക മറ്റൊരു നേട്ടം, ക്ഷീരമേഖലയിലും സാംസ്കാരിക മേഖലയിലുമൊക്കെ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടാണ് ആ വകുപ്പ് കൈകാര്യം

ചെയ്ത് സാംസ്കാരിക വകുപ്പ് മുമ്പോട്ട് പോയിക്കൊണ്ടിരിക്കുന്നത്. സാംസ്കാരിക നവോത്ഥാന മേഖലകളിൽ ഒരിക്കലും നടപ്പാക്കാനാവാത്ത പദ്ധതികളാണ് ഈ കഴിഞ്ഞ മൂന്നുവർഷക്കാലംകൊണ്ട് യു.ഡി.എഫ് ഗവൺമെന്റ് നടപ്പാക്കി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട ആർ. സെൽവരാജ് അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. ആർ. സെൽവരാജ്: സർ, കേരളീയർക്ക് അഭിമാനിക്കാവുന്ന നെയ്യാറ്റിൻകരയുടെ സംഭാവനയാണ് സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള. രാജഭരണകാലത്തെ കൽപ്പന കല്ലേപിളർക്കുന്ന കാലത്ത് രാജഭരണത്തിന്റെ അനീതിക്കും ജനാധിപത്യ വിരുദ്ധ ഭരണത്തിനുമെതിരെ തന്റെ തൂലിക പടവാളാക്കി മാറ്റിയ സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള, ജനിച്ചതും പഠിച്ചതുമെല്ലാം നെയ്യാറ്റിൻകരയിലാണ്. ഇന്നുവരെ ഒരു മന്ത്രിമാരും ഒരു ഗവൺമെന്റുകളും തിരിഞ്ഞുനോക്കാത്ത സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ ജന്മഗൃഹം ഏറ്റെടുക്കുന്നതിനും അത് പരിരക്ഷിക്കുന്നതിനും ആവശ്യമായ പദ്ധതി ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി മുൻകൈയെടുത്ത് കൊണ്ടുവന്നത് പ്രശംസനീയമാണ്. അതൊരിക്കലും മറാക്കാനാവാത്ത സംഭവമാണ്. അതുപോലെതന്നെ, തെക്കൻ തിരുവിതാംകൂറിലെ നെയ്യാറ്റിൻകരയുമായി ബന്ധമുള്ള മറ്റൊരു നവോത്ഥാന നായകനാണ് വൈകുണ്ഠ സ്വാമി. വൈകുണ്ഠസ്വാമിക്ക് പഠനകേന്ദ്രം അനുവദിച്ചതും അതുപോലെതന്നെ അദ്ദേഹത്തിന് സ്മാരകം നിർമ്മിക്കാനുള്ള സൗകര്യമൊരുക്കിയതുമൊക്കെ അഭിനന്ദനാർഹമാണ്. എനിക്കൊരു നിർദ്ദേശം കൂടിയുണ്ട് വൈകുണ്ഠ സ്വാമിയുടെ പേര് നമ്മുടെ തിരുവനന്തപുരം സെക്രട്ടേറിയറ്റിന്റെ അനക്സിന് നാമകരണം ചെയ്യണം, ബഹുമാനപ്പെട്ട

സാംസ്കാരിക വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മുൻകൈ യെടുത്ത് അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാ നുള്ളത്. ഈ അവസരത്തിൽ ഒരു കാര്യം സൂചിപ്പിക്കാതെ പോകുന്നത് ശരി യല്ലയെന്നുള്ളതുകൊണ്ട് പറയുകയാണ്, ടി. പി. ചന്ദ്രശേഖരൻ വധം, സി.പി. ഐ (എം). നേതാക്കളാണ് ഈ കൊലപാതകത്തിന്റെ പിന്നിലെന്ന് ഞാനീ സഭയിൽ ഉന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന്റെ മനോ വികാരം എന്തായിരുന്നുവെന്ന് ഈ സഭയിലെ എല്ലാപേർക്കും അറിവുള്ളതാ ണ്. ടി. പി. ചന്ദ്രശേഖരൻ വധത്തിൽ സി.പി.ഐ (എം) ന്റെ പങ്ക് എന്താ ണെന്ന് വളരെ വ്യക്തമായിരിക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. നേതാ ക്കൾ പലരും രക്ഷപ്പെട്ടു. പ്രതിപക്ഷനേതാവ് എടുത്ത ഒരു നിലപാട്, ടി. പി. ചന്ദ്രശേഖരന്റെ വധത്തോടനുബന്ധിച്ച് വിധവയായ ശ്രീമതി കെ. കെ. രമയെ കാണുവാനും ആശ്വസിപ്പിക്കാനും പോയതും അതുപോലെതന്നെ കുറ്റവാളികൾക്ക് അർഹമായ ശിക്ഷ നൽകത്തക്ക ഒരന്വേഷണം ഗവൺമെന്റ് നടത്തണമെന്ന് പ്രഖ്യാപിച്ചതൊക്കെ പ്രശംസനീയമായ കാര്യമാണ്. ജനാധിപത്യപരമായ ഒരു മര്യാദയാണ് പ്രതിപക്ഷനേതാവ് കാണിച്ചിട്ടുള്ളത്. കൊലയാളികളെ ആരെയും രക്ഷപ്പെടാൻ അനുവദിച്ചുകൂടാ. ടി. പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് രക്ഷപ്പെട്ട എല്ലാ നേതാക്കൾക്കും അതുപോലെതന്നെ മറ്റുള്ളവർക്കുമൊക്കെ അർഹതപ്പെട്ട ശിക്ഷ വാങ്ങിക്കൊടുക്കുന്നതിനാവശ്യമായ ഒരു സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് സഭ ഏകകണ്ഠമായ ഒരു തീരുമാനമെടുക്കണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ടി. പി. ചന്ദ്രശേഖരന്റെ വധം സി.ബി.ഐ. അന്വേഷിക്കണമെന്ന് ഞാനും ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രിക്ക് ഞാൻ

കത്ത് കൊടുക്കുകയാണ്. ജനങ്ങളിൽ നിന്നും ഒറ്റപ്പെട്ട സി.പി.ഐ (എം) ഈ വരുന്ന പാർലമെന്റ് തെരെഞ്ഞെടുപ്പോടുകൂടി ഒറ്റപ്പെടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആന്ധ്രാപ്രദേശിലെയും, ബിഹാറിലെയും, പശ്ചിമ ബംഗാളിലെയും പോലെ കേരളവും ആകാൻ പോകുന്നു. സി.പി.ഐ.(എം) നഷ്ടപ്പെട്ട സ്ഥലങ്ങളിലൊന്നും തിരിച്ചു വന്നിട്ടില്ലായെന്നുള്ളതാണ് ചരിത്രം തെളിയിക്കുന്നത്. നമുക്കറിയാം, സോവിയറ്റ് യൂണിയനിൽ തകർന്നുവീണ സി.പി.ഐ.(എം), തകർന്നുവീണ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്നുവരെ തിരിച്ചുവന്നിട്ടില്ലയെന്നുള്ള ധവള ചരിത്രം നമുക്ക് കാണാൻ സാധിക്കും. സി.പി.ഐ.(എം)-ൽ ബി.ജെ.പി. ലയിച്ചാലും ബി.ജെ.പി.യിൽ സി.പി.ഐ.(എം) ലയിച്ചാലും രക്ഷപ്പെടാൻ പോകുന്നില്ല. ഇതെല്ലാം ശരിയാണെന്ന് പറഞ്ഞ സി.പി.ഐ.(എം)-ന്റെ കേന്ദ്ര നേതൃത്വം ശ്രീ. പ്രകാശ് കാരാട്ടാണ് ഇന്ന് ഈ പാർട്ടിയെ നയിക്കുന്നത്. *********************[1] വരുന്ന പാർലമെന്റ് തെരെഞ്ഞെടുപ്പോടുകൂടി ഈ പാർട്ടി നശിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരള ത്തിൽ ഈ പാർട്ടി ഇനി ഉണ്ടാകില്ലായെന്നുള്ളത് ഒരു സത്യമാണ്, അതാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. നഷ്ടപ്പെട്ട ഒരു സ്ഥലങ്ങളിലും സി.പി.ഐ.(എം) തിരിച്ചുവരില്ലായെന്നുള്ളത് യാഥാർത്ഥ്യ ബോധത്തോടുകൂടി നിങ്ങൾ കാണണമെന്നാണ് എനിക്കു പറയാനുള്ളത്. ഞാനിതാ ചുരുക്കുകയാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലം യു.ഡി.എഫ്-ന്റെ ഗവൺമെന്റ് നടപ്പാക്കിയ വിക സന പദ്ധതികളും ക്ഷേമ പദ്ധതികളും...

<u>മി. ചെയർമാൻ:</u> സമയമില്ല. പ്ലീസ് കൺക്ലൂഡ്, അടുത്ത പേര് വിളിക്കും.

---

* നീക്കം ചെയ്തു.

ശ്രീ. ആർ. സെൽവരാജ്: സർ, കഴിഞ്ഞകാല വർഷങ്ങളിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികൾക്ക് അംഗീകാരവും അതുപോലെതന്നെ ഇനി നടപ്പാക്കാൻ പോകുന്ന പദ്ധതികൾക്കുള്ള അംഗീകാരത്തിനും വേണ്ടിയാണ് ഈ ബഡ്ജറ്റ്. ഈ ബഡ്ജറ്റിനെയും ...(മൈക്ക് ഓഫ്)... ശക്തമായി പിന്താങ്ങുന്നു.

ശ്രീ. രാജു എബ്രഹാം: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിലില്ലാത്ത ശ്രീ. പ്രകാശ് കാരാട്ടിനെ സംബന്ധിച്ചുള്ള പരാമർശം, ആ പരാമർശം ***************[2] ശ്രീ. ആർ. സെൽവരാജ് പറയുന്നത്, അദ്ദേഹത്തിന് എങ്ങനെ അറിയാം? അതൊന്ന്. രണ്ടാമത് സഭയിൽ ഇല്ലാത്ത ആൾ. അത് പൂർണ്ണമായും നീക്കം ചെയ്യണം.

മി. ചെയർമാൻ: രേഖ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. പരിശോധിക്കാം.

ശ്രീ. ഇ. കെ. വിജയൻ: സർ, ഇരുപത് വകുപ്പുകളിലായി 2166.49 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും കുറിച്ച് ഇവിടെ ലഭിച്ച റിപ്പോർട്ടിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. കാലത്ത് നമ്മൾ 11 മണിക്ക് നമ്മുടെ രാഷ്ട്ര പിതാവിനെയും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിന്റെ ബലിപീഠത്തിൽ ജീവൻ ബലിയർപ്പിച്ച ധീരരായ രക്തസാക്ഷികളുടെയും സ്മരണയ്ക്കുമുമ്പിൽ രണ്ടുനിമിഷം മൗനമായി നിന്ന് ആദരവ് കാണിച്ചു. ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനവും അതിന്റെ സമരവുമെന്നു പറയുന്നത് സാമ്രാജ്യവിരുദ്ധ കോളനിവിരുദ്ധ

* നീക്കം ചെയ്തു.

സമരമായിരുന്നില്ലേ? സ്വരാജ്, സ്വാശ്രയത്വം എന്നീ തത്വങ്ങൾ ഇപ്പോൾ നാം വിസ്മരിക്കുകയാണ്. പുത്തൻ വേഷമണിഞ്ഞ സാമ്രാജ്യത്വ ശക്തികൾ കോർപ്പറേറ്റ് സ്ഥാപനങ്ങളായി വന്ന് നമ്മുടെ പ്രകൃതി സമ്പത്തുൾപ്പെടെ കൊള്ളയടിക്കുന്നു. അതിന്റെ ഭാഗമായ കോടാനുകോടി രൂപയുടെ അഴിമതി, അതിന് സഹായകരമായ രീതിയിൽ അതിഭീകരമായ വിലകയറ്റം, ഇതിനെതിരെയായിരുന്നു ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി സാമ്രാജ്യവിരുദ്ധ പോരാട്ടം. ഇന്ന് വർത്തമാനകാല ഇൻഡ്യ ആ നിലയിലേയ്ക്ക് എത്തിയിരിക്കുന്നു. സാമ്രാജ്യത്വത്തിനെതിരെയുള്ള പോരാട്ടം അതിരൂക്ഷമാക്കേണ്ടിയിരിക്കുന്നു. മനുഷ്യ ശരീരത്തിൽ ക്യാൻസർ കടന്നു വരുന്നതുപോലെയാണ് കോർപ്പറേറ്റ് സ്ഥാപനങ്ങളിലൂടെ നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് കൊള്ളയടിക്കാനുള്ള സമീപനങ്ങളുമായി നമ്മുടെ ജനാധിപത്യ അവകാശത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇൻഡ്യൻ ഭരണാധികാരികൾ സൗകര്യമൊരുക്കിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും ഈ സ്മരണ പുതുക്കുമ്പോൾ, ധീരരായ ദേശാഭിമാനികളെ നമ്മളോർക്കുമ്പോൾ ആ പോരാട്ടം തുടരണമെന്നല്ലേ നമ്മളിന്ന് രാവിലെ പ്രതിജ്ഞയെടുത്തത്. ആ ദിശയുമായി ബന്ധപ്പെടുത്തികൊണ്ടാണ് നമ്മൾ ഈ ബഡ്ജറ്റിനെയും കാണേണ്ടത്. തീർച്ചയായും ഇന്നലെ ബഹുമാന്യനായ ധനകാര്യ വകുപ്പു മന്ത്രി തന്റെ മറുപടി പ്രസംഗത്തിൽ അടിവരയിട്ട് രണ്ടുതവണ പറഞ്ഞു, കേന്ദ്രം 2250 കോടി രൂപ തന്നില്ല, പ്രതിഷേധ രൂപത്തിലാണ് സൂചിപ്പിച്ചത്. നമ്മുടെ ഈ ഫെഡറൽ സംവിധാനത്തിൽ, കേന്ദ്ര സംസ്ഥാന ബന്ധത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ആണ്ടിൽ നമുക്ക് ലഭിക്കേണ്ട 2250 കോടി രൂപ തന്നില്ലായെന്ന വിമർശനമായിരുന്നു ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ

അവതരിപ്പിച്ചത്. ഇത്തരമൊരു ചിറ്റമ്മനയം, കേന്ദ്രവും സംസ്ഥാനവും ഒരേ പാർട്ടി ഭരിച്ചാൽ ഒരേ മുന്നണി ഭരിച്ചാൽ മാറുമെന്ന് പറഞ്ഞിരുന്നു, എന്താണ് ഇന്നത്തെ അവസ്ഥ? തീർച്ചയായും ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കട ക്കുവാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ സാമ്പത്തിക അവലോകനവുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തിന്റെ അവസ്ഥ വിവിധ മേഖലകളിലൂടെ ഒന്ന് പരിശോധിക്കുമ്പോൾ, എല്ലാം പറയാനുള്ള സമയത്തിന്റെ പരിമിതി എനിക്കുണ്ട്. കാർഷിക മേഖലയെടുത്ത് പരിശോധിച്ചാൽ അതിൽപ്പറയുന്നു അടിത്തറ ചുരുങ്ങുന്നു, കേരളത്തിലെ ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നതിന്റെ വിസ്തൃതി കുറയുന്നു, നെല്ലുല്പാദനം 2012–2013–ൽ കുറഞ്ഞത് വീണ്ടും 9.6 ശതമാനമാണ്. കൃഷി സ്ഥലം കുറയുന്നതിനനുസരിച്ച് ഭക്ഷ്യവിളകളുടെ ഉൽപ്പാദനവും ഗണ്യമായി 2012–13–ൽ ഏറ്റവും കുറഞ്ഞ നിലയിലെത്തു കയും ചെയ്തു.

12 ശതമാനം മാത്രമാണ് ഇപ്പോൾ സംസ്ഥാനത്ത് നെല്ല് ഉല്പാദിപ്പിക്കു ന്നത്. ഇതിനൊരു പരിഹാരമുണ്ടാക്കണ്ടേ? മരച്ചീനിയുടേയും പയറുവർഗ്ഗ ത്തിന്റെയും സ്ഥിതിയെടുത്തു പരിശോധിച്ചാലും നമുക്കിത് ബോധ്യപ്പെടും. ഈ രേഖ നമ്മുടെയെല്ലാം കയ്യിലുള്ളതാണ്. ഒരുകാലത്ത് കുരുമുളക് നമ്മുടെ മാത്രം സ്വത്തായിരുന്നു. ഇന്നത് തകർന്ന് തരിപ്പണമായിരിക്കുകയാ ണ്. ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് അതിനൊരു പുനഃരുദ്ധാരണ പദ്ധതി ആവിഷ്ക്കരിച്ചേ മതിയാകൂ. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പരിപാടിയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അതിൽ പറയുന്നത് 22840 ഹെക്ടറായി ചുരുങ്ങി ഉത്പാദനം 301200 മെട്രിക് ടണ്ണിൽ നിന്നും

175022 മെട്രിക് ടണ്ണായി കുറയുകയും ചെയ്തുവെന്നാണ്. മറ്റിതര വിളകളുടേയും സ്ഥിതി ഇതിൽ നിന്നും വിഭിന്നമല്ല. തീർച്ചയായും കാർഷിക മേഖലയ്ക്കുവേണ്ടി എല്ലാവിധ സൗകര്യങ്ങളും ചെയ്യുന്ന ബഡ്ജറ്റാണ് എന്നാണ് മാണിസാർ സൂചിപ്പിച്ചിരുന്നത്. ഈ വസ്തുത കണ്ടുകൊണ്ട് ഇതിന് പരിഹാരം കാണുന്ന ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിൽ വന്നിട്ടില്ല. വ്യവസായവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ പൊതുമേഖലയുടെ ലാഭത്തിന്റെ വിഹിതം ഏറെക്കുറഞ്ഞുവെന്നതിന്റെ കണക്കുകളാണ് ഇതിൽ സൂചിപ്പിക്കുന്നത്. അതോടൊപ്പം തൊഴിലില്ലായ്മയുടെ രൂക്ഷത, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലൂടെ തൊഴിൽ കൊടുക്കുന്നതിന്റെ എണ്ണം ഏറ്റവും കുറഞ്ഞ കാലയളവാണ് ഇപ്പോഴെന്ന് നമ്മുടെ ഈ സാമ്പത്തിക അവലോകനത്തിൽ സൂചിപ്പിച്ചിരിക്കുകയാണ്. എത്ര പരിതാപകരമാണ് ഈ അവസ്ഥ. തൊഴിലില്ലായ്മ ഇത്ര രൂക്ഷമായ സാഹചര്യത്തിൽ അതിന് പരിഹാരം കാണാനുള്ള പദ്ധതികളല്ലേ ആവിഷ്ക്കരിക്കേണ്ടത്. ഒരു രാജ്യത്തിന്റെ വികസനമെന്നുപറയുന്നത് കേവലം റോഡും പാലവും മാത്രമല്ല. അവിടത്തെ ജനതയുടെ വളർച്ചകൂടി അതിന്റെ ഭാഗമാണ്. നമ്മുടെ കുട്ടികളിൽ ഇന്നത്തെ കായികക്ഷമത പരിശോധിക്കുമ്പോൾ കേവലം 50 ശതമാനം പോലും പൂർണ്ണ ആരോഗ്യവാന്മാരല്ലായെന്ന രേഖകളാണ് സ്കൂളുകളിലൂടെ വന്നുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് വലിയ മുന്നേറ്റം വരുന്നുവെന്ന് അഭിമാനപൂർവ്വം പറയുന്നവരാണ് നമ്മൾ. എൽ.പി. സ്കൂൾ വിദ്യാലയങ്ങളിൽ ഏറ്റവും കൂടുതൽ ഡ്രോപ്പ് ഔട്ട് വന്നിരിക്കുന്നു വെന്നാണ് ഈ അവലോകനത്തിൽ സൂചിപ്പിക്കുന്നത്. എന്നുപറഞ്ഞാൽ ഭാവി തലമുറയിലേയ്ക്ക് കടന്നുവരുമ്പോൾ നിരക്ഷരരുടെ എണ്ണം കൂടുന്ന

ഒരു സാഹചര്യത്തിലേയ്ക്ക് കേരളം വരുന്നു എന്നല്ലേ തെളിയിക്കുന്നത്. ഇതിന് പരിഹാരമായ നിർദ്ദേശങ്ങളുണ്ടാകണമെങ്കിൽ നേരത്തെ സൂചിപ്പിച്ചതു പോലെ ഇത്തരം നയങ്ങളിലുള്ള വ്യതിയാനമാണ് ആവശ്യം. കേവലം ഒരു മുദ്രാവാക്യം വന്നപ്പോൾ ജനങ്ങൾ അതിനോടൊപ്പം നിന്നു. അതാണ് ഡൽഹിയിൽ നമ്മൾ കണ്ടത്. അത് ഞാൻ നേരത്തേയും സൂചിപ്പിച്ചു. 600 പൊതുവിദ്യാലയങ്ങൾ കൊണ്ടുവരുമെന്ന് സൂചിപ്പിച്ചപ്പോൾ ജനങ്ങൾ അതിന് അനുകൂലമായി ചിന്തിക്കാൻ ആ വേള ഉപയോഗപ്പെടുത്തി. ദീർഘമായ കാലയളവിലേയ്ക്കുള്ള ഒരു പരിപാടി അല്ലെങ്കിൽപ്പോലും അത്തരം ഒരു സാഹചര്യത്തിൽ ഇവിടെ സ്വാശ്രയവിദ്യാഭ്യാസ മേഖലയിലേയ്ക്കുള്ള കാൽവയ്പുകളുടെ ഭാഗമായാണ് എൽ.പി. സ്കൂൾ വിദ്യാലയങ്ങളിൽ ഇന്ന് കുട്ടികളുടെ എണ്ണം കുറവുവന്നുകൊണ്ടിരിക്കുന്നത്. മറ്റ് ക്ലാസുകളിലേയ്ക്കു വരുമ്പോൾ ഇതിന്റെ ശതമാനം കുറയുന്നുണ്ട്. എങ്കിൽപ്പോലും എൽ.പി. സ്കൂളിൽ അത് വരുന്നുവെന്നുള്ളത് ഭീകരമായ ഒരു സാഹചര്യമാണ് സൃഷ്ടിക്കുന്നത്. അതോടൊപ്പം നമ്മളെ ഏറ്റവും ഞെട്ടിപ്പിക്കുന്ന ഒരു വസ്തുതയാണ് പൊതുജനാരോഗ്യ രംഗം. ദേശീയ ശരാശരി ഇക്കാര്യത്തിൽ 2 ശതമാനമെന്നിരിക്കെ മാനസികാരോഗ്യ മേഖലയിൽ ആശങ്ക ഉളവാക്കുന്ന തരത്തിലാണ് കേരളത്തിലെ ശതമാനത്തിന്റെ വർദ്ധനവ്. കേരളത്തിലെ ജന സംഖ്യയുടെ 5.86 ശതമാനം മാനസികാസ്വാസ്ഥ്യമുള്ളവരാണ് എന്ന് ഈ സർവ്വേയിൽ സൂചിപ്പിക്കുകയാണ്. ഇന്നത്തെ ഈ സാഹചര്യത്തിൽ എങ്ങനെ ജീവിച്ചുപോകുമെന്നാണ്? ഇക്കാര്യം കേരളത്തിലെ എല്ലാ വാർത്താ മാദ്ധ്യമങ്ങളും സൂചിപ്പിച്ചു. ഇപ്പോൾ എന്റെ കയ്യിലിരിക്കുന്നത് മംഗളം പത്ര മാണ്. തട്ടിപ്പിൽ കേരളത്തിന് രണ്ടാം സ്ഥാനം. അത്തരം ഒരു സാഹചര്യ

ത്തിലേയ്ക്ക് കടന്നുപോകുന്നു. ചെറിയ മക്കൾക്കുപോലും ജീവിക്കാൻ കഴിയാത്ത സാഹചര്യം. മനുഷ്യ മനസ്സനെ ഞെട്ടിപ്പിക്കുന്ന തരത്തിലേയ്ക്ക് മാറുന്ന ഒരു സാഹചര്യം കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്നു എന്നാണ് ഇത് തെളിയിക്കുന്നത്. ആശുപത്രികളുടെ കാര്യം ഇവിടെ സൂചിപ്പിക്കുന്നുണ്ട്. നമുക്ക് അലോപ്പതി മെഡിക്കൽ കോളേജുകൾ മാത്രം മതിയോ? ആയൂർവേദ മെഡിക്കൽ കോളേജുകൾ നമ്മുടെ പാരമ്പര്യത്തിനനുസരിച്ച് ഉയർത്തിക്കൊണ്ടുവരാനുള്ള സംവിധാനമുണ്ടാക്കണം. ആയൂർവേദ മെഡിക്കൽ കോളേജുകളെക്കുറിച്ച്, ആയൂർവേദ ചികിത്സാ സംവിധാനങ്ങളെക്കുറിച്ച് ഈ ബഡ്ജറ്റിൽ ഒന്നുംതന്നെ സൂചിപ്പിച്ചതായി കാണുന്നില്ല. ഗവർണ്ണറുടെ പ്രസംഗവും ഈ ബഡ്ജറ്റും തമ്മിൽ വളരെയേറെ വ്യത്യാസങ്ങളുണ്ട്. അത് പരിശോധിച്ചാൽ നമുക്ക് ബോധ്യമാകും. സമയത്തിന്റെ കുറവുള്ളതുകൊണ്ട് പേജുകൾ വച്ച് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനൊരു താരതമ്യപഠനം വേണ്ടേ; അതുമായി ബന്ധിപ്പിച്ചുകൊണ്ടല്ലേ ഇതിന്റെ ഫണ്ടും അലോക്കേഷനുമൊക്കെ ഉയർന്നുവരേണ്ടത്? കേരളം പോലൊരു സംസ്ഥാനത്ത്, പ്രത്യേകിച്ച് ധാരാളം മലയോര മേഖലയുള്ള ഒരു സംസ്ഥാനത്ത് വേണ്ടത് ഗ്രാമീണ റോഡുകളുടെ പുനഃരുദ്ധാരണത്തിനുള്ള പദ്ധതിയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് പ്രത്യേകിച്ച് മലബാർ മേഖലയുമായി ബന്ധപ്പെടുത്തികൊണ്ട് 3500 കോടി രൂപയുടെ ഒരു പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. അത്തരം ഒരു സാഹചര്യം ഇവിടെ വന്നില്ലെങ്കിൽ ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് സ്കൂളിൽ പോകാൻ, രോഗികൾക്ക് ആശുപത്രിയിൽ പോകാൻ കഴിയാത്ത ഒരവസ്ഥയുണ്ടാകും. ഗ്രാമീണ റോഡുകളുടെ വിഷയംകൂടി ഇതുമായി

ബന്ധപ്പെട്ട് എടുക്കേണ്ടതുണ്ട്. വരാൻ പോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി വേണമെങ്കിൽ നമുക്ക് പറയാൻ കഴിയും കേരളത്തിൽ നടക്കാനിരിക്കുന്ന ഒരു തെരഞ്ഞെടുപ്പിന്റെ റിഹേഴ്സലാണ് ഇന്നലെ ലോക്കൽ ബോഡി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടന്ന തെരഞ്ഞെടുപ്പിന്റെ റിസൽട്ട്. ഉപതെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.–ന് തരംഗം. യു.ഡി.എഫ്.–ന്റെ ആറ് സീറ്റ് എൽ.ഡി.എഫ് പിടിച്ചെടുത്തു. നമ്മൾ സദ്യയ്ക്ക് ചോറുണ്ടാക്കുമ്പോൾ എല്ലാ ചോറിന്റേയും വേവ് പരിശോധിക്കുന്നില്ല, ഒരു ചോറെടുത്ത് പരിശോധിച്ചാൽ മതി. കേരളത്തിന്റെ മനസ്സാക്ഷി എങ്ങോട്ടുപോകുന്നുവെന്ന് തെളിയിക്കുന്നതായിരുന്നു ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇന്നലെ വന്ന റിസൽട്ട്. കേരളത്തിന്റെ വളർച്ചാനിരക്ക് ഇത്രയേറെ കുറയുന്ന സാഹചര്യത്തിൽ കേരള ജനത എങ്ങനെ ചിന്തിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ ഇതിനെ കാണുന്നത്.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ദീർഘിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. ചന്ദനം ചാരിയാൽ ചന്ദനം മണക്കുമെന്ന് പറയും. മാണിസാർ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റിന്റെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ച സാഹചര്യങ്ങളുമായി ബന്ധപ്പെട്ട, മുന്നണിയുമായി ബന്ധപ്പെട്ട ബഡ്ജറ്റവതരിപ്പിക്കുമ്പോൾ മാണിസാറിന് ഇത്തരമൊരു ബഡ്ജറ്റല്ലാതെ അവതരിപ്പിക്കാൻ കഴിയുകയില്ല. അതിന്റെ ഭാഗമായുള്ള ധനാഭ്യർത്ഥനകൾ മാത്രമേ ഇവിടെ അവതരിപ്പിക്കാൻ കഴിയുകയുള്ളൂ. ഇങ്ങനെ മുരടിച്ചുപോകുന്ന എല്ലാ മേഖലകളേയും സംരക്ഷിക്കണമെങ്കിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കാനും ബഡ്ജറ്റുകൾ അവതരിപ്പിക്കാനും കഴിയുന്ന ആളാണ് മാണിസാറെന്ന കാര്യത്തിൽ

തർക്കമില്ല. പക്ഷേ ഈ നയത്തിന്റെ കൂടെയാണ് നിൽക്കുന്നത്. ഇങ്ങനെ നമ്മുടെ രാജ്യത്തെ കാർന്നുതിന്നുന്ന കോർപ്പറേറ്റ് വൽക്കരണത്തിനെതിരെ യുള്ള പോരാട്ടത്തിന്റെ ഭാഗമായി ഒരു കർഷകമനസ്സുള്ള ആളെന്ന നിലയ്ക്ക് മാണിസാർ ഉണ്ടാകും എന്ന പൂർണ്ണ ബോധ്യമെനിക്കുണ്ട്. ആ അർത്ഥത്തിൽ മാണിസാറിന് എല്ലാവിധ ജന്മദിനാശംസകളും അർപ്പിച്ചുകൊണ്ട് സാമ്പത്തിക വർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനക ളേയും എതിർത്തുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ ഈ അധിക-ഉപധനാഭ്യർത്ഥന കളെ വളരെ ശക്തമായി പിന്താങ്ങുകയാണ്. കാരണം, ധനാഭ്യർത്ഥനക ളുടെ ചർച്ച നടക്കുന്ന ഈ ദിവസത്തിന്റെ പ്രാധാന്യം ബഹുമാനപ്പെട്ട സ്പീക്കർ നേരത്തെ സഭയിൽ പറയുകയുണ്ടായി. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം ബഡ്ജറ്റ് അവതരിപ്പിക്കാൻ അവസരമുണ്ടായിട്ടുള്ള മാണി സാറിന്റെ ജന്മദിനമാണ് ഇന്ന്. ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് ഇന്നലെ അദ്ദേഹം സ്വീകരിച്ചിട്ടുള്ള നിലപാടുകളും ഉപധനാഭ്യർത്ഥനകൾക്ക് ഇന്നുമറുപടി പറയാൻപോകുന്ന സമയത്ത് അദ്ദേഹം സ്വീകരിക്കുന്ന നിലപാടുമെല്ലാം നമ്മുടെ സംസ്ഥാനത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുമെന്ന കാര്യത്തിൽ സംശയമില്ല. ഇത്രയും കാലം ബഡ്ജറ്റുകൾ അവതരിപ്പിച്ചുകൊണ്ട് കേരളത്തിലെ ശ്രദ്ധേയമായ മാറ്റങ്ങൾക്ക് നേതൃത്വം നൽകിയിട്ടുള്ള അഭിവന്ദ്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ ജന്മദിന ത്തിൽ അദ്ദേഹത്തിന് എല്ലാവിധ ആശംസകൾ നേരുകയും കൂടുതൽ കാലം ഇനിയും കേരളത്തിനും ഇന്ത്യക്കും നേതൃത്വം നൽകാൻ അദ്ദേഹത്തിന് സാധ്യമാകട്ടെ എന്നു ഞാൻ ആശംസിക്കുകയും ചെയ്യുകയാണ്. ഒരു സംസ്ഥാന സർക്കാരിന്റെ ബാധ്യതയെന്നുപറയുന്നത് ആ നാട്ടിലെ

ക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തുകയും ജനോപകാരപ്രദമായ പദ്ധതികൾക്ക് നേതൃത്വം നൽകിക്കൊണ്ട് പ്രവർത്തിക്കുകയും ചെയ്യുക എന്ന ഒരു വലിയ ഉത്തരവാദിത്വമാണ്. നമ്മുടെ ഗവൺമെന്റ് കഴിഞ്ഞ കാലഘട്ട ങ്ങളിൽ സ്വീകരിച്ചിട്ടുള്ള നിലപാടുകളും പ്രവർത്തനവുംകൊണ്ട് ധാരാളം കാര്യങ്ങൾ ഇവിടെ മാറ്റിയെടുക്കാൻ സാധിച്ചിട്ടുണ്ട്. സ്വാഭാവികമായും ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടതിനേക്കാൾ ഏറെ തുക ഈ രംഗത്ത് ചെലവഴിക്കേണ്ടിവന്നിട്ടുണ്ട് എന്നാണ് ഈ ധനാഭ്യർത്ഥനകൾ കാണുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. എല്ലാ വകുപ്പുകൾക്കും നേതൃത്വം നൽകുന്ന മന്ത്രിമാർ അതാത് വകുപ്പിന്റെ ധനാഭ്യർത്ഥനകൾ ഇവിടെ വച്ച സമയത്ത് എത്രമാത്രം ലക്ഷക്കണക്കിന് രൂപ കഴിഞ്ഞ ഒരു വർഷംകൊണ്ട് കേരളത്തിൽ അധികമായി ചെലവഴിക്കേണ്ടിവന്നു എന്നതിന്റെ ഒരു സ്റ്റേറ്റ്മെന്റ് നമുക്ക് ലഭിക്കുകയുണ്ടായി. കഴിഞ്ഞ ബഡ്ജറ്റിലും ഇന്നലെ ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞപ്പോഴും ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുള്ള ഒരു കാര്യമുണ്ട്. ബഡ്ജറ്റിലെ തുക എത്ര ചെറുതായാലും ശരി, നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണമായും പ്രാവർത്തികമാക്കുന്നതിനു വേണ്ടി തുക എത്രവേണമെങ്കിലും ചെലവഴിക്കാൻ തയ്യാറാണ് എന്ന്. അത് നൂറുശതമാനവും പ്രാവർത്തികമാക്കിയിട്ടുള്ള ഒരു വർഷമാണ് കഴിഞ്ഞു പോയത്. ഉദാരമനസ്കനായ, കാരുണ്യത്തിന്റെ ഉറവിടമായ മാണിസാറിന്റെ അക്ഷയപാത്രത്തിൽ നിന്നും ഇങ്ങനെ വന്നുകൊണ്ടേയിരിക്കുമെന്ന് ഇന്നലെ മറുപടി പ്രസംഗത്തിലൂടെ സഭയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. അതുകൊണ്ടാണ് കേരളത്തിൽ അഭൂതപൂർവ്വമായിട്ടുള്ള വികസനം കഴിഞ്ഞ 31 മാസക്കാലംകൊണ്ട് ഉണ്ടായിട്ടുള്ളതെന്ന് ഈ സമയത്ത് പറയാൻ

കഴിയും. അത്യപൂർവ്വമായിട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ഈ സഭയിൽ അംഗമാകാൻ കഴിഞ്ഞതിലുള്ള സന്തോഷവും അഭിമാനവും ഞാൻ ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ 31 മാസക്കാലത്തെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഓരോ വകുപ്പിലും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ള മാറ്റങ്ങൾ വളരെ വലുതാണ്. കേരളം കാത്തിരുന്ന ഒരു സർക്കാരെന്ന രീതിയിലേയ്ക്ക് ഈ ഗവൺമെന്റിന് വരാൻ കഴിഞ്ഞിട്ടുണ്ട് എന്നത് വികസന പ്രവർത്തനങ്ങൾ നിഷ്പക്ഷമായി വിലിരുത്തുന്ന ഏതൊരാൾക്കും ബോധ്യമാകുന്ന യാഥാർത്ഥ്യമാണ്. അപ്പുറത്തിരിക്കുന്ന ആളുകൾ പരസ്യമായി സഭയിൽ എന്തൊക്കെ പറഞ്ഞാലും മനസ്സാ വാചാ ഇത് അംഗീകരിക്കുന്ന കാര്യമാണെന്ന് എനിക്ക് ബോധ്യമുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷമെന്നുപറയുന്നത് വലിയ പ്രതിസന്ധിയുള്ള വർഷമായിരുന്നു. ആഗോള സാമ്പത്തിക മാന്ദ്യം നമ്മെ പിടിച്ചുകുലുക്കിയ പ്പോഴും തളരാതെ പതറാതെ പിടിച്ചുനിൽക്കാൻ കഴിഞ്ഞത് മികവുറ്റ സാമ്പത്തിക മാനേജ്മെന്റിന്റെ കഴിവുകൊണ്ടാണെന്ന കാര്യത്തിൽ തർക്കമില്ല.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി കേരളത്തിലും കേരളത്തിന് പുറത്തും ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു കാര്യമാണ്. അത് ആഗോള തലത്തിൽപ്പോലും വലിയ പ്രശസ്തി പിടിച്ചുപറ്റുന്ന സാഹചര്യമുണ്ടായി. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് ബന്ദും ഹർത്താലും വഴിതടയലും ഉപരോധവുമെല്ലാം കേരളത്തിലുണ്ടായെങ്കിലും പതിനായിരങ്ങൾക്ക് ഈ പരിപാടിയിൽ എത്തിച്ചേരാനും ഒരുപാട് സങ്കട

ങ്ങൾക്ക് നിവാരണമുണ്ടാക്കാനും ഇതിലൂടെ സാധിച്ചിട്ടുണ്ടെന്നത് യാഥാർത്ഥ്യമാണ്. ആർദ്രതയുള്ള മനസ്സിന്റെ ഉടമയായ മുഖ്യമന്ത്രി എല്ലാവരെയും നന്നായി സഹായിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ അലോട്ട്മെന്റിനെക്കാളേറെ തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വഴിതടയാൻ ശ്രമിച്ച ആളുകളുടെ ബന്ധുക്കൾപോലും മുഖ്യമന്ത്രിയെക്കണ്ട് സങ്കടം പറയുകയും പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുകയും ചെയ്ത വിവരം പത്രങ്ങളിലൂടെ നമ്മൾ വായിച്ചിട്ടുണ്ട്. ഒന്നാം ജനസമ്പർക്ക പരിപാടിയിൽ നിന്ന് ഉയർന്നുവന്ന ആശയങ്ങളെ അടിസ്ഥാനപ്പെടുത്തി ഏതാണ്ട് 55-ഓളം സർക്കാർ ഉത്തരവുകൾ പുതുതായി നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവന്നു. നിലവിലുള്ള നിയമങ്ങൾ മാറ്റി ആളുകൾക്ക് ഉപകാരപ്രദമാകുന്ന രീതിയിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടിയും ജനങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ കാര്യങ്ങൾ സാധ്യമാകുന്നതിനുവേണ്ടിയുമാണ് ജനങ്ങളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് 55 സർക്കാർ ഉത്തരവുകൾ പുതുതായി പുറപ്പെടുവിച്ചത്. രണ്ടാംഘട്ട പരിപാടിയുടെ ഭാഗമായും പുതിയ ഉത്തരവും വരാൻപോകുകയാണ്. കൂടുതൽ ലളിതവത്ക്കരിച്ചുകൊണ്ട്, കൂടുതൽ മെച്ചമുണ്ടാക്കുന്നതിനുവേണ്ടിയും ജനകീയ പ്രശ്നങ്ങൾ കൂടുതൽ അടിസ്ഥാനപരമായി പരിഹരിക്കുന്നതിനുവേണ്ടിയുമുള്ള നിലപാടുകളിൽ മുഖ്യമന്ത്രിക്ക് താൽപ്പര്യമെടുക്കാൻ കഴിഞ്ഞിട്ടുള്ളത് ഈ ജനസമ്പർക്ക പരിപാടിയിലൂടെയാണെന്ന് നമുക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ആഗോളതലത്തിൽ മുഖ്യമന്ത്രിയെ അംഗീകരിക്കാനും അദ്ദേഹത്തിന് അവാർഡ് കൊടുക്കാനുമെല്ലാം ലോകം തയ്യാറായിട്ടുള്ളതെന്ന വസ്തുതകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിലൂടെ ലക്ഷക്കണക്കിന് രൂപയാണ് ഓരോ നിയോജക മണ്ഡലത്തിലും എം.എൽ.എ.–മാർ മുഖേന ഇന്ന് നൽകിക്കൊണ്ടിരിക്കുന്നത്. ഇന്നലെ ബഡ്ജറ്റിലും ആ കാര്യം സൂചിപ്പിക്കുകയുണ്ടായി. കോടിക്കണക്കിന് രൂപയാണ് പാവപ്പെട്ടവർക്കുവേണ്ടി നൽകുന്നത്. രോഗമുള്ളവർ, അവശതയനുഭവിക്കുന്നവർ ഇങ്ങനെ ഓരോ ആളുകളുടെയും പ്രശ്നങ്ങളുമായി എം.എൽ.എ.–മാർ മുഖ്യമന്ത്രിയെ സമീപിക്കുമ്പോൾ അദ്ദേഹം ഉദാരമായി സഹായിക്കാറുണ്ട്. എന്റെ മണ്ഡലത്തിൽപ്പോലും ഈ രണ്ടര വർഷക്കാലംകൊണ്ട് കോടിക്കണക്കിന് രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും പാവപ്പെട്ട ആളുകൾക്ക് ധനസഹായമായും ചികിത്സയ്ക്കുവേണ്ടിയും മറ്റ് കാര്യങ്ങൾക്കുവേണ്ടിയും ലഭ്യമായിട്ടുള്ളതെന്ന് പറയുമ്പോൾ അതിനെല്ലാം കൂടുതൽ ഫണ്ട് അനുവദിക്കേണ്ടതായിട്ടുണ്ട് എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. കാരുണ്യ ഫാർമസി, കാരുണ്യ ബെനവലന്റ് സ്കീം ഇവയെല്ലാം സംസ്ഥാനത്തെ പാവപ്പെട്ട ആളുകൾക്ക് ഉപകാരപ്രദമായിക്കൊണ്ടിരിക്കുകയാണ്. എത്രമാത്രം ആളുകളാണ് മാണിസാറിന്റെ കാരുണ്യ ബെനവലന്റ് സ്കീമിലെ പണം ഉപയോഗിച്ചുകൊണ്ട് ആശുപത്രികളിൽപ്പോയി ചികിത്സ തേടുന്നതെന്നുള്ള കാര്യം നമുക്ക് ഓരോരുത്തർക്കും നേരിട്ട് ബോധ്യമുള്ളതാണ്. അതുപോലെതന്നെ കേരളത്തിലെ റോഡുകൾ, വളരെ സുഗമമായി യാത്ര ചെയ്യാൻ കഴിയുന്ന രീതിയിലേയ്ക്ക് കേരളത്തിന്റെ റോഡുകളുടെ ഉപരിതലം ഇന്ന് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. കേരള നിയമസഭയിൽ ഒരു മുൻഅംഗം സംസാരിച്ചത് പത്രത്തിലൂടെ വായിച്ചത് ഇപ്പോൾ എന്റെ ഓർമ്മയിൽ വരികയാണ്. മഞ്ചേശ്വരത്തുനിന്നും ഒരു കോഴിമുട്ട ഉരുട്ടിവിട്ടാൽ അത് തട്ടാതെ പൊട്ടാതെ തിരുവനന്തപുരവും കഴിഞ്ഞ് കന്യാകുമാരിയിൽ ചെന്നെത്തുന്ന രീതിയിലേയ്ക്ക് കേരളത്തിന്റെ റോഡുകൾ നന്നായി

ട്ടുണ്ടെന്ന് വർഷങ്ങൾക്കുമുമ്പ് ഈ നിയമസഭയിൽ ഒരു അംഗം പ്രസംഗിച്ചത് ഞാൻ പത്രത്തിൽ വായിച്ചിട്ടുണ്ട്. ഞാൻ ആ കാര്യം ഇപ്പോൾ ഓർക്കുകയാണ്. ആ രീതിയിലേയ്ക്ക് കേരളത്തിലെ റോഡുകളുടെ ഉപരിതലം പുതുക്കിപ്പണിയാൻ നമ്മുടെ സർക്കാരിന് സാധിച്ചിട്ടുണ്ട്. കുണ്ടും കുഴിയും നിറഞ്ഞ റോഡുകളെല്ലാം സുഗമമായി യാത്ര ചെയ്യാൻ കഴിയുന്ന രീതിയിലേയ്ക്ക് മാറ്റി. പൊതുമരാമത്ത് മന്ത്രിക്ക് ജനങ്ങളുടെ അവാർഡ്, ഡിപ്പാർട്ട്മെന്റിന് അഭിമാനം. മുമ്പ് കേരളത്തിലെ റോഡുകളിലൂടെ യാത്ര ചെയ്താൽ ആയുർവ്വേദ ആശുപത്രിയിൽ പോയി കിടക്കേണ്ട സ്ഥിതിയുണ്ടായിരുന്നുവെങ്കിൽ ഇന്നിപ്പോൾ കാറുകളിൽ ഉറങ്ങിക്കൊണ്ടാണ് യാത്ര ചെയ്യുന്നത്. ഈ വർഷം 836.41 കോടി രൂപയാണ് മാറ്റിവച്ചിട്ടുള്ളത്. എന്റെ അഭിപ്രായത്തിൽ അത് ഇരട്ടിയാക്കിയാലും മതിയാകാത്ത രീതിയിൽ ഇനിയും പുതിയ പുതിയ റോഡുകൾ ധാരാളമായി നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകേണ്ടതായിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ എൻ.എച്ച്. 212-ൽ താമരശ്ശേരി, കൊടുവള്ളി തുടങ്ങിയ പട്ടണങ്ങൾക്ക് ഒരു ബൈപ്പാസ് റോഡ് വേണമെന്ന ആവശ്യത്തിന് ഒരുപാട് കാലത്തെ പഴക്കമുണ്ട്. ബഹുമാന്യനായ മന്ത്രിയുടെ പരിഗണനയിൽ ഇക്കാര്യമുണ്ടാകണമെന്നുകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് 12 താലൂക്കുകളാണ് കഴിഞ്ഞ വർഷം പുതുതായി പ്രഖ്യാപിച്ചത്. അതിൽ ഒരു താലൂക്ക് എന്റെ നിയോജക മണ്ഡലം ഉൾക്കൊള്ളുന്ന താമരശ്ശേരി താലൂക്കാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയുമധികം താലൂക്കുകൾ ഒരുമിച്ച് പ്രഖ്യാപിക്കാൻ സാധിച്ചിട്ടുള്ള ഒരു ഗവൺമെന്റ് മറ്റൊന്നുണ്ടോ എന്നുള്ള കാര്യം സംശയമാണ്. ഇതിനുവേണ്ടി അധികമായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്, കൂടുതൽ

സാമ്പത്തിക ചെലവുകൾ വന്നിട്ടുണ്ട്. അതോടൊപ്പം 30 വില്ലേജുകൾ പുതുതായി പ്രഖ്യാപിക്കപ്പെട്ടു. ഈ 30 വില്ലേജുകൾക്കുവേണ്ടി ഏതാണ്ട് 180 തസ്തികകൾ നമ്മുടെ സംസ്ഥാനത്ത് പുതുതായി സൃഷ്ടിക്കേണ്ടി വന്നു. സാമ്പത്തികമായി ഒട്ടനവധി ചെലവുകൾ ഈ രംഗത്ത് കൂടിക്കൂടി വരികയാണ്. നമ്മുടെ സംസ്ഥാനത്തെ കോളേജില്ലാത്ത മണ്ഡലങ്ങളിൽ പുതിയ കോളേജുകൾ ഉയർന്നുവരികയുണ്ടായി. അതിനെല്ലാം സാമ്പത്തികമായി ധാരാളം ചെലവ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല, പി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം, യുനാനി, സിദ്ധവൈദ്യം എന്നിവയ്ക്കെല്ലാം ഒരുപാട് ഡിമാന്റുകൾ ഉയർന്നുവന്നപ്പോൾ ധാരാളം ഡിസ്പെൻസറികൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആരംഭിച്ചത് ഞാനിവിടെ പരാമർശിക്കുകയാണ്. ഇനിയും കൂടുതൽ ഉയർന്നുവരേണ്ടതായിട്ടുണ്ട്. 31 താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി സംവിധാനമുണ്ടാകുമെന്നാണ് അറിയാൻ സാധിച്ചിട്ടുള്ളത്. ഈ സന്ദർഭത്തിൽ എനിക്കിവിടെ സൂചിപ്പിക്കാനുള്ളത് എന്റെ നിയോജക മണ്ഡലത്തിലെ ഏറ്റവും പഴക്കംചെന്ന ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. ആ മണ്ഡലത്തിലെ മറ്റേത് ആശുപത്രിയെക്കാളും മുമ്പേ ആരംഭിച്ചിട്ടുള്ള ആശുപത്രിയാണത്. ഇതൊരു താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന സബ്മിഷൻ കഴിഞ്ഞ സഭയിൽ ഞാൻ അവതരിപ്പിച്ചിരുന്നു. ഈ കാര്യം പരിഗണിക്കണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. ഇതോടൊപ്പംതന്നെ കൂടത്തായിയിലും പന്നിക്കോട്ടുമുള്ള ആയുർവ്വേദ ഡിസ്പെൻസറികൾ പത്ത് കിടക്കകളുള്ള ആശുപത്രികളാക്കി ഉയർത്തണമെന്ന ആവശ്യംകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാ

നത്തുള്ള ഇന്നൊവേഷൻ കൗൺസിലിന് ഇന്ന് ഒരു ചെയർമാൻ മാത്രമേ യുള്ളൂ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സർക്കാരിന് പുതിയ ആശയ ങ്ങൾ സമർപ്പിക്കാനും വിഷൻ 2030 കാര്യക്ഷമമാക്കാനും നൂതനമായ ആശയങ്ങൾ രൂപീകരിച്ചുകൊണ്ട് സംസ്ഥാനത്തിന് വഴികാണിക്കുന്നതിനും വേണ്ടി ഉണ്ടാക്കിയിട്ടുള്ള ഇന്നൊവേഷൻ കൗൺസിലിന് 58 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടെങ്കിലും അതിന് ഇന്ന് ഒരു ചെയർമാൻ മാത്രമേയുള്ളൂ. ബ്യൂറോക്രസിയുടെ പിടിയിൽ നിന്നും ചുവപ്പുനാടയിൽ നിന്നും നമ്മുടെ വികസന പ്രവർത്തനങ്ങളെ മോചിപ്പിച്ച് എടുക്കുന്നതിനുവേണ്ടിയുള്ള, പദ്ധ തിയിൽ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ഇവിടെ ഉണ്ടാ കേണ്ടതായിട്ടുണ്ട്. അതിന് സഹായകരമാകുന്ന രീതിയിൽ മാറ്റങ്ങളുണ്ടാക ണമെന്നും ഇന്നൊവേഷൻ കൗൺസിൽ ഈ രീതിയിലേയ്ക്ക് പൂർണ്ണമായും പുനഃസംഘടിപ്പിക്കണമെന്നുകൂടി ഈ സന്ദർഭത്തിൽ ഞാനിവിടെ സൂചിപ്പി ക്കുകയാണ്. ഭരണഭാഷ മലയാളമാക്കുന്നതിനും ആൽക്കഹോളിസത്തിനെ തിരെയുള്ള പ്രതിരോധ പ്രവർത്തനത്തിനും ട്രഷറികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും മാവോയിസ്റ്റുകളെ തുരത്തുന്നതിനും പോലീസ് മോഡേണൈസേഷനുവേണ്ടിയും അധികമായി പണം ചെലവഴി ക്കേണ്ടി വന്നിട്ടുണ്ട്. ഏറ്റവും അവസാനം, ഗ്യാസ് സിലിണ്ടറുകളുടെ വാറ്റ് ഒഴിവാക്കിക്കൊണ്ട് ജനങ്ങളോടുള്ള ബാധ്യത നിറവേറ്റുന്നതിനുവേണ്ടി ഈ ഗവൺമെന്റ് മുന്നോട്ട് വന്നിട്ടുള്ള കാര്യം ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പി ക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിന്റെ ചുവടൊപ്പിച്ചുകൊണ്ട് ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിക്കുകയും മൂന്ന് ദിവസമായി ബഡ്ജറ്റിനെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തപ്പോൾ ഇതിനെതിരായി വലിയ പരാമർശമൊന്നും

സഭയിൽ ഉയർന്നുകേട്ടിട്ടില്ല എന്നതുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ബഹുമാന്യനായ മാണിസാറിന്റെ മുന്നിൽ ഒരു ജനപ്രതിനിധി എന്നുള്ള നിലയിൽ എനിക്കൊരു അഭ്യർത്ഥനയുള്ളത് ഞങ്ങൾ മണ്ഡലങ്ങളിൽ വികസനം നടത്തുന്നതും ആളുകൾക്കിടയിൽ പിടിച്ചുനിൽക്കുന്നതും എം.എൽ.എ. ഫണ്ട് ഉപയോഗിച്ചാണ്. ഇന്നിപ്പോൾ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന വർക്കുകളുടെ എസ്റ്റിമേറ്റിൽ 60% തുക വർദ്ധിച്ചിരിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഒരു കോടി രൂപകൊണ്ട് രണ്ടുവർഷം മുമ്പ് ചെയ്യാൻ കഴിഞ്ഞിരുന്ന റോഡുകളുടെ പകുതി മാത്രമേ ഇപ്പോൾ ചെയ്യാൻ കഴിയുന്നുള്ളൂ. അതുകൊണ്ട് എം.എൽ.എ.-മാർക്ക് അനുവദിച്ചിട്ടുള്ള ഫണ്ട് രണ്ട് കോടി രൂപയെങ്കിലുമാക്കി വർദ്ധിപ്പിച്ചുതരണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. അതുപോലെ, അങ്ങയുടെ ഉദാരമായ മനഃസ്ഥിതികൊണ്ടാണ് 5 കോടി രൂപ ആസ്തി വികസന ഫണ്ട് എം.എൽ.എ.-മാർക്കായി അനുവദിച്ചിട്ടുള്ളത്. അതുംപോരാ എന്ന അഭിപ്രായം ഞങ്ങൾക്കുണ്ട്. ഏഴ് കോടി രൂപയെങ്കിലുമാക്കി അത് ഉയർത്തിത്തരണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയും ഇതിന്റെ സാങ്കേതികമായ പ്രശ്നങ്ങൾ കുറേക്കൂടി ലഘൂകരിച്ചുകൊണ്ട് എത്രയുംവേഗം അതിന് ഭരണാനുമതിയും സാങ്കേതിക അനുവാദവും നൽകി പദ്ധതി ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്കുകൂടി അങ്ങ് ഉദാരമനസ്കത കാണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. റോഡുകളും പാലങ്ങളും കുടിവെള്ളവും വൈദ്യുതിയും മാത്രമല്ല വികസനം എന്ന് എനിക്കുമുമ്പ് സംസാരിച്ച ശ്രീ. ഇ. കെ. വിജയൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും ഗവൺമെന്റ് ആ രീതിയിൽ ചിന്തിക്കുന്നുവെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പി

ക്കാനുള്ളത്. അതിനേക്കാൾ ഉപരിയായി അടിസ്ഥാന വർഗ്ഗത്തോടുള്ള പ്രതിബദ്ധത വച്ചുപുലർത്തുന്നതിനുവേണ്ടി സാമൂഹ്യ സുരക്ഷാ മിഷനിലൂടെ ധാരാളം ആനുകൂല്യങ്ങൾ......, പാർശ്വവത്ക്കരിക്കപ്പെട്ടുപോയ ആളുകൾക്കു വേണ്ടി, സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്ന ആളുകൾക്കുവേണ്ടിയുള്ള ഒരു സംവിധാനം സാമൂഹ്യ സുരക്ഷാ മിഷനിലൂടെ രാജ്യത്ത് നടക്കുകയാണ്. എന്റെ മണ്ഡലത്തിൽ *സാന്ത്വനം* എന്ന പേരിൽ വികലാംഗ കോർപ്പറേഷ ന്റെയും സാമൂഹ്യ സുരക്ഷാ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരു പരിപാടി നടത്തിയപ്പോൾ ഏതാണ്ട് 1200-ഓളം പാവപ്പെട്ട ആളുകൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സാധിച്ചു. ഒരു ആനുകൂല്യവും ലഭിക്കാത്ത 1200-ഓളം ആളുകൾക്കാണ് ഈ രണ്ട് ഡിപ്പാർട്ട്മെന്റുകളിലൂടെ മാത്രമായി ധാരാളം ആനുകൂല്യങ്ങൾ ഒറ്റ ദിവസംകൊണ്ട് നൽകാൻ സാധിച്ചി ട്ടുള്ളത്. അങ്ങനെ എല്ലാ രംഗങ്ങളെയും സ്പർശിച്ചുകൊണ്ട്, വിദ്യാഭ്യാസം, സാംസ്ക്കാരികം, കാർഷികം തുടങ്ങിയ എല്ലാ മേഖലകളെയും പുനരുജ്ജീ വിപ്പിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളുമായി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റ് അടുത്ത ഒരു വർഷക്കാലം ഏത് രീതിയിൽ ഈ വിഭാഗങ്ങളെ കാണുന്നുവെന്ന് പ്രതിഫലിപ്പിക്കുന്ന ഏറ്റവും ഉന്നതമായിട്ടുള്ള ഒരു ബഡ്ജറ്റാണ് കഴിഞ്ഞ ദിവസം സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. അതിന്റെ ചർച്ചയ്ക്ക് അടിസ്ഥാനമായി പുതിയ പുതിയ ആവശ്യങ്ങൾപോലും അംഗീക രിച്ചുകൊണ്ട് ചർച്ച അവസാനിപ്പിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ ഉപധനാഭ്യർത്ഥനകൾ പരിഗണിച്ചുകൊണ്ട് അങ്ങ് പ്രസംഗിക്കുമ്പോൾ ഈ പറയപ്പെട്ട കാര്യങ്ങൾകൂടി ശ്രദ്ധിക്കുകയും അതിനുകൂടി പരിഹാരമു ണ്ടാകുകയും ചെയ്യണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട്, ഈ ഉപധനാഭ്യർത്ഥ

നകളെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹ രിക്കുന്നു.

ശ്രീ. എ. എ. അസീസ്: സർ, 2013–2014 സാമ്പത്തികവർഷത്തെ ബഡ്ജ റ്റിൻമേലുള്ള ഉപധനാഭ്യർത്ഥനയെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്. കാരണം സർക്കാരിന്റെ അധീനതയിൽ സഹകരണമേഖല യിൽ പ്രവർത്തിച്ചുവരുന്ന ഒരു മാതൃകാ കശുവണ്ടി സംസ്കരണ സ്ഥാപനമാണ് കാപ്പെക്സ്. 2013–14-ലെ സംസ്ഥാന ബഡ്ജറ്റിൽ 25.30 കോടി രൂപ വകയിരു ത്തിയിരുന്നു. പ്രസതുത തുകയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ തുക അവർക്ക് വിതരണം ചെയ്തിട്ടില്ല. ഈ സാമ്പ ത്തികവർഷംതന്നെ ഇത് പൂർണ്ണമായി വിതരണം ചെയ്യണമെന്നതാണ് ആവശ്യം. ഇപ്പോഴത്തെ ബഡ്ജറ്റിൽ അവർക്ക് 18 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടു ള്ളത്. അതുപോലെതന്നെ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കയ്യി ലുള്ള 20 ഫാക്ടറികൾ വിട്ടുകിട്ടുന്നതിനായി ഉടമകൾ കേസ് നടത്തിവരികയാണ്. 2009-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് കശുവണ്ടി ഫാക്ടറികൾ ഏറ്റെടുക്കൽ ഭേദഗതി നിയമം കൊണ്ടുവന്നു. ഇതുപയോഗിച്ച് 20 ഫാക്ടറികൾകൂടി ഏറ്റെടുക്കു വാൻ 25 കോടി രൂപ അനുവദിക്കണം. കെ.എസ്.ഐ.ഡി.സി. ബാങ്കുകൾക്ക് ബാധ്യതയായി 99.93 കോടി രൂപയാണുള്ളത്. ഇത് 4 ഇൻസ്റ്റാൾമെന്റായി അടയ്ക്കുവാൻ വ്യവസായവകുപ്പ് നൽകിയ സെറ്റിൽമെന്റ് പാക്കേജ് അംഗീകരി ക്കുകയും ഒരു ഇൻസ്റ്റാൾമെന്റ് നൽകുവാനായി 25 കോടി രൂപയും അനുവദിക്കേ ണ്ടതാണ്. 2009-നുശേഷം പിരിഞ്ഞ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതി നായി 36 കോടി രൂപ അനുവദിക്കണം. അങ്ങനെ ആകെ 86 കോടി രൂപയാണ്

കെ.എസ്.ഐ.ഡി.സി–ക്ക് നൽകേണ്ടത്. എന്നാൽ ഇതിൽ 28 കോടി രൂപ മാത്ര മാണ് ഇത്തവണത്തെ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട മാണിസാർ ഉൾപ്പെടുത്തിയിട്ടു ള്ളത്. ഇത്തവണത്തെ ബഡ്ജറ്റിൽ കെ.എസ്.ഐ.ഡി.സി.–ക്ക് 28 കോടി രൂപയും കാപ്പെക്സിന് 18 കോടി രൂപയും ഉൾപ്പെടെ 46 കോടി രൂപയാണ് ആകെ അനുവ ദിച്ചിട്ടുള്ളത്. 2013–14–ലെ ബഡ്ജറ്റിൽ കെ.എസ്.ഐ.ഡി.സി ക്കും കാപ്പെക്സിനു മായി ആകെ 71.5 കോടി രൂപ. അതിൽ 46 കോടി രൂപ കോർപ്പറേഷനും 25.30 കോടി രൂപ കാപ്പെക്സിനുമായിട്ടാണ് നൽകിയിരുന്നത്. ഇത്തവണ ആകെ നൽകി യിട്ടുള്ളത് 46 കോടി രൂപയാണ്. പരമ്പരാഗത വ്യവസായരംഗത്ത് തൊഴിലാളിക ളെയും വ്യവസായത്തെയും സംരക്ഷിക്കുന്നതിനുവേണ്ടി ധാരാളം തുക വകയിരു ത്തിയിട്ടുണ്ടെന്ന് പറയുമ്പോഴുള്ള കണക്കാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കർഷകരുടെ നേതാവാണ് എന്ന അവകാശവാദമാണുള്ളത്. എന്നാൽ കാർഷികരംഗത്ത് നെൽകൃഷിക്ക് ഇട തുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എല്ലാ ബഡ്ജറ്റുകളിലും നെല്ലിന്റെ വില ഉയർത്തിയിരുന്നു. എന്നാൽ ഈ ബഡ്ജ റ്റിൽ നെല്ലിന് ഊന്നൽവില നൽകിയിട്ടില്ല, നെല്ലിന്റെ വില ഉയർത്തിയിട്ടുമില്ല. തരിശുരഹിത സംസ്ഥാനമെന്ന നിലയിലായിരുന്നു എൽ.ഡി.എഫ്. ഗ വൺമെന്റ് കാർഷികമേഖലയെ കണ്ടിരുന്നത്. ഇപ്പോൾ നെല്ലിന്റെ ഉല്പാദനം കുറയുന്നതുകൊണ്ട് തരിശുഭൂമി കൂടുന്നു. ഈ തരിശുഭൂമിയാണ് ഇപ്പോൾ ഭൂമാഫിയകൾ നികത്തി വീട് വയ്ക്കാൻ ഉപയോഗിക്കുന്നത്. നെൽകൃഷിക്ക് മെച്ചപ്പെട്ട സഹായം നൽകാൻ ഈ ബഡ്ജറ്റിൽ യാതൊരു സംരക്ഷണവും ഏർപ്പെടുത്തിയിട്ടില്ല. അതുപോലെതന്നെയാണ് അടച്ചുപൂട്ടപ്പെട്ട പൊതുമേ ഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും, അടച്ചുപൂട്ടലിന്റെ

വക്കിലെത്തിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നവീകരണപ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതിനുംവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നതാണ്. ഇത്തവണ അങ്ങനെയൊന്നുമില്ല. കൊല്ലത്തെ മീറ്റർ കമ്പനി ഇലക്ട്രിസിറ്റി ബോർഡാണ് നിയന്ത്രിക്കുന്നതെങ്കിലും വ്യവസായവകുപ്പിന്റെ കീഴിലുള്ളതാണ്. മീറ്റർ കമ്പനി അടച്ചുപൂട്ടൽ ഭീഷണിയിലാണ്. അത് എന്റെ നിയോജക മണ്ഡലത്തിലാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം മാവേലി സ്റ്റോറുകളിലൊന്നിലും ഇപ്പോൾ സബ്സിഡി സാധനങ്ങളൊന്നും ലഭിക്കുന്നില്ല. മാവേലി സ്റ്റോറുകൾ എല്ലാം പ്രവർത്തിക്കുന്നുണ്ട്. മാവേലി സ്റ്റോറുകളിൽ ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ഉല്പന്നങ്ങളാണ് ഇപ്പോൾ വിറ്റുവരുന്നത്. ഓപ്പൺ മാർക്കറ്റിൽ കിട്ടുന്ന ഉല്പന്നങ്ങൾ ഓപ്പൺ മാർക്കറ്റിലെ വിലയ്ക്കുതന്നെയാണ് ഈ മാവേലി സ്റ്റോറുകളിൽ നിന്നും വാങ്ങേണ്ടിവരുക. മാവേലിസ്റ്റോറുകളിൽക്കൂടി മനുഷ്യന്റെ ദൈനംദിന ആവശ്യങ്ങൾക്കുള്ള 13 ഇന സാധനങ്ങൾ വിതരണം നടത്താൻ തീരുമാനിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 13 ഇന സാധനങ്ങളില്ല. മാവേലിസ്റ്റോറുകളെല്ലാംതന്നെയുണ്ട്. മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നതുകൊണ്ട് സബ്സിഡൈസ് ചെയ്യുന്ന സാധനങ്ങൾ ഏതാനും ആളുകൾക്ക് കുറച്ചുമാത്രം കാണും. അതും കൊടുത്തുകഴിഞ്ഞാൽ സബ്സിഡൈസ് ചെയ്ത സാധനങ്ങൾ ഇല്ല. അവിടെ ഉപഭോക്താക്കൾ വാങ്ങേണ്ടത് വില കൂടിയ ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ഉല്പന്നങ്ങളാണ്. മാവേലി സ്റ്റോറുകൾക്ക് ബഡ്ജറ്റ് സപ്പോർട്ട് കൊടുത്തുകൊണ്ട് ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് 13 ഇന സാധനങ്ങൾ നൽകുന്നതിനുള്ള യാതൊരു പദ്ധതിയും ഈ ബഡ്ജറ്റിലില്ല. ബഹുമാനപ്പെട്ട മാണിസാർ ചോദിക്കുന്നവർക്കെല്ലാം പെൻഷനുകളും വികസന പ്രവർത്തന

ങ്ങൾക്ക് ഫണ്ടും അനുവദിച്ചയാളാണ്. പക്ഷെ ഈ അടുത്ത കാലത്തും സെക്രട്ടേറിയറ്റിനുമുൻപിൽ പാവങ്ങളായിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻ മെമ്പർമാർ, പഞ്ചായത്ത്/മുനിസിപ്പൽ/ കോർപ്പറേഷനുകളിലെ മുൻ പ്രതിനിധികളായിട്ടുള്ളവർ, വാർദ്ധക്യമായവരും അല്ലാത്തവരും അവർക്ക് ചെറിയൊരു പെൻഷനെങ്കിലും അനുവദിക്കണമെന്നാവശ്യപ്പെട്ട് സമരം ചെയ്തു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ആളുകൾക്ക് പെൻഷൻ അനുവദിക്കുമെന്ന് ബഹുമാന്യനായ പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ ഈ നിയമസഭയിൽതന്നെ ഒരു സബ്മിഷന് മറുപടിയായി പറഞ്ഞതാണ്. മാണിസാർ അത്തരം ആളുകളെ കണ്ടതേയില്ല. നമ്മുടെ സംസ്ഥാനത്ത് പാവങ്ങളായിട്ടുള്ള പരമ്പരാഗത വ്യവസായത്തിൽ പണിയെടുക്കുന്നവരും അല്ലാത്തവരും അഗതികൾ, വിധവകൾ, അംഗവൈകല്യമുള്ളവർ തുടങ്ങിയ എല്ലാ വിഭാഗം ആളുകൾക്കും പെൻഷനുണ്ട്. എംഎൽ.എ മാർക്കും എം. പി. മാർക്കും പെൻഷനുണ്ട്. അവസാനമായിട്ട് ഇപ്പോൾ പി. എസ്. സി. യിൽ നിന്നും വിരമിച്ച മെമ്പർമാർക്ക് വരെ പെൻഷനുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷനുകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ആളുകൾക്ക് ചെറിയൊരു പെൻഷനെങ്കിലും മാണിസാർ അനുവദിക്കേണ്ടതല്ലായിരുന്നോ? അത് മാണിസാറിന്റെ കാലഘട്ടത്തിലാണ് അങ്ങനെയൊരു പെൻഷൻ പദ്ധതി അനുവദിച്ചതെന്ന് അവർ അഭിമാനിക്കും, മാണിസാറിനും അഭിമാനിക്കാമായിരുന്നു. ബഹുമാനപ്പെട്ട എം.കെ. മുനീർ നൽകിയ വാഗ്ദാനംപോലും ഈ ബഡ്ജറ്റിലില്ലെന്നത് ഖേദകരമായ ഒരു കാര്യമാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ഞാൻ സൂചിപ്പിച്ചത്. അതുപോലെ മറ്റൊരു കാര്യമാണ് പട്ടികജാതി കോളനികളെ സംബന്ധിച്ച് ഇന്ന് രാവിലെ ബഹുമാന്യനായ കെ.ബി. ഗണേഷ്കുമാർ

കാളിംഗ് അറ്റൻഷനായി അവതരിപ്പിച്ചത്. പട്ടികജാതി വകുപ്പിന് കീഴിൽ ഒരു നിയോജക മണ്ഡലത്തിന് ഒരു കോടി രൂപ എന്ന നിലയിൽ മാതൃക കോളനി എന്നുപറഞ്ഞ് അനുവദിക്കുകയാണ്. എല്ലാ നിയോജക മണ്ഡലങ്ങളുമില്ല. 140 നിയോജക മണ്ഡലങ്ങളിൽ തെരെഞ്ഞെടുത്ത 40 നിയോജക മണ്ഡലങ്ങൾക്ക് മാത്രമേയുള്ളൂ. അതിനാണ് ചില സ്വകാര്യ-പൊതുമേഖലാ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത്. അതൊരു ബിനാമി ഇടപാടാണ്. എന്റെ നിയോജക മണ്ഡലത്തിലും അങ്ങനെയൊരണ്ണം തെരഞ്ഞെടുത്തിരുന്നു. ആലുവയിൽ പ്രവർത്തിക്കുന്ന ഫോറസ്റ്റ് ഇൻഡസ്ട്രി എന്ന സ്ഥാപനത്തെയാണ് അവിടെ തെരഞ്ഞെടുത്തത്. അവർ 25 ലക്ഷം രൂപ സർക്കാരിൽ നിന്നും അഡ്വാൻസ് ആയി വാങ്ങുകയും അതിനുശേഷം യാതൊരു പ്രവർത്തനവും നടത്തിയിട്ടുമില്ല. പല പ്രാവശ്യം അവിടെ വന്ന് കോളനി നിവാസികളെയും എല്ലാം ചേർത്ത് കമ്മിറ്റികൾ നടത്തി പോയതല്ലാതെ 25 ലക്ഷം രൂപ അഡ്വാൻസ് വാങ്ങിയത് എന്ത് ചെയ്തുവെന്ന് ഗവൺമെന്റിനെയോ ബന്ധപ്പെട്ട എം.എൽ.എ-യെയോ കമ്മിറ്റിയെയോ അറിയിച്ചിട്ടില്ല. 25 ലക്ഷം രൂപ തട്ടിയെടുക്കാൻ സാധിച്ചു. മറ്റൊരു പ്രവർത്തനവും അവിടെ ആരംഭിച്ചിട്ടില്ല. പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പ് കൈകാര്യം ചെയ്യുന്ന വകുപ്പുമന്ത്രിയും ടൂറിസം വകുപ്പു മന്ത്രിയുമൊക്കെ ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

മറ്റൊരു കാര്യം അടിസ്ഥാന വർഗ്ഗത്തിന്റെ സംരക്ഷണമെന്ന നിലയിൽ ഈ ബഡ്ജറ്റിൽ ഒന്നും തന്നെയില്ല. പ്ലാന്റേഷൻ മേഖലയെ സംബന്ധിച്ച് ഒരു വാക്കുപോലും ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. പാവങ്ങളായ തൊഴിലാളികളുടെ ലയങ്ങളിൽ താമസിക്കാൻ കഴിയാത്ത സ്ഥിതിയാണ്. തോട്ടം മേഖല

യിൽ പോയിട്ടുള്ളവർക്ക് മാത്രമേ അത് മനസ്സിലാകൂ. തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ കേന്ദ്ര തൊഴിലാളി സംഘടനകളുടെ പ്രതിനിധി കൾക്കും തോട്ടം മേഖലയെ സംബന്ധിച്ച് അറിയാം.. തോട്ടം മേഖലയിലെ ലയങ്ങൾ കന്നുകാലി തൊഴുത്തുപോലെയുള്ള സ്ഥലങ്ങളാണ്. അവിടെ താമസിക്കുന്ന ആളുകളുടെ സംരക്ഷണത്തിന് വേണ്ടി ആ ലയങ്ങൾ നവീക രിക്കുന്നതിന് യാതൊരു പദ്ധതിയും ബഡ്ജറ്റിലില്ല. അതുപോലെ തോട്ടം മേഖലയിലെ റോഡുകൾ പി.ഡബ്ല്യു.ഡി-യുടെ കീഴിലല്ല, ആ വകുപ്പല്ല അത് കൈകാര്യം ചെയ്യുന്നത്.  കാലാകാലങ്ങളിൽ ബഡ്ജറ്റിൽ തുക വകയിരുത്തി യാണ് അത്തരം റോഡുകളുടെ നിർമ്മാണ പ്രവർത്തനം നടത്താറുള്ളത്. തോട്ടം മേഖലയെ ധനകാര്യ വകുപ്പുമന്ത്രി വിസ്മരിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി കാണുന്ന കൃഷിക്കാർ റബ്ബർ, തേയില കൃഷിക്കാർ മാത്രമാണ്. കോട്ടയത്തും പാലായിലുമൊക്കെയുള്ള കൃഷിക്കാരെ കണ്ടാണ് കൃഷി എന്നു പറയുന്നത്. മുൻ കാലഘട്ടത്തിലെ ഗവൺമെന്റുകൾ ചെറുകിട കൃഷി ക്കാർക്കും തോട്ടംമേഖലയിലെ കൃഷിക്കാർക്കും വേണ്ടി ക്ഷേമ പദ്ധതികൾ ഉണ്ടാക്കിയിട്ടുണ്ട്. അവർക്ക് പെൻഷൻ നൽകിയിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിട ങ്ങളിലെ മുൻ മെമ്പർമാർക്ക് പെൻഷൻ പദ്ധതി പ്രഖ്യാപിച്ചിട്ടില്ല. എല്ലാ വർക്കും പെൻഷൻ  പ്രഖ്യാപിച്ച്..... രണ്ടുകൈയുംകൊണ്ട് ഓടി വരുന്ന വർക്ക്..... ബഹുമാന്യനായ മാണിസാറിന്. ഒരു കുറിപ്പ് കൊടുത്താൽ മതിയാ യിരുന്നു, ഞങ്ങൾ ഇവിടുന്ന് അങ്ങോട്ട് കുറിപ്പും കൊണ്ടു വന്നില്ല. ഞങ്ങൾ അങ്ങനെ വരണ്ടായെന്ന് തീരുമാനിച്ചതാണ്. ഇന്നലെ ഇത് പ്രഖ്യാപിക്കുമ്പോ ഴെല്ലാം കുറിപ്പുമായി വരുന്ന..... കാളച്ചന്ത പോലയായിരുന്നു. ബഡ്ജറ്റിന്റെ അവസാന ഭാഗം യഥാർത്ഥത്തിൽ ഒരു ചന്തപോലെയായി മാറുകയല്ലേ

ചെയ്തത്; കാളയ്ക്ക് വില പറയുന്നതുപോലെ. ഒരാൾ പറയുന്നു രണ്ട് കോടി രൂപ വേണമെന്ന്. രണ്ട് കോടി രൂപയല്ല, അഞ്ചു കോടി രൂപയിരിക്കട്ടെ. ഇങ്ങനെയുള്ള പ്രഖ്യാപനമല്ലേ നടന്നത്; ഇതായിരുന്നല്ലോ ബഡ്ജറ്റ് പ്രസംഗവും ബഡ്ജറ്റ് മറുപടി പ്രസംഗവും

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇന്നൊന്നും പ്രഖ്യാപിക്കുന്നില്ല. ഞാൻ അത് ആദരവോടു കൂടി സ്വീകരിക്കുന്നു.

ശ്രീ. എ. എ. അസീസ്: സർ, ഇത് സപ്ലിമെന്ററി ഡിമാൻഡാണ് ഇതിൽ അങ്ങനെ പ്രഖ്യാപിക്കാനും പറ്റുകയില്ല. ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഈ ബഡ്ജറ്റിന്റെ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ അനുകൂലിക്കുന്നു. മാണി സാറിന്റെ ജൻമദിനത്തിൽ ബഡ്ജറ്റിന്റെ ആദ്യഘട്ട പൊതുചർച്ച കഴിഞ്ഞതിന് ശേഷം ഇന്ന് ഉപധനാഭ്യർത്ഥനകളെക്കുറിച്ചും അധിക ധനാഭ്യർത്ഥനകളെക്കുറിച്ചും ചർച്ച ചെയ്യുമ്പോൾ കേരളത്തിന്റെ വികസന രംഗത്ത് കാര്യക്ഷമതയോടെ നടപ്പാക്കാനുള്ള പദ്ധതികൾക്ക് വേണ്ടിയാണ് പണം അനുവദിക്കുന്നത്. അത് ഫലപ്രദമായി വിനിയോഗിക്കുവാനുള്ള ആത്മാർത്ഥതയാണ് യു.ഡി.എഫ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ മാണിസാറിന്റെ നിലപാട് ഏറ്റവും അവസാനം സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. എ. എ. അസീസ് വിമർശനാത്മകമായിട്ടാണ് പറഞ്ഞതെങ്കിലും വളരെ വ്യക്തതയോടെ അദ്ദേഹത്തിന്റെ ആത്മാർത്ഥത ആർക്കും ബോധ്യപ്പെടുന്ന കാര്യമാണ്. അങ്ങു പറഞ്ഞു രണ്ട് കോടി രൂപ ചോദിച്ചയാളിന് അഞ്ചു കോടി

രൂപ കൊടുത്തുവെന്ന്. ആർക്കാണ് കൊടുത്തത് എന്ന് പ്രതിപക്ഷത്തുനിന്ന് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. എ. എ. അസീസ് പരിശോധിച്ചാൽ മാണിസാറിന്റെ രാഷ്ട്രീയ മഹത്വം എത്ര വലുതാണെന്ന് അങ്ങേയ്ക്ക് കാണാൻ കഴിയും. അഭിവന്ദ്യനായ മുൻ മുഖ്യമന്ത്രി ഇ.എം.എസ്-ന്റെ പേരിൽ കേരളത്തിലെ ഒരു പ്രധാനപ്പെട്ട പദ്ധതിക്കുവേണ്ടി കഴിഞ്ഞ എൽ.ഡി.എഫ് ഗവൺമെന്റിനു പോലും വയ്ക്കാൻ കഴിഞ്ഞത് രണ്ടു കോടി രൂപ മാത്രമാണ്. ആ രണ്ടു കോടി രൂപ നടപ്പാക്കിയിട്ടില്ല. ബഹുമാനപ്പെട്ട മുൻ ധന കാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐെസക് തുക പ്രഖ്യാപിച്ചിരുന്നു എന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ഇവിടെ സൂചിപ്പിച്ചത്. അതിന് പകരമായി ആ പദ്ധതി നടപ്പാക്കാനുള്ള പണം ആവശ്യമാണെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ രാഷ്ട്രീയത്തിനതീതമായ നിലപാ ടെടുത്തുകൊണ്ട് അഭിവന്ദ്യനായ മുൻമുഖ്യമന്ത്രി ഇം.എം.എസിന്റെ പേരിലുള്ള സംരഭത്തിന് 5 കോടി രൂപ അനുവദിക്കുവാൻ നടപടിയെടു ക്കുന്നു എന്നു പറഞ്ഞ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി എടുത്ത നിലപാടിനെ അനുകൂലിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ലെങ്കിലും പ്രതിപക്ഷത്തു നിന്ന് ഉന്നയിച്ച ആവശ്യത്തെപ്പോലും വിമർശിക്കാനിടവരുന്നു എന്ന് പറയുന്നത് എന്ത് രാഷ്ട്രീയ പാപ്പരത്തമാണ് എന്ന് നിങ്ങൾ പരിശോധി ക്കണം എന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്. രാഷ്ട്രീയത്തിനതീതമായാണ് യു.ഡി.എഫ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്, ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ട് പോകുന്നത് എന്ന തിന്റെ തെളിവായി ഞങ്ങൾ ഇതിനെ കാണുകയാണ്. റബ്ബറിന്റെയും മറ്റ് ഒന്ന് രണ്ട് കൃഷിയുടെയും കാര്യം മാത്രമാണ് മാണിസാർ നോക്കുന്നതെന്ന് ബഹു മാനപ്പെട്ട അംഗം ശ്രീ. അസീസ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ

ചൂണ്ടിക്കാണിക്കുകയുണ്ടായി. റബ്ബർ കൃഷി ചെറുതായിട്ട് അങ്ങ് കാണേണ്ട കാര്യമില്ല. റബ്ബർ കൃഷിക്കാരന്റെ പ്രശ്നം കേരളത്തിലെ സുപ്രധാന വിഷയങ്ങളിലൊന്നാണ്. കേരളത്തിന്റെ സമ്പദ് ഘടനയുടെ നട്ടെല്ലായിട്ടാണ് റബ്ബർ കൃഷി നിൽക്കുന്നത്. നമ്മുടെ സമ്പദ് ഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട സ്രോതസ്സുകളിലൊന്നായി റബ്ബർ കൃഷി നിൽക്കുന്നു. റബ്ബറിന്റെ വിലയിടിവുണ്ടായപ്പോൾ ഇടതുപക്ഷം സമരം ചെയ്തല്ലോ. റബ്ബറിന് വിലയിടിവുണ്ടായപ്പൾ കേരളം മുഴുവൻ സമരം വന്നില്ലേ? ആ വിഷയത്തിൽ ഗവൺമെന്റിന് വ്യക്തമായ നിലപാടുണ്ട് എന്നുള്ളതുകൊണ്ടാണ് റബ്ബർ കർഷകരെ സഹായിക്കാൻ വേണ്ടിയുള്ള പദ്ധതികൾ ഗവൺമെന്റ് പ്രത്യേകമായി പ്രഖ്യാപിച്ചിട്ടുള്ളത്. അങ്ങ് ഒരു കാര്യം മനസ്സിലാക്കണം ബഡ്ജറ്റ് ശരിക്ക് വായിച്ചാൽ വ്യക്തമായി കാണാൻ കഴിയും ഒന്നോ രണ്ടോ വിളകളല്ല, 25 വിളകളെ ഇൻകം ഗ്യാരന്റി സ്കീമിലുൾപ്പെടുത്തിക്കൊണ്ടുള്ള സുപ്രധാനമായ പ്രഖ്യാപനം ഈ ബഡ്ജറ്റിലൂടെ വന്നിരിക്കുകയാണ്. കേരളത്തിലെ കാർഷിക മേഖലയ്ക്ക് ആശ്വാസം പകരുന്ന കർഷക വിള ഇൻഷ്വറൻസ് പദ്ധതിയാണ് ഇതിലൂടെ പ്രഖ്യാപിച്ചിരിക്കുന്നത്. ഇൻകം ഗ്യാരന്റി സ്കീമിന് വേണ്ടി 50 കോടി രൂപ മാറ്റിവച്ചു. കൃഷിക്കാരൻ ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിടുന്നത് കാർഷിക വിളകൾക്ക് ന്യായവില ലഭിക്കാത്തതിന്റെയും കാർഷിക വിള നശിക്കുന്നതിന്റെയും പേരിലാണ്. ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത, കർഷകനെ നിലനിർത്തുന്ന ബഡ്ജറ്റാണ്. കർഷകനെ സംരക്ഷിക്കുന്ന ബഡ്ജറ്റാണ് എന്നതാണ്. കൃഷിക്കാരനോട് ഏറ്റവും കൂടുതൽ ആത്മാർത്ഥത കാണിക്കുന്ന ബഡ്ജറ്റാണ്. മാണിസാർ കർഷകരുടെ നേതാവ് എന്ന നിലയിലും കേരളാ കോൺഗ്രസ്സിന്റെ നേതാവ് എന്ന നിലയിലും അദ്ധ്വാനവർഗ്ഗ സിദ്ധാന്തത്തിന്റെ വക്താവ് എന്ന നില

യിലും ചിന്തിക്കുമ്പോൾ കേരളത്തിന്റെ കാർഷിക മേഖലയ്ക്കുവേണ്ടി യു.ഡി..എഫ് ഗവൺമെന്റിനു വേണ്ടി ബഹുമാന്യനായ മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിലെ ഏറ്റവും പ്രധാന പദ്ധതിയായി കർഷക വിള ഇൻഷ്വറൻസിനെ കാണുകയാണ്. കർഷക ആരോഗ്യ ഇൻഷ്വറൻസിന് ഗവൺമെന്റ് 50 ശതമാനം തുക ചെലവഴിക്കുന്നു. 50 കോടി രൂപ ഇതിനുവേണ്ടി മാറ്റി വച്ചിരിക്കുന്നു. എല്ലാ കൃഷിക്കാർക്കും അഗ്രി കാർഡ് കൊടുക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനം എല്ലാ കർഷകർക്കും ലഭ്യമാക്കാൻ കഴിയുന്ന വിധത്തിലുള്ള പദ്ധതികളുണ്ട്. ഹൈടെക് കാർഷിക സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനെക്കുറിച്ച് കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞതിന്റെ തുടർ നടപടികൾ,. പോളി ഹൗസുകളും ഗ്രീൻ ഹൗസുകളും വ്യാപകമാക്കാനുള്ള നടപടികൾ, ഇങ്ങനെയുള്ള വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് 200 കോടി രൂപയുടെ അനൗൺസ്മെന്റാണ് മാണിസാർ ഇക്കാര്യത്തിൽ നടത്തിയിരിക്കുന്നത്. വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം, കാർഷിക രംഗത്തെ സംഭരണവും സംസ്കരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലില്ല എന്ന് ശ്രീ. സുരേഷ് കുറുപ്പ് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ശരിയല്ല. കർഷകർക്കു വേണ്ടിയുള്ള ഏറ്റവും സുപ്രധാനമായ അനൗൺസ്മെന്റിനോടൊപ്പം കർഷകർക്ക് ന്യായവില ഉറപ്പാക്കുന്ന വിധത്തിൽ അത്യുൽപ്പാദന ശേഷിയുള്ള വിത്തുൽപ്പാദന കേന്ദ്രങ്ങൾ, ഉത്പ്പാദനം, വിപണനം ഇവ മൂന്നിനും വേണ്ടി 964 കോടി രൂപയുടെ ബൃഹത്തായ പദ്ധതിയാണ് ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിരിക്കുന്നത്. വസ്തുതാപരമായി പരിശോധിച്ചാൽ കാർഷിക മേഖലയ്ക്കുവേണ്ടി ഏറ്റവും വലിയ പ്രാധാന്യം കൊടുത്തുകൊണ്ട് കാർഷിക ഉത്പ്പാദനം വർദ്ധിപ്പിക്കുവാൻ, വിപണനം ഫലപ്രദമായി

നടത്തുവാൻ, സംസ്ക്കരണം നടത്തുവാൻ കഴിയുന്ന വിധത്തിലുള്ള പദ്ധതികൾ ഈ ബഡ്ജറ്റിലൂടെ കൊണ്ടുവരികയാണ്. ഇങ്ങനെയുള്ള കാര്യങ്ങൾ നടപ്പാക്കുമ്പോൾ ഗവൺമെന്റിന്റെ നിലപാടും വളരെ വ്യക്തമാണ്. എല്ലാമേഖലകളെയും ഒരുപോലെ പ്രാധാന്യത്തോടെ കാണുന്നു. മണ്ണ് സംരക്ഷണത്തിന് വേണ്ടി 73 കോടി രൂപ വകയിരുത്തുന്നു. ജല സംരക്ഷണത്തിനും മൃഗസംരക്ഷണത്തിനും വേണ്ടിയുള്ള പദ്ധതികൾ, ക്ഷീരകർഷക സംരക്ഷണത്തിനുള്ള പദ്ധതികൾ, മത്സ്യകൃഷി സംരക്ഷണത്തിനുള്ള പദ്ധതികൾ ഇങ്ങനെ കാർഷിക മേഖലയും അനുബന്ധ മേഖലയുമായി ബന്ധപ്പെട്ടുള്ള എല്ലാ മേഖലകളുടെയും സംരക്ഷണത്തിന് വേണ്ടിയുള്ള നിരവധി പദ്ധതികൾ ഇവിടെ ആവിഷ്കരിച്ചിരിക്കുകയാണ്. ശുദ്ധജല വിതരണം, മാലിന്യ നിർമ്മാർജ്ജനം ഇവയുമായി ബന്ധപ്പെട്ട് കേരളം നേരിടുന്ന രണ്ട് പ്രതിസന്ധികൾക്ക് ബഡ്ജറ്റിലൂടെ പരിഹാരം കൊണ്ടുവന്നിരിക്കുകയാണ്. 774 കോടി രൂപയുടെ പദ്ധതി ഇതിനുവേണ്ടി മാണിസാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതെല്ലാം കേരളത്തിന്റെ ചരിത്രത്തിലാദ്യമാണ്. വലിയ വർദ്ധനവാണ് ഈ രംഗത്തെല്ലാം കൊടുത്തിരിക്കുന്നത്. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ കേരളം മുഴുവൻ ആഗ്രഹിക്കുന്ന കാര്യമാണ്. അതിന് ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിക്കാനുള്ള നീക്കമുണ്ട്. ശുദ്ധജല വിതരണത്തിനുള്ള പഴയ പൈപ്പുകളെല്ലാം പൊട്ടുന്ന പ്രശ്നം സ്ഥിരമായി വരുന്നതുകൊണ്ട് അതിന് ശാശ്വത പരിഹാരം. ഇങ്ങനെ ജനങ്ങൾ ആഗ്രഹിക്കുന്ന, ജനപ്രതിനിധികൾ ആഗ്രഹിക്കുന്ന നല്ല കാര്യങ്ങൾക്കു വേണ്ടിയുള്ള നടപടികൾ ഇവിടെ കൊണ്ടു വന്നിരിക്കുന്നു. ഹരിത വ്യവസായം എന്ന നിലപാടോടുകൂടിയാണ് ബഡ്ജറ്റിൽ നിർദ്ദേശങ്ങൾ കൊണ്ടു വന്നിരിക്കുന്നത്. പരിസ്ഥിതിക്ക് ദോഷകരമായ കാര്യങ്ങൾ മാറ്റിവച്ചു

കൊണ്ട് പരിസ്ഥിതി സൗഹൃദ വ്യവസായം എന്ന നിലയിലുള്ള ഒരു സിസ്റ്റം കേരളത്തിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനെക്കുറിച്ച് അദ്ദേഹം ബഡ്ജറ്റിലൂടെ പറഞ്ഞിരിക്കുകയാണ്. വളരെ സ്വാഗതാർഹമായിട്ടുള്ള നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ കാണുന്നത്. ടെക്സ്റ്റയിൽ മേഖലയ്ക്കുവേണ്ടി മാണി സാർ പണം മാറ്റി വച്ചിട്ടുണ്ട് എങ്കിൽപ്പോലും ഒരു പാക്കേജ് ഈ മേഖലയിൽ ആവശ്യമാണ്. അതിനാവശ്യമായ കാര്യങ്ങൾ ഗവൺമെന്റ് പ്രത്യേകമായി പരിശോധിക്കണം എന്നുകൂടി ഞാൻ സൂചിപ്പിക്കുകയാണ്. സെറിഫെഡ് പോലെയുള്ള സംഘടനകളെ പുന:സംഘടിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി ഈ സാമ്പത്തിക വർഷം മുതൽ ആരംഭിക്കാൻ കഴിയുന്ന വിധത്തിലുള്ള  പട്ട് നൂൽ വ്യവസായ പുന:സംഘടനാ പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്നത് എന്തുകൊണ്ടും ഈ മേഖലയിൽ ആശാവഹമായ  കാര്യമാണ്. ഇങ്ങനെയുള്ള നല്ല നിർദ്ദേശങ്ങളോടൊപ്പം പുതിയ കർമ്മ പരിപാടികൾകൂടി നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മനുഷ്യ വിഭവശേഷി ഫലപ്രദമായി വിനിയോഗിക്കാനുള്ള നല്ല നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലൂടെ അങ്ങ് കൊണ്ടുവന്നിരിക്കുകയാണ്. യുവാക്കൾക്കും വിദ്യാർത്ഥികൾക്കും ഏറ്റവും കൂടുതൽ പ്രത്യാശ കൊടുക്കുന്ന നിർദ്ദേശങ്ങളുണ്ട്. കൃഷിയെക്കാളുപരിയായി വിദ്യാഭ്യാസ മേഖലയ്ക്കാണ് ഈ ബഡ്ജറ്റിൽ പ്രാധാന്യം കൊടുത്തിരിക്കുന്നത്. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട പുന:ക്രമീകരണം, ഐ.ടി സെക്ടറുമായി ബന്ധപ്പെട്ട ടെക്നോ പാർക്ക്,  ഇൻഫോ പാർക്ക്,  സൈബർ പാർക്ക് ഇവ വിപുലീകരിക്കാനുള്ള കർമ്മ പരിപാടികൾ, സ്ത്രീ ശാക്തീകരണത്തിന് വേണ്ടിയുള്ള നടപടികൾ പോലെയുള്ള സുപ്രധാന നിർദ്ദേശങ്ങളെല്ലാം നടപ്പാക്കുമ്പോൾ അത് കേരള

ത്തിന്റെ ഭാവി വികസനത്തിന് ഉപകരിക്കുന്ന നല്ല കാര്യങ്ങളായി കാണാൻ കഴിയും. മാണിസാർ ആത്മാർത്ഥതയോടുകൂടി നമ്മുടെ പ്രശ്നങ്ങളെ പരിഹരിക്കുന്നു. ഇന്നലെ മാണിസാറിന്റെ മറുപടി നമ്മളെല്ലാവരും ശ്രദ്ധിച്ചതാണ്. ആ മറുപടിയിൽ മാണിസാർ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഓട്ടോറിക്ഷാക്കാർ, പാവപ്പെട്ട ആളുകളെ ബാധിക്കുന്ന വിഷയം. ബഹുമാനപ്പെട്ട അംഗം ശ്രീ. അസീസ് പറഞ്ഞു ചന്തപോലെ ആളുകൾകൂടി അവസനിപ്പിച്ചുവെന്ന്. നിർഭാഗ്യകരമാണ് അങ്ങയുടെ പ്രതികരണം. എം.എൽ.എ മാർ എന്ന നിലയിൽ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഓരോരുത്തരും കടന്നു വരുന്നു എന്നുള്ളത് സ്വാഭാവികമാണ്. അവരുടേതായ മണ്ഡലത്തിന്റെ ആവശ്യങ്ങൾ പറയുന്നതിനുള്ള അവസരം എന്ന നിലയിൽ, അനൗൺസ്മെന്റിൽ വരാതിരുന്നാൽ അത് ചൂണ്ടിക്കാണിക്കാൻ വേണ്ടി എം.എൽ.എ മാർ മുന്നോട്ട് വരുന്നു. അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗവൺമെന്റിന്റെ പരിഗണന കിട്ടുന്നു എന്നത് നമ്മളോരുരത്തരുടേയും ആവശ്യമായി നിൽക്കുകയാണ്. അത്തരം കാര്യങ്ങളിൽ ലിബറലായിട്ടുള്ള നിലപാട് മാണിസാർ എടുത്തു എന്നതിനെ അഭിനന്ദിക്കേണ്ടതായിട്ടുണ്ട്. കൈനിറയെ കൊടുത്തു എന്ന് പറയുന്നത് ശരിയാണ്. എല്ലാവർക്കും പരിഗണന കൊടുത്തുകൊണ്ട് ചെയ്യുമ്പോഴും എം.എൽ.എ ഫണ്ടുൾപ്പെടെയുള്ള കാര്യങ്ങൾ, ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. എം.എൽ.എമാർ മണ്ഡലത്തിൽ പോയി ഒരു വികസന കാര്യം ചർച്ച ചെയ്താൽ പണ്ടൊക്കെയാണെങ്കിൽ വാക്കു കൊടുത്തിട്ട് പോരും നടപ്പാക്കുമെന്ന് യാതൊരുറപ്പുമില്ല. പിന്നെ ബന്ധപ്പെട്ട വകുപ്പിൽ പോയി പരിശോധിക്കണം, മന്ത്രിമാർ കനിയണം അങ്ങനെയുള്ള കാര്യങ്ങൾ വന്നാൽ മാത്രമേ ഒരു പദ്ധതി എം.എൽ.എ യ്ക്ക് മണ്ഡലത്തിൽ നടപ്പാക്കാൻ കഴിയുമായിരു

ന്നുള്ളൂ. കേരളത്തിൽ അത് തിരുത്തിക്കുറിച്ചത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിസാറാണെന്ന കാര്യം പ്രതിപക്ഷത്തുള്ള പ്രിയപ്പെട്ട അംഗങ്ങളും ഓർക്കുന്നത് നല്ലതാണെന്ന് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

ഭരണകക്ഷി-പ്രതിപക്ഷഭേദമന്യേ എല്ലാവരും ഒരുപോലെ സ്വാഗതംചെയ്യുന്ന, സ്നേഹത്തോടെ അംഗീകരിക്കുന്ന ഒരു കാര്യമുണ്ട്. യു.ഡി.എഫ്/ എൽ.ഡി.എഫ്. വ്യത്യാസമില്ലാതെ 140 എം.എൽ.എ.-മാർക്കും അവരവരുടെ മണ്ഡലങ്ങളിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 5 കോടി രൂപവീതം ആസ്തി വികസന ഫണ്ട് കഴിഞ്ഞവർഷം മുതൽ കൊടുക്കാൻ തീരുമാനിച്ചത് ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിസാറാണ്. ഞാൻ ആവശ്യപ്പെടുന്നത് ആ തുക കുറച്ചുകൂടി കൂട്ടണമെന്നുള്ളതാണ്. 5 കോടി രൂപ അനുവദിച്ചിരിക്കുന്നത് വലിയ അനുഗ്രഹമാണ്. എന്നാൽ ഇത് നടപ്പിലാക്കിവരുമ്പോൾ, MoRTH-ന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കുവർദ്ധനവുകൂടി വന്നുകഴിയുമ്പോൾ 7 കോടി രൂപയോളം ചെലവ് വരികയാണ്. അതുകൊണ്ട് ഇപ്പോഴുള്ള 5 കോടി രൂപ കഴിയുന്നത്ര വർദ്ധിപ്പിക്കണമെന്നൊരാഗ്രഹം ഭരണ-പ്രതിപക്ഷഭേദമന്യേ എം.എൽ.എമാർ ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. ഇത്രയും ദയാലുവും കാരുണ്യനിധിയുമായ മാണിസാർ ഫണ്ട് വർദ്ധിപ്പിക്കുമെന്നാണ് ഞങ്ങളെല്ലാവരും പ്രതിക്ഷിക്കുന്നത്. ഒരു കോടി രൂപ എം.എൽ.എ. ഫണ്ട് അനുവദിച്ചിരിക്കുന്നത് വലിയൊരനുഗ്രഹമാണ്. അതിന് ശ്രീ. കെ.എം മാണിസാറിനോട് ഞങ്ങൾ പ്രത്യേകം നന്ദിപറയുകയാണ്. ഇപ്പോൾ ഒരുകോടി രൂപയുടെ പ്രവൃത്തി നടപ്പാക്കുമ്പോൾ ഒന്നരക്കോടി രൂപ ആവശ്യമായി വരി

കയാണ്. അത് കണക്കാക്കി, തുക ഞാൻ പറയുന്നില്ല സാധ്യമായ വർദ്ധനവ് വരുത്തണം. രണ്ടുകോടി രൂപവേണമെന്നാണ് എല്ലാവരുടേയും ആഗ്രഹമെങ്കിലും അത്രയും കഴിയുമോ എന്നറിയില്ല. എങ്കിൽപോലും മാണിസാറിന് പറ്റുന്നവിധത്തിലുള്ള വർദ്ധനവ് അക്കാര്യത്തിൽ വരുത്തിയാൽ എം.എൽ.എ. മാർക്ക് ഉപകാരപ്രദമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. മാണിസാർ ഇന്നലെ ഓട്ടോറിക്ഷാ നികുതി പിൻവലിച്ചു, അതുപോലെയുള്ള നിരവധികാര്യങ്ങളിൽ പുതിയ വർദ്ധനവുകളുണ്ടാക്കി. എം–സാന്റിന്റേയും ക്രഷറിന്റേയുമൊക്കെ കാര്യത്തിൽവന്നിരിക്കുന്ന പുതിയ നികുതി നിർദ്ദേശങ്ങൾ, വീടുവയ്ക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വരുമ്പോൾ സാധാരണക്കാരെ പ്രതികൂലമായി ബാധിക്കും. ഗവൺമെന്റിന്റെ നിർമ്മാണപ്രവർത്തനങ്ങളിലെല്ലാം എം–സാന്റ് ഉപയോഗിക്കുന്നുണ്ട്. ആ മേഖലയിലും പ്രതിസന്ധിയുണ്ടാകുമെന്ന സാഹചര്യംകൂടി കണക്കിലെടുത്ത് എം– സാന്റിനും മെറ്റൽ ക്രഷറിനുമുള്ള നികുതിനിർദ്ദേശങ്ങൾ പുന:പരിശോധിക്കുവാൻ/പുന:ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. കേരള കോൺഗ്രസ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഏറ്റവും അഭിമാനകരമാണ് മാണിസാർ അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജറ്റ്. രാഷ്ട്രീയ നിലപാടുകൾ സംബന്ധിച്ചുള്ള വിഷയങ്ങളെക്കുറിച്ച് ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തനടക്കമുള്ള ചിലരെങ്കിലും ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരള കോൺഗ്രസ് പാർട്ടിയുടെ പ്രസക്തി കേരള രാഷ്ട്രീയത്തിൽ വർദ്ധിച്ചിരിക്കുന്നുവെന്നുള്ളതാണ് ഇക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ സംസ്ഥാന പാർട്ടികളുടെ പ്രസക്തി വർദ്ധിച്ചിരിക്കുന്ന കാലഘട്ടത്തിലാണ് നമ്മുടെ സഭയിൽ ഈ ചർച്ച നടക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാന പാർട്ടികൾ സംസ്ഥാന ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്ന ഈ

കാലഘട്ടത്തിൽ, ഓരോ സംസ്ഥാനത്തും സംസ്ഥാന പാർട്ടികൾക്ക് വലിയ റോളുണ്ട്. കേരളത്തിൽ ആ റോൾ ആക്ട് ചെയ്യാൻ കഴിയുന്നത്, സംസ്ഥാന ത്തിന്റെ പുരോഗതിക്കുവേണ്ടിനിൽക്കുന്ന ഒരു രാഷ്ട്രീയപ്രസ്ഥാനമെന്ന നില യിൽ കേരളകോൺഗ്രസ് പാർട്ടിക്കാണ്. കേരള കോൺഗ്രസ് പാർട്ടി ഇന്ത്യ യിൽ ജൻമമെടുത്ത കാലഘട്ടത്തിൽ പിറന്നുവീണ പ്രസ്ഥാനങ്ങളെല്ലാം തകർന്നുപോയി. 1964–ൽ ജന്മമെടുത്ത കേരളകോൺഗ്രസ് പാർട്ടി 50 വർഷം പൂർത്തീകരിക്കുന്ന സുവർണ്ണജൂബിലിയിലേയ്ക്ക് കടക്കുമ്പോൾ പാർട്ടിയെ നയിക്കുന്നത് ശ്രീ. കെ. എം. മാണിസാറാണ്. ശ്രീ. പി. ജെ. ജോസഫ് സാറും മറ്റുനേതാക്കന്മാരുമടക്കം കേരളാകോൺഗ്രസിന്റെ ഐക്യമെന്ന ആശയത്തിലേയ്ക്ക് എത്തിച്ചേർന്നത് കേരളത്തിന്റെ ഭാവി വളർച്ചയ്ക്കും കേരളത്തിലെ കർഷക ജനതയുടെ സംരക്ഷണത്തിനും വേണ്ടിയാണ്. കൂടു തൽ കെട്ടുറപ്പുള്ള പാർട്ടിയെന്ന നിലയിൽ കേരള കോൺഗ്രസിനെ കെ. എം. മാണിസാർ മുന്നോട്ടുനയിക്കുമ്പോൾ മാതൃസംഘടനയിൽനിന്ന് വിട്ടുപോയ പ്രിയപ്പെട്ടവരെല്ലാം പ്രസ്ഥാനത്തിലേയ്ക്ക് തിരികെ വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർപോലും പണ്ട് കേരളാ കോൺഗ്രസിൽ ആയിരുന്നു. അദ്ദേഹം തന്റെ ഗുരുവിനെ അനുസ്മ രിച്ചുകൊണ്ട് ഇവിടെ സംസാരിക്കുകയുണ്ടായി. ഞങ്ങൾക്ക് പറയാനുള്ളത്, അവരെല്ലാം മാതൃസംഘടനയിലേയ്ക്ക് തിരിച്ചുവന്നുകൊണ്ട് കേരളാ കോൺഗ്രസിനെ കൂടുതൽ ശക്തിപ്പെടുത്തി കേരളത്തിന്റെ വികസനത്തിനും ഐക്യജനാധിപത്യമുന്നണിയുടെ വളർച്ചയ്ക്കും വേണ്ടിയുള്ള പരിശ്രമത്തിൽ പങ്കാളികളാകണമെന്നാണ്. പാവപ്പെട്ടവരേയും സാധാരണക്കാരേയും പാർശ്വ വത്ക്കരിക്കപ്പെട്ട ദുർബലജനവിഭാഗങ്ങളേയും കരുണയോടുകൂടി സംരക്ഷി

ക്കാനുള്ള വലിയ ആത്മാർത്ഥത പ്രകടിപ്പിക്കുന്ന, കേരളത്തിന്റെ ഭാവി പുരോഗതിയ്ക്കുവേണ്ടി നിരവധി നിർമ്മാണപ്രവർത്തനങ്ങളുടെയും വികസനപ്രവർത്തനങ്ങളുടെയും പ്രായോഗികപഥത്തിലുള്ള നടത്തിപ്പിനുവേണ്ടി കെ. എം. മാണി സാർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, പ്രഖ്യാപനവും പ്രവൃത്തിയും തമ്മിൽ വലിയ ബന്ധമില്ലാത്ത ഈ സർക്കാരിന്റെ ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്. എന്തെല്ലാം മോഹങ്ങളും പ്രതീക്ഷകളുമായിരുന്നു, എല്ലാം കരിഞ്ഞുണങ്ങുകയാണ്. 2011 ജൂലൈ 8-ന് ഈ സർക്കാരിന്റെ ആദ്യബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ശ്രീ. കെ. എം. മാണി നടത്തിയ പ്രഖ്യാപനങ്ങൾ ഇപ്പോഴും ഈ സഭയിൽ മുഴങ്ങുന്നുണ്ട്. ഒരൊറ്റ വ്യക്തിയുടെ പിന്നോക്കാവസ്ഥപോലും സമൂഹത്തിന്റെയാകെ ക്ഷേമത്തെ പ്രതികൂലമായി ബാധിക്കുമെന്ന സാമ്പത്തിക സിദ്ധാന്തം അടിസ്ഥാനമാക്കിയ ഒരു ഭരണസംവിധാനമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതാണ് സർക്കാരിന്റെ മുഖമുദ്രയെന്നാണ് ശ്രീ. കെ. എം.മാണി ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രഖ്യാപനം. ഇപ്പോൾ നാലാമത്തെ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. 2011 ജൂലൈ 8-ന് അദ്ദേഹം ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ പറഞ്ഞ പല കാര്യങ്ങളും പ്രാവർത്തികമാക്കിയിട്ടില്ല. പ്രഖ്യാപങ്ങൾ പ്രഖ്യാപങ്ങളായിമാത്രം നിൽക്കുകയാണ്. പ്രഖ്യാപനവും പ്രവൃത്തിയും തമ്മിൽ ബന്ധമുണ്ടാകണം. ഇവിടെ ശ്രീ. മോൻസ് ജോസഫ് ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള കുറേയേറെ കാര്യങ്ങൾ പറഞ്ഞു, ശരിയാണ്. പണ്ട് അടൂർഭാസി അവതരിപ്പിച്ച ഒരു കഥാപാത്രമുണ്ട്. അദ്ദേഹം അനശ്വര നാകുന്നത് അദ്ദേഹം അവതരിപ്പിച്ച ആ കഥാപാത്രത്തിന്റെ പ്രത്യേകത കൊണ്ടും അദ്ദേഹം ആ സിനിമയിൽ പാടിയ പാട്ടുകൊണ്ടുമാണ്. കെ. എം. മാണിസാർ സ്ഥാനാർത്ഥി സാറാമ്മയെപ്പോലെയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, നടത്തിയ പല പ്രഖ്യാപനങ്ങളും അങ്ങനെയായിപ്പോയെന്ന് പറയാതി രിക്കാൻ നിർവ്വാഹമില്ല. അദ്ദേഹം നടത്തിയ പ്രഖ്യാപനത്തിൽ ഇടുക്കിയിലും വയനാട്ടിലും വിമാനത്താവളങ്ങളും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും എയർ സ്ട്രിപ്പും അനുവദിക്കുമെന്നു പറഞ്ഞിരുന്നു, ഇപ്പോൾ എന്താണ് അതിന്റെ സ്ഥിതി; പ്രായോഗികമായി ഒരു നടപടിയെങ്കിലും അതിനുവേണ്ടി എടു ത്തിട്ടുണ്ടോ?

"തോട്ടിൻകരയിൽ വിമാനമിറങ്ങാൻ താവളമുണ്ടാക്കും
കൃഷിക്കാർക്ക് കൃഷിഭൂമി, പണക്കാർക്ക് മരുഭൂമി
എൻ.ജി.ഒ-മാർക്കെല്ലാം ഇന്നത്തെ ശമ്പളം നാലിരട്ടി"

എന്ന സിനിമാഗാനം പോലെ, പ്രഖ്യാപനങ്ങൾ നിരവധി നടത്തിയെങ്കിലും പ്രാവർത്തികമാക്കിയത് കുറച്ച് കാര്യങ്ങൾ മാത്രമാണ്. ബഡ്ജറ്റിൽ പ്രഖ്യാപി ക്കുന്ന കാര്യങ്ങൾ അത് അവതരിപ്പിച്ച ദിവസങ്ങളിൽ മാധ്യമങ്ങളുടെ തല ക്കെട്ടായി സ്ഥാനം പിടിച്ചതുകൊണ്ടുമാത്രം കാര്യമില്ല, പ്രാവർത്തികമാക്കാൻ കഴിയണം. അദ്ദേഹം 2011-12 -ലെ ബഡ്ജറ്റിൽ വിദ്യാഭ്യാസരംഗത്ത് അത്ഭു തകരമായ മാറ്റമുണ്ടാക്കാൻ പോവുകയാണ്, ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, മസാച്ചുസെറ്റ്സ് തുടങ്ങിയ ലോകോത്തര വിദ്യാഭ്യാസ കേന്ദ്രങ്ങളുടെ നിലവാ രമുള്ള ഏതാനും സ്ഥാപനങ്ങൾ നമുക്കുവേണമെന്നൊക്കെ പറഞ്ഞിരുന്നു,

അതുണ്ടായോ; അതിനായി എന്തെങ്കിലും പ്രായോഗിക നടപടിയുണ്ടായോ? ഇനിയും നടന്നിട്ടില്ലാത്ത എത്രയോ പ്രഖ്യാപനങ്ങൾ കാണാം. ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട്, നമ്മുടെ സംസ്ഥാനം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം മാലിന്യ നിർമ്മാർജ്ജനമാണെന്നു ശ്രീ. കെ.എം മാണിസാർ പറഞ്ഞു. തിരുവനന്തപുരം നഗരമുൾപ്പെടെയുള്ള കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ മാലിന്യസംസ്ക്കരണം ഇന്നും ഒരു വലിയ പ്രശ്നമല്ലേ? അക്കാര്യത്തിൽ സർക്കാരെടുത്ത നിലപാട് സത്യത്തിൽ സങ്കുചിതമായിട്ടുള്ള രാഷ്ട്രീയ ലാഭത്തിന്റെ മാത്രം അടിസ്ഥാനത്തിലല്ലേ; തിരുവനന്തപുരത്തുണ്ടായിരുന്ന മാലിന്യസംസ്ക്കരണ കേന്ദ്രം അടച്ചുപൂട്ടിയില്ലേ? ഈ കാര്യത്തിൽ ഗവൺമെന്റിന് കൃത്യമായൊരു കാഴ്ചപ്പാടില്ല. ലോകോത്തരമായിട്ടുള്ള ഒരു മാലിന്യസംസ്ക്കരണ സംവിധാനം ഉണ്ടാക്കുമെന്നുപറഞ്ഞിട്ട് പ്രായോഗികമായി ഒന്നും ഉണ്ടാക്കിയില്ലെന്നത് ഈ ഗവൺമെന്റിന്റെ പ്രവൃത്തിയും പ്രഖ്യാപനവും തമ്മിലുള്ള അന്തരം ചൂണ്ടിക്കാണിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, കേരളത്തിലെ ശുദ്ധജല പൈപ്പുകൾ പലതും പൊട്ടിക്കൊണ്ടിരിക്കുകയാണ്. പഴയ പൈപ്പുകൾ മാറ്റുമെന്ന് മൂന്നുവർഷം മുമ്പ് പറഞ്ഞതാണ്, എവിടെയാണ് മാറ്റിയത്? കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും ഇതൊരു പ്രശ്നമായിരിക്കുകയാണ്. ശുദ്ധജല പൈപ്പുകൾ മാറ്റുന്നതിനുവേണ്ടി കോടികൾ മാറ്റി വച്ചെങ്കിലും ഒരു പ്രവൃത്തിയും പ്രായോഗികമായി ഉണ്ടായില്ലെന്നതാണ് യാഥാർത്ഥ്യം. കേരളത്തിന്റെ റെയിൽവേ വികസനത്തിൽ ഇക്കഴിഞ്ഞ മൂന്നുവർഷം കൊണ്ട് ഒരിഞ്ച് മുമ്പോട്ടുപോകാൻ നമുക്ക് സാധിച്ചോ? കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കുറേയേറെ കാര്യങ്ങൾ മുന്നോട്ടുപോയി. ഇപ്പോൾ അത് പൂർണ്ണമായും സ്തംഭനാവസ്ഥയിലാണ്. ഗുരുവായൂരിൽ നിന്ന് വടക്കോട്ടുള്ള പാതയെ

സംബന്ധിച്ച് ഈ ബഡ്ജറ്റിൽ ഒന്നും മിണ്ടിയിട്ടില്ല. റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ ഒരിഞ്ചുപോലും നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ശബരി റെയിൽപ്പാതയുടെ കാര്യവും കടലാസിൽ മാത്രമാണ്. ഇവിടെ ബഡ്ജറ്റിൽ പറഞ്ഞ മറ്റു ചില കാര്യങ്ങൾ, മണൽക്ഷാമം പരിഹരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. എന്റെ മുൻഗാമിയായ ഡോ. ടി. എം. തോമസ് ഐസക് ഡാമിൽ നിന്ന് മണലെടുക്കാനുള്ള ഒരു പദ്ധതി പ്രഖ്യാപിച്ചു. അത് അപ്രായോഗികമാണ്, യന്ത്രസഹായത്തോടെ മണലും ചെളിയും തരംതിരിക്കുന്നതിന് ഒരു പദ്ധതി കൊണ്ടുവരുമെന്ന് മാണിസാർ പറഞ്ഞു. എന്നിട്ട് കൊണ്ടുവന്നോ; മൂന്നുവർഷം കഴിയാറായില്ലേ? ഇതുപോലെയുള്ള കാര്യങ്ങളിൽ പ്രഖ്യാപനം മാത്രമേയുള്ളൂയെന്നതാണ് യാഥാർത്ഥ്യം. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതിക്ക് 400 കോടി രൂപ നൽകുമെന്ന് പറഞ്ഞു. പക്ഷെ, ഇന്ന് മത്സ്യത്തൊഴിലാളികൾ ഗുരുതരമായ വെല്ലുവിളികൾ നേരിടുകയാണ്. അപ്പുറത്തിരിക്കുന്ന പല ആളുകൾക്കുമറിയാം, മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കാൻ നിർവ്വാഹമില്ല, തീരദേശ നിയമം അവരെ വലിയ തോതിൽ ബാധിക്കുകയാണ്. മത്സ്യത്തൊഴിലാളിക്ക് വീട് വയ്ക്കാൻ തടസ്സമില്ലെന്ന് ഗവൺമെന്റ് പറയുന്നുണ്ട്. പക്ഷെ, അപേക്ഷ കൊടുത്താൽ പഞ്ചായത്തും മുനിസിപ്പാലിറ്റിയും അത് നിരാകരിക്കുകയാണ്, പരിഹരിക്കുന്നതിന് സർക്കാർ മുൻകൈയെടുത്ത് ഒരു സംവിധാനം കൊണ്ടുവരുന്നില്ല. പ്രവാസിക്ഷേമത്തെ സംബന്ധിച്ച് എല്ലാ ബഡ്ജറ്റിലും പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ നാലു ബഡ്ജറ്റിലും പ്രഖ്യാപിച്ചത് ഒരു കാര്യമാണ്. കാര്യമായൊന്നും നടന്നിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. പ്രവാസികൾക്ക് വേണ്ടി പ്രഖ്യാപിച്ച ഒരു കാര്യവും നന്നായി നടത്താൻ കഴിഞ്ഞിട്ടില്ലെ

ന്നാണ് സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തിറക്കിയിട്ടുള്ള അവലോകനത്തിൽ പറഞ്ഞിരിക്കുന്നത്. നാട്ടിലേയ്ക്ക് മടങ്ങിയെത്തിയ 11.5 ലക്ഷം പ്രവാസികളുണ്ട്. എന്നാൽ വിദ്യാഭ്യാസ സഹായം, വൈദ്യ സഹായം എന്നിവ 1322 ആളുകൾക്ക് മാത്രമാണ് നൽകിയതെന്ന് ഈ അവലോകനത്തിൽ പറയുന്നുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് പരാജയമാണെന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ഇവിടെ പ്രഖ്യാപനങ്ങൾ ഒരുപാടുണ്ടാകുന്നുണ്ട്, പക്ഷേ പ്രവൃത്തി വ്യത്യസ്തമാണ്. യഥാർത്ഥത്തിൽ ശ്രീ. മോൻസ് ജോസഫ് ഉൾപ്പെടെയുള്ള അംഗങ്ങൾ പ്രകീർത്തിച്ച തരത്തിൽ ഒരു കാര്യവുമുണ്ടാകുന്നില്ലെന്നതാണ് സത്യം. ഇവിടെ ശ്രീ. ആർ. സെൽവരാജ് പ്രസംഗിച്ചപ്പോൾ സി.പി.ഐ.(എം)-നെ ശപിക്കുകയുണ്ടായി - ലോക്സഭാ തെരഞ്ഞെടുപ്പോടുകൂടി സി.പി.ഐ.(എം) എന്ന പാർട്ടി നശിച്ചുപോകുമെന്ന് അദ്ദേഹം പറഞ്ഞു. ഒരു രാഷ്ട്രീയ ഭിക്ഷാംദേഹിയുടെ വാക്ക് എന്നല്ലാതെ അതിന് ഒരു വിലയുമില്ല. വരാൻ പോകുന്ന ലോക്സഭാ തെരഞ്ഞെടുപ്പ് ഇപ്പോൾ അദ്ദേഹം ചേക്കേറിയിട്ടുള്ള രാഷ്ട്രീയ പാർട്ടിയെ സംബന്ധിച്ചിടത്തോളം തകർച്ചയുടെ തെരഞ്ഞെടുപ്പാകുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ശ്രീ. ആർ. സെൽവരാജ് ഇനി ബി.ജെ.പി.-യിൽ പോകുമോയെന്ന് അറിഞ്ഞുകൂടാ, കാരണം അദ്ദേഹം ഒരു രാഷ്ട്രീയ ഭിക്ഷാംദേഹിയാണ്. ആയാറാം ഗയാറാം ആളുകളുടെ കൂട്ടത്തിലാണ് അദ്ദേഹം. ബി.ജെ.പി. ഉപേക്ഷിച്ച് ചിലർ സി.പി.ഐ.(എം)-ൽ വന്നത് അവസരവാദമാണെന്ന് കഴിഞ്ഞ കുറച്ചു ദിവസങ്ങളായി ചില കോൺഗ്രസുകാർ പറയുന്നുണ്ട്. ഇവിടത്തെ ചില ആളുകൾ അത് പ്രചരിപ്പിക്കുന്നു. കോൺഗ്രസിലേയ്ക്കാണ് വരുന്നതെങ്കിൽ ഒരു കുഴപ്പവുമില്ല. ബി.ജെ.പി.-യിൽ പ്രവർത്തിച്ച എത്രയോ ആളുകൾ കോൺഗ്രസി

ലുണ്ട്. ഗുജറാത്തിൽ ബി.ജെ.പി. യുടെ നേതാവായിരുന്ന ശ്രീ. ശങ്കർസിംഗ് വഗേല ഇപ്പോൾ കോൺഗ്രസിലല്ലേ? ശ്രീ. എസ്. കൃഷ്ണകുമാറും ശ്രീമതി ഉഷാ കൃഷ്ണകുമാറും ബി.ജെ.പി. സേവ ഉപേക്ഷിച്ച് കോൺഗ്രസിൽ വന്ന യാളുകളാണ്. ഒരു കുഴപ്പവും വിവാദവും ആ ഘട്ടത്തിൽ ഉണ്ടായില്ല. ഇപ്പോൾ വിവാദമുണ്ടാക്കാൻ വേണ്ടി ശ്രമിക്കുകയാണ്. ഭാരതീയ ജനതാ പാർട്ടിയുടെ ഫാസിസ്റ്റ് രാഷ്ട്രീയം ഉപേക്ഷിച്ചുകൊണ്ട് സി.പി.ഐ.(എം)–ന്റെ ഭരണഘടന അംഗീകരിച്ച് സഹകരിക്കാൻ തയ്യാറായിട്ടുള്ളവരെ സ്വീകരിക്കു ന്നതിൽ എന്താണ് തെറ്റെന്ന് വിശദീകരിക്കാൻ വിമർശകർക്ക് കഴിഞ്ഞിട്ടില്ല. ഇവിടെ ബി.ജെ.പി. തകർച്ചയിലേയ്ക്ക് പോകുകയാണ്.

ബി.ജെ.പി. സംസ്ഥാന നേതൃത്വത്തിന്റെ കെടുകാര്യസ്ഥത കൊണ്ടാണ് ആളുകൾ പാർട്ടി വിട്ടുപോകുന്നതെന്ന് കാണിച്ച് ശ്രീമതി ശോഭാ സുരേന്ദ്രൻ അഖിലേന്ത്യാ നേതൃത്വത്തിന് കത്ത് കൊടുത്തു. അതിൽ ഏറ്റവും കൂടുതൽ ഉത്കണ്ഠപ്പെടുന്നത് കോൺഗ്രസുകാരാണ്. കേരളത്തിൽ യഥാർത്ഥത്തിൽ സി.പി.ഐ.(എം) തകരുകയല്ല ചെയ്യുന്നത്, ഇടതുപക്ഷ രാഷ്ട്രീയത്തിന് കൂടു തൽ സ്വീകാര്യതയുണ്ടാകുന്നു എന്നതാണ് ഇക്കഴിഞ്ഞ തദ്ദേശഭരണ സ്ഥാപന ങ്ങളിലെ തെരഞ്ഞെടുപ്പ് ഉൾപ്പെടെ വ്യക്തമാക്കുന്നത്. ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകത്തെ ഉയർത്തിക്കാണിച്ചുകൊണ്ട് ഇടതുപക്ഷ പ്രസ്ഥാനത്തെ ആക്ഷേപിക്കാൻ ശ്രമിക്കുന്നു. ആ കൊലപാതകം സങ്കടകരവും പ്രതിഷേ ധാർഹവുമായ കാര്യമാണ്. പക്ഷേ ചിലത് ആഘോഷിക്കുകയും ചിലത് തമസ്ക്കരിക്കുകയും ചെയ്യുന്നത് ശരിയാണോ? തൃശ്ശൂരിൽ മധു ഈച്ച രത്തും ലാൽജി കൊള്ളന്നൂരും കൊല ചെയ്യപ്പെട്ടു, കൊന്നത് കോൺഗ്രസു കാർ തന്നെയാണ്. ഇവിടെ ടി. പി. ചന്ദ്രശേഖരന്റെ കൊലപാതകം ആഘോ ഷിക്കുന്ന ആളുകൾ ഇക്കാര്യങ്ങളെക്കുറിച്ചും പ്രതികരണം നടത്താൻ ബാദ്ധ്യ

സ്ഥരാണെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ ജനജീവിതത്തെ വലിയ തോതിൽ ദോഷകരമായി ബാധിക്കുന്നു. അടുത്തകാലത്ത് നിയമസഭാ തെരഞ്ഞെടുപ്പ് നടന്ന നാല് സംസ്ഥാനങ്ങളിൽ കോൺഗ്രസ് പരാജയപ്പെട്ടപ്പോൾ, വിലക്കയറ്റമാണ് ഈ ഗവൺമെന്റുകളെ തോൽപ്പിക്കാനിടയായതെന്ന് ശ്രീമതി സോണിയാ ഗാന്ധിക്ക് തന്നെ പറയേണ്ടി വന്നു. എന്നാൽ ഈ നിലപാടിൽ നിന്നും കേന്ദ്ര ഗവൺമെന്റ് പിന്നോട്ട് പോകുന്നുണ്ടോ? ജനങ്ങളുടെ ജീവിതത്തെ ദോഷകരമായി ബാധിക്കുന്ന വിലക്കയറ്റമുൾപ്പെടെയുള്ള സമീപനങ്ങൾ തുടരുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഇവിടെ സംസ്ഥാന ഗവൺമെന്റ് എന്തൊക്കെ പ്രഖ്യാപനങ്ങൾ നടത്തിയാലും പ്രഖ്യാപനവും പ്രവൃത്തിയും തമ്മിൽ യാതൊരു സാമ്യവുമില്ല. അതുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. എ. റ്റി. ജോർജ്</u>: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 4475.56 കോടി രൂപയുടെ പ്രൊപ്പോസലുകളാണ് ഇവിടെ ഉപധനാഭ്യർത്ഥനയിലുള്ളത്. 46 ഹെഡ്ഡുകളിലായി ഓരോ ഡിമാന്റും അർഹമായ വിഹിതം തന്നെയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. പ്രവർത്തിക്കുന്ന ഗവൺമെന്റിന് പണത്തിന്റെ ആവശ്യമുണ്ടാകും. അതുകൊണ്ട് അതിനെ എതിർക്കാൻ നമുക്കാർക്കും കഴിയില്ല. ഞാൻ ഈ പ്രൊപ്പോസലുകളെ അംഗീകരിക്കുന്നു. ഇന്നലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രിയപ്പെട്ട ശ്രീ. കെ.എം മാണി സാറിൽ നിന്ന് ആനുകൂല്യങ്ങളുടെ ഒരു വലിയ മഴയാണ് പെയ്തത്. അദ്ദേഹം ഒരു നല്ല ഗൃഹനാഥന്റെ, നല്ല കാര്യസ്ഥന്റെ, നല്ല അമ്മാവന്റെ ലാഘവത്തോടു കൂടിയാണ് മറുപടി പ്രസംഗം നടത്തിയത്. ആശാ

വർക്കേഴ്സിന്റെ ആനുകൂല്യം വർദ്ധിപ്പിക്കണമെന്ന് അപ്പുറത്തിരുന്ന ശ്രീ. പി. കെ. ഗുരുദാസൻ പറഞ്ഞയുടൻ തന്നെ ആനുകൂല്യം വർദ്ധിപ്പിച്ചു. എന്റെ മണ്ഡലത്തിൽ മിനി സിവിൽ സ്റ്റേഷൻ വേണമെന്ന് ഇപ്പുറത്തിരുന്ന ശ്രീ. പാലോട് രവി ആവശ്യപ്പെട്ടു, എല്ലാ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിലും മിനി സിവിൽ സ്റ്റേഷൻ കൊടുക്കുവാൻ തയ്യാറാണെന്ന് മാണി സാർ പറഞ്ഞു. മനസ്സു തുറന്ന് ആനുകൂല്യങ്ങൾ നൽകിയ അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുന്നു. അത് അദ്ദേഹത്തിന്റെ ഒരു ബർത്ത്ഡേ പ്രസന്റേഷനായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു. ഞാൻ ഹാപ്പി ബർത്ത്ഡേ പറഞ്ഞ് അദ്ദേഹത്തെ അനുമോദിക്കുകയാണ്.

എം-സാൻഡും മണ്ണും മണലുമൊക്കെ ഈ പ്രദേശത്തിന്റെ പുരോഗമനപരമായ പ്രവൃത്തികൾക്കാവശ്യമാണ്. എം-സാൻഡിന് 600% നികുതി വർദ്ധിപ്പിച്ചുകൊണ്ടുള്ള പ്രൊപ്പോസലുകൾ ഈ ബഡ്ജറ്റിൽ അവതരിപ്പിച്ചിരിക്കുന്നു. അത് നമ്മുടെ നിർമ്മാണ മേഖലയെ ആകമാനം ബാധിക്കും. അതുകൊണ്ട് ആ പ്രൊപ്പോസലുകൾ മാറ്റണം. അതുപോലെ മെറ്റലിന് 300% നികുതി വർദ്ധിപ്പിച്ചിരിക്കുന്നു. ഓട്ടോറിക്ഷ തൊഴിലാളികൾക്ക് നൽകിയ ആനുകൂല്യത്തെപ്പോലെ എം-സാൻഡിന്റെയും മെറ്റലിന്റെയും നികുതി വർദ്ധനവ് പിൻവലിക്കണമെന്ന് ഞാൻ അദ്ദേഹത്തോട് മനസ്സുതുറന്ന് ആവശ്യപ്പെടുകയാണ്. ഒട്ടേറെ മികച്ച പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് കഴിഞ്ഞ രണ്ടരവർഷക്കാലം പിന്നിട്ടത്. കാർഷികം, വ്യവസായം, ഊർജ്ജം, വിവരസാങ്കേതിക വിദ്യ, പൊതുമരാമത്ത്, ആരോഗ്യം തുടങ്ങിയ എല്ലാ മേഖലകളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രതിപക്ഷത്തിനുപോലും എതിർക്കുവാനായി ഒന്നുമില്ലെന്നുള്ളത് നമ്മൾ

കണ്ടതാണ്. ഇന്ത്യയിലാദ്യമായി കർഷകർക്ക് 90% പ്രീമിയം നൽകിക്കൊണ്ട് നടപ്പിലാക്കുന്ന കർഷക ഇൻഷ്വറൻസ് പദ്ധതി, ബി.പി.എൽ.-എ.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്കുള്ള സൗജന്യ ആരോഗ്യ ഇൻഷ്വറൻസ്, കർഷകർക്കുള്ള അഗ്രി കാർഡ്, കാർഷികോല്പന്ന വിപണനത്തിന് സംഘങ്ങൾക്ക് നൽകുന്ന 5 ലക്ഷം രൂപയുടെ പലിശരഹിത വായ്പ എന്നിവ കേരളത്തിലെ കർഷകർക്ക് ആശ്വാസം നൽകുന്ന പദ്ധതികളാണ്. നിലവിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളും മറ്റു സാമ്പത്തികാനുകൂല്യങ്ങളും വർദ്ധിപ്പിച്ചതിലൂടെ സമൂഹത്തിൽ അവശതയനുഭവിക്കുന്ന അനവധി പേർക്ക് ആശ്വാസം ലഭിക്കുമെന്നുള്ളത് നമുക്ക് മറക്കാനാകുമോ? സാമൂഹ്യനീതിയും സുരക്ഷയും ഉറപ്പുവരുത്തുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളൊക്കെ വളരെ പ്രശംസിക്കപ്പെടേണ്ടതാണ്. എൽ.പി.ജി. സിലിണ്ടറുകൾക്ക് സബ്സിഡി തുകയിന്മേലുള്ള മൂല്യവർദ്ധിത നികുതി ഒഴിവാക്കുന്നതിന് നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സാധാരണക്കാരന് ഏറെ ആശ്വാസകരമാകും. ഇതിലൂടെ സർക്കാരിന് ലഭിക്കേണ്ട അധിക നികുതിയായ 287 കോടി രൂപ വേണ്ടെന്നു വയ്ക്കുന്നതിലൂടെ സാധാരണക്കാരോടുള്ള ഈ ഗവൺമെന്റിന്റെ പ്രതിബദ്ധതയാണ് വെളിവാകുന്നത്. നികുതി ചോർച്ച തടയുന്നതിനുവേണ്ടി സ്വീകരിക്കുന്ന നടപടികളും ശ്ലാഘനീയമാണ്. സാമ്പത്തിക പ്രതിസന്ധി തരണം ചെയ്തുകൊണ്ട് ജനങ്ങളുടെ ക്ഷേമമുറപ്പുവരുത്തുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനം വികസനത്തിന്റെ പാതയിൽത്തന്നെയാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. ധനകാര്യ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നാം കണ്ടുകൊണ്ടിരി

ക്കുകയാണ്. സാധാരണക്കാരന് ഏറെ ആശ്വാസം പകരുന്ന ഒരു നടപടി തന്നെയാണ് അരിക്ക് നികുതി ഒഴിവാക്കിയത്. 25 കോടി രൂപ നഷ്ടം പ്രതീക്ഷിച്ചുകൊണ്ടുതന്നെ പയറുവർഗ്ഗങ്ങൾ, ധാന്യപ്പൊടികൾ എന്നിവയുടെ നികുതി നിരക്ക് അഞ്ചു ശതമാനത്തിൽ നിന്ന് ഒരു ശതമാനമാക്കി കുറച്ചു. ഈ നടപടികളൊക്കെ സാധാരണക്കാർക്ക് ഏറെ ആശ്വാസകരം തന്നെയാണ്. സംസ്ഥാനത്തിന്റെ നികുതി പിരിവിനെ ബാധിക്കുന്ന വിധത്തിൽ വർദ്ധിച്ചു വരുന്ന ഓൺലൈൻ വ്യാപാരം നിയന്ത്രിക്കുന്നതിന് സ്വീകരിക്കുന്ന പരിഹാര നടപടികളെ അഭിനന്ദിക്കുന്നു. വിദ്യാഭ്യാസമേലയിൽ ഈ സാമ്പത്തിക വർഷം പ്രത്യേക പരിഗണന തന്നെയാണ് നൽകിയിരിക്കുന്നത്. സർവ്വകലാശാലകളെയും കോളേജുകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ ധന സംവിധാനം, കല, കായികം, തൊഴിൽ, വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ആശ്വാസ് പദ്ധതി, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് സഹായം നൽകുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം എന്നിവ നടപ്പിലാക്കുന്നതിലൂടെ വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ മാറ്റങ്ങളാണ് വരാൻ പോകുന്നത്. എല്ലാ മേഖലകളെയും പോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള ഈ ഉപധനാഭ്യർത്ഥനകളെ നമുക്ക് പിന്താങ്ങാതിരിക്കാൻ കഴിയില്ല.

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയെ എതിർക്കുന്നവരോട് എനിക്ക് പറയാനുള്ളത്, നമ്മുടെ പ്രിയപ്പെട്ട മുഖ്യമന്ത്രി ജനങ്ങളുടെ ഇടയിലേയ്ക്ക് ചെന്നുകൊണ്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 43 ഗവൺമെന്റ് ഉത്തരവുകളാണ് പരിഷ്ക്കരിച്ചത്. അതിലൂടെ പാവപ്പെട്ടവർക്ക് ധാരാളം ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ കഴിയുന്നു. ധനകാര്യ വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ച് പറയുമ്പോഴും നമുക്ക് അഭിമാനം

തോന്നുകയാണ്. ഞങ്ങളുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്, 'കാട്ടിക്കൊട്, മൂട്ടിക്കൊട്, മണ്ടിക്കള' - കാട്ടിക്കൊടുത്തവനെയും മൂട്ടിക്കൊടുത്തവനെയും മണ്ടിക്കളഞ്ഞവനെയുമൊക്കെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുവാൻ ആഭ്യന്തര വകുപ്പിനും നീതിന്യായ വകുപ്പിനും കഴിഞ്ഞുവെന്നുള്ളത് വളരെ ആശ്വാസകരമല്ലേ; ഇന്ന് നമ്മുടെ രാജ്യത്തെ രാഷ്ട്രീയ രംഗം എവിടേയ്ക്കാണ് പോകുന്നത്? കാവിക്കുള്ളിൽ പതിഞ്ഞുകിടക്കുന്ന ഭീകരവാദത്തെയും മതമൗലികവാദത്തെയുമൊക്കെ ചുവപ്പു ഹാരമണിയിച്ചുകൊണ്ട് സ്വീകരിക്കുന്ന സ്ഥിതിയിലേയ്ക്ക് രാഷ്ട്രീയരംഗം പൊയ്ക്കൊണ്ടിരിക്കുന്നു. അതിന് ഒരു അവസാനമുണ്ടാകണം, നമ്മുടെ നാട് സമാധാനപരമായി മുന്നോട്ടുപോകണം. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ഇന്ന് തീക്കൊള്ളി കൊണ്ട് തലചൊറിയുന്നുയെന്ന് പറയുന്നത് നമ്മുടെ പ്രിയപ്പെട്ട പ്രതിപക്ഷ നേതാവാണ്. അദ്ദേഹത്തെക്കുറിച്ച് അവർ പറഞ്ഞത് അദ്ദേഹം പുകഞ്ഞ കൊള്ളിയാണെന്നാണ്. സത്യത്തിൽ സങ്കടമുണ്ട്, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇത്രയും നല്ല നേതാവിനെ പുകഞ്ഞ കൊള്ളിയെന്നു പറയുവാൻ കമ്മ്യൂണിസ്റ്റുകാർക്ക് ഒരു മടിയുമില്ല. അദ്ദേഹം പുകഞ്ഞ കൊള്ളിയല്ല എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അദ്ദേഹം ഒരു തീക്കട്ടയാണ്, ആ തീക്കട്ടയിൽ നിന്ന് തീജ്വാലകളുണ്ടാകണമെന്ന് ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുന്നു. ആ തീജ്വാലകൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇന്നത്തെ വർഗ്ഗീയ പ്രീണന നയങ്ങൾക്കെതിരാകണം. അങ്ങനെ ശക്തിയാർജ്ജിക്കുന്നതിന് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ യുവാക്കൾക്ക് ആർജ്ജവമുണ്ടാകണം. എന്നാൽ നിങ്ങൾക്ക് ഇന്ന് അതിനുള്ള ശക്തിയോ ആർജ്ജവമോ ഇല്ല. ആരോ പറയുന്നതു കേട്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങളായി ഡി.വൈ.എഫ്.ഐ.-യിലെയും

എ.ഐ.വൈ.എഫ്.-യിലെയും എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൾ മാറിക്കൊണ്ടിരിക്കുന്നു. ഇന്ന് ജനുവരി 30, നമ്മുടെ നാട്ടിലെ കുട്ടികൾ ശാന്തിയാത്ര നടത്തുന്നു. മഹാത്മജിയുടെ ചിത്രത്തിനു മുന്നിൽ പുഷ്പാർച്ചന നടത്തിയിട്ടാണ് ഞാനടക്കമുള്ളവർ ഈ സഭയിൽ വന്നത്. ആ മഹാത്മാഗാന്ധിയെ കൊന്നവരെ സംരക്ഷിക്കുന്ന രീതിയിലേയ്ക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി മാറിക്കൊണ്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടികളുടെയും ഡി.വൈ.എഫ്.ഐ-യുടെയും എ.ഐ.വൈ.എഫ്.-ന്റെയും ബോർഡുകളിൽ മഹാത്മാഗാന്ധിയുടെ ചിത്രം വച്ച് അവർ സമ്മേളനം നടത്തുമ്പോൾ മഹാത്മാഗാന്ധിയെ വെടിവെച്ചുകൊല്ലുവാൻ തോക്കെടുത്തവർ കാവിക്കുള്ളിൽ ഒളിഞ്ഞിരിക്കുന്നു. ആ കാവിക്കുള്ളിൽ ഒളിഞ്ഞിരുന്ന ആളുകളെ ഇന്ന് നിങ്ങൾ ചുവന്ന പുഷ്പഹാരമിട്ട് സ്വീകരിക്കുന്നു. അത് നാണക്കേടല്ലേ? വർഗ്ഗീയതയെ, മതമൗലിക വാദത്തെ പ്രോത്സാഹിപ്പിക്കുന്ന തലത്തിലേയ്ക്ക് നിങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. ഇതിൽ നിന്ന് നമ്മുടെ സമൂഹം ഒരുപാട് കാര്യങ്ങൾ ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. നമ്മുടെ നിയമസംവിധാനം വളരെ ബൃഹത്താണ്. ആ നിയമസംവിധാനത്തിൽ ഊന്നി നിന്നുകൊണ്ട് ഇനിയും പല ആളുകളെയും പിടിക്കേണ്ടതുണ്ട്. സാക്ഷികളെ കൂറുമാറ്റിക്കൊണ്ട് പലയാളുകളും ഇന്ന് നിയമത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. സാക്ഷികളെ കൂറുമാറ്റുന്നവർക്കെതിരായി നിയമങ്ങളുണ്ടാകണം. നിർഭയമായി കോടതികളിൽ സാക്ഷി പറയുവാനുള്ള നിയമസംവിധാനങ്ങൾ നമ്മുടെ നാട്ടിലുണ്ടാക്കിയെടുക്കേണ്ടിയിരിക്കുന്നു. അതിനുവേണ്ടി ഭരണപക്ഷത്തിരിക്കുന്നവരും പ്രതിപക്ഷത്തിരിക്കുന്നവരും ഒരുമിച്ചുനിൽക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാർഷികരംഗത്തേയ്ക്ക് കടക്കുമ്പോൾ, നമ്മുടെ നിയോജകമ

ണ്ഡലങ്ങളിൽ നിറവിന്റെ പദ്ധതികളുമായാണ് കാർഷിക രംഗം മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. കാർഷിക രംഗത്തേയ്ക്ക് യുവാക്കളെ ആകർഷിക്കുവാൻ കഴിയുന്നു, കാർഷികരംഗത്തെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിദ്യാർത്ഥികളെ കാർഷികരംഗത്ത് കൊണ്ടുവരുവാൻ കഴിയുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. അതുപോലെ, ആരോഗ്യരംഗത്ത് കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ള എല്ലാവർക്കും ആരോഗ്യസംരക്ഷണം നൽകുന്ന പദ്ധതികളുമായി മുന്നോട്ടുപോകുന്നു. ജെറിയാട്രിക് പദ്ധതികളിലൂടെ പാവപ്പെട്ട വൃദ്ധന്മാരെ സഹായിക്കുവാൻ കഴിയുന്നുണ്ട്. അതുപോലെ തന്നെയാണ് നമ്മുടെ സാമൂഹ്യ സുരക്ഷാ പദ്ധതികളും സമ്പൂർണ്ണ പെൻഷൻ പദ്ധതികളും. 60 വയസ്സു കഴിഞ്ഞ, പെൻഷൻ ലഭിക്കാത്ത ആരും തന്നെ നമ്മുടെ നാട്ടിലുണ്ടാകില്ല. 80 വയസ്സ് കഴിഞ്ഞാൽ പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നു. 80 വയസ്സു കഴിയുമ്പോഴേയ്ക്കും തങ്ങളുടെ ജീവിതം ഭാരമാണെന്ന് തോന്നുന്ന ആളുകൾക്ക് ആശ്വാസമേകുന്ന നിലയിൽ പെൻഷൻ തുക വർദ്ധിപ്പിച്ചുകൊടുക്കുന്നു. തൊഴിൽ മേഖലയും വളരെ പുരോഗതിയിലാണ്. അങ്ങനെ ഈ സർക്കാരിന്റെ ഓരോ പദ്ധതികളും പ്രാവർത്തികമാക്കുന്ന രീതികൾ പരിശോധിച്ചാൽ, അത് ഐശ്വര്യവും സമാധാനവുമുണ്ടാക്കുന്നതും ചെറുപ്പക്കാരുടെയും തൊഴിലാളികളുടെയുമൊക്കെ സംരക്ഷണം ഉറപ്പുവരുത്തുന്നതുമാണെന്ന് കാണാൻ കഴിയും. അങ്ങനെയുള്ള പദ്ധതികളുമായി മുന്നോട്ടുപോകുന്ന ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കെ. എം. മാണിയുമൊക്കെ നേതൃത്വം നൽകുന്ന ഐക്യജനാധിപത്യ മുന്നണി സർക്കാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ മനസ്സുതുറന്ന് പിന്തുണയ്ക്കുന്നു.

ശ്രീ. ബി. ഡി. ദേവസ്സി: സർ, 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്. ഇന്ന് മഹാത്മാ ഗാന്ധിജി രക്തസാക്ഷിത്വംവരിച്ച ദിവസമാണ്. അദ്ദേഹത്തെ ഒരു മതഭ്രാന്തനാണ് കൊലപ്പെടുത്തിയതെന്നത് ചരിത്രസത്യമാണ്. ഈ വർഗ്ഗീയ ശക്തികളെ വളർത്താനും തളർത്താനും ശ്രമിക്കുന്നത് ആരാണെന്ന് നമുക്ക് കാണാൻ കഴിയും. ബാബ്റി മസ്ജിദ് പൊളിച്ചപ്പോൾ ഞാനൊന്നും അറിഞ്ഞില്ലേ രാമനാരായണായെന്നമട്ടിൽ ഇരുന്നത് ആരാണെന്ന് എല്ലാവർക്കുമറിയാവുന്ന വസ്തുതയാണ്. കേരളത്തിൽ നടന്ന നിരവധി തെരഞ്ഞെടുപ്പുകൾ, സഹകരണ സംഘം തെരഞ്ഞെടുപ്പു മുതൽ പാർലമെന്റ് തെരഞ്ഞെടുപ്പുവരെ ബി.ജെ.പി.യുമായി സംഖ്യമുണ്ടാക്കുന്നതും വോട്ടുകച്ചവടം നടത്തുന്നതും ആരാണെന്നുള്ളത് നമുക്കറിയാവുന്നതാണ്. വടകര പാർലമെന്റ് മണ്ഡലവും ബേപ്പൂർ നിയമസഭാ മണ്ഡലവും നമ്മുടെ മുമ്പിലുണ്ട്. **കൊ-ബി-ലി** സംഖ്യം പൊതു സ്ഥാനാർത്ഥിയെ നിർത്തി മത്സരിച്ച ചരിത്രവും നമുക്കറിയാം. ഇന്നലെ ഉപതെരഞ്ഞെടുപ്പ് നടന്ന പഞ്ചായത്തിൽ ബി.ജെ.പി.യെ സഹായിക്കുന്ന സമീപനം ലീഗ് സ്വീകരിച്ചതും നമുക്കറിയാവുന്ന കാര്യമാണ്. ഇടതുപക്ഷ പ്രസ്ഥാനത്തിന് കരുത്തുള്ള സംസ്ഥാനങ്ങളിലാണ് വർഗ്ഗീയ ശക്തികൾക്ക് വളരാൻ കഴിയാത്തത്. ഗാന്ധിജിയുടെ സംസ്ഥാനമായ ഗുജറാത്ത് ഭരിക്കുന്നത് ബി.ജെ.പി.യാണ്. കോൺഗ്രസ്സിന്റെ കൊള്ളരുതായ്മയിൽ നിന്ന് മുതലെടുത്താണ് ബി.ജെ.പി. അവിടെ അധികാരത്തിൽ വന്നത്. വർഗ്ഗീയതയ്ക്കെതിരായി ശക്തമായ നിലപാട് സ്വീകരിക്കുന്നത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാണെന്ന് നമുക്ക് കാണാൻ കഴിയും. മതന്യൂനപക്ഷങ്ങളുടെ സുരക്ഷയ്ക്കുവേണ്ടി ജീവൻ ബലികൊടുക്കുന്ന പ്രസ്ഥാനമാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം. സഖാവ് കുഞ്ഞിരാമനെ

പോലുള്ള നിരവധി ധീരരക്തസാക്ഷികളുടെ ഉദാഹരണം നമ്മുടെ സംസ്ഥാനത്തുണ്ട്. അത്തരം കാര്യങ്ങളിലേയ്ക്ക് ഞാൻ കൂടുതൽ കടക്കുന്നില്ല. 2012 –2013 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽനിന്ന് 25 ശതമാനമാണ് കട്ട് ചെയ്തത്. ബഡ്ജറ്റിൽ വകയിരുത്തിയതനുസരിച്ച് ധനകാര്യവകുപ്പ് പൈസ കൊടുക്കാത്തതിന്റെ ഭാഗമായാണ് വെട്ടിച്ചുരുക്കൽ ഉണ്ടായത്. 2013–2014–ലെ സ്ഥിതിയും വ്യത്യസ്തമല്ല. നിയമസഭയിൽ ബഹുമാനപ്പെട്ട ജി. സുധാകരൻ നടപ്പുസാമ്പത്തിക വർഷത്തിലെ പദ്ധതി ചെലവിനെ സംബന്ധിച്ച് ചോദിച്ചു. ഞാൻ എല്ലാ വകുപ്പുകളെപ്പറ്റിയും പറയാൻ ഉദ്ദേശിക്കുന്നില്ല. കൃഷി – കാർഷിക മേഖലയിൽ 37 ശതമാനം തുകയാണ് നവംബർ മാസം 30 വരെ പദ്ധതിയിനത്തിൽ ചെലവഴിച്ചത്. മൃഗസംരക്ഷണ മേഖലയിൽ 32 ശതമാനം തുകയാണ് ചെലവഴിച്ചത്. നൂറ് ശതമാനം കേന്ദ്ര പദ്ധതി സഹായമുള്ളതിൽ 26 ശതമാനം തുകയാണ് ചെലവഴിച്ചിട്ടുള്ളത്. മറ്റ് കേന്ദ്ര സഹായ പദ്ധതികൾ പൂജ്യം ശതമാനമാണ്. അതിലൊന്നുപോലും ചെലവാക്കിയിട്ടില്ല. കാർഷിക മേഖല വലിയ പ്രതിസന്ധിയിലാണ്. 70 കർഷകരാണ് ഈ ഭരണത്തിൻകീഴിൽ ആത്മഹത്യ ചെയ്തത്. കാർഷികോത്പന്നങ്ങളുടെ വിലയിടിവ് കർഷകരെ തളർത്തിയിരിക്കുകയാണ്. വിത്ത്, വളം, കീടനാശിനി എന്നിവയുടെ വില വർദ്ധനവ് ഉത്പാദന ചെലവ് വർദ്ധിപ്പിച്ചിരിക്കുകയാണ്. വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളും വിവിധ കാർഷിക വിഭവങ്ങളെ ബാധിച്ചിട്ടുള്ള കീടബാധകളും കർഷകരെ കഷ്ടപ്പെടുത്തുകയാണ്. ജലസേചന സൗകര്യങ്ങൾ കുറഞ്ഞുവരികയാണ്. ഇത്തരം നിരവധി പ്രശ്നങ്ങൾ നേരിടുന്ന കാർഷിക മേഖലയിൽ 37 ശതമാനം തുക മാത്രമേ ചെലവഴിച്ചുള്ളൂവെന്നുള്ളത് പ്രതിഷേധാർഹമായിട്ടുള്ള കാര്യമാണ്. മൃഗ

സംരക്ഷണ മേഖല തകർച്ചയിലാണ്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം കുറഞ്ഞുവരികയാണ്. ഉത്പാദന ചെലവ് വർദ്ധിക്കുന്നതാണ് ഇതിനുകാരണം. സംസ്ഥാനത്ത് കന്നുകാലികളെ ബാധിച്ച കുളമ്പുരോഗം മൂലം ആയിരക്കണക്കിന് പശുക്കൾ ചത്തൊടുങ്ങി. മാംസവും പാലും കഴിക്കാൻ ആളുകൾ ഭയപ്പെടുന്ന സ്ഥിതിയുണ്ടായി. നഷ്ടം സംഭവിച്ച കർഷ കരെ സഹായിക്കാനോ ന്യായമായ നഷ്ടപരിഹാരം കൊടുക്കാനോ തക്ക സമയത്ത് പ്രതിരോധ നടപടികൾ സ്വീകരിക്കാനോ സർക്കാരിന് കഴിഞ്ഞില്ല. നിരവധി വെല്ലുവിളികൾ നേരിടുന്ന മൃഗസംരക്ഷണ മേഖലയിൽ 32 ശതമാനം തുക മാത്രമാണ് ചെലവഴിച്ചത്. അവശേഷിക്കുന്ന രണ്ടുമാസത്തി നുള്ളിൽ ഈ വകുപ്പിന് എത്ര രൂപ ചെലവഴിക്കാനാകും. ഈ ഭരണത്തിൻകീഴിൽ 70 കർഷകരാണ് ആത്മഹത്യ ചെയ്തത്. കന്നുകാലികൾ കൂട്ടത്തോടെ ചത്തൊടുങ്ങി. മനുഷ്യർക്ക് മാത്രമല്ല മൃഗങ്ങൾക്കും ഈ ഭരണ ത്തിൻകീഴിൽ രക്ഷയില്ലാത്ത അവസ്ഥയാണുള്ളത്. നൂറ് ശതമാനം കേന്ദ്ര വിഹിതമുള്ള പദ്ധതിയിൽ 26 ശതമാനം തുകയാണ് ചെലവഴിച്ചത്. മറ്റ് കേന്ദ്ര സഹായ പദ്ധതികളിൽ ഒരു ശതമാനം തുക മാത്രമാണ് ചെലവഴിച്ചത്. ലഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംഖ്യത്തന്നെ ചെലവഴിക്കാൻ കഴിഞ്ഞില്ല. കേന്ദ്രവും സംസ്ഥാനവും ഒരു കക്ഷി ഭരിച്ചാൽ കൂടുതൽ കേന്ദ്ര വിഹിതം ലഭിക്കുമെന്നാണ് തെരഞ്ഞെടുപ്പ് കാലത്ത് യു.ഡി.എഫ്. പ്രചരിപ്പിക്കുന്നത്. കേന്ദ്രത്തിൽ യു.ഡി.എഫ്.ന് എട്ട് കേന്ദ്ര മന്ത്രിമാരും 16 എം.പി.മാരും ഉണ്ടാ യിട്ടും എൽ.ഡി.എഫ്. ഭരണകാലത്ത് ലഭിച്ചതുപോലുള്ള കേന്ദ്ര പദ്ധതികൾ നേടിയെടുക്കാൻ കഴിഞ്ഞതുമില്ല. അനുവദിച്ചതിൽ പല പദ്ധതികളും തുടങ്ങി യതുമില്ല. റേഷനും വൈദ്യുതിയുമടക്കം അർഹതപ്പെട്ട കേന്ദ്ര വിഹിതം ലഭി

ക്കാത്ത സ്ഥിതിയാണുള്ളത്. ബഡ്ജറ്റിൽ ഇതുവരെ ചെലവഴിച്ച തുകയിൽ ഏറിയഭാഗവും ഭരണച്ചെലവുകൾക്കുവേണ്ടിയാണ് ഉപയോഗിച്ചത്. ഭരണ സ്വാധീനം ഉപയോഗിച്ച് പിൻവാതിലിലൂടെ നിയമിച്ച ദിവസക്കൂലി ജീവനക്കാരുടെ വേതനത്തിനും പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും വീഡിയോ ഡോക്യുമെന്ററി എന്നിവയ്ക്കും ഗവൺമെന്റ് പ്ലീഡർമാർക്ക് പുതിയ കാറുകൾ വാങ്ങുന്നതിനും പ്രചരണത്തിനും വിദേശയാത്രയ്ക്കും വേണ്ടിയാണ് കൂടുതൽ തുക ചെലവഴിച്ചത്. ധൂർത്തും അഴിമതിയും ആഡംബരവും കെടുകാര്യസ്ഥതയുമാണ് നടന്നിട്ടുള്ളത്. ഈ ഭരണകാലയളവിൽ ഉയർന്നുവന്ന വിവിധ ജനകീയ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ ഫണ്ട് നൽകിയില്ല. കാർഷിക മേഖലയിലെ പ്രതിസന്ധി, വിലക്കയറ്റം, വരൾച്ച, വെള്ളപ്പൊക്കം, പകർച്ചപ്പനികൾ ഇതിന്റെ ഭാഗമായി ഉണ്ടായ മരണങ്ങൾ തുടങ്ങിയ കാര്യങ്ങൾ പരിഹരിക്കാനോ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം കൊടുക്കാനോ കാര്യമായ തുക ചെലവഴിച്ചിട്ടില്ല. മദ്യ പരിശോധനയ്ക്ക് എടുക്കുന്ന സാമ്പിളിന് പൈസ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് കേരളത്തിൽ ആദ്യമായാണ്. എന്തിനാണ് ഈ ഏർപ്പാട്? പൈസയില്ലെങ്കിൽ പരിശോധന നടക്കാത്ത സ്ഥിതി വരുമോ? ഇത് മദ്യ ലോബിയെ സഹായിക്കാൻ വേണ്ടിയല്ലെ. 2013–2014 വർഷത്തെ ബഡ്ജറ്റിൽ 70,000 കോടി രൂപ വകയിരുത്തുകയും അതിനുപുറമേ ബഡ്ജറ്റ് പ്രസംഗത്തിൽ 1400 കോടി രൂപയും വച്ചതിൽ എത്ര രൂപയാണ് ചെലവഴിച്ചത്? ചെലവഴിച്ചത് ഇഷ്ടകാർക്കും ഭരണച്ചെലവുകൾക്കും വേണ്ടി മാത്രമാണ്. ഇങ്ങനെ നടത്തിയ ചെലവുകളെ ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഇപ്പോഴത്തെ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളുടെ അവസ്ഥയും ഇതുതന്നെയായിരിക്കും. പാർലമെന്റ് തെരഞ്ഞെടുപ്പ്

മുന്നിൽ കണ്ടുകൊണ്ടുള്ള പ്രഖ്യാപനങ്ങളാണെന്ന് നമുക്ക് കാണാൻ കഴിയും. ഇതുകൊണ്ടൊന്നും നിങ്ങൾ രക്ഷപ്പെടില്ല. അത്രയുമധികം ജനദ്രോഹമാണ് ഈ കാലയളവിൽ ചെയ്തിട്ടുള്ളത്. ജനങ്ങൾ അതിനുള്ള ചുട്ട മറുപടി ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് നൽകുമെന്ന കാര്യം ഉറപ്പാണ്. അതിനുള്ള തെളിവാണ് ഇന്നലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.–ന് അനുകൂലമായ വിധിയെഴുത്തെന്ന് നമുക്ക് കാണാൻ കഴിയും. ഈ ഭരണത്തിന്റെ പോക്കിനെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത്, പ്രധാനപ്പെട്ട പല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞില്ല. ഞാൻ എന്റെ മണ്ഡലത്തിലെ ചില അനുഭവങ്ങൾ പറയാം. ലെപ്രസി ആശുപത്രിയിൽ 235 അന്തേവാസികളുടെ റേഷൻ തകിടം മറിച്ചിരിക്കുകയാണ്. മൂന്ന് മാസമായി അവശത അനുഭവിക്കുന്നവർക്ക് പഞ്ചസാര നൽകിയിട്ടില്ല. എന്റെ മണ്ഡലത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രസ് എന്നുപറയുന്ന സ്ഥാപനമുണ്ട്. ആ സ്ഥാപനത്തിലെ മെഷീൻ ക്ലീൻ ചെയ്യാൻ വേണ്ടി മണ്ണെണ്ണ പെർമിറ്റുണ്ടായിരുന്നു. ഇപ്പോൾ ആ പെർമിറ്റ് നിർത്തിവച്ചിരിക്കുകയാണ്. ഇത് ആ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിച്ചിരിക്കുകയാണ്. സർക്കാർ ആശുപത്രികളിലെ നഴ്സുമാരെ കൂട്ടത്തോടെ സ്ഥലം മാറ്റിയിരിക്കുകയാണ്. അങ്ങനെ സ്ഥലമാറ്റിയതിന്റെ ഫലമായി ആശുപത്രിയുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. ഓപ്പറേഷനുകളെല്ലാം നിർത്തിവച്ചിരിക്കുകയാണ്. അവിടെ ഒരു പ്രവർത്തനവും നടക്കാത്ത സ്ഥിതിയാണുണ്ടായത്. കഴിഞ്ഞ ദേശീയ സ്കൂൾ ഗെയിംസിൽ സമ്മാനർഹരായ കുട്ടികൾക്ക് ക്യാഷ് അവാർഡ് പ്രഖ്യാപിച്ചത് ഇതുവരെയും കൊടുത്തിട്ടില്ല. ഈ ബഡ്ജറ്റിൽ ഇമ്മിണി വലിയ പ്രഖ്യാപനങ്ങൾ നടത്തികൊണ്ടിരി

ക്കുന്നുണ്ട്. പക്ഷെ, ഇതുവരെ സ്കൂളുകളിൽ പാവപ്പെട്ട കുട്ടികൾക്ക് യൂണിഫോം പോലും കൊടുക്കാൻ കഴിയാത്തവരാണ് വലിയ പ്രഖ്യാപനങ്ങൾ നടത്തുന്നതെന്ന് നമ്മൾ ഓർക്കണം. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ തവണ 35 കോടി രൂപ ചെലവഴിച്ച് പോത്തിറച്ചി ഫാക്ടറി സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചു. ഇതുവരെയും ഒരു പ്രവർത്തനം പോലും നടത്തിയില്ല. അതിരപ്പിള്ളി-മലയാറ്റൂർ-കാലടി ടൂറിസം സർക്യൂട്ട് പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞുവെങ്കിലും അതിനെ സംബന്ധിച്ചും ഒരു നടപടിയുമില്ല. അതുതന്നെയായിരിക്കും ഇത്തവണത്തെ ബഡ്ജറ്റ് പ്രഖ്യാപനങ്ങളെന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ, വിവാഹ ധനസഹായം, സൂപ്പറാനുവേഷൻ, വിദ്യാഭ്യാസ സഹായം തുടങ്ങിയ കാര്യങ്ങൾക്കായി 114 കോടി രൂപ നീക്കിവച്ചിരുന്നു. ഒരു പൈസ പോലും അതിനുവേണ്ടി ഈ ഗവൺമെന്റ് നീക്കിവച്ചിട്ടില്ല. ഇതിന്റെ ഭാഗമായി കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ വിവിധ ആനുകൂല്യങ്ങൾ കിട്ടേണ്ട പാവപ്പെട്ട തൊഴിലാളികൾ കഷ്ടപ്പെടുകയാണ്, സങ്കടപ്പെട്ട് നടക്കുകയാണ്. ഒരു പൈസ പോലും നീക്കിവയ്ക്കാത്ത സ്ഥിതി മാറ്റി ക്ഷേമനിധിയിൽ ആനുകൂല്യങ്ങൾ കൊടുക്കാൻ വേണ്ടി ആവശ്യമായ പൈസ നീക്കിവയ്ക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ടാക്സുകൾ ഇതുപോലെ വർദ്ധിപ്പിച്ച ബഡ്ജറ്റ് ഉണ്ടായിട്ടില്ല. ഇത്രയുമധികം ടാക്സുകൾ അടിച്ചേൽപ്പിച്ച ബഡ്ജറ്റ് ഉണ്ടായിട്ടില്ല. ടാക്സ് വർദ്ധിപ്പിച്ചപ്പോൾ ഓട്ടോറിക്ഷക്കാരുടെ ശക്തമായ പ്രതിഷേധം ഉയർന്നപ്പോൾ ആ ടാക്സ് പിൻവലിച്ച് പുതിയ ടാക്സുകൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

നിർമ്മാണ മേഖലയേയും ഈ ബഡ്ജറ്റ് തകർക്കും. എം. സാന്റ്, മെറ്റൽ എന്നിവയ്ക്കൊക്കെ നികുതി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പാവപ്പെട്ടവനൊരു വീടു പണിയുമ്പോൾ അവരാണിതിന്റെ അധികഭാരം പേറേണ്ടി വരുന്നത്. കോൺട്രാക്ടർമാർക്ക് നിരക്കനുസരിച്ച് കാശു കിട്ടും. പക്ഷേ ഇതിന്റെ ഭാഗമായി നിർമ്മാണ മേഖല തകരും. പാവപ്പെട്ടവനൊരു വീടു വയ്ക്കാൻ പറ്റാത്ത അവസ്ഥയാണ് വന്നുചേരുക. ആ ടാക്സിൽ ഒരു ഇളവു പോലും വരുത്തിയിട്ടില്ലെന്ന് നമുക്ക് കാണാൻ കഴിയും. പട്ടയം കൊടുക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് ഒന്നുമില്ല, പ്രത്യേകിച്ച് മലയോര മേഖലയിൽ. തൃശൂർ ജില്ലയിലെ മലയോര മേഖലയിൽ താമസിക്കുന്ന ആയിരക്കണക്കിന് ആളുകൾക്ക് പട്ടയം കിട്ടാനുണ്ട്. പട്ടയം കൊടുക്കാനുള്ള ഒരു നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കാത്ത സ്ഥിതിയാണ്. നൂറുകണക്കിന് ആദിവാസികളുള്ള ഒരു നിയോജക മണ്ഡലമാണ് എന്റേത്. ആദിവാസികൾക്ക് കൃഷി ചെയ്യാനോ വീടുവയ്ക്കാനോ സ്ഥലം കൊടുക്കാൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. മന്ത്രിമാർ വന്നുനോക്കി ഭൂമികൊടുക്കാമെന്ന് പ്രഖ്യാപിച്ചെങ്കിലും ഭുമി കൊടുക്കാനുള്ള ഒരു നടപടിയും സ്വീകരിക്കാത്ത സ്ഥിതിയാണുണ്ടായിട്ടുള്ളത്. ഈ ബഡ്ജറ്റ് സമഗ്രമല്ല, സർവ്വതല സ്പർശിയല്ല. കേരളത്തെ ഒന്നായികണ്ടുകൊണ്ട് ഏറ്റവും പ്രശ്നബാധിതമായ ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു നിർദ്ദേശങ്ങളും ഈ ബഡ്ജറ്റിലില്ലെന്ന് കാണാൻ കഴിയും. കേന്ദ്രഗവൺമെന്റിന്റെ നയങ്ങളുടെ ഭാഗമായിട്ടുള്ള പ്രശ്നങ്ങളാണ് ഈ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമെന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. ഇതിൽ നയമാണ് പ്രശ്നം, കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയങ്ങളാണ് വിലക്കയറ്റവും തൊഴിലില്ലായ്മയും സാമ്പത്തിക പ്രതിസന്ധിയുമെല്ലാം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

അതിനു ബദലായിട്ടുള്ള നയം മുന്നോട്ടു വയ്ക്കാൻ കഴിയുമോ? ഇടതുപക്ഷം ഭരിച്ചിരുന്നപ്പോൾ ആ രീതിയിലാണ് ഒരു നയം ആവിഷ്ക്കരിച്ചത്. കേന്ദ്രഗവൺമെന്റിന്റെ നയങ്ങൾക്ക് ബദലായിക്കൊണ്ട് ജനങ്ങളെ സഹായി ക്കുന്ന, ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തുന്ന, കാർഷിക മേഖലയെയും ഉൽപ്പാദന മേഖലയെയും പ്രോൽസാഹിപ്പിക്കുന്ന, തൊഴിലവ സരങ്ങൾ സൃഷ്ടിക്കുന്ന നയമാണ് സ്വീകരിച്ചത്. എന്നാൽ ഈ അടിസ്ഥാന മേഖലകളെയെല്ലാം തകർക്കുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങളും അതിന്റെ ചിലവു കളുമാണെന്നുള്ളതുകൊണ്ട് ഒരു കാരണവശാലും ഇതിനെ അംഗീകരിക്കാൻ കഴിയില്ല. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ച ഉപധനാ ഭ്യർത്ഥനകളെയും അധിക ധനാഭ്യർത്ഥനകളെയും എതിർക്കുകയാണ്. ജീവിതത്തെ വിശകലനം ചെയ്തുകൊണ്ട് മഹാനായ ഷെല്ലി ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായി “Never to be born is the sweetest” ഒരിക്കലും ജനിക്കാതിരിക്കലാണ് അതിമധുരം. ഈ നാട്ടിലെ ജനങ്ങൾക്കും, നമുക്കെല്ലാ വർക്കും ഈ ബഡ്ജറ്റിനെകുറിച്ച് ഒരുപാട് പ്രതീക്ഷകളുണ്ടായിരുന്നു. പക്ഷേ ശ്രീ. കെ.എം. മാണിസാർ ബജറ്റ് അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ “Never to be born is the sweetest” എന്ന് പറയാനാണ് തോന്നുന്നത്. ഈ ബഡ്ജറ്റ് അവത രിപ്പിച്ചില്ലായിരുന്നുവെങ്കിൽ അതാകുമായിരുന്നു ഏറ്റവും മധുരദായകമായി ട്ടുള്ള കാര്യം. ലോക്സഭാ തെരഞ്ഞെടുപ്പിന്റെ മുഖത്തെത്തി നിൽക്കുന്ന ഈ സന്ദർഭത്തിൽ യു.ഡി.എഫ് സർക്കാരിനുവേണ്ടി അവതരിപ്പിച്ച ഈ ബഡ്ജറ്റ് ന്യൂനതകൾകൊണ്ട് വീർപ്പുമുട്ടുന്നുണ്ടെങ്കിൽ അതിന്റെ കാരണം നമ്മുടെ

സംസ്ഥാനം അഭിമുഖീകരിക്കുന്ന അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി തന്നെയാണ്. ഏറെ കൊട്ടിഘോഷിച്ച് അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റ് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും നടപ്പിലാക്കിയ ധനഉത്തരവാദിത്ത മാനേജ്മെന്റ് നിയമത്തിന് കടകവിരുദ്ധമാണ്. ബഡ്ജറ്റിൽ ഫിസ്ക്കൽ ഡെഫിസിറ്റ് മൂന്ന് ശതമാനത്തിൽ അധികമാകരുതെന്നും റവന്യൂ ഡെഫിസിറ്റ് സീറോ ആകണമെന്നുമാണ് പ്രസ്തുത നിയമം അനുശാസിക്കുന്നത്. അവ കാറ്റിൽ പറത്തി കുമ്പസാരകൂട്ടിൽ നിന്ന് തന്റെ തെറ്റുകൾ പുരോഹിതനോട് ഏറ്റുപറയുന്ന പാപിയായൊരു വിശ്വാസിയെപ്പോലെ ബഹുമാന്യനായ കെ.എം. മാണി ബഡ്ജറ്റ് പ്രസംഗത്തിന്റെ നാനൂറ്റി ഒമ്പതാമത്തെ ഖണ്ഡികയിൽ ജനങ്ങളോട് തന്റെ തെറ്റുകൾ ഏറ്റു പറയുന്നത് ശ്രദ്ധേയമാണ്. അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ ഞാൻ ഉദ്ധരിക്കുകയാണ്. "രാജ്യത്ത് പൊതുവായി നിലനിൽക്കുന്ന സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തിന്റെ മൊത്തം ഉപഭോഗത്തെ സാരമായി ബാധിച്ചതുമൂലം സംസ്ഥാനത്തിന്റെ തനത് റവന്യൂ വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ചാനിരക്ക് കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ഈ പശ്ചാത്തലത്തിൽ കേരള ധന ഉത്തരവാദിത്വ നിയമത്തിൽ നിഷ്കർഷിച്ച പ്രകാരം റവന്യൂകമ്മി ഇല്ലാതാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ യാഥാർത്ഥ്യമുൾകൊണ്ടുകൊണ്ട് മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 1.53 ശതമാനം റവന്യൂ കമ്മിയും 3.10 ശതമാനം ധനക്കമ്മിയും പ്രതീക്ഷിക്കുന്ന ബഡ്ജറ്റാണ് ഞാൻ അവതരിപ്പിക്കുന്നത്". കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിന്റെ പൊതുകടം 2013-14 വർഷത്തിൽ 114121.38 കോടി രൂപ വരുമെന്നാണ് ശ്രീ. കെ.എം. മാണിസാർ ആത്മവിശ്വാസത്തോടെ പ്രവചിച്ചിരുന്നത്. എന്നാൽ പൊതുകടം

116577.46 കോടി രൂപയെന്നാണ് ഇപ്പോൾ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്. അതായത് കഴിഞ്ഞ വർഷം പ്രതീക്ഷിച്ചതിനേക്കാൾ പൊതുകടം 2356 കോടി വർദ്ധിച്ചിരിക്കുന്നു. പ്ലാൻ എക്സ്പെന്റിച്ചറിന്റെ 60 ശതമാനം ഇനിയും ചെല വഴിക്കാനിരിക്കെയാണ് പൊതുകടത്തിൽ വന്നിട്ടുള്ള ഈ വർദ്ധനവെന്ന് ഓർക്കണം. അതോടൊപ്പം തന്നെ ചേർത്തു വായിക്കേണ്ടത് കഴിഞ്ഞ വർഷം 1600 കോടി രൂപയാണ് കോൺട്രാക്ടർമാർക്ക് അവർ നടത്തിയ പ്രവൃത്തിയു മായി ബന്ധപ്പെട്ട് നമുക്ക് തിരിച്ച് നൽകുവാനുള്ളത്. ഇത്തരമൊരു സാഹചര്യ ത്തിൽ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റ് ന്യൂനതകൾകൊണ്ട് നിർഭരമാകുന്നത് സ്വാഭാവികമാണ്. പ്ലാൻ ഫണ്ടിന്റെ 28.50 ശതമാനം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കണമെന്നാണ്. എന്നാൽ കഴിഞ്ഞ വർഷം 23.50 ശതമാനം മാത്രമാണ് കൊടുത്തത്. പുതിയ ബഡ്ജറ്റിൽ ഏതാണ്ട് ആയിരം കോടി രൂപയുടെ കുറവാണ് ത്രിതല പഞ്ചായത്തുകൾക്ക് ശ്രീ. കെ.എം. മാണി വരുത്തിയിരിക്കുന്നത്. ഒരുപക്ഷേ കേരളത്തിന്റെ ചരിത്രത്തിൽ ത്രിതല പഞ്ചായത്തിനെ ഇത്രമാത്രം അവഗണിച്ചൊരു ബഡ്ജറ്റ് ഇതിനുമുമ്പ് അവതരി പ്പിക്കപ്പെട്ടിട്ടുണ്ടാവില്ല. കൊട്ടും കുരവയുമായി മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിൽ പഞ്ചായത്തെന്ന തലക്കെട്ടിൽ ആറേ ആറ് വരികളേയുള്ളൂ. ആ വരികൾ തന്നെ ഒന്ന്– ഒരു ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് നിർമ്മിക്കും. രണ്ടാ മത്തേത് പഞ്ചായത്തിൽ നടപ്പിലാക്കുന്ന ഒരു പദ്ധതിയുമായി ബന്ധപ്പെട്ട്. ആ പദ്ധതി കഴിഞ്ഞ ഒരാഴ്ച മുമ്പ് ബഹുമാന്യനായ തദ്ദേശസ്വയം ഭരണ വകുപ്പു മന്ത്രി ഉത്തരവു നൽകി പാസ്സാക്കിയിട്ടുള്ളതാണ്. അതാണ് ബജറ്റിലേക്ക് കടന്നുവന്നിരിക്കുന്നത്. ഇതുകൊണ്ടാണ് തെർമ്മോക്കോളിൽ കെട്ടിപ്പൊക്കിയ മണിസൗധമാണ് മാണിസാറിന്റെ മാണിക്യതുല്യമെന്ന് പലരും ഇവിടെ വിശേ

ഷിപ്പിച്ച ബഡ്ജറ്റെന്ന് എനിക്ക് പറയേണ്ടിവരുന്നത്. കഴിഞ്ഞ വർഷം പ്രതീക്ഷിത വരുമാനം സമാഹരിക്കാനായില്ലെന്നത് അപക്വവും ദീർഘവീക്ഷണമില്ലാത്തതുമായ ചില സാമ്പത്തിക സമീപനങ്ങളെ തുടർന്ന് ഉണ്ടായിട്ടുള്ളതാണ്. അവ പഠനവിധേയമാക്കേണ്ടതാണ്. ശ്രീ. കെ.എം. മാണി അത് പഠന വിധേയമാക്കും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ ലാന്റ് രജിസ്ട്രേഷൻ സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചു. ഇതിന്റെ നേട്ടം കൊയ്യാൻ ലാന്റ് വാല്യു തിട്ടപ്പെടുത്തി കൊടുക്കേണ്ടിയിരുന്നു. അത് ചെയ്യാത്തതുകൊണ്ട് വരുമാനത്തിൽ വലിയ ഇടിവാണുണ്ടായത്. അതുകൊണ്ടാണ് പല പദ്ധതികളും നടപ്പിലാക്കാൻ സാധ്യമാകാതെ പോയത്. രണ്ടാമത്തെ കാര്യം ചെക്ക്പോസ്റ്റുകൾ വഴിയുള്ള നികുതിവെട്ടിപ്പ് തടയുന്നതിൽ സർക്കാർ ദയനീയമായി പരാജയപ്പെട്ടു. ഡോ. ടി. എം. തോമസ് ഐസക്ക് ഈ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയത്. അന്നവയെ തുഗ്ലക്കൻ പരിഷ്ക്കാരങ്ങളെന്ന് പറഞ്ഞ് അധിക്ഷേപിച്ചയാളുകളാണ് ഇന്ന് ഇത്തരത്തിലുള്ള ഒരു ദുരന്തത്തിലേക്ക് കേരളത്തെ എത്തിച്ചിരിക്കുന്നത്. മൂന്നാമതായി എക്സൈസ് വരുമാനത്തിൽ 2013–14–ൽ വന്ന കുറവ്. കുടിയൻമാർ കുറഞ്ഞതിന്റെ ലക്ഷണമായി നമ്മൾ കണേണ്ടതില്ല. കള്ളവാറ്റും വിലകുറഞ്ഞ മറ്റു ലഹരി വസ്തുക്കളുടെ വ്യാപകമായ ഉപയോഗവും നമ്മുടെ സംസ്ഥാനത്ത് കൂടി വരുന്നു എന്നതാണ് ഇതുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം വർദ്ധിച്ചതിൽ നിന്ന് വായിച്ചെടുക്കേണ്ടത്. നാലാമത്തെ കാര്യം, സാമ്പത്തിക മാന്ദ്യം കാരണം കേരളത്തിൽ വരുമാനക്കമ്മി വന്നിട്ടുണ്ടെന്നുള്ള വാദം അർത്ഥശൂന്യമാണ്. പണപ്പെരുപ്പത്തിന്റെ പശ്ചാത്തലത്തിലാണ് വിദേശ രാജ്യങ്ങളിൽ നിന്ന് കഴിഞ്ഞ വർഷം കേരളത്തിലേക്ക് 70000 കോടി രൂപ ഒഴുകിയെത്തിയത്.

നമ്മുടെ സംസ്ഥാന ബജറ്റ് വിഹിതം കഴിഞ്ഞ വർഷം മൊത്തം 62000 കോടി രൂപയായിരുന്നു. എന്നാൽ 70000 കോടിരൂപയാണ് വിദേശ രാജ്യങ്ങളിൽ നിന്ന് നമ്മുടെ നാട്ടിലേക്ക് നമ്മുടെ നാട്ടുകാരുടെ അധ്വാനത്തിന്റെ ഫലമായി എത്തിയത്. ആ 70000 കോടിയും ഇവിടെ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ഗുണം എന്തുകൊണ്ട് നമ്മുടെ സാമ്പത്തിക മേഖലയ്ക്ക് ലഭിച്ചില്ലെന്നുള്ളത് സത്യസന്ധമായ വിശകലനത്തിന് വിധേയമാക്കേണ്ട കാര്യമാണ്. എൽ.ഡി. എഫ് സർക്കാർ ഭരിച്ച അഞ്ച് വർഷം മൂലധന ചെലവ് ഓരോ വർഷവും കൂടി ക്കൂടി വരുന്നതാണ് നമ്മൾ കണ്ടത്. തൽസ്ഥിതി തുടരാൻ എന്താണ് യു.ഡി. എഫ് സർക്കാരിന് കഴിയാതിരുന്നത്. കഴിഞ്ഞ വർഷത്തിൽ മൂലധനചെലവ് അഥവാ അടിസ്ഥാന വികസനത്തിനായി 8613 കോടി രൂപയായിരുന്നു നീക്കി വച്ചിരുന്നത്. ഇത്തവണ അത് 6615 കോടിയായി കുറഞ്ഞിരിക്കുകയാണ്. 2002 കോടി രൂപയുടെ കുറവാണ് മുൻ വർഷത്തേതിനേക്കാൾ നടപ്പു വർഷം വികസന കാര്യത്തിൽ ഉണ്ടാകുവാൻ വേണ്ടി പോകുന്നത്. ഇത് കേരളത്തിൽ വലിയ വികസന മുരടിപ്പുണ്ടാക്കും. പിറക്കാൻ പോകുന്ന സാമ്പത്തിക വർഷത്തിൽ 1556 കോടിയാണ് അധിക വരുമാനമായി പുതിയ നികുതിയിന ത്തിൽ പ്രതീക്ഷിക്കുന്നത്. ഈ ഭാരം ജനങ്ങൾക്ക് വഹിക്കാൻ കഴിയുന്ന തിലും അപ്പുറത്താണെന്നതിൽ ആർക്കാണ് തർക്കം.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച ചർച്ചയിൽ പങ്കെടുത്തുകൊണ്ട് മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ് നടത്തിയ പ്രസ്താവന പ്രത്യേകം ഓർമ്മിക്കേ ണ്ടതാണ്. ഒട്ടുമിക്ക ക്യാബിനറ്റ് യോഗങ്ങളിലും ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾക്കല്ല ബഡ്ജറ്റിനുപുറത്തുള്ള പദ്ധതികൾക്കാണ് അംഗീകാരം

നൽകുന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. സർക്കാരിന്റെ സാമ്പത്തിക കെടുകാര്യസ്ഥതയ്ക്ക് ഇതിൽപ്പരം മറ്റൊരു തെളിവ് വേണോ? 2013–14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് 22 ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് പറഞ്ഞു. അതിൽ 8 എണ്ണം താല്ക്കാലിക കെട്ടിടങ്ങളിൽ ആരംഭിച്ചു. ബാക്കിവരുന്നവ ജൂൺ മാസത്തിൽ ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അദ്ധ്യാപകരുടേയോ അനദ്ധ്യാപകരുടേയോ ഒരു പോസ്റ്റുപോലും ഈ ബഡ്ജറ്റിൽ സൃഷ്ടിച്ചിട്ടില്ല. ഇതിനകം ആരംഭിച്ച കോളേജുകളിലെ ജീവനക്കാർക്ക് ഒരു രൂപപോലും ശമ്പളം നൽകിയിട്ടില്ല. പോസ്റ്റുകൾ ക്രിയേറ്റ് ചെയ്താൽ മാത്രമേ കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർക്കുപോലും ദിവസവേതനം ലഭിക്കുന്ന സ്ഥിതിയുണ്ടാകൂ. ഇപ്പോൾ ബഹുമാന്യനായ മാണിസാർ പത്തനംതിട്ട ജില്ലയിൽ മറ്റൊരു ഗവൺമെന്റ് കോളേജുകൂടി പ്രഖ്യാപിച്ചിരിക്കുന്നു. അത് നല്ല കാര്യമാണ്. പത്തനംതിട്ട ജില്ലയിൽ ഗവൺമെന്റ് കോളേജുകളില്ല. അവിടെ ഗവൺമെന്റ് കോളേജ് വേണം. ഇതൊക്കെ പ്രഖ്യാപിക്കുമ്പോൾ, ഇത് പ്രാവർത്തികമായി വരുന്ന ഘട്ടത്തിലുണ്ടാകുന്ന സാമ്പത്തിക ചെലവിനെക്കുറിച്ച് എന്തുകൊണ്ടാണ് മാണിസാർ ആലോചിക്കാത്തത്. മഹാഭാരതവാക്യം ഉദ്ധരിച്ചുകൊണ്ടാണ് മാണിസാർ തന്റെ ബഡ്ജറ്റ് പ്രസംഗം അവസാനിപ്പിച്ചത്. എന്നാൽ സത്യമെന്താണ്? കണ്ണും കയ്യും കാട്ടി പഞ്ചാരവാക്കുകൾ പറഞ്ഞ് യു.ഡി.എഫ്. ഈ ബഡ്ജറ്റിലൂടെ ആളുകളെ പറ്റിച്ചിരിക്കുകയാണ്. മനസ്സുകൊണ്ടും കർമ്മംകൊണ്ടും ജനങ്ങളെ സന്തുഷ്ടരാക്കാൻ മാണിസാറിന്റെ എത്രാമത്തെ ബഡ്ജറ്റുവരെ ഇനിയും നമുക്ക് കണ്ണുംനട്ട് ഇരിക്കേണ്ടിവരും.

സ്വപ്നാടനത്തിന്റെ ആകാശഗംഗയിലേയ്ക്ക് മിഴികൾ പായിച്ച് ഒരിക്കലും പിറക്കാനിടയില്ലാത്ത ആ ബഡ്ജറ്റിനായി നമുക്ക് കാത്തിരിക്കാം.

വളരെ അടിയന്തര പ്രധാന്യമായിട്ടുള്ള ഒരു കാര്യം ഞാൻ ഇതിനോട് കൂട്ടിച്ചേർക്കുകയാണ്. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ സഭയിലുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം ഇവിടെ സൂചിപ്പിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ മംഗലം പഞ്ചായത്തിൽ തീരദേശപ്രദേശത്ത് ദാരുണമായൊരു സംഭവം ഇന്നലെ സംഭവിച്ചിരിക്കുന്നു. അതിന്റെ ദൃശ്യങ്ങൾ ഇന്ന് മാധ്യമങ്ങൾ പുറത്തുവിട്ടുകൊണ്ടിരിക്കുകയാണ്. അതിക്രൂരമായി രണ്ട് ആളുകളെ വെട്ടി പരുക്കേൽപ്പിക്കുന്ന രംഗമാണ് ഇന്ന് മാധ്യമങ്ങൾ പുറത്തുവിട്ടിരിക്കുന്നത്. രണ്ട് സി.പി.ഐ.(എം) പ്രവർത്തകരെയാണ് പോപ്പുലർ ഫ്രണ്ടിന്റെയും എൻ.ഡി.എഫിന്റെയും പ്രവർത്തകന്മാർ വെട്ടിപ്പരുക്കേല്പിച്ചിരിക്കുന്നത്. രണ്ട് ദിവസം മുമ്പ് അവിടെ ഒരു ഉപതെരഞ്ഞെടുപ്പ് നടക്കുകയുണ്ടായി. അതിന്റെ ഫലം ഇന്നലെ പുറത്തുവന്നു. 3 സീറ്റിലും മുസ്ലീം ലീഗായിരുന്നു ജയിച്ചിരുന്നത്. ആ ജയിച്ച സിറ്റിൽ നിന്ന് 3 പേരും രാജിവച്ചതിനെത്തുടർന്ന് അവിടെ ഉപതെരഞ്ഞെടുപ്പ് വേണ്ടിവന്നു. ആ ഉപതെരഞ്ഞെടുപ്പിൽ 3 സീറ്റുകളും യു.ഡി.എഫിനും മുസ്ലീം ലീഗിനും നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായി. അതിനെത്തുടർന്നാണ് എൻ.ഡി.എഫും പോപ്പുലർ ഫ്രണ്ടും സി.പി.ഐ.(എം)-ന്റെ പ്രവർത്തകൻമാർക്ക് എതിരായി രംഗത്തുവന്നത്. അതിന്റെ ദൃശ്യങ്ങൾ കാണുമ്പോൾ ഇത് കേരളമല്ലെന്ന് തോന്നിപ്പോകും. മുഖംപോലും മറക്കാതെയാണ് ആ ദൃശ്യത്തിൽ വ്യക്തമാക്കപ്പെടുന്ന ആളുകൾ ഈ കൃത്യത്തിന് മുതിർന്നിരിക്കുന്നത്. ഇത് സൂചിപ്പിക്കുന്ന ഒരു കാര്യമുണ്ട്, ഇത് നൽകുന്ന തെറ്റായ ഒരു സന്ദേശമുണ്ട്. ഇവിടെ

ഞങ്ങളെ സംരക്ഷിക്കാൻ ആളുകളുണ്ട്. ഈ പോലിസ് സംവിധാനം ഞങ്ങൾ വിചാരിക്കുന്നതുപോലെ മാത്രമെ ചലിപ്പിക്കാൻ സാധിക്കൂ. അങ്ങനെയൊരു തോന്നൽ അവർക്ക് ഉണ്ടെന്നുള്ളതിന്റെ ഏറ്റവും പ്രകടമായ തെളിവാണിത്. ഇതുവരെ ഒരാളെപ്പോലും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അവിടത്തെ പോലീസ് ഉദ്യോഗസ്ഥന്മാരും ഈ കുറ്റവാളികളും തമ്മിലുള്ള ബന്ധം അതാണ് പലഘട്ടങ്ങളിലും ആക്ഷേപിക്കപ്പെടുന്നത്. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, ഇന്ന് സി.പി.ഐ.(എം)– ന്റെ പ്രവർത്തകരാകാം ഈ ആക്രമണത്തിന് വിധേയമായത്. മതേതര പ്ലാറ്റ്ഫോമിൽ നിൽക്കുന്നവരെ വകവരുത്തുകയെന്നുള്ള നയത്തിന്റെ ആദ്യപടിയെന്നോണമാണ് സി.പി.ഐ.(എം) പ്രവർത്തകർ ആദ്യ ഇരകളാക്കപ്പെട്ടിരിക്കുന്നത്. നാളെ കോൺഗ്രസ്സിന്റെ പ്രവർത്തകന്മാരും മറ്റ് മതേതര പ്ലാറ്റ്ഫോമുകളിൽ അണിനിരന്നിരിക്കുന്നവരും ഇവരുടെ അതിക്രൂരമായിട്ടുള്ള മർദ്ദനങ്ങൾക്ക് വിധേയമാകും. ഇതിനെ അതീവഗൗരവത്തോടെ സർക്കാർ കാണണം. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഒരു സ്പെഷ്യൽ ടീമിനെ വച്ച് അന്വേഷിക്കണം. തിരൂർ പോലീസ് സ്റ്റേഷനിൽ നിലവിലുള്ള ഹയർ പോലീസ് ഉദ്യോഗസ്ഥന്മാരെ മുഴുവൻ മാറ്റണം. കാരണം എൻ.ഡി.എഫ്–കാരോടും പോപ്പുലർ ഫ്രണ്ടിനോടും വളരെ ഉദാരമായിട്ടുള്ള സമീപനം സ്വീകരിക്കുന്നവരാണ് അവരെന്ന ആക്ഷേപം ജനങ്ങൾക്കിടയിലുണ്ട്. അതുകൊണ്ട് അങ്ങ് ഇക്കാര്യത്തിൽ പ്രത്യേകം മുൻകൈ എടുത്തുകൊണ്ട്, ഇന്ന് സി.പി.ഐ.(എം)-ന്റെ പ്രവർത്തകരെയാണ് ആക്രമിക്കപ്പെട്ടതെങ്കിലും നാളെ ആ വിധി മറ്റുള്ളവരെ കാത്തിരിക്കുന്നു എന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ

എതിർക്കുകയാണ്. ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഒരു മറുപടി പറഞ്ഞാൽ നന്നായിരുന്നു. അത്ര ക്രൂരമായ ഒരു ആക്രമണമായിരുന്നു അത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ചർച്ചയുടെ അവസാനം മറുപടി പറയാമെന്നാണ് കരുതിയത്. തിരൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ മംഗലം ഗ്രാമപഞ്ചായത്തിൽ ഇന്നലെ നടന്ന ഉപതെരഞ്ഞെടുപ്പിനെ സംബന്ധിച്ച് മെമ്പർ ഇവിടെ പറഞ്ഞത് ശരിയാണ്. അതിനുശേഷം അവിടെ ഒരു കാരണവുമില്ലാതെയാണ് സി.പി.ഐ.(എം) ന്റെ ലോക്കൽ കമ്മിറ്റി സെക്രട്ടറി മജീദ്, അർഷാദ് എന്നീ പ്രവർത്തകരെ മംഗലപുരം-പുറത്തൂർ റോഡിലൂടെ വാഹനത്തിൽ സഞ്ചരിക്കുന്ന സമയത്താണ് രണ്ട് മോട്ടോർ സൈക്കിളിലായി ഒൻപതോളം ആളുകൾ വന്ന് അവരെ തടഞ്ഞുനിർത്തി ഭീകരമായി മർദ്ദിച്ചത്. എല്ലാ മാധ്യമങ്ങളിലും അതിന്റെ ദൃശ്യങ്ങൾ വരുന്നുണ്ട്. വളരെ പൈശാചികമായ നിലയിലുള്ള ഒരു അക്രമമാണുണ്ടായത്. അത് എസ്.ഡി.പി.ഐ. പ്രവർത്തകൻമാരാണ് എന്നുള്ള വിവരമാണ് ലഭിച്ചിട്ടുള്ളത്. പോലീസ് ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കും. പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. പതിമൂന്നോളം ആളുകൾ ഉൾപ്പെട്ടതായാണ് വിവരം ലഭിച്ചിട്ടുള്ളത്. പുരയ്ക്കൽ മജീദ്, നൗഫൽ, ആലുക്കൽ നൗഫൽ, വാടയ്ക്കൽ അലി എന്നീ നാലുപേരെ പോലീസ് ഇപ്പോൾ തിരിച്ചറിഞ്ഞിട്ടുണ്ട്. അവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അവർ ഒളിവിലാണ്. ഇവിടെ മെമ്പർ ആവശ്യപ്പെട്ടതുപോലെ ഒരു സ്പെഷ്യൽ ടീമിനെക്കൊണ്ടുതന്നെ ഇത് അന്വേഷിപ്പിക്കും. വളരെ ശക്തമായ നിലയിൽത്തന്നെ ഇക്കാര്യം

ഗവൺമെന്റ് എടുക്കും. അവിടെ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സും യു.ഡി.എഫും പരാജയപ്പെട്ടു എന്നുള്ളത് ശരിയാണ്. പക്ഷേ യു.ഡി.എഫിനോ ലീഗിനോ ഇതുമായി യാതൊരു ബന്ധവുമില്ല. എസ്.ഡി.പി.ഐ. പ്രവർത്തകരാണ് ഇത് ചെയ്തത്. അവരുടെ പേരിൽ സർക്കാർ നടപടിയെടുക്കും. പ്രതികളെ കണ്ടെത്താൻ എല്ലാ ശ്രമങ്ങളും നടത്തുമെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്

ശ്രീ. എം.പി. വിൻസെന്റ്: സർ, 2013–2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ.കെ.എം.മാണി, തന്റെ 12–ാമത് ബഡ്ജറ്റ് അവതരിപ്പിച്ചതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളുടെയും ചുമതല ഉൾപ്പെട്ടുകൊണ്ടുള്ള ധനാഭ്യർത്ഥനകളുടെ ചർച്ചയാണ് നടക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട ഒരു ബഡ്ജറ്റ് അവതരിപ്പിക്കുകയും 12 പ്രാവശ്യവും അവതരിപ്പിച്ച ബഡ്ജറ്റുകളിലൂടെ കേരളത്തിന്റെ ചരിത്രത്തിൽ ഒരു വലിയ റിക്കോർഡുതന്നെ സ്ഥാപിക്കുകയും ചെയ്തു മാണി സാറിന്റെ ബഡ്ജറ്റ്. ഒരു ബഡ്ജറ്റിനെക്കുറിച്ച് പറയുമ്പോൾ, what is budget; what includes the budget; and what is the aim of the budget? ഇത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഏറ്റവും പ്രശസ്തനായ സാമ്പത്തിക ശാസ്ത്രജ്ഞൻ **Gordon Tullock**–ന്റെ വാക്കുകളെടുത്ത് പരിശോധിച്ചാൽ 'Don't tell me, what you value, show me your budget and I will tell you what you value'. ഈ അർത്ഥം ഉൾക്കൊള്ളിക്കുന്ന രീതിയിൽ കേരളത്തിലെ ജനങ്ങളെല്ലാം ഈ ബഡ്ജറ്റ് വാല്യു ചെയ്ത് കഴിഞ്ഞിരിക്കുകയാണ്. ഒരു സംസ്ഥാനത്തിന്റെ

അല്ലെങ്കിൽ ഒരു രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഗതിവിഗതികൾ ചിന്തിക്കുന്ന ഒരു പ്രധാനപ്പെട്ട സംഭവമാണ് ഈ ബഡ്ജറ്റിലൂടെ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ രാജ്യത്തിലെ ജനങ്ങൾ ബഡ്ജറ്റിന്റെ മൂല്യനിർണ്ണയം നടത്തിക്കഴിഞ്ഞു എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. ഗാന്ധിജിയുടെ ഗ്രാമസ്വരാജും ജവഹർലാൽ നെഹ്റുവിന്റെ സോഷ്യലിസ്റ്റ് കാഴ്ചപ്പാടും ആധുനിക സാമ്പത്തിക വ്യവസ്ഥയുടെ ആഗോളീകരണത്തിന്റെ നല്ല അംശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ബഡ്ജറ്റാണിത്. 2013–14 സാമ്പത്തിക വർഷം 17,000 കോടി രൂപയായിരുന്നു പദ്ധതി അടങ്കൽ. 2013–14–ൽ പദ്ധതി അടങ്കലിലെ കുറവ് പശ്ചിമഘട്ട വികസന പരിപാടിക്കും പിന്നോക്ക തദ്ദേശ ധനസഹായ നിധിയിലും ഇതര കേന്ദ്രസഹായത്തിനുമുണ്ടായ കുറവുകൊണ്ടാണെങ്കിലും മഹത്തായ നിരവധി നേട്ടങ്ങൾക്ക് നാന്ദി കുറിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. 2013–14–ൽ കാർഷിക മേഖല ഊർജ്ജസ്വലമായ പ്രകടനമാണ് കാഴ്ചവച്ചത്. അത് വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഗോളവ്യാപകമായ പ്രത്യേകത ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ മഴ വളരെ കുറഞ്ഞു എന്നുള്ളത് നമ്മൾ ഏറെ ശ്രദ്ധിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമാണ്. 42 ശതമാനം മഴ കുറഞ്ഞത് കൃഷിക്കാരന്റെ പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിച്ചു. 2012–13–ൽ നാണ്യവിളകളുടെ ഉൽപ്പാദനം ഉയർന്നപ്പോൾ ഭക്ഷ്യവിളകളുടെ ഉൽപ്പാദനത്തിൽ കുറവ് രേഖപ്പെടുത്തി. ഭക്ഷ്യവിളകളുടെ ഉൽപ്പാദനം കൂട്ടുന്നതിന് കൂടുതൽ കർമ്മപദ്ധതികൾ 2014–15 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് അഭിനന്ദനീയമായ ഒരു കാര്യമാണ്. ഒറ്റ ഞാർ കൃഷി

പ്രോത്സാഹിപ്പിക്കാൻ കഴിഞ്ഞ ബഡ്ജറ്റിൽ തുകവരുത്തിയതും കുരുമുളക് കൃഷി നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിഞ്ഞതും കേരളത്തിലെ കർഷകന്റെ നട്ടെല്ല് ഒടിക്കുന്ന പദ്ധതികൾക്ക് മാറ്റങ്ങൾ വരുത്തി ഹൈടെക് കൃഷി സമ്പ്രദായം കൊണ്ടുവരാൻ കഴിഞ്ഞതും അഭിനന്ദനാർഹമാണ്.

ഇതൊരു സങ്കൽപ ബഡ്ജറ്റല്ല. യാഥാർത്ഥ്യത്തിന്റെ ചിറകിലേറിയ ബഡ്ജറ്റാണിത്. കഴിഞ്ഞ വർഷം സാമ്പത്തിക മാന്ദ്യത്തിനിടയിലും 8.21 വളർച്ചാ നിരക്ക് കൈവരിച്ചത് അഭിനന്ദനാർഹമാണ്. നെഹ്റു പറഞ്ഞതു പോലെ ‘Everything else can wait, but not agriculture’ വേണമെങ്കിൽ എല്ലാത്തിനും വേണ്ടി വെയ്റ്റ് ചെയ്യാം, പക്ഷെ കൃഷിക്കുവേണ്ടി ഒരി ക്കൽപ്പോലും വെയ്റ്റ് ചെയ്യാൻ കഴിയില്ല. കാർഷിക മേഖലയ്ക്ക് മുൻതൂക്കം നൽകിയൊരു വലിയ ബഡ്ജറ്റാണിത്. ഈ മേഖലയ്ക്ക് 982 കോടി രൂപ നീക്കിവച്ചു. കാർഷിക വിളകൾക്ക് ന്യായമായ ലാഭം ഉറപ്പാക്കാൻ 25 വിള കൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും അതിൽ 90% വിഹിതവും സർക്കാർ അടയ്ക്കുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തുകയും ചെയ്തു. കർഷകർക്ക് ഇൻകം ഗ്യാരണ്ടി സ്കീമിനായി 50 കോടി രൂപ നീക്കിവച്ചു. മിൽമ മാതൃകയിൽ കാർഷിക സംഘങ്ങൾക്ക് 5 ലക്ഷം രൂപ പലിശരഹിത വായ്പ പ്രഖ്യാപിച്ചിട്ടുണ്ട്. അടയ്ക്കാ കർഷകർക്ക് പ്രത്യേക പാക്കേജ്, 4.1% നിരക്കിൽ ക്രോപ്പ് ലോൺ, ഇതിനായി അഗ്രി കാർഡ് സംവിധാനം, ഇതൊക്കെ കർഷകനെ സംബന്ധിച്ചിടത്തോളം വളരെയേറെ ഗുണം

നൽകുന്ന തീരുമാനങ്ങളാണ്. അതുപോലെ വായ്പയെടുത്ത കർഷകൻ മരിച്ചാൽ 25,000/– രൂപ വരെ സർക്കാർ ബാങ്കിൽ അടയ്ക്കുമെന്നത് ഒരു നൂതന ആശയം തന്നെയാണ്. 'I know only one culture, that is agriculture ' എന്ന് പറഞ്ഞ സർദാർ വല്ലഭായ് പട്ടേലിനെ അനുസ്മരിപ്പിക്കുന്ന രീതിയിലാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ കാര്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജലസംഭരണത്തിന് 100 കോടി രൂപയുടെ നേരിട്ടുള്ള ഉൽപ്പന്ന സംഭരണവും കേരളത്തിലെ കർഷകർക്ക് ഏറ്റവും വലിയ താങ്ങായ പ്രധാനപ്പെട്ട കാര്യങ്ങളിൽ ഉൾപ്പെടുന്നു. കാർഷിക സർവ്വകലാശാലയുടെ ഗവേഷണങ്ങൾക്ക് 3.5 കോടി രൂപയും കൃഷി വിജ്ഞാന സാങ്കേതിക കൈമാറ്റത്തിന് 1.61 കോടി രൂപയും, കൂടാതെ കാർഷിക സർവ്വകലാശാലയ്ക്ക് സാമ്പത്തികമായി 200 കോടി രൂപയ്ക്ക് താഴെയുള്ള ആനുകൂല്യങ്ങളും പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനെല്ലാം കാർഷിക സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് മെമ്പർ കൂടിയായ ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. ശ്രീ. തോമസ് ഉണ്ണിയാടൻ ഉൾപ്പെടെയുള്ളവർ അതിൽ എക്സിക്യൂട്ടീവ് അംഗങ്ങളാണ്. കേരളത്തിൽ കൃഷി ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നു. ടെറസ്സ് കൃഷി, ഹൈഡ്രോപോണിക്സ് ഉൾപ്പെടുന്ന ഹൈടെക് കൃഷി സങ്കേതങ്ങൾ നമുക്ക് വളരെ കാലിക പ്രസക്തമായ കാര്യങ്ങളാണ്. വായ്പ 5 ലക്ഷം രൂപ വരെ നൽകുവാനുള്ള തീരുമാനം കാർഷികോത്പാദനം വർദ്ധിപ്പിക്കും. കാർഷിക മേഖലയുടെ ഉൽപ്പാദന വർദ്ധനവിന് ടെറസ്സ് കൃഷിയടക്കമുള്ളവ ഏറ്റവും വലിയ സംഭാവനയാണ് നൽകുന്നത്. യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കാർഷിക

രംഗത്ത് സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുവാനും അഗ്രി ക്കൾച്ചർ എഞ്ചിനീയറിംഗിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തേണ്ടതുണ്ട്. കേരളം കാർഷിക രംഗത്ത് അഭിമുഖീകരിക്കേണ്ടിവരുന്നത് അനിയന്ത്രിത മായ തൊഴിൽ പ്രശ്നമാണ്. കാർഷിക രംഗത്ത് കൂലി വർദ്ധനവും തൊഴിലാ ളികളുടെ അഭാവവും കാർഷിക മേഖല യന്ത്രവത്ക്കരണത്തിലേക്ക് തിരിയേ ണ്ടതിന്റെ ആവശ്യം വിളിച്ചോതുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഭക്ഷ്യോൽപ്പന്നങ്ങൾ കൃഷിചെയ്യുന്നവർക്കുള്ള പ്രോത്സാഹനം അപര്യാപ്ത മാണ്. യുവജനക്ഷേമം സംബന്ധിച്ച് വൻവിപ്ലവത്തിന് വഴിതെളിയിക്കുവാൻ കഴിഞ്ഞ ബഡ്ജറ്റിലൂടെ അങ്ങേയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് സ്വാഗതാർഹ മാണ്. കേരളത്തിന്റെ ആഭ്യന്തര ക്ഷീരോത്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിൽ മുന്നോക്കം നിൽക്കുന്ന കേരളത്തിലെ വിദ്യാർത്ഥി കൾക്കൊരു സമ്മാനമാണ് ഈ ബഡ്ജറ്റ്. കുട്ടികൾ നടത്തുന്ന സംരംഭ ങ്ങൾക്ക് ഗ്രേസ് മാർക്കും മികച്ച കണ്ടുപിടിത്തങ്ങൾ നടത്തുന്ന കുട്ടി കൾക്കും നേതൃപാടവം പ്രകടിപ്പിക്കുന്നവർക്കും പ്രത്യേക ക്യാഷ് അവാർഡും ഒരു വലിയ പ്രോത്സാഹനം തന്നെയാണ്. അനാഥക്കുട്ടികളുടെ വിദ്യാഭ്യാസം ഏറ്റെടുക്കുമെന്ന പ്രഖ്യാപനം അക്ഷരാർത്ഥത്തിൽ ചരിത്രപ്രധാ നമായ ഒരു നാഴികക്കല്ലാണ്. ക്ഷേമ പെൻഷനുകളെല്ലാം വർദ്ധിപ്പിച്ചു. ബി. പി.എൽ. കുടുംബങ്ങളിലെ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനും യുവസംരംഭകർക്ക് 5 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനും ചെറുകിട സംരംഭകർക്ക് തൊഴിലവസര സബ്സിഡി നൽകു മെന്നുമുള്ള പ്രഖ്യാപനങ്ങളിൽ കേരളം വളരെയേറെ അഭിമാനിക്കുകയാണ്. യുവജനങ്ങൾക്ക് തൊഴിൽ നൽകുന്നതിന് ഐ.ടി. പാർക്കുകൾക്ക് 134 കോടി

രൂപ അനുവദിച്ചത് സ്വാഗതാർഹമാണ്. കൊച്ചിയിലെ ക്യാൻസർ സെന്റർ വടക്കൻ കേരളത്തിലെ അർബുദ ബാധിതർക്ക് വളരെ ആശ്വാസകരമായ ഒരു പ്രധാനപ്പെട്ട പദ്ധതിയാണ്. തൃശ്ശൂർ പുത്തൂർ സുവോളജിക്കൽ പാർക്കിന് നടപ്പുവർഷം 5 കോടി രൂപ വകയിരുത്തിയതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. കേരളത്തിന്റെ ചരിത്രത്തിൽ സുവോളജിക്കൽ പാർക്ക് ഒരു ചരിത്ര സംഭവമായി മാറേണ്ടതിന്റെ ഗതി കുറച്ചുകൂടി വേഗത്തിലാക്കാൻ ഇത് സാധിക്കുമെന്നത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. നിലവിൽ ഗവൺമെന്റ് കോളേജിന്റെ പ്രൊപ്പോസലുള്ള എന്നാൽ ആർട്സ് ആന്റ് സയൻസ് കോളേജുകളില്ലാത്ത നിയോജക മണ്ഡലങ്ങളിൽ കോളേജ് അനുവദിക്കുമെന്ന് കഴിഞ്ഞ ദിവസം പ്രഖ്യാപിക്കുകയും അതിന്റെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുമുണ്ടായി. ഇക്കാര്യങ്ങളൊക്കെ നിലനിൽക്കുമ്പോഴും ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഒരു കോളേജ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ കൊടുത്തിരുന്നു. വൈകിയാണെങ്കിലും ഒല്ലൂരിൽ ഒരു കോളേജ് അനുവദിച്ചുതരണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്ന് ബഹുമാന്യനായ കെ. എം. മാണിയുടെ ജന്മദിനമാണ്. അദ്ദേഹത്തിന്റെ ഇത്രയും നാളത്തെ പ്രവർത്തനം എന്നും സ്വാഗതാർഹവും സമൂഹത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യവും കൂടിയാണ്. ഒരു മനുഷ്യൻ മഹാനാകുന്നത് ജന്മം കൊണ്ടല്ല, കർമ്മം കൊണ്ടാണ്. മാണി സാർ മഹാനായത് അദ്ദേഹത്തിന്റെ കർമ്മം കൊണ്ടാണ്. അദ്ദേഹത്തിന്റെ ജന്മദിന സമ്മാനമായി ഈ സഭയിലെ മുഴുവൻ ആളുകളും ഇന്ന് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞതുപോലെ എം.എൽ.എ.- മാരുടെ ആസ്തി വികസന ഫണ്ട് ഒരു കോടി രൂപയിൽനിന്നും രണ്ട് കോടി രൂപയാക്കി പ്രഖ്യാപിക്കുവാനുള്ള ഒരു

സമീപനം ഉണ്ടാകണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. നികുതികൾ ജനങ്ങൾക്ക് ഭാരവും സൗജന്യങ്ങൾ ആനന്ദവുമാണ്. ഇവയെ പരസ്പരം ഒരു മാലയിലെ മുത്തുകൾ പോലെ വിളക്കിച്ചേർക്കുവാൻ ഈ ബഡ്ജറ്റിന് കഴിഞ്ഞിട്ടുണ്ട്. റവന്യൂ കമ്മി കുറയ്ക്കുവാനുള്ള കാരണങ്ങൾ എല്ലാവർക്കും അറിയാവുന്നതാണ്. കടുത്ത നികുതി നിർദ്ദേശങ്ങളിലേക്ക് തള്ളിവിടേണ്ട ബഡ്ജറ്റിനെ സാധാരണക്കാരന്റെ നട്ടെല്ലൊടിക്കാതെ തന്റെ ഇന്ദ്രജാലത്തിലൂടെ ജനങ്ങൾക്ക് സഹായകരമായ ഒരു ബഡ്ജറ്റാക്കി മാറ്റിയെടുത്തു എന്നത് ശ്രീ. കെ. എം. മാണിയുടെ വ്യക്തിപരമായ നേട്ടവും അദ്ദേഹത്തിന്റെ 12-ാമത് ബഡ്ജറ്റിന്റെ സവിശേഷതയുമാണെന്നതിൽ നമുക്കും സഭയ്ക്കും വളരെയേറെ അഭിനന്ദനാർഹമായ കാര്യം തന്നെയാണ്. കഴിഞ്ഞ വർഷം ദേശീയ സാമ്പത്തിക വളർച്ചയിലും മാന്ദ്യമായിരുന്നു. അതിനാൽ റവന്യൂ വരുമാനം കുറഞ്ഞു. അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുവാൻ 65 കോടി രൂപ അനുവദിച്ചുവെങ്കിൽത്തന്നെയും ഇത് പര്യാപ്തമല്ല. സാധാരണക്കാരന്റെ നികുതിഭാരം കൂട്ടാതെയാണ് 1556 കോടി രൂപയുടെ പുതിയ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. ഇതിലൂടെ ധനകാര്യ വകുപ്പുമന്ത്രി ഏറ്റവും വലിയ വെല്ലുവിളിയാണ് ഏറ്റെടുത്തിട്ടുള്ളത്. മറ്റ് മാർഗ്ഗങ്ങളില്ലാത്തതുകൊണ്ടാണ് ഇത്തരത്തിൽ പുതിയ നികുതി ചുമത്തിയതെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടു. പദ്ധതിയടങ്കൽ വെട്ടിക്കുറയ്ക്കാതെ 20,000 കോടി രൂപയുടെ വാർഷിക പദ്ധതി അടുത്ത സാമ്പത്തിക വർഷം വിഭാവനം ചെയ്യുവാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലും ഗതിവേഗം കൂട്ടേണ്ടതുണ്ട്. എന്നാൽ ഒരു വസ്തുത അവശേഷിക്കുന്നു, നല്ല നാളയെ സ്വപ്നം

കാണുന്ന ഈ ബഡ്ജറ്റിനെ എത്ര അഭിനന്ദിച്ചാലും അധികമാവില്ല. ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിലൂടെ അദ്ദേഹം പ്രഖ്യാപിച്ച ഇളവുകൾ, മാറ്റങ്ങൾ വളരെ ശുഭോതർക്കമാണ്. 25 കോടി രൂപ ലാഭം കിട്ടുമെന്ന രീതിയിൽ കൊണ്ടുവന്ന പാവപ്പെട്ടവരുടെ വാഹനമായ ഓട്ടോറിക്ഷയുടെ നികുതി നിർദ്ദേശങ്ങൾ മാറ്റിയത് കേരളത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ പ്രതീക്ഷിച്ചതായിരുന്നു. ആ തീരുമാനം അദ്ദേഹത്തെ സാധാരണക്കാരന്റെ നല്ല തോഴനായിത്തീർത്തു. അതിനേക്കാളുപരിയായി റബ്ബറിന് ന്യായവില സംഭരണത്തിന് 10 കോടി രൂപ അനുവദിച്ചു. ധനകാര്യ വകുപ്പുമന്ത്രിയുടെ കാർഷിക നയം അദ്വിതീയമാണ്. കാർഷിക വായ്പകൾക്ക് ഗഹാൻ ഫീ ഒഴിവാക്കിയ തീരുമാനം സ്വാഗതാർഹമാണ്. ഖാദി മേഖലയിലെ സാധാരണക്കാരനായ നൂൽനൂൽപ്പ് തൊഴിലാളികളുടെ ഇൻസെന്റീവ് ഒരുകഴി നൂലിന് 30 പൈസയിൽനിന്നും 60 പൈസയായി വർദ്ധിപ്പിക്കുകയും കൂടുതൽ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തു. നമ്മുടെ രാജ്യത്ത് പണിയെടുക്കുന്ന പരമ്പരാഗതമായ ഖാദി, നെയ്ത്ത് തൊഴിലാളികൾക്കും ആ മേഖലയിൽ നിൽക്കുന്നവർക്കും സഹായകരമായ തീരുമാനം എടുക്കാൻ കഴിഞ്ഞ മാണി സാറിനെ പ്രത്യേകം അഭിനന്ദിക്കുകയാണ്. വർദ്ധിപ്പിച്ച ക്ഷേമ പെൻഷനുകൾ 100 രൂപ കൂടി വർദ്ധിപ്പിച്ചത് നിരാലംബരായ എല്ലാ ജനങ്ങൾക്കും വളരെ സഹായമുതകുന്ന ഒരു തീരുമാനമായി മാറി. പ്രവാസി പുനരധിവാസ ഫണ്ട് 50 കോടി രൂപയാക്കി വർദ്ധിപ്പിച്ചു. മാനസിക വെല്ലുവിളി നേരിടുന്ന നൂറിലേറെ കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി കൊടുക്കുന്നതിലൂടെ വലിയൊരു കാരുണ്യമാണ് ഈ ഗവൺമെന്റിന് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. അംഗൻവാടികളിലെ ജീവനക്കാർ, ആശാ വർക്കർമാർ, പാലിയേറ്റീവ്

കെയറിലെ നഴ്സുമാർ ഇവർക്കൊക്കെ ശമ്പളം വർദ്ധിപ്പിച്ചുനൽകിയത് ബഡ്ജറ്റിലെ പ്രധാനപ്പെട്ട തീരുമാനങ്ങളായിരുന്നു. പാവപ്പെട്ടവരെ സഹായിക്കുന്ന ഇത്തരം ജനകീയ സ്വഭാവത്തിലൂടെ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ മഹത്വം തെളിയിക്കാൻ കഴിഞ്ഞു. അനാഥശാലയിലെ അന്തേവാസികളുടെ ഗ്രാന്റ് 1,000 രൂപയാക്കി വർദ്ധിപ്പിച്ചത് കണ്ടില്ലെന്ന് നടിക്കരുത്. സാമ്പത്തിക പരാധീനതകൾക്കിടയിലും നിരാലംബരായ അത്താണികൾക്കുള്ള ഒരു വലിയ സർക്കാരായി ഇന്ന് ഐക്യ ജനാധിപത്യ മുന്നണി സർക്കാർ മാറിയിരിക്കുന്നു. സാധാരണക്കാരന് ഏറ്റവും കൂടുതൽ വിഷമം ഉണ്ടാക്കുന്ന കാര്യങ്ങളിലും നല്ല രീതിയിലുള്ള തീരുമാനമെടുത്ത് മുന്നോട്ട് പോകുകയാണ്. അതോടൊപ്പം ഒരു കാര്യം എനിക്ക് പറയുവാനുള്ളത്, ഇവിടെ എം-സാന്റ്, പാറമണൽ, ക്രഷർ, ഇവയുടെയൊക്കെ നികുതി കൂട്ടിയിട്ടുണ്ട്, ആ നികുതി കൂട്ടലിന്റെ കൂടെത്തന്നെ ഒരു കാര്യം മനസ്സിലാക്കേണ്ടത് ഇന്ന് മണൽ സാധാരണക്കാരന് അപ്രാപ്യമായിരിക്കുന്നുവെന്നുള്ളതാണ്. കൺസ്ട്രക്ഷൻ രംഗത്ത് പണിയെടുക്കണമെങ്കിൽ മണൽ കിട്ടുന്നില്ല. അതിന് ഇന്ന് സഹായകരമായത് എം-സാന്റ് മാത്രമായിരുന്നു. അതിന് 600 ശതമാനവും ക്രഷറിന് 300 ശതമാനവും വിലകൂട്ടി. ആ രംഗത്ത് കൂടുതലായി പൈസ വരുമെന്ന് കണക്കുകൂട്ടലുണ്ടെങ്കിലും സാധാരണക്കാരന് അടി കിട്ടുന്ന ഏറ്റവും വലിയ തീരുമാനമാണ്. ആ രംഗത്ത് കുറച്ച് കുറവുകൾ വരുത്തി സാധാരണക്കാരന് കൂടി ഗുണകരമാക്കേണ്ടതാണ്. അല്ലെങ്കിൽ കൺസ്ട്രക്ഷൻ രംഗത്ത് വരുന്ന കോൺട്രാക്ടർമാർ, എം.എൽ.എ. ഫണ്ടായാലും മറ്റ് ഏത് ഫണ്ടായാലും അത് പ്രവർത്തന രംഗത്ത് വരുമ്പോൾ അതിന്റെ എസ്റ്റിമേറ്റുകളിലൊക്കെ കൂടുതലുള്ള തുക വരുന്ന രീതിയുണ്ടാകും. അതിനൊരു മാറ്റം

വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ മണ്ഡലത്തിൽ കാട്ടാനക്കൂട്ടത്തിന്റെയും വന്യമൃഗത്തിന്റേയും ശല്യംകൊണ്ട് കർഷകർ പൊറുതിമുട്ടിയിരിക്കുകയാണ്. ഈ ശല്യമൊക്കെ ഒഴിവാക്കാൻ 50 കോടി രൂപ വകയിരുത്തിയത് മലയോര കർഷകർക്ക് പ്രതീക്ഷ നൽകിയ ഒരു പ്രധാനപ്പെട്ട തീരുമാനമാണ്. ഈ സമൂഹത്തിൽ നല്ലരീതിയിലുള്ള വരവ് – ചെലവ് കണക്കുകളെ ഒന്നിപ്പിച്ച് ജനങ്ങളുടെ മുമ്പിൽ ഒരു മുന്നേറ്റമായി കൊണ്ടുവന്ന ഈ ബഡ്ജറ്റിനെ ഞാൻ അംഗീകരിക്കുന്നു. അതിനെ പിന്തുണയ്ക്കുന്നു. നികുതി നിർദ്ദേശങ്ങളിൽ ഷേക്സ്പീരിയൻ ഡ്രാമയായ ഹാംലറ്റിലെ ഒരുദ്ധരണിപോലെ ധനകാര്യ വകുപ്പുമന്ത്രി പറയാതെ പറഞ്ഞിട്ടുള്ളത്, 'I must be cruel, only to be kind.' ദയാലുവാകാൻ വേണ്ടി ക്രൂരനാകാതെ തരമില്ല. ക്ഷേമത്തിനായി നികുതിപിരിക്കാതെ തരമില്ല എന്ന ആപ്തവാക്യങ്ങളെല്ലാം അന്വർത്ഥമാക്കിക്കൊണ്ട് കേരളത്തിന് നല്ലൊരു ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട മാണി സാറിന്റെ ജന്മദിനം കൂടിയായ ഇന്നേ ദിവസം ഈ സഭയിൽ വെച്ച് അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. അജിത്: സർ, ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. പ്രതിപക്ഷ എം.എൽ.എ.മാരോട് തികച്ചും അന്യായമായ പെരുമാറ്റമാണ് ഈ ബഡ്ജറ്റിലൂടെ ഉണ്ടായിരിക്കുന്നത്. പ്രതിപക്ഷ എം.എൽ.എ.മാരുടെ മണ്ഡലങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾക്കോ വികസനപ്രവർത്തനങ്ങൾക്കോ ഈ ബഡ്ജറ്റിൽ യാതൊരു ശുപാർശയുമില്ല. 140 എം.എൽ.എ.മാർ ഒരുമിച്ചാണ് ഈ നിയമസഭയിൽ ഇരിക്കുന്നത്. പക്ഷേ, ഈ ബഡ്ജറ്റ് അവതരണത്തിലൂടെ പ്രതിപക്ഷ ബഞ്ചിലെ ഒരാൾക്കുപോലും ഒരാനുകൂല്യവും

ലഭിക്കുന്ന രീതിയിലുള്ള പെരുമാറ്റമല്ല ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്. ഇന്ന് രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി യുടെ രക്തസാക്ഷി ദിനമാണ്. ഈ അവസരത്തിൽ അദ്ദേഹത്തിന്റെ ചില വാചകങ്ങൾ ഓർത്തുപോവുകയാണ്; 'എന്റെ ആദർശം തുല്യ വിതരണമാണ്. എന്നാൽ ഞാൻ അറിഞ്ഞിടത്തോളം അത് അനുഭവത്തിൽ വരുത്താനാവുക യില്ല. അതുകൊണ്ട് നീതിപൂർവ്വമായൊരു വിതരണമാണ് എന്റെ പക്ഷം'. ഇവിടെ എന്തു നീതിയാണ് കാണിച്ചിരിക്കുന്നത്. ഇവിടെ പ്രതിപക്ഷ എം.എൽ.എ.മാരോട് ഒരുവിധത്തിലുള്ള നീതിയും ഭരണപക്ഷ എം.എൽ.എ. മാരോട് മറ്റൊരു വിധത്തിലുള്ള നീതിയുമാണ് കാണിച്ചിരിക്കുന്നത്. തീർച്ചയായും ജനങ്ങൾ ഇതൊക്കെ ചർച്ച ചെയ്യുകയാണ്. അതോടൊപ്പംതന്നെ ഞങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശാക്തീകരി ക്കാൻ ജനപക്ഷത്തേക്ക് പോയിക്കൊണ്ടിരിക്കുകയുമാണ്. ഇവിടെ ഓട്ടോറി ക്ഷയുടെ ടാക്സ് വർദ്ധിപ്പിക്കണമെന്ന് ബഡ്ജറ്റിൽ ശുപാർശ വന്ന ഉടൻതന്നെ ഇത് നല്ലകാര്യമല്ലെന്നും ടാക്സ് വർദ്ധിപ്പിക്കുന്നത് ഒഴിവാക്കണ മെന്നും ആവശ്യപ്പെടുകയുണ്ടായി. അന്നുതന്നെ മുഖ്യമന്ത്രി പങ്കെടുത്ത ഒരു പൊതുചടങ്ങിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിലല്ല, മറു പടി പ്രസംഗത്തിലാണ് അത്ഭുതങ്ങൾ ഉണ്ടാകാൻ പോകുന്നതെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. തുടർന്ന് ധനകാര്യ വകുപ്പുമന്ത്രി ഓട്ടോറിക്ഷകളി ന്മേൽ ഏർപ്പെടുത്തിയ ടാക്സ് വർദ്ധന പിൻവലിക്കുകയുണ്ടായി. ഇത് ബഹു മാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ചേർന്ന് ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്നതിനുവേണ്ടി, ബഡ്ജറ്റിന് കൈയടി കിട്ടുന്നതിനുവേണ്ടി യുള്ള ഒരു രഹസ്യ അജണ്ട നടപ്പിലാക്കുകയാണ് ചെയ്തത്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് പറയാൻ ഗവൺമെന്റിന് എന്ത് യോഗ്യതയാ

ണുള്ളത്. കഴിഞ്ഞ അഞ്ച് മാസത്തെ കർഷകത്തൊഴിലാളി പെൻഷൻ ഇപ്പോഴും കൊടുത്തുതീർത്തിട്ടില്ല. ക്ഷേമനിധിയിലെ വിവിധ ആനുകൂല്യ ങ്ങൾ വിതരണം ചെയ്യുന്നതിനായി ഏതാണ്ട് 178 കോടിയോളം രൂപ കുടിശ്ശി കയാണ്. കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിലും കയർത്തൊഴി ലാളി ക്ഷേമനിധി ബോർഡിലും  നാലഞ്ച് മാസത്തെ കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട്. പ്രാദേശിക പത്ര പ്രവർത്തക യൂണിയനുകൾക്ക് കഴിഞ്ഞ വർഷം ഒരു കോടി രൂപ കൊടുക്കാമെന്ന് പറഞ്ഞ് അവരെ പറ്റിക്കുകയുണ്ടാ യി. അവർക്ക് കൊടുക്കാമെന്ന് പറഞ്ഞ തുക ഇതുവരെയും കൊടുത്തില്ലെന്ന് പറഞ്ഞ് അവർ എം.എൽ.എ.മാരെ സമീപിക്കുകയുണ്ടായി. പ്രഖ്യാപനങ്ങളും അവാർഡും സെമിനാറും മാത്രമാണ് ഈ ബഡ്ജറ്റിലൂടെ ശ്രീ. കെ. എം. മാണി മുന്നോട്ടുവച്ചിരിക്കുന്നത്. സാധാരണക്കാരന്റെ പ്രശ്നങ്ങൾക്കൊന്നും പരിഹാരം കണ്ടെത്താൻ ഈ ബഡ്ജറ്റിലൂടെ കഴിഞ്ഞിട്ടില്ല. ഇന്നലെ മറുപടി പ്രസംഗത്തിലൂടെ ശ്രീ. കെ. എം. മാണി റബ്ബർ സംഭരണത്തിന് പത്ത് കോടി രൂപ അനുവദിക്കുമെന്ന് സൂചിപ്പിക്കുകയുണ്ടായി. ഈ പത്തുകോടി രൂപ ഉപ യോഗിച്ച് അദ്ദേഹത്തിന്റെ സ്ഥലമായ പാലയിലെ റബ്ബർ എങ്കിലും സംഭരി ക്കാൻ സാധിക്കുമോ: അപ്പോൾപിന്നെ കേരളത്തിന്റെ റബ്ബർ സംഭരണത്തിന് പത്ത് കോടി രൂപ തികയുന്നതെങ്ങനെയാണ്?  അതുകൊണ്ടുതന്നെ സാധാര ണക്കാരായ ജനങ്ങളെ പറ്റിക്കാൻ വേണ്ടിയും വരാൻ പോകുന്ന ഇലക്ഷനു മുന്നോടിയായിട്ടും അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റാണിത്. മഹാത്മാഗാന്ധിയുടെ രക്തസാക്ഷിദിനം ആഘോഷിക്കുന്ന ഈ വേളയിൽ എന്റെ നിയോജക മണ്ഡലത്തിൽ ഗാന്ധിജിയുടെ ഒരു പ്രതിമ സ്ഥാപിക്കുന്നതിനുവേണ്ടി 20 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. വൈക്കം സത്യാഗ്രഹ സമരവു

മായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി ചർച്ച നടത്തിയ ഇണ്ടംതുരുത്തിമനയിൽ പാർട്ടി മെമ്പർമാർ 48 ലക്ഷം രൂപ ചെലവഴിച്ച് ആ സ്മാരകം പുനർനിർമ്മിച്ചിരിക്കുകയാണ്. ഇവിടെ ഇരുപത് ലക്ഷം രൂപയ്ക്ക് എന്ത് നിർമ്മാണ പ്രവർത്തനമാണ് നടത്താൻ പോകുന്നത്. യഥാർത്ഥത്തിൽ രാഷ്ട്ര പിതാവിനെ അവഹേളിക്കുന്നതിന് തുല്യമായ ഒരു പ്രഖ്യാപനമാണിത്. അതുപോലെതന്നെ പാലാ നാരായണൻ നായർ, വൈക്കം മുഹമ്മദ് ബഷീർ എന്നിവരുടെ സ്മാരകം നിർമ്മിക്കുന്നതിനായി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ഏതാണ്ട് 50 ലക്ഷത്തോളം രൂപ അനുവദിക്കുകയുണ്ടായി. എന്നാൽ വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മാരകം നിർമ്മിക്കുന്നതിനായി ഈ ഗവൺമെന്റ് അഞ്ച് ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ഒരു അംഗൻവാടി കെട്ടിടം പണിയുന്നതിന് എനിക്ക് പത്ത് ലക്ഷം രൂപ ചെലവാക്കേണ്ടിവന്ന ഈ സാഹചര്യത്തിൽ അഞ്ച് ലക്ഷം രൂപ വിനിയോഗിച്ച് എന്ത് നിർമ്മാണ പ്രവർത്തനം നടത്താനാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഒരു കോഴിക്കൂടുപോലും പണിയാൻ സാധിക്കുകയില്ല. മഹാരഥന്മാരെ മുഴുവൻ ആക്ഷേപിക്കുന്ന നടപടിയിലേയ്ക്ക് പോകേണ്ട ആവശ്യമുണ്ടോ; അതുകൊണ്ട് ഈ ബഡ്ജറ്റിലൂടെ നടപ്പിലാക്കാൻ കഴിയാത്ത കുറേ പ്രഖ്യാപനങ്ങൾ മാത്രം നടത്തി ജനങ്ങളെ പറ്റിക്കുകയും അത് ഇലക്ഷനുവേണ്ടി ഉപയോഗിക്കുന്ന അവസ്ഥയിലേയ്ക്ക് പോകുകയും ചെയ്യുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ഈ വർഷം നല്ല രീതിയിലുള്ള ഫണ്ട് നീക്കിവച്ചിട്ടുണ്ട്, പക്ഷേ, കഴിഞ്ഞ വർഷം ഇതിനായി നീക്കിവച്ച ഫണ്ടിൽ എത്ര രൂപയാണ് ചെലവഴിച്ചത്. ഈ സാമ്പത്തിക വർഷം അവസാനിക്കാൻ ഇനി ഒരു മാസം മാത്രം ബാക്കിയുള്ളപ്പോൾ ഈ വിഭാഗത്തിനായി

അനുവദിച്ച ഫണ്ടിന്റെ വെറും നാൽപ്പത് ശതമാനം മാത്രമേ ചെലവഴിക്കാൻ സാധിച്ചുള്ളൂ. പട്ടികവർഗ്ഗക്കാർക്കായി നീക്കിവച്ച തുകയുടെ 29 ശതമാനം തുക മാത്രമേ വിനിയോഗിക്കാൻ സാധിച്ചുള്ളൂ. ബഡ്ജറ്റ് അവതരണത്തിനു ശേഷം ശ്രീ. കെ. എം. മുനീർ, പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട മുഴുവൻ എം. എൽ.എ.മാരുടെ യോഗം വിളിച്ച് സമയബന്ധിതമായും ക്രിയാത്മകമായും ടി ഫണ്ട് വിനിയോഗിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് പറഞ്ഞെങ്കിലും അതിന്മേൽ യാതൊരു നടപ ടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. താഴെത്തട്ടിലേയ്ക്ക് പോകുമ്പോൾ ഇതു മായി ബന്ധപ്പെട്ട് ഒരു കോ-ഓർഡിനേഷനും ഉണ്ടാകുന്നില്ല. അപ്പോൾ എല്ലാ വിഷയങ്ങളിലും ഗവൺമെന്റ് ഇതുപോലുള്ള സമീപനമാണ് എടുത്തിട്ടുള്ളത്. പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റോ മിശ്രവിവാഹിതരായവരുടെ കുട്ടികൾക്കുള്ള ഗ്രാന്റോ കൊടുക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റിന് ജനങ്ങളുടെ പക്ഷത്തുനിൽക്കാൻ കഴിയുന്നില്ല. എസ്.സി. കുട്ടികളുടെ ഗ്രാന്റ് 750 രൂപയും ന്യൂനപക്ഷ വിദ്യാർത്ഥികളുടെ ഗ്രാന്റ് 1000 രൂപയുമാണ്. ഇതിന്മേലൊരു താരതമ്യ പഠനം നടത്തി തുക വർദ്ധിപ്പിക്കേണ്ട തിന്റെ ആവശ്യകതയെപ്പറ്റി പരിശോധിക്കേണ്ടതാണ്. 2014-15 സാമ്പത്തിക വർഷത്തിൽ പട്ടികവിഭാഗക്കാർക്ക് വീട് വയ്ക്കുന്നതിനായി 2.50 ലക്ഷം രൂപ വീതം നൽകുമെന്നാണ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത്. ഒരു ലോഡ് എം.സാന്റിന് 30,000 രൂപയാണ് വില. മാത്രമല്ല, മെറ്റീരിയൽ കോസ്റ്റ് വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാര ത്തിൽ വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീത മായി വർദ്ധിക്കുകയും സാധാരണക്കാരന് ജീവിക്കാൻ കഴിയാത്ത സാഹചര്യ

മുണ്ടാകുകയും ചെയ്യുന്നു. അതുകൊണ്ട് പാവപ്പെട്ട ആളുകൾക്ക് വീട് നിർമ്മിക്കുവാനുള്ള സാമ്പത്തിക സഹായം അഞ്ച് ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കാരണം സാധാരണ ഒരു അംഗൻവാടി കെട്ടിടം പണിയാൻ എം.എൽ.എ. ഫണ്ടിൽനിന്നും പത്ത് ലക്ഷം രൂപ നൽകുമ്പോൾ സാധാരണക്കാരന് ചെറിയൊരു വീട് പണിയുന്നതിന് രണ്ടര ലക്ഷം രൂപ എന്നത് 5–10 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കണം. ഞാൻ ദീർഘിപ്പിക്കുന്നില്ല. സർ, ഇവിടെ ഐ.എ.വൈ. പദ്ധതിപ്രകാരം വീടുവയ്ക്കുന്നതിനെപ്പറ്റി ചർച്ച ചെയ്യുകയുണ്ടായി. ഈ പദ്ധതിപ്രകാരമുള്ള പല വീടുകളുടെയും പണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. കാരണമെന്താണ്? ഗവൺമെന്റ് കൊടുക്കേണ്ട വിഹിതം നാളിതുവരെ കൊടുത്തിട്ടില്ല. അതുകാരണം ബാങ്കിൽ നിന്നും ലോൺ കൊടുക്കുന്നില്ല. ഇതിനായി പതിനഞ്ച് ശതമാനം പലിശയ്ക്ക് ലോണെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് പറഞ്ഞിരിക്കുന്നത്. പക്ഷേ, ആരാണ് അവർക്ക് ലോൺ കൊടുക്കുന്നത്. ഗവൺമെന്റ് കൊടുക്കേണ്ട വിഹിതം കൊടുക്കാതിരിക്കുന്ന സാഹചര്യത്തിൽ മറ്റുള്ളവർക്ക് സഹായിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് പാവപ്പെട്ട ആളുകളുടെ വീടുപണി നടക്കുന്നില്ല. ഈ നാട്ടിലെ പാവപ്പെട്ടവന്റെ ജീവിതം വളരെ ദുസ്സഹമായിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യെക്കുറിച്ച് ചർച്ച നടന്നു. എല്ലാവരും കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്ര ചെയ്യുന്നവരാണ്. കെ.എസ്.ആർ.ടി.സി.യെ ശാക്തീരിക്കണമെന്നും അതിനെ നിലനിർത്തണമെന്നുമാണ് എല്ലാവരും ഒറ്റകെട്ടായി ആവശ്യപ്പെടുന്നത്. 2020–ഓടെ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കൊപ്പം പെൻഷൻകാരുടെ എണ്ണവും വർദ്ധിക്കുകയാണ്. ഈ പ്രതിസന്ധി വളരെ ഗൗരവമായി

പഠിക്കുന്നതിന് ഗവൺമെന്റ് ഒരു ഉപസമിതിയെ വച്ചിട്ടുണ്ട്. നമ്മുടെ മുന്നിലുള്ള ഉപസമിതികളെല്ലാം തന്നെ പഠനത്തിനുശേഷം നിലച്ചുപോവുകയും കാണാതെപോവുകയും ചെയ്യുന്നൊരു സാഹചര്യമാണ്. അതുകൊണ്ട് കെ.എസ്.ആർ.ടി.സി.യുടെ കാര്യങ്ങൾ പഠിക്കാനായി ഗവൺമെന്റ് നിയോഗിച്ചിട്ടുള്ള ഉപസമിതി ക്രിയാത്മകമായി ഇടപെടുകയും അവർക്ക് സമയബന്ധിതമായി പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിക്കുകയും വേണം. കെ.എസ്.ആർ.ടി.സി. പെൻഷൻ സ്കീം ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് ഈ മേഖലയെ സംരക്ഷിക്കുവാനുള്ള നടപടിയിലേക്ക് പോകണം. എന്റെ നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് വിഷയങ്ങൾ സൂചിപ്പിക്കുകയാണ്. 2011-ൽ ഡോ. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഒരുപാട് ആനുകൂല്യങ്ങൾ നൽകി എന്റെ നിയോജക മണ്ഡലത്തെ നിലനിർത്തിയതാണ്. എന്നാൽ ശ്രീ. കെ. എം. മാണി വന്നതിനുശേഷം ഓരോ ഘട്ടങ്ങളിലായി അവിടത്തെ എല്ലാ വികസനപ്രവർത്തനങ്ങളും തുരങ്കം വയ്ക്കുകയാണ്. കോട്ടയം ജില്ലയിൽ നിന്ന് വൈക്കത്തെ മാറ്റുമോയെന്നാണ് ഇപ്പോഴത്തെ സംശയം. അദ്ദേഹം മന്ത്രിയും അദ്ദേഹത്തിന്റെ മകൻ എം.പി.യുമായിരിക്കുന്നിടത്തോളം കാലം വൈക്കത്ത് യാതൊരുവിധ വികസനപ്രവർത്തനങ്ങളും നടക്കുകയില്ല. രാഷ്ട്രീയപരമായിത്തന്നെയാണ് ഞാൻ അതിനെ കാണുന്നത്. കാരണം ഞങ്ങൾ മുന്നോട്ടുവച്ച ഒരു ഫയർ സ്റ്റേഷൻ ഉൾപ്പെടെയുള്ള പല വികസന പ്രവർത്തനങ്ങളും അവിടെനിന്നും എടുത്തുമാറ്റി. നേരെകടവ് -മാക്കേക്കടവ് പാലം നവംബർ മാസം ഒന്നാം തീയതി തറക്കല്ലിടുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വിക

സനപ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. ഉള്ള വികസനപ്രവർത്തനങ്ങൾ മുരടിപ്പിക്കുന്ന അവസ്ഥയിലേക്ക് പോവുകയാണ്. കോട്ടയം ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തി. വൈക്കത്തുനിന്ന് കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് പോകുന്നതിന് 32 കിലോമീറ്റർ ദൂരമുണ്ട്. എന്തെങ്കിലും അത്യാഹിതം സംഭവിച്ചാൽ 32 കിലോമീറ്റർ യാത്ര ചെയ്താണ് കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് പോകേണ്ടത്. അതുകൊണ്ട് വൈക്കത്തെ ആശുപത്രിയെ ഒരു ജില്ലാ ആശുപത്രിയാക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്. പക്ഷേ, ഗവൺമെന്റ് അക്കാര്യം പരിഗണിക്കുന്നില്ല. അതുപോലെതന്നെ വൈക്കത്തൊരു കോളേജ് വേണമെന്നും അതിനായി വൈക്കം മുനിസിപ്പാലിറ്റി അഞ്ച് ഏക്കർ ഭൂമി ഗവൺമെന്റിൽ സറണ്ടർ ചെയ്യാമെന്നും അതിനായി ആസ്തിവികസന ഫണ്ടിൽ നിന്നുള്ള തുക കൊടുക്കാമെന്നും പറഞ്ഞു. പക്ഷേ, കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച ഒരു ആയുർവ്വേദ കോളേജുൾപ്പെടെ ആറോ ഏഴോ കോളേജുകളാണ് ഇവിടെ നടപ്പിലാക്കാൻ സാധിച്ചത്. ബാക്കിയുള്ള 22 കോളേജുകളുടെ കാര്യങ്ങൾ പറഞ്ഞുവെങ്കിലും ഒന്നും നടന്നില്ല. പലയിടത്തും കെട്ടിടങ്ങളും ഭൂമിയുമില്ലെന്നാണ് പറയുന്നത്. പക്ഷേ, സ്ഥലമുള്ളിടത്ത് കോളേജ് അനുവദിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇത് രാഷ്ട്രീയപരമായിട്ടുള്ള വിവേചനമാണ്. ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഇവിടെ നടപ്പിലാക്കിയ ഒരു പ്രവർത്തനവും പ്രതിപക്ഷ എം.എൽ.എ.മാരുടെ മണ്ഡലങ്ങൾക്ക് ലാഭകരമല്ലാത്തവയാണ്. അതുകൊണ്ട് എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട് എങ്കിലും വർദ്ധിപ്പിക്കുകയും അവ നടപ്പിലാക്കുകയും വേണം. ഞങ്ങൾ സ്പെഷ്യൽ പാക്കേജിലൂടെ അല്ലെങ്കിൽ ഞങ്ങളുടെ മണ്ഡ

ലങ്ങളുടെ ആവശ്യങ്ങൾ നിലനിർത്തേണ്ട ആവശ്യകതയിൽ തുല്യത തരണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. കൃഷ്ണൻ: സർ, 2013–14 സാമ്പത്തിക വർഷത്തിലെ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും ഞാൻ എതിർക്കുകയാണ്. ഇന്നലെ മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിന്മേൽ നടന്ന ചർച്ചയ്ക്കിടയിലും ചോദ്യോത്തരവേളയിലുമെല്ലാം സൂചിപ്പിച്ച ചില കാര്യങ്ങൾ ഞാൻ ഇവിടെ ഉന്നയിക്കാൻ പോകുകയാണ്. നമ്മുടെ പരമ്പരാഗത വ്യവസായങ്ങളുടെ കാര്യമെടുത്താലും 70 ലക്ഷത്തിൽപ്പരം വരുന്ന തൊഴിലാളികൾ ഉൾക്കൊള്ളുന്ന തൊഴിലാളിക്ഷേമ പദ്ധതികളുടെ കാര്യമെടുത്താലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിൽ ഓരോ മേഖലയിലുമുള്ള ഞെരുക്കവും പ്രയാസങ്ങളും കൂടിക്കൂടി വരികയാണ്. ഉദാഹരണത്തിന് കർഷകത്തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട കാര്യം തന്നെ എടുക്കാം. എൽ.ഡി.എഫ്. ഗവൺമെന്റ് അവസാന ബഡ്ജറ്റ് അവതരിപ്പിച്ച് ഒഴിഞ്ഞുപോകുന്ന സന്ദർഭത്തിൽ അതിന് മുമ്പുണ്ടായിരുന്ന എല്ലാ കുടിശ്ശികയും കൊടുത്ത് തീർത്ത് മൂന്ന് മാസത്തെ കർഷകത്തൊഴിലാളി പെൻഷനും കൂടി അഡ്വാൻസായി പ്രഖ്യാപിച്ചുകൊണ്ടാണ് ഒഴിഞ്ഞുപോയത്. പിന്നീട് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. മണ്ണിൽ പണിയെടുക്കുന്ന പാവപ്പെട്ട തൊഴിലാളികൾക്കുവേണ്ടിയുള്ള ഒരു ക്ഷേമനിധി ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. ആ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് കിട്ടേണ്ട വിവിധ ആനുകൂല്യങ്ങൾ ഒരു കിട്ടാക്കനിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഒരു കർഷകത്തൊഴിലാളി മരിച്ചാൽ അയാളുടെ ശേഷക്രിയയ്ക്കും മറ്റു

കാര്യങ്ങൾക്കും കൊടുക്കുന്ന മരണാനന്തര സഹായം, കർഷകത്തൊഴിലാളികളുടെ അധിവർഷ ആനുകൂല്യം, കർഷകത്തൊഴിലാളികളുടെ മക്കളുടെ വിവാഹത്തിനായുള്ള ധനസഹായം, കർഷകത്തൊഴിലാളികളുടെ പ്രസവാനുകൂല്യം, അവർക്കുള്ള ചികിത്സാ ധനസഹായം ഇതൊന്നും ഇപ്പോൾ വിതരണം ചെയ്യുന്നില്ല. ഇതിനെല്ലാമായി 180,27,00,000 (നൂറ്റിഎൺപത് കോടി ഇരുപത്തിയേഴ് ലക്ഷം) രൂപ കൊടുത്തുതീർക്കാൻ ബാക്കിയുണ്ടെന്നാണ് ഈ സഭയിൽ നൽകിയിട്ടുള്ള മറുപടിയിൽ പറയുന്നത്. ഏറ്റവും പാവപ്പെട്ട യാതൊരു ഗതിയുമില്ലാത്ത കർഷകത്തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ലഭിക്കേണ്ട ഈ ആനുകൂല്യങ്ങളിൽ കുടിശ്ശിക വരുത്തിയത് ഒരു കാരണവശാലും ന്യായീകരിക്കാൻ കഴിയുന്ന ഒരു കാര്യമല്ല. മറ്റ് ക്ഷേമനിധികളുടെ കാര്യവും ഇതുപോലെതന്നെയാണ്. കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലക്ഷക്കണക്കിന് രൂപ കുടിശ്ശികയാണ്. വീടുകളിലും മറ്റും പണിയെടുക്കുന്നവർക്കുവേണ്ടി ഒരു ക്ഷേമനിധിയുണ്ടാക്കിയിട്ടുണ്ട്. അതാണ് കേരള ഗാർഹികത്തൊഴിലാളി ക്ഷേമനിധി. അവരുടെ ക്ഷേമനിധി ആനുകൂല്യങ്ങളും കൊടുക്കാൻ ബാക്കിയാണ്. തയ്യൽത്തൊഴിലാളികൾക്കുവേണ്ടി അവരുടെയും കൂടി വിഹിതം ശേഖരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരു ക്ഷേമനിധിയുണ്ട്. അതിലും പ്രസവാനുകൂല്യവും ചികിത്സാസഹായവും മരണാനന്തര സഹായവും ഉൾപ്പെടെ ഒരു കോടിയോളം രൂപയുടെ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ഈറ്റ-പനമ്പ്, കശുവണ്ടി മേഖലയിലുള്ള തൊഴിലാളികൾക്കുവേണ്ടിയുള്ള ആശ്വാസ ക്ഷേമനിധിയിൽ 6 കോടിയിൽപ്പരം രൂപ കുടിശ്ശികയാണ്. 70 ലക്ഷത്തിൽപ്പരം വരുന്ന ക്ഷേമനിധി അംഗങ്ങൾക്കും മറ്റ് നിർമ്മാണ മേഖലയിലുള്ളവർക്കും

കൊടുക്കാനുള്ള തുച്ഛമായ ആനുകൂല്യങ്ങൾ യഥാവസരം കൊടുക്കുന്നതിനുള്ള നടപടികൾ ഇവിടെ സ്വീകരിക്കപ്പെടുന്നില്ല എന്നുള്ളതാണ് ഇതിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നത്. അവരുടെ അംശദായം വേണ്ടതുപോലെ പിരിച്ചെടുക്കാത്തതാണ് കുടിശ്ശിക വരാനുള്ള പ്രധാന കാരണം. ഗ്രാന്റ് ഇനത്തിലും അംശദായ ഇനത്തിലുമെല്ലാം ഗവൺമെന്റ് ഈ ക്ഷേമനിധികളിലേക്ക് കോടിക്കണക്കിന് രൂപ കൊടുക്കേണ്ടതായിട്ടുണ്ട്. ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ്, ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എംപ്ലോയീസ് ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കൈത്തൊഴിലാളി ക്ഷേമനിധി ബോർഡ്, ബാർബർ ആന്റ് ബ്യൂട്ടീഷൻസ് ക്ഷേമനിധി ബോർഡ് – അവർ ഇപ്പോൾ ഒരു ജാഥ നടത്തിക്കൊണ്ടിരിക്കുകയാണ് – ഇതുപോലെയുള്ള മേഖലകളിലെ തൊഴിലാളികൾക്ക് കൊടുക്കേണ്ട കോടിക്കണക്കിന് രൂപ – ഇതെല്ലാം കൂടിയാലും ഏതാണ്ട് നൂറ് കോടിയോളം രൂപ വരുമെന്നാണ് കണക്ക് വ്യക്തമാക്കുന്നത്. ഇത് ഗവൺമെന്റ് കൊടുക്കാത്തതുകൊണ്ട് തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ ക്ഷേമനിധി ബോർഡ് നൽകുന്നില്ല എന്നൊരവസ്ഥയുണ്ട്. അത് ഈ ഗവൺമെന്റിന് ഭൂഷണമല്ല. ക്ഷേമനിധികളുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. അതിനാവശ്യമായ പണം വകയിരുത്തേണ്ടതായിട്ടുണ്ട്. നമ്മുടെ വ്യവസായ മേഖലകളെടുത്തുപരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാണ്, ഈ ബഡ്ജറ്റിലോ അതിന് മുമ്പോ പൊതുമേഖലാ വ്യവസായങ്ങൾക്കുവേണ്ടി ചെലവഴിക്കാനായി ഒരു കോടി രൂപ പോലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. ഇങ്ങനെയായാൽ പൊതുമേഖലകൾ നിലനിൽക്കില്ല. ഉള്ള പൊതുമേഖലാ

വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളില്ല. ഇവിടെ ആരെങ്കിലും മൂലധനമിറക്കി വ്യവസായം തുടങ്ങുകയാണെങ്കിൽ തന്നെ അതിന് വൈദ്യുതി ആവശ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന തിനുശേഷം ഒരു യൂണിറ്റ് വൈദ്യുതി പോലും കൂടുതലായി ഉല്പാദിപ്പിക്കുന്ന തിന് വൈദ്യുതി ബോർഡിന് സാധിച്ചിട്ടില്ല. ഇവിടം വ്യവസായങ്ങളുടെ ശവപ്പറമ്പായി മാറാൻ പോകുകയാണ്. മറ്റ് പരമ്പരാഗത വ്യവസായ മേഖല കളുടെ കാര്യമെടുത്താലും അത് തന്നെയാണ് അവസ്ഥ. കൈത്തറിയുടെ കാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. കേരളത്തിന്റെ കൈത്തറി, പ്രത്യേകിച്ച് കണ്ണൂർ മേഖല കൈത്തറിയുടെയും വ്യവസായങ്ങളുടെയും ഒരു കേന്ദ്രമാണ്. ആ വ്യവസായങ്ങളാകെ തകർന്നുകൊണ്ടിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൈത്തറി-ഖാദി വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഒട്ടേറെ നടപടികൾ ആരംഭിച്ചിരുന്നു. അതിന്റെ ഭാഗമായി വിപണി വിപുലീകരണത്തിനുവേണ്ടി ഒരു വലിയ പ്രചാര വേല നടത്തി. മാത്രമല്ല, പ്രായോഗികമായ നടപടികളും സ്വീകരിച്ചു. സർക്കാർ ജീവനക്കാർ ആഴ്ചയിൽ ഒന്നോരണ്ടോ ദിവസം കൈത്തറിയോ ഖാദിയോ വസ്ത്രങ്ങൾ ധരിക്കണം. അതുപോലെതന്നെ സ്കൂൾ വിദ്യാർത്ഥി കൾക്ക് ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും കൈത്തറി-ഖാദി യൂണിഫോം ധരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൊടുത്തു. ധാരാളം കൈത്തറി – ഖാദി വസ്ത്രങ്ങൾ ആ തരത്തിൽ ചെലവഴിക്കാനായി സാധിച്ചു. ഈ ഗവൺമെന്റ് യൂണിഫോം തുണിയ്ക്കുള്ള പണം ഇതേവരെ കൊടുത്തിട്ടില്ലെന്ന് മാത്രമല്ല, കൈത്തറി-ഖാദി വസ്ത്രങ്ങൾ വാങ്ങുന്നതിനുപകരം മഫത്ത്ലാലിനെപ്പോലെ യുള്ള കമ്പനികളിൽ നിന്ന് തുണി വാങ്ങുന്നതിനാണ് ഗവൺമെന്റ് ഇപ്പോൾ നിർദ്ദേശം കൊടുത്തിരിക്കുന്നത്. അത് ഈ വ്യവസായത്തെ സംരക്ഷിക്കുന്ന

തിന് സഹായകമായിട്ടുള്ള ഒരു കാര്യമല്ല. ഖാദി മേഖലയെ സംബന്ധിച്ചിടത്തോളം ഇന്നലെ ചർച്ചയ്ക്ക് മറുപടി പറയുന്ന സമയത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചില പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ഖാദി തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് തുക വർദ്ധിപ്പിച്ച് കൊടുക്കാൻ നടത്തിയ പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഖാദി തൊഴിലാളികൾ വളരെ കുറഞ്ഞ കൂലി ലഭിക്കുന്നവരായതുകൊണ്ട് അവർക്കൊരു പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രഖ്യാപിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ്. അത് വർദ്ധിപ്പിക്കാൻ എടുത്തിട്ടുള്ള തീരുമാനം സ്വാഗതാർഹമായ ഒരു കാര്യമാണ്. പക്ഷേ അതുകൊണ്ട് മാത്രമായില്ല. അതിവിശാലമായിട്ടുള്ള അല്ലെങ്കിൽ തുറന്നുകിടക്കുന്ന വിപണി അതിനുണ്ട്. ആ വ്യവസായത്തെ നിലനിർത്താൻ സാധിക്കുന്നതിലേയ്ക്കാവശ്യമായ ഖാദി വസ്ത്രങ്ങൾ ഉത്പ്പാദിപ്പിക്കാൻ സാധിക്കത്തക്കനിലയിൽ ഫലപ്രദമായ നടപടികൾ ആ മേഖലയിൽ ഇനിയും സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. സാജു പോൾ: സർ, ഖാദിയുടെ കാര്യം പറയുമ്പോൾ, കോൺഗ്രസ്സുകാരിൽ പലരും ഇപ്പോഴും ഖാദി ധരിക്കാറില്ല. അത് ധരിച്ചവരെ കാണുന്നതുതന്നെ അവരിൽ പലർക്കും ഇഷ്ടമില്ല എന്ന വിവരം കൃഷ്ണേട്ടനറിയാമോ?

ശ്രീ. സി. കൃഷ്ണൻ: സർ, ഇപ്പോൾ കോൺഗ്രസ്സുകാരിൽ എല്ലാവരും ഖാദി ധരിക്കുന്നില്ല. മാത്രമല്ല, ഖാദി എന്ന പേരിൽ പലരും ഉപയോഗിക്കുന്നത് ഖാദിയല്ല. ഇരിപ്പൂർ ഖാദിയാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വ്യാജ ഖാദിയാണ് വ്യാപകമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. നല്ല ഖാദി

വാങ്ങാൻ കിട്ടുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ ആവശ്യമാണ്. മറ്റൊരു പ്രധാനപ്പെട്ട മേഖലയായിരുന്നു ബീഡി വ്യവസായം. അതിനെക്കുറിച്ച് ഞാൻ കൂടുതൽ പറയുന്നില്ല. കോടതിയുടെ ഇടപെടൽ, പുകവലി നിരോധനം, ബീഡി ഉപയോഗിക്കാൻ പാടില്ല എന്നുള്ള പ്രചരണം എന്നിവയുടെ ഫലമായി ദുർബലമായ ഒരു വ്യവസായമാണ് ബീഡി വ്യവസായം. ദൂരപരിധിയുടെ പേരിൽ പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ട് ഇപ്പോൾ ആ വ്യവസായത്തിൽ പോലീസിന്റെ റെയ്ഡ് നടന്നുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. ആ പരിശോധന നടത്തുന്നതിന്റെ ഭാഗമായി കടകളിൽ നിന്നും ബീഡിയും മറ്റും കണ്ടെടുത്ത് ചുട്ടുകരിക്കുന്ന നടപടികളിലേക്ക് പോകുകയാണ് ചെയ്യുന്നത്. ഇനി ബീഡി വിൽക്കേണ്ടതില്ല എന്ന് പഴയങ്ങാടി എന്നു പറയുന്ന ഒരു കേന്ദ്രത്തിൽ വ്യാപാരികൾ ചേർന്നു തീരുമാനിച്ചു. അതുപോലെ തന്നെയാണ് കേരളത്തിൽ ബീഡിയുൽപ്പാദനം കുറയുമ്പോൾ അന്യസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ബംഗാളിൽ നിന്നൊക്കെയും ഡ്യൂട്ടി അടയ്ക്കാത്ത ബീഡി ഇങ്ങോട്ട് കടത്തിക്കൊണ്ടുവരികയാണ് ചെയ്യുന്നത്. അത് ഈ വ്യവസായങ്ങളെ ദുർബ്ബലമാക്കുന്നതിന് ഇടയാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ദിനേശ് ബീഡിയെ സംരക്ഷിക്കാൻ സാധിക്കുന്നില്ല. അവർക്കുവേണ്ടി കൊണ്ടുവന്ന ഒരാശ്വാസ പെൻഷൻ പദ്ധതിയുണ്ട്. ഞാൻ ഈ സഭയിൽ പലപ്രാവശ്യം ഉന്നയിച്ചതാണ്. ഒടുവിൽ അതിന്റെ കുടിശ്ശിക തീർക്കുന്നതിനുവേണ്ടി 2 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നല്ലകാര്യമാണ്. അതുകൊണ്ടുമാത്രം അവിടത്തെ പ്രശ്നം തീർക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. 5 കോടിരൂപയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ അവരുടെ ആശ്വാസ പെൻഷൻ കുടിശ്ശിക തീർത്തുകൊടുക്കാൻ

സാധിക്കുകയുള്ളൂ അതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട് എന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ മണ്ഡലവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരുകാര്യം കൂടെ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എന്റെ മണ്ഡലത്തിൽ മൊട്ടത്തലച്ചിമലയിൽ തിരുമേനി വില്ലേജിൽ ഈയിടെ വനംകൊളള നടന്നതായി ഫോട്ടോസഹിതം പത്രത്തിൽ വരികയുണ്ടായി. ഫലപ്രദമായ നടപടികൾ ഉണ്ടായിട്ടില്ല. കർണ്ണാടക ഫോറസ്റ്റുമായി തൊട്ടുകിടക്കുന്ന ഒരു പ്രദേശമാണിത്. അവിടെ തീവ്രവാദികളുടെ ഭീഷണിയും കടന്നുകയറ്റവുമെല്ലാം നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. ചെറുകുന്ന് പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ദീർഘകാലമായിട്ടുളള ഒരാവശ്യമുണ്ട്. ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ നടപടിയുണ്ടാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പി. ഉബൈദുളള</u>: സർ, ഉപധനാഭ്യർത്ഥനകളെയും അധികധനാഭ്യർത്ഥനകളേയും ഞാൻ അനുകൂലിക്കുകയാണ്. പ്രതിപക്ഷത്തുളളവർക്കുപോലും ഇതിനെ പിന്തുണക്കാതിരിക്കാൻ കഴിയില്ല. അവരൊക്കെ പുറത്ത് എന്തുപറഞ്ഞാലും ഈ ഗവൺമെന്റ് നിലനിൽക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ജനങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുന്ന ലോകപ്രശസ്തനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് അഞ്ചുവർഷം പൂർത്തീകരിച്ച് വീണ്ടുമൊരു അഞ്ചുവർഷം കൂടി ഭരിക്കണമെന്നാണ് ഇപ്പോൾ കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്. അരനൂറ്റാണ്ടുകാലം നിയമസഭാംഗമായിരിക്കുകയും 12 ബഡ്ജറ്റുകൾ അവതരിപ്പിച്ച് റെക്കോർഡ് സൃഷ്ടിക്കുകയും ചെയ്ത മാണി സാറിന് ജന്മദിനാംശംസകൾ നേരുകയാണ്. അതോടൊപ്പം ഇനിയും ഇതുപോലുളള ഒട്ടേറെ ബഡ്ജറ്റുകൾ അവതരിപ്പിക്കാൻ അദ്ദേഹത്തിന് അവസരമുണ്ടാകട്ടെ എന്നു

കൂടി പ്രാർത്ഥിക്കുകയാണ്. സാധാരണഗതിയിൽ അരനൂറ്റാണ്ടുകാലം ഒരു സഭയിൽ അംഗമായിരിക്കുകയും ഇത്രയധികം ബഡ്ജറ്റുകൾ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ സ്വാഭാവികമായും മടുപ്പ് തോന്നാറുണ്ട്. കുറേ വർഷം കഴിയുമ്പോൾ എല്ലാവരുടെയും മനസ്സ് ഇടുങ്ങിവരികയാണ് പതിവ്. എന്നാൽ അതിൽ നിന്ന് തികച്ചും വ്യത്യസ്തനാണ് മാണിസാർ. വർഷം കൂടുന്തോറും അദ്ദേഹത്തിന്റെ മനസ്സ് വിശാലമായിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് ഇന്നലെയും നമ്മൾ ഇവിടെ കണ്ടത്. ചോദിക്കുന്നതൊക്കെ കൊടുക്കുകയാണ്. അത് പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ല. ഏതുമെമ്പർ ചോദിച്ചാലും ചോദിച്ചതൊക്കെ പെട്ടന്ന് കൊടുക്കുന്ന കാഴ്ചയാണ് ഇന്നലെ നമ്മൾ ഇവിടെ കണ്ടത്. അങ്ങോട്ട് തിരിഞ്ഞാണ് മാണി സാർ സംസാരിച്ചത് എന്നതുകൊണ്ട് പുറകിലിരിക്കുന്ന പലരേയും കാണാതെ പോയിട്ടുണ്ട് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അപ്പുറത്തിരിക്കുന്ന ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) രണ്ടുകോടി രൂപ ചോദിച്ചപ്പോൾ അഞ്ചുകോടിരൂപയാണ് കൊടുത്തത്. ഇങ്ങനെ ഉദാരമനസ്സ് കാണിക്കുന്ന ഒരു ധനകാര്യവകുപ്പു മന്ത്രിയെ നമുക്ക് എവിടെയെങ്കിലും കാണാൻ കഴിയുമോ; ഇവിടെ പാവപ്പെട്ടവർ യാത്രചെയ്യുന്ന ഓട്ടോറിക്ഷയ്ക്ക് നികുതി ഏർപ്പെടുത്തുന്ന നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. ഭരണ-പ്രതിപക്ഷത്തുള്ളവർ ഒരുമിച്ചാവശ്യപ്പെട്ടത് ഇത് പാവപ്പെട്ടവനെ ബാധിക്കുന്ന പ്രശ്നമാണ്, അതുകൊണ്ട് ഓട്ടോറിക്ഷയ്ക്ക് ചുമത്തിയ നികുതി പിൻവലിക്കണം എന്ന ആവശ്യമുയർന്നപ്പോൾ എല്ലാ വിഷയത്തിലും ദുർബലജനവിഭാഗത്തോടൊപ്പം നിൽക്കുന്ന ഈ ഗവൺമെന്റും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയും അതുൾക്കൊണ്ടുകൊണ്ട് ഓട്ടോറിക്ഷയുടെ ടാക്സ് ഒഴിവാക്കാൻ തീരുമാനിച്ച നടപടിയെ നമുക്ക് സ്വാഗതം ചെയ്യാതിരിക്കാൻ കഴിയില്ല. അതോടുകൂടി ഒരു

സമരത്തിനുള്ള അവസരം നഷ്ടപ്പെട്ടു. സമരത്തിന് ആളെ കിട്ടാത്ത ഈ അവസ്ഥയിൽ സി.പി.ഐ.(ഐ)-ഉം തടി രക്ഷപ്പെടുത്തി. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, എം-സാന്റ് ഉൾപ്പെടെയുള്ള നിർമ്മാണമേഖലയുമായി ബന്ധപ്പെട്ട മെറ്റീരിയൽസിന് നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. സാധാരണക്കാരന് ഒരു വീടുപോലും നിർമ്മിക്കാൻ കഴിയാത്ത സ്ഥിതി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മറ്റു നിർമ്മാണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും എന്നതുകൊണ്ട് എം-സാന്റ് ഉൾപ്പെടെയുള്ള മെറ്റീരിയൽസിന് ഏർപ്പെടുത്തിയിട്ടുള്ള നികുതി പരമാവധി കുറയ്ക്കുന്നതിനുള്ള നടപടി എടുക്കേണ്ടതാണ്. ഞാൻ മനസിലാക്കുന്നത് കേരളത്തിലെ നിയമസഭയുടെ ചരിത്രത്തിൽ തന്നെ ഒരുപക്ഷേ കാർഷികമേഖലക്ക് ഇത്രയേറെ പ്രാധാന്യം നൽകിയ ഒരു ബഡ്ജറ്റ് ഇതിനുമുമ്പ് അവതരിപ്പിച്ചിട്ടുണ്ടാവില്ല. നമ്മുടെ സംസ്ഥാനം ഒരു കാർഷിക സംസ്ഥാനമാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും വികാരമുൾക്കൊണ്ടുകൊണ്ട് കാർഷികവൃത്തിയിൽ നിന്ന് പുറകോട്ട് പൊയ്ക്കൊണ്ടിരിക്കുന്ന കർഷകരെ കാർഷിക മേഖലയിൽത്തന്നെ പിടിച്ചുനിർത്താൻ ഉപയോക്തമാക്കുന്ന രീതിയിലുള്ള ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട കെ.എം. മാണി ഇവിടെ അവതരിപ്പിച്ചത്. നാളികേര കർഷകരും റബ്ബർ കർഷകരും ഉൾപ്പെടെ എല്ലാവരും പ്രയാസത്തിലായിരുന്നു. നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് നടപ്പാക്കിയിട്ടുള്ള നീര ഉൽപ്പാദന പദ്ധതിയുടെ ഭാഗമായി നാളികേരളത്തിന്റെ വിലവർദ്ധിച്ച സാഹചര്യമുണ്ടായി. അതിന് മുൻകൈ എടുത്ത ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ആളുകളെ ഞാൻ അഭിനന്ദിക്കുകയാണ്. നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട് നീലേശ്വരത്ത് ഇപ്പോൾ ട്രെയിനിംഗ് നൽകുന്നതുപോലെ നാളികേരത്തിൽ നിന്ന് മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതുമായി

ബന്ധപ്പെട്ട് കർഷകർക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം കൂടി ഗവൺമെന്റ് ഏർപ്പെടുത്തും എന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. ഞങ്ങൾ തിരുവനന്തപുരത്തേക്ക് ട്രെയിനിൽ ദിവസേന വരുമ്പോൾ ആർ.സി.സി.യി ലേക്ക് കാൻസർ ചികിൽസയ്ക്ക് വരുന്ന രോഗികളെയാണ് ഏറ്റവും കൂടു തൽ കാണുന്നത്. അവരെ പരിചരിക്കാൻ വരുന്നവരുമുണ്ടാകും. ട്രെയിനിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും ഒക്കെ കേൾക്കുന്ന ഒരേയൊരു ശബ്ദം എന്നുപറയുന്നത് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ശബ്ദമാണ്, കാരുണ്യ ബെലവലന്റ് സ്കീമിനെക്കുറിച്ച് അദ്ദേഹത്തിന്റെ അനൗൺസ്മെന്റാണ്. ഏതെങ്കിലുമൊരു സ്റ്റേഷനിൽ എത്തുമ്പോൾ അർദ്ധ രാത്രി നമ്മൾ ഉണർന്നാൽപ്പോലും കേൾക്കുന്നത് ബഹുമാനപ്പെട്ട മാണി സാറിന്റെ ശബ്ദമാണ്. അതുകൊണ്ട് ശ്രീ.കെ.എം. മാണിയുടെ പേര് മാത്ര മല്ല, അദ്ദേഹത്തിന്റെ ശബ്ദം പോലും ജനമനസ്സുകളിൽ, മലയാളികളുടെ മന സ്സുകളിൽ ഇന്ന് പതിഞ്ഞിരിക്കുകയാണ്. നമുക്കറിയാം മുമ്പ് ഇടതുപക്ഷം സംസ്ഥാനം ഭരിക്കുമ്പോൾ ലോട്ടറികൾ നടത്തിയത് സാന്റിയാഗോ മാർട്ടിനു വേണ്ടിയും ലിസ് ചാക്കോയ്ക്കുമൊക്കെ നികുതി വെട്ടിക്കുന്നതിനു വേണ്ടിയാണെങ്കിൽ പാവപ്പെട്ട രോഗികളെ സഹായിക്കുന്നതിനുവേണ്ടിയാണ് കാരുണ്യലോട്ടറി നടത്താൻ ഈ ഗവൺമെന്റ് മുന്നോട്ടുവന്നത്. അതുകൊ ണ്ടാണ് നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിനടക്കം മാണിസാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കാരുണ്യ ബെനവലന്റ് സ്കീമിനെക്കുറിച്ച് പുകഴ്ത്തിപ്പറയേണ്ടി വന്നത്. മാണി സാർ അദ്ദേഹത്തിന്റെ ഓഫീസിലിരുന്ന് 200 കോടിരൂപ കൊടുത്തിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ സമ്മതിക്കേണ്ടിവന്നത് ഈ പദ്ധതിയുടെ ഭാഗമായിട്ടാണ്. ദുർബ്ബല ജനവിഭാഗങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി ഒട്ടേറെ പദ്ധതികളാണ് ഈ

ഗവൺമെന്റ് ആവിഷ്കരിച്ചു നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കേൾവി ശക്തിയും സംസാരശേഷിയുമില്ലാത്ത കുട്ടികൾ നമ്മുടെ സമൂഹത്തിൽ വളരെ കൂടുതലുണ്ട്. ഇത്തരം കഷ്ടതയനുഭവിക്കുന്നവരുടെ ബാഹുല്യം നമുക്ക് കാണണമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുന്ന ജനസമ്പർക്ക പരിപാടിയിൽ പോകണം. അങ്ങനെ ജനസമ്പർക്കപരിപാടിയിൽ പങ്കെടുത്ത ഇത്തരം പരിഗണനയർഹിക്കുന്ന ഭിന്നശേഷിയുള്ള കുട്ടികൾക്ക് കേൾവി ശക്തിയും സംസാര ശേഷിയുമൊക്കെ തിരിച്ചുകിട്ടുന്നതിനുവേണ്ടിയുള്ള പദ്ധതിക്ക് സാമൂഹ്യനീതി വകുപ്പ് രൂപം നൽകി. കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിയിലൂടെ ഇരുന്നൂറിൽപ്പരം കുട്ടികൾക്കാണ് കേൾവിശക്തിയും സംസാരശേഷിയും ലഭ്യമാക്കുന്നതിന് സാധിച്ചത്. അനാഥക്കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി ഈ ഗവൺമെന്റ് അവരെ ദത്തെടുത്തതും കാരുണ്യ ബെനവലന്റ് സ്കീമിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ലഭിക്കുന്ന സഹായത്തിനുപുറമെ 18 വയസിന് താഴെയുള്ള കാൻസർരോഗികൾക്ക് സൗജന്യ ചികിൽസ നൽകുന്ന കാൻസർ സുരക്ഷാപദ്ധതിക്കും ഈ ഗവൺമെന്റ് രൂപം നൽകി. കിടപ്പിലായ രോഗികളെയും മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്നവർക്കും പ്രതിമാസം ധനസഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസ കിരണം പദ്ധതി. ഇങ്ങനെ നല്ല കാഴ്ചപ്പാടോടെ മാതൃകാപരമായ പദ്ധതികൾ രൂപം നൽകി കഷ്ടപ്പെടുന്നവരുടെയും ഭിന്നശേഷി ഉള്ളവരുടെയും മനം കവർന്ന് സാമൂഹ്യക്ഷേമവകുപ്പിനെ ശ്രദ്ധേയമാക്കിയ വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുകയാണ്.

സർ, നമുക്കറിയാം, ഒരു തുണ്ടുഭൂമിപോലുമില്ലാത്ത നിരവധി പാവങ്ങൾ നമുക്കിടയിലുണ്ട്. ഒരു പക്ഷേ സമ്പന്നരായിട്ടുള്ള ആളുകൾ മണിമാളികയിൽ

കഴിയുമ്പോൾ ഒരു തുണ്ടുഭൂമിയില്ലാത്ത, കയറിക്കിടക്കാൻ ഒരു കൂരയില്ലാത്ത നിരവധി പാവങ്ങൾ നമുക്കിടയിലുണ്ട്. അത്തരം ആളുകളെയെല്ലാം ഭൂവുടമ കളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ഗവൺമെന്റ് ഭൂരഹിത രില്ലാത്ത കേരളമെന്ന പദ്ധതിക്ക് രൂപം നൽകിയത്. ഈ സംസ്ഥാനത്തെ രണ്ട് ജില്ലകൾ പരിപൂർണ്ണമായും ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിക്കപ്പെട്ടു. ബാക്കിയുള്ള ജില്ലകൾകൂടി ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിക്കു വാനുള്ള ശ്രമത്തിലാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി. ഐ.ടി. മേഖലയിൽ രാജ്യത്തിന് മാതൃകയാകാൻ നമ്മുടെ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ചെറിയ ചെറിയ കാര്യങ്ങൾക്കുപോലും പലതവണ സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങേണ്ട സ്ഥിതിയായിരുന്നു നമ്മുടെ നാട്ടിലുണ്ടാ യിരുന്നത്. ഇന്ന് ആ അവസ്ഥയ്ക്ക് മാറ്റമുണ്ടായി. എല്ലാ അക്ഷയ സെന്ററുകളും സേവന കേന്ദ്രങ്ങളായി മാറി. ഒരു സർക്കാർ ഓഫീസിലും വില്ലേജ് ഓഫീസിലും താലൂക്ക് ഓഫീസിലും സിവിൽ സ്റ്റേഷനിലും സാധാരണക്കാരന് കയറിയിറങ്ങണ്ട. അക്ഷയ സെന്ററിൽപ്പോയാൽ അവർക്ക് അവരുടെ കാര്യങ്ങൾ നടത്തി ഏത് സർട്ടിഫിക്കറ്റും അവിടെനിന്ന് ലഭ്യമാക്കു ന്നതിനുള്ള സംവിധാനമുണ്ടായി. അതോടൊപ്പം വീടുകളിൽ കമ്പ്യൂട്ടർ സംവിധാനമുള്ളവർക്ക് അവരുടെ വീടുകളിൽനിന്ന് ഏത് സർട്ടിഫിക്കറ്റും ഡൗൺലോഡ് ചെയ്യാനുള്ള സംവിധാനവും നമുക്കുണ്ടായി. നമ്മുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സാധ്യമായി. കമ്പ്യൂട്ടർവൽക്കരണം നട ന്നാൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുമെന്നാണ് ഒരു കാലത്ത് ഇവരൊക്കെ പറഞ്ഞത്. ഐ.ടി. മേഖലയിലാണ് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ യുവാക്കളെ കാത്തിരിക്കുന്നത്. അങ്ങനെ ഐ.ടി. മേഖലയിലെ അനന്തമായ സാധ്യതകൾ ഉപയോഗപ്പെടുത്താൻ നമ്മുടെ സംസ്ഥാനത്തിന് ഇന്ന് സാധ്യ

മായിരിക്കുന്നു. നൂതന സാങ്കേതികവിദ്യകളെക്കുറിച്ചും മികച്ച അതിന്റെ പ്രായോഗിക രീതികളെക്കുറിച്ചുമൊക്കെ കൂടുതൽ അറിവ് പങ്കുവയ്ക്കാനും, അറിവ് ലഭ്യമാക്കാനും സഹായകമാകുന്ന രീതിയിൽ ഇ-ഗവേണൻസ് നാഷണൽ കോൺഫറൻസ് ഇന്നും നാളെയും കൊച്ചിയിൽ നടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയും കൊച്ചിയിൽ ആ നാഷണൽ കോൺഫറൻസിന്റെ ഉദ്ഘാടന ചടങ്ങ് കഴിഞ്ഞിട്ടാണ് ഈ സമ്മേളനത്തിന് എത്തിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത്തരത്തിൽ ഐ.ടി. മേഖലയിലെ ശ്രദ്ധേയമായ പ്രവർത്തനവുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. അതിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. ഏതൊരു സമൂഹത്തിന്റെയും യഥാർത്ഥ പുരോഗതി  വിദ്യാഭ്യാസത്തിലധിഷ്ഠിതമാണ്. ഈ ഗവൺമെന്റ് ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ടുള്ള നടപടികളുമായിട്ടാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർസെക്കൻഡറി വിദ്യാലയങ്ങളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹയർസെക്കൻഡറി വിദ്യാലയങ്ങൾ ആരംഭിക്കാനും കോളേജുകളില്ലാത്ത എല്ലാ നിയോജകമണ്ഡലങ്ങളിലും കോളേജുകൾ അനുവദിക്കാനും തീരുമാനിച്ചു. ഒരു പഞ്ചായത്തിൽ ഹയർസെക്കൻഡറി സ്കൂൾ അനുവദിച്ചപ്പോൾ ആ പഞ്ചായത്ത് ഏത് പാർട്ടിയാണ് ഭരിക്കുന്നതെന്ന് നോക്കിയില്ല. ഒരു മണ്ഡലത്തിന് കോളേജ് അനുവദിച്ചപ്പോൾ ആ മണ്ഡലത്തെ പ്രതിനിധീകരിക്കുന്നത് ഏത് മുന്നണിയുടെ എം.എൽ.എ. ആണെന്നും നോക്കിയില്ല. കോളേജില്ലാത്ത എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരുപോലെ കോളേജ് അനുവദിക്കാനും ഹയർസെക്കൻഡറി വിദ്യാല

യങ്ങളില്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹയർസെക്കൻഡറി വിദ്യാലയങ്ങൾ ആരംഭിക്കാനും ഈ ഗവൺമെന്റ് തീരുമാനിക്കുകയുണ്ടായി. ഇവിടെ ഞാൻ നേരത്തെ പറഞ്ഞതുപോലെ ഇനിയും ഈ രംഗത്ത് നമുക്ക് ഒരുപാട് മുന്നോട്ടുപോകേണ്ടതുണ്ട്. കേരളത്തിലെ ജനങ്ങളെ കക്ഷി രാഷ്ട്രീയ വേർതിരിവില്ലാതെ കണ്ട് ഇത്തരമൊരു നിലപാട് സ്വീകരിച്ച ഗവൺമെന്റിനേയും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയേയും അഭിനന്ദിക്കാതിരിക്കാൻ നിർവ്വാഹമില്ല. വിദ്യാഭ്യാസപരമായി പിന്നോക്കമായിരുന്ന മലപ്പുറം ജില്ലയിലുൾപ്പെടെ വിദ്യാഭ്യാസ രംഗത്ത് വലിയ മുന്നേറ്റമാണ് നടക്കുന്നത്. മലപ്പുറത്തെ കുട്ടികൾ നന്നായി പഠിച്ച് മിടുക്കൻമാരും മിടുക്കികളുമായി വന്നപ്പോൾ അവർ കോപ്പിയടിച്ചിട്ടാണ്, പരീക്ഷാ പേപ്പർ ചോർത്തിയിട്ടാണ് ഇങ്ങനെ വിജയമുണ്ടാക്കുന്നതെന്ന് പരിഹസിച്ചവരൊക്കെ അപ്പുറത്തിരിക്കുന്നുണ്ട്. എന്നാൽ മലപ്പുറത്തെ ജനങ്ങളുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായിട്ടാണ്.... ജില്ലാ പഞ്ചായത്തും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവിഷ്ക്കരിച്ചിട്ടുള്ള വിദ്യാഭ്യാസ രംഗത്തെ മുന്നേറ്റം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെയൊക്കെ ഫലമായിട്ടാണ് വിദ്യാഭ്യാസ രംഗത്ത് ഈ മുന്നേറ്റമുണ്ടാക്കിയെടുക്കാൻ നമുക്ക് സാധ്യമായത്. പ്രത്യേകിച്ച് മലപ്പുറത്തും പരിസരത്തുമൊക്കെയുള്ള വിദ്യാലയങ്ങളിൽപ്പോയാൽ ഏറ്റവും കൂടുതൽ നമുക്ക് കാണാൻ കഴിയുന്നത് പെൺകുട്ടികളെയാണ്, പെൺകുട്ടികൾ നിറഞ്ഞുനിൽക്കുന്ന കലാലയങ്ങളെയാണ്. ഈയൊരു സാഹചര്യം കണക്കിലെടുത്താണ് പെൺകുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യമില്ലാത്ത മലപ്പുറത്ത് ഒരു വനിതാ കോളേജ് ആരംഭിക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്നത്. മലപ്പുറത്ത് വനിതാ കോളേജ് ആരംഭിക്കുമെന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഇന്നലത്തെ പ്രഖ്യാപനം അതിരറ്റ ആഹ്ലാദ

ത്തോടെയാണ് മലപ്പുറത്തെ ജനങ്ങളും പ്രത്യേകിച്ച് പെൺകുട്ടികളും സ്വാഗതം ചെയ്തത്. അവർക്ക് എല്ലാവർക്കുംവേണ്ടി ഈ ഗവൺമെന്റിനും ധനകാര്യ വകുപ്പുമന്ത്രിക്കും ഇതിനുവേണ്ടി സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്താൻ ഈ സന്ദർഭം ഞാൻ ഉപയോഗപ്പെടുത്തുകയാണ്. ഇതുകൊണ്ടൊന്നും നമുക്ക് അവസാനിപ്പിക്കാറായിട്ടില്ല. ഇനിയും ഓരോ പ്രദേശത്തേയും വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ചും ഓരോ പ്രദേശത്തേയ്ക്കും ആവശ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുമൊക്കെ പഠനം നടത്തുന്നതിനുള്ള സംവിധാനമുണ്ടാക്കണം. അങ്ങനെ ഇതുസംബന്ധിച്ച് വേണ്ട രീതിയിൽ പഠനം നടത്തി ജനസംഖ്യാനുപാതികമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനുവേണ്ടി തീരുമാനമുണ്ടാകേണ്ടതാണ്. ജനസംഖ്യാനുപാതികമായി നിയോജകമണ്ഡലങ്ങൾമാത്രം വിഭജിക്കപ്പെട്ടതുകൊണ്ട് കാര്യമില്ല. ജനസംഖ്യാനുപാതികമായി വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും മറ്റ് സംവിധാനങ്ങളുമൊക്കെ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകേണ്ടതുണ്ട്. നിലവിലുള്ള ഗവൺമെന്റ് എൽ.പി., യു.പി. സ്കൂളുകളൊക്കെ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണം. നമ്മുടെ ശ്രദ്ധ കൂടുതൽ പതിയേണ്ട മറ്റൊരു മേഖലയാണ് ആരോഗ്യ മേഖല. സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെടുത്തിയെടുക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഒരു സർക്കാർ ആശുപത്രിയിലും മരുന്നില്ലായെന്ന പരാതി ഇപ്പോൾ കേൾക്കുന്നില്ല. ജനറിക് മരുന്നുകൾ ഉൾപ്പെടെ എല്ലാ മരുന്നുകളും സൗജന്യമായി ആവശ്യാനുസരണം വിതരണം ചെയ്യാൻ നമുക്ക് ഇവിടെ സാധ്യമായിട്ടുണ്ട്. ജനനി സുരക്ഷാ പദ്ധതിയുൾപ്പെടെ നിരവധി മാതൃകാപരമായ പദ്ധതികൾക്ക് രൂപം നൽകാൻ നേതൃത്വം നൽകിയ ആരോഗ്യ വകുപ്പുമന്ത്രിയും

നമുക്കുണ്ട്. നിരവധി സി.എച്ച്.സി.-കൾ താലൂക്കാശുപത്രികളാക്കുകയും താലൂക്കാശുപത്രികൾ ജില്ലാ ആശുപത്രികളാക്കുകയും ജില്ലാ ആശുപത്രികൾ ജനറൽ ആശുപത്രികളാക്കുകയും ചെയ്തു. ഇങ്ങനെയെല്ലാ ആശുപത്രികളും അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. പക്ഷേ ഈ ആശുപത്രികളുടെയൊക്കെ ബോർഡും പേരും മാറ്റി സ്ഥാപിച്ചതുകൊണ്ട് മാത്രമായില്ല. ഇവിടെ 2009-ൽ ഇടതുപക്ഷം ഭരിക്കുമ്പോൾ ഇതുപോലെ പല കമ്മ്യൂണിറ്റി സെന്ററുകളുടെയും ബോർഡ് മാറ്റി താലൂക്കാശുപത്രിയെന്ന് ആക്കിയിരുന്നു. അതിലൊരു ആശുപത്രി എന്റെ മണ്ഡലത്തിലെ മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാണ്. അവിടെ അഞ്ചുവർഷം കഴിഞ്ഞിട്ടും താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് ഇതുവരെയും നടപ്പാക്കിയിട്ടില്ല. ആവശ്യമായ ഡോക്ടർമാരേയും സ്റ്റാഫിനേയും ഇതുവരെയും അവിടെ നിയോഗിച്ചിട്ടില്ല. അങ്ങനെയുള്ള ഒരു അപ്ഗ്രഡേഷൻകൊണ്ട് യാതൊരു കാര്യവുമില്ല. താലൂക്കാശുപത്രിയിൽ ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കുന്നതുമായി ബന്ധപ്പെട്ട 105417/എച്ച്.എൻ/ബി1/13 എന്ന നമ്പരുള്ള ഫയൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽ പെൻഡിംഗിലാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആ ഫയലിൽ അടിയന്തരമായി തീർപ്പുകൽപ്പിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. അങ്ങ് പാവപ്പെട്ടവരുടെ കണ്ണീരൊപ്പുന്ന മന്ത്രിയാണ്. പാവപ്പെട്ടവർ ചികിത്സയ്ക്ക് എത്തുന്നത് ഇതുപോലെയുള്ള സർക്കാർ ആശുപത്രികളിലാണ്. ആ സർക്കാർ ആശുപത്രികളിൽ.........

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. പ്രസംഗം ചുരുക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ആവശ്യമായ സ്റ്റാഫിനേയും ഡോക്ടർമാരേയും നിയമിക്കുന്നതിന് പ്രത്യേക താൽപര്യം എടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഗ്രാമീണ ജനങ്ങളുടെ ഏക ആശ്രയമാണ് പ്രൈമറി ഹെൽത്ത് സെന്ററുകൾ. ഇവിടെ താലൂക്കാശുപത്രി ജില്ലാ ആശുപത്രിയാക്കി, ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി. ഏറ്റവും അടിസ്ഥാനമെന്ന് പറയുന്നത് ഗ്രാമത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകളാണ്. ആ പ്രൈമറി ഹെൽത്ത് സെന്ററുകൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളെ സി.എച്ച്.സി.-കളായി ഉയർത്തണം. അവിടെ കിടത്തിചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകേണ്ടതാണ്. ഇങ്ങനെ നമ്മുടെ ശ്രദ്ധ പതിയേണ്ട ഒട്ടേറെ കാര്യങ്ങളുണ്ട്. ഇത്തരത്തിലുള്ള നല്ല നല്ല നടപടികളുമായി, പദ്ധതികളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റാണ് ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. ഈ ഗവൺമെന്റിന്റെ നല്ല വശങ്ങളെക്കുറിച്ച് ഒന്നും പറയാൻ കഴിയാത്തതുകൊണ്ടാണ്, ഈ ഗവൺമെന്റിനെ കേരളത്തിലെ ജനങ്ങൾ മുഴുവൻ ഒന്നടങ്കം പിന്തുണയ്ക്കുന്നതുകൊണ്ടാണ് ഈ ഗവൺമെന്റ് വന്നതു മുതൽ ഇന്നുവരേയും ഇടതുപക്ഷം നടത്തിവന്ന എല്ലാ സമരങ്ങളും ആളെക്കിട്ടാതെ പൊളിഞ്ഞുപോയത്. എത്രയെത്ര സമരം നടത്തി? അടുപ്പുകൂട്ടി സമരം നടത്തി, പങ്കാളിത്ത പെൻഷനുവേണ്ടി സമരം നടത്തി, കളക്ടറേറ്റിൽ രാപ്പകൽ സമരം നടത്തി, ക്ലിഫ് ഹൗസ് ഉപരോധം നടത്തി, ഒന്നരദിവസം നീണ്ടുനിന്ന അനിശ്ചിതകാല സമരം നടത്തി, ഏറ്റവുമവസാനം നടത്തിയ ഗ്യാസ് സമരം പോലും ഗ്യാസായിപ്പോയി. അങ്ങനെയെല്ലാ സമരങ്ങളും പൊളിഞ്ഞുപാളീസായിപ്പോയത് ഈ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനക്ഷേമകരമായ പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക്

ബോധ്യമുള്ളതുകൊണ്ടാണ്. അതുകൊണ്ട് ഇനിയെങ്കിലും നിലപാട് തിരുത്താൻ അപ്പുറത്തിരിക്കുന്ന ആളുകൾ തയ്യാറാകണം. വരാനിരിക്കുന്ന തെരഞ്ഞെടുപ്പ് നമ്മെ സംബന്ധിച്ചിടത്തോളം അതിപ്രധാനമാണ്. രാജ്യത്ത് നരേന്ദ്രമോദി എന്ന നരഭോജിയെ മുമ്പിൽനിർത്തി ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ ബി.ജെ.പി. പോകുകയാണ്. അങ്ങനെ ബി.ജെ.പി. പരസ്യമായി രാജ്യത്തിലെ ജനങ്ങളെ വെല്ലുവിളിക്കുന്ന ഈ സന്ദർഭത്തിൽ രാജ്യത്തെ മതേതരകക്ഷികൾ യോജിച്ചുനിൽക്കുവാനും ബി.ജെ.പി.-ക്ക് എതിരായി രാഷ്ട്രീയ നിലപാട് സ്വീകരിക്കുന്നതിലേയ്ക്കും നിങ്ങൾ വരണമെന്നാണ് എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളോട് എനിക്ക് അപേക്ഷിക്കാനുള്ളത്. ഒരു കാര്യം ഇവിടെയെല്ലാവരും സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ എം.എൽ.എ. ഫണ്ട് ലഭിച്ചുകൊണ്ടിരിക്കുന്നത് ഒരു കോടി രൂപയാണ്. നമ്മൾ നിയമസഭയിലേയ്ക്ക് വന്ന സമയത്ത് ഒരു കോടി രൂപകൊണ്ട് പത്തോ അൻപതോ കിലോമീറ്റർ റോഡ് കോൺക്രീറ്റ് ചെയ്യാനും ടാർ ചെയ്യാനുമൊക്കെ സാധിക്കുമായിരുന്നു. ഇപ്പോൾ ഒരു ലക്ഷം രൂപയ്ക്ക് ടാർ കോൺക്രീറ്റ് ചെയ്യാൻ വച്ചാൽ 20 മീറ്ററാണ് പോകുന്നത്. പി.ഡബ്ല്യു.ഡി. റേറ്റ് റിവിഷൻ നടത്തിയതിന്റെ ഭാഗമായി വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. കാലാനുസൃതമായി എം.എൽ.എ. ഫണ്ടിൽ വർദ്ധനവുണ്ടാകണം. ഇപ്പോൾ ഒരു കോടി രൂപയുള്ളത് മൂന്നുകോടി രൂപയെങ്കിലുമാക്കണം. കേരളത്തിന്റെ പുതുമുഖമെന്ന് പറയുന്നത് സഞ്ചാരയോഗ്യമായിട്ടുള്ള റോഡുകളാണ്. ഇന്ന് കേരളത്തിൽ എവിടെപ്പോയി നോക്കിയാലും സഞ്ചാരയോഗ്യമായ റോഡുകൾ...... ജനങ്ങൾ എവിടെ ആവശ്യപ്പെടുന്നുവോ അവിടെയൊക്കെ പാലങ്ങൾ, ഓവർ ബ്രിഡ്ജ് ഉൾപ്പെടെ എന്താണോ ജനങ്ങൾ ആവശ്യപ്പെടു

ന്നത് അതൊക്കെ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഈ നിർമ്മാണ പ്രവർത്ത നങ്ങളൊക്കെ നടക്കണമെങ്കിൽ ഇവിടെ നേരത്തെ പറഞ്ഞല്ലോ എം.എൽ.എ.–മാർക്ക് ലഭിക്കുന്ന അസെറ്റ് ഡെവലപ്മെന്റ് ഫണ്ട് ഇപ്പോൾ ലഭിക്കുന്നത് അഞ്ചുകോടി രൂപയാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, പ്രസംഗം ചുരുക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, നേരത്തെ ഒരു മെമ്പർ ഇവിടെ സംസാരി ക്കുകയുണ്ടായി. ഇപ്പോൾ എല്ലാ കാര്യത്തിനും എം.എൽ.എ–യെയാണ് ആശ്രയിക്കുന്നത്.

മി. ചെയർമാൻ: പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, അവസാനിപ്പിക്കാം. മറ്റെല്ലാ ജനപ്രതിനിധി കളുണ്ടെങ്കിൽപ്പോലും എന്ത് നിസ്സാരകാര്യത്തിനുപോലും എം.എൽ.എ.–മാർ വേണമെന്നാണ് സ്ഥിതി. അപ്പോൾ എന്ത് കാര്യംവന്നാലും എം.എൽ.എ.–മാർ ജനങ്ങളെ.........

മി. ചെയർമാൻ: പ്രസംഗം ചുരുക്കണം. അഞ്ചുമിനിട്ടിൽ കൂടുതലായി.

ശ്രീ. പി. ഉബൈദുള്ള: ഈയൊരു ഘട്ടത്തിൽ അസെറ്റ് ഡെവലപ്മെന്റ് ഫണ്ട് അഞ്ചുകോടി രൂപയെന്നുള്ളത് എട്ടുകോടി രൂപയെങ്കിലുമാക്കി വർദ്ധി പ്പിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽക്കൂടി ഈ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും ശക്തമായി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ 2013–14 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ഉപധനാഭ്യർത്ഥനകളേയും അധിക ധനാഭ്യർത്ഥനകളേയും എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ വിഷയങ്ങൾ

അഡ്രസ് ചെയ്യാൻ കഴിയാത്ത ഒരു ബഡ്ജറ്റായി ഈ ബഡ്ജറ്റ് മാറിയിരിക്കുകയാണ്. 'ഉറങ്ങുകയും ഉറങ്ങുന്ന സമയത്ത് സ്വപ്നം കാണുകയും ചെയ്യുന്നവർക്കുള്ളതല്ല ഈ ഭൂമി. ഉണർന്നിരിക്കുകയും ഉണർന്നിരിക്കുമ്പോൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്കുള്ളതാണ് ഈ ഭൂമി' എന്ന് എം.എൻ. വിജയൻ മാഷിന്റെ ഒരു പുസ്തകത്തിൽ പറയുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ചില യാഥാർത്ഥ്യങ്ങൾക്ക് നേരെ കണ്ണടച്ച്, അവ കണ്ടില്ലെന്ന് നടിച്ച് ഉറങ്ങുകയും, ഉറങ്ങുന്നതിന്റെ ഭാഗമായി സ്വപ്നം കാണുകയും ചെയ്യുന്ന ഒരു ബഡ്ജറ്റ് മാത്രമായി ഈ ബഡ്ജറ്റ് മാറുകയാണ്. നമ്മുടെ സംസ്ഥാനം നേരിടുന്ന പൊതുവായ ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഈ ബഡ്ജറ്റ് പൂർണ്ണ പരാജയമാണ്. തൊഴിലില്ലായ്മ, വിലക്കയറ്റം, സംസ്ഥാനത്തെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിച്ചിരിക്കുന്ന അമിതനികുതിഭാരം, നമ്മുടെ സംസ്ഥാനത്തിന്റെ പൊതുകടം, ഇതൊക്കെ പരിഹരിക്കുന്നതിനാവശ്യമായ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിന്റെ ഭാഗമായി ഉണ്ടോ? അങ്ങ് യുവജനങ്ങളെ പ്രതിനിധീകരിക്കുന്ന ആളല്ലേ? ഈ ബഡ്ജറ്റിനകത്ത് തൊഴിലില്ലായ്മ പരിഹരിക്കാൻ ആവശ്യമായ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? പുതിയ കണക്കുകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ തൊഴിലില്ലായ്മയുടെ മൂന്നിരട്ടിയാണ് കേരളത്തിലെ തൊഴിലില്ലായ്മ. ഗൗരവമായ ഈ വിഷയം പരിഹരിക്കുന്നതിൽ ഈ ബഡ്ജറ്റ് പരാജയമായിരിക്കുന്നു. നവലിബറൽ സാമ്പത്തിക നയത്തിന്റെ ഭാഗമായി നമ്മുടെ തൊഴിൽ മേഖലയിൽ സർക്കാരിന്റെ ഇടപെടൽ കുറയുകയാണ്. തൊഴിൽ നൽകാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട മേഖലകളിൽ ഉൾപ്പെട്ട ഉല്പാദനമേഖലയേയും കാർഷികമേഖലയേയും ഈ ബഡ്ജറ്റ് പൂർണ്ണമായി അവഗണിക്കുന്നു. കാർഷികമേഖ

ലയും വ്യവസായമേഖലയുമാണ് നമ്മുടെ നാട്ടിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നത്. ഇവിടെ മാണിസാറിന്റെ ബഡ്ജറ്റിൽ പറയുന്നത് നമ്മുടെ സംസ്ഥാനത്ത് 8.2% ജി.ഡി.പി. വളർച്ചയുണ്ടായിയെന്നാണ്. അതിന്റെ മറുവശം പരിശോധിക്കുമ്പോൾ കാർഷികമേഖലയിലും വ്യാവസായിക മേഖലയിലും ജി.ഡി.പി. കുറയുകയാണ്. ഏറ്റവും കൂടുതൽ തൊഴിൽ കൊടുക്കേണ്ട ഈ രണ്ട് മേഖലകളും വലിയ പരാജയത്തിലേയ്ക്ക് മാറുമ്പോൾ എങ്ങനെയാണ് നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായ തൊഴിൽ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുക? ഇവിടെ കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളിൽ ചില പ്രശ്നമുണ്ട്. നമ്മുടെ കേന്ദ്രഗവൺമെന്റിന്റെ നവലിബറൽ സാമ്പത്തിക നയങ്ങളുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾ വേണ്ടതില്ല. അങ്ങനെ എല്ലാ മേഖലയിലും താല്ക്കാലികവൽക്കരണം തൊഴിലിന്റെ ഭാഗമായി നടപ്പിലാക്കിയാൽ തൊഴിൽ അസ്ഥിരതയക്ക് കാരണമാകും. ഇതാണ് നമ്മുടെ സംസ്ഥാനത്തെ പൊതുകടത്തിലേയ്ക്ക് നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. തൊഴിലില്ലായ്മ എന്ന് പറയുന്നത് ചെറുപ്പക്കാരെ മാത്രം ബാധിക്കുന്ന വിഷയമല്ല, നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സംവിധാനത്തേയും സാമ്പത്തിക വ്യവസ്ഥയേയുമെല്ലാം ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമാണ്. തൊഴിലില്ലെങ്കിൽ ഒരാളുടെ കയ്യിൽ എങ്ങനെയാണ് ഉല്പന്നങ്ങൾ വാങ്ങാൻ പണമുണ്ടാകുക? വാങ്ങൽ ശേഷി കുറഞ്ഞാൽ എങ്ങനെയാണ് നമ്മുടെ റവന്യൂ വരുമാനം കൂടുക? റവന്യൂ വരുമാനം കുറയും; അങ്ങനെ കുറഞ്ഞാൽ നമ്മുടെ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കൂടും, കടം പെരുകും. ഇത് ഒരു സാമാന്യതത്വമാണ്. ഈ സാമാന്യതത്വം പോലും അഡ്രസ് ചെയ്യാൻ കഴിയാത്ത രൂപ

ത്തിലേയ്ക്ക് സാമ്പത്തിക വിദഗ്ദ്ധനായ മാണിസാറിന്റെ ബഡ്ജറ്റ് മാറുന്നത്. ഈ ബഡ്ജറ്റ് ഇങ്ങനെയാണ് പോകുന്നതെങ്കിൽ, നമ്മുടെ സംസ്ഥാനത്ത് തൊഴിലവസരം ഉണ്ടാക്കുന്നില്ലെങ്കിൽ, നമ്മൾ ബഡ്ജറ്റിനെക്കുറിച്ച് എത്ര ചർച്ച ചെയ്താലും പൊതുകടം ഓരോ വർഷം കഴിയുന്തോറും വർദ്ധിച്ചുകൊണ്ടേയിരിക്കും. പൊതുകടം പിടിച്ചുനിർത്താൻ ആവശ്യമായ ഒരു സംവിധാനവും ഈ ബഡ്ജറ്റിന്റെ ഭാഗമായി ഉണ്ടാകുന്നില്ല. ഇതിനായി കൂടുതൽ തൊഴിലവസരം നമ്മുടെ സംസ്ഥാനത്ത് സൃഷ്ടിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ചെറുപ്പക്കാർക്ക് സ്ഥിരമായ വരുമാനമുണ്ടാകുന്ന തൊഴിൽ ലഭ്യമാകുന്ന രൂപത്തിലേയ്ക്ക് ഈ ബഡ്ജറ്റ് മാറണം. അങ്ങനെ മാറാത്ത ഒരു ബഡ്ജറ്റിനെയും അതിന്റെ ഉപധനാഭ്യർത്ഥനെയേയും ഞാൻ അതിശക്തിയായി എതിർക്കുകയാണ്. ജനങ്ങളെ പൂർണ്ണമായി ദ്രോഹിക്കുന്ന ഒരു ബഡ്ജറ്റാണ് ഇത്. കൂടുതൽ നികുതിഭാരം ഇതിന്റെ ഭാഗമായി ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്നു. നികുതിപിരിവിൽ കടുത്ത അനാസ്ഥയാണ്. പൊതുകടം വർദ്ധിക്കുന്നുവെന്ന് പറയുമ്പോൾ 10,372 കോടി രൂപയാണ് നികുതിയായി നമ്മുടെ സംസ്ഥാനത്ത് പിരിച്ചെടുക്കാനുള്ളത്. അത് പിരിച്ചെടുക്കാൻ ഈ ഗവൺമെന്റ് ഫലപ്രദമായി ഇടപെടുന്നുണ്ടോ? അതാണ് ചോദ്യം. 10,372 കോടി രൂപ നികുതി പിരിച്ചെടുക്കേണ്ട സംസ്ഥാനത്ത് നികുതി പിരിച്ചെടുക്കാനാവശ്യമായ സംവിധാനം ഗവൺമെന്റ് ഉണ്ടാക്കുന്നില്ല. നികുതി പിരിവിന്റെ സംവിധാനങ്ങളെ പൂർണ്ണമായി അവഗണിച്ചിരിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റിൽ മാണിസാർ ലക്ഷ്യം കണ്ടതിനേക്കാൾ 4132 കോടി രൂപ കുറച്ചാണ് ഈ ഗവൺമെന്റിന് നികുതിപിരിച്ചെടുക്കാൻ കഴിഞ്ഞത്. നികുതിവകുപ്പിൽ അഴിമതി, കെടുകാര്യസ്ഥത അടക്കം തിരികെ കൊണ്ടുവരുന്നതിന്റെ

ഉദാഹരണമാണ് നമ്മുടെ സംസ്ഥാനത്ത് നികുതി വരുമാനം കുറയുന്നത്. നികുതി പിരിവ് ഇങ്ങനെയായാൽ നമ്മുടെ സംസ്ഥാനത്തിന് എങ്ങനെയാണ് മുന്നോട്ടുപോകാൻ കഴിയുക? ഈ ബഡ്ജറ്റിൽ കെ.എം. മാണിസാർ കേന്ദ്രന യത്തിനെതിരെ അതിശക്തമായി ആഞ്ഞടിച്ചു. ദേശീയ അടിസ്ഥാനത്തിൽ കോൺഗ്രസിന് പിൻതുണ കൊടുക്കുന്ന പാർട്ടിയാണ് കേരള കോൺഗ്രസ്. ബഡ്ജറ്റ് ആകെ പരിശോധന നടത്തുമ്പോൾ 2840 കോടി രൂപയാണ് കേന്ദ്രം തരാനുള്ളതെന്ന് മനസിലാകും. മാണിസാർ ഇത് ബഡ്ജറ്റിനകത്ത് വളരെ വ്യക്തമായി പരാമർശിക്കുന്നു. ഇതിന്റെ സൂചനയെന്താണ്? ഇവിടെ 2011-ലെ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ മുൻ മുഖ്യമന്ത്രിയായി രുന്ന ശ്രീ. എ.കെ. ആന്റണി സാർ കേരളത്തിൽ പ്രസംഗിച്ചതെന്താ? കേന്ദ്രവും സംസ്ഥാനവും ഒരു പാർട്ടി ഭരിച്ചാൽ നമ്മുടെ നാടിന്റെ പ്രശ്നങ്ങളെല്ലാം അവസാനിക്കും എന്നാണ്. അവസാനിച്ചോ? 16 എം.പി. മാർ, 8 കേന്ദ്രമന്ത്രിമാർ, മന്ത്രിസഭയിൽ രണ്ടാമനടക്കമുള്ള ഈ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് നൽകേണ്ട 2840 കോടി രൂപയുടെ വിഹിതം നൽകിയില്ല എന്ന് ഐക്യജനാധിപത്യമുന്നണിയിലെ ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി മാണി സാർ ഈ ബഡ്ജറ്റിൽ അസന്നിഗ്ദ്ധമായി പ്രഖ്യാ പിച്ചിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തോട് കേന്ദ്രം കാണിക്കുന്ന അവഗണന വളരെ പരസ്യമായി ഈ ബഡ്ജറ്റിൽ മാണിസാർ സൂചിപ്പിച്ചു. അട്ടപ്പാടിയിൽ 40 കുട്ടികൾ മരിച്ചു, അട്ടപ്പാടി ഉൾപ്പെടുന്ന ഈ സംസ്ഥാനമാണോ ഏറ്റവും മുന്തിയ സംസ്ഥാനം? തട്ടിപ്പിന്റെ കാര്യത്തിൽ കേരളം രണ്ടാം സ്ഥാനത്ത് വരുന്നു. ഈ സ്ഥലമാണോ ഏറ്റവും പ്രധാനപ്പെട്ട വികസിത സംസ്ഥാനം? പാലമോ, റോഡോ എയർപോർട്ടോ മറ്റേതെങ്കിലും ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടോ

എന്ന് നോക്കിയിട്ടല്ല ആഫ്രിക്കൻ രാജ്യമായ സോമാലിയയെ പോലെയുള്ള രാജ്യങ്ങൾ നമ്മുടെ മനസ്സിലേയ്ക്ക് കടന്നുവരുന്നത്. അവിടെ മരണമടയുന്ന, പട്ടിണി കിടക്കുന്ന പിഞ്ചുകുട്ടികളുടെ മുഖമാണ് ഓർമ വരുന്നത്. ഒരു ആഫ്രിക്കക്കാരൻ ഇന്ത്യയെ നോക്കിയാൽ, കേരളത്തിനെ നോക്കിയാൽ, ഇവിടെ പാലമുണ്ടോ; ചെങ്ങന്നൂര് പാലമുണ്ടോ; മാവേലിക്കര പാലമുണ്ടോ എന്നാണോ പരിശോധിക്കുന്നത്. പട്ടിണികൊണ്ട് 40 കുട്ടികൾ മരണമടഞ്ഞ നാടായി കേരളത്തിലെ അട്ടപ്പാടി മാറി. അങ്ങനെ ആഹാരമില്ലാതെ കുട്ടികൾപോലും മരണമടയുന്ന ഒരു നാടായി മാറി എന്നുള്ളതാണോ ഈ നാടിന്റെ പ്രത്യേകത? നമ്മുടെ നാട്ടിൽ ഗവൺമെന്റ് ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിക്കുന്നു. ഇതൊക്കെ നടപ്പിലാക്കാൻ പ്രധാനമായും വേണ്ടത് വൈദ്യുതിയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പറയുന്നതെന്താ? സോളാർ സംവിധാനത്തിൽ സൗരോർജ്ജം ഉപയോഗപ്പെടുത്തി 53 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുമെന്ന്. ഒരു പെട്ടിക്കട ആരംഭിക്കണമെങ്കിൽ അവിടെ ഫ്രിഡ്ജ് ഉണ്ടാകണം. അതിന് കറന്റ് ഉണ്ടാകണം. ഇവിടെ വൈദ്യുതി ഇല്ലാത്ത നാട്ടിൽ എങ്ങനെയാണ് വ്യാവസായികമായി പുരോഗതിയുണ്ടാവുക. 53 മെഗാവാട്ട് അധിക വൈദ്യുതി ഉല്പാദിപ്പിക്കുന്നുവെന്ന് പറയുന്ന നമ്മുടെ സംസ്ഥാനത്ത് ഒരു മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ കഴിഞ്ഞത്. എങ്ങനെയാണ് നമ്മുടെ നാട് മുന്നോട്ട് പോകുന്നത്? ബൃഹത് പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കാൻ കഴിയുമോ? ഇവിടെ ഒരു ഗവൺമെന്റിന്റെ ഭാഗമായി ഇതൊക്കെ പ്രഖ്യാപിക്കാമെന്നല്ലാതെ ഇതൊന്നും ആരംഭിക്കാനോ അതിനാവശ്യമായ നടപടി സ്വീകരിക്കാനോ കഴിയില്ല. കെ.എസ്.ആർ.ടി.സി. പോലെയുള്ള സ്ഥാപനങ്ങളെ നമുക്ക് മുന്നോട്ട് കൊണ്ടുപോകണ്ടേ? ഒരു

കാലഘട്ടത്തിൽ നാടിനെ സേവിച്ച, തങ്ങളുടെ പെൻഷൻ കൊണ്ട് ജീവിതകാലഘട്ടം മുന്നോട്ടുകൊണ്ടുപോകാമെന്ന് ധരിച്ച പെൻഷൻകാർ രണ്ട് മാസമായി പെൻഷൻ ഇല്ലാതെ കെ.എസ്.ആർ.ടി.സി ഡിപ്പോകളുടെ മുമ്പിൽ കഞ്ഞിവച്ച് സമരം നടത്തുകയാണ്. 1000 കോടി രൂപ ഈ വകുപ്പ് ചോദിച്ചില്ലേ? എത്രകോടി കൊടുത്തു. അവിടെ കോൺഗ്രസുകാരും ലീഗുകാരും ബി.ജെ.പി.ക്കാരും സി.പി.ഐ.(എം) കാരും സി.പി.ഐ.കാരുമുണ്ട്. പെൻഷൻകാർക്ക് രാഷ്ട്രീയമില്ല. പെൻഷന്റെ ഭാഗമായി ജീവിതത്തിന്റെ ചെലവുകൾ മാറ്റിവച്ച ഒരു വിഭാഗം ജീവനക്കാർ ഇന്ന് കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ മുൻപിൽ സമരം ചെയ്യുകയാണ്. 1000 കോടി രൂപയെങ്കിലും കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കാൻ ആവശ്യമാണെന്നിരിക്കെ 150 കോടി രൂപ കൊടുത്തു. ഇന്നലെ ഗതാഗത വകുപ്പ് അധിക തുക ചോദിച്ചപ്പോൾ അത് കൊടുക്കാൻ മാണിസാർ തയ്യാറായില്ല. ഏറ്റവും പ്രധാനപ്പെട്ട വകുപ്പെന്ന നിലയിൽ നമ്മുടെ നാടിനെ സംരക്ഷിക്കാൻ, ബഡ്ജറ്റിന്റെ ഭാഗമായി അധികപണം കെ.എസ്.ആർ.ടി.സി.-ക്ക് മാറ്റി വച്ചിട്ടുണ്ടോ? അങ്ങും, ഞാനും ആഭ്യന്തരമന്ത്രിയുമടക്കമുള്ള ആളുകൾ ഉൾപ്പെട്ട ജില്ലയാണ് ആലപ്പുഴ ജില്ല. ഈ ജില്ലയെക്കുറിച്ച് ഒരു പേര് പോലും ഈ ബഡ്ജറ്റിൽ പരാമർശിച്ചിട്ടില്ല. ഈ ജില്ലയിൽ അങ്ങയുടെ മണ്ഡലം കൂടി ഉൾപ്പെടുന്ന പ്രധാന പദ്ധതിയല്ലേ കുട്ടനാട് പാക്കേജ്? കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിൽ ഈ ഗവൺമെന്റ് കാണിച്ച താൽപര്യം എന്താണ്? സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് വിഭാവനം ചെയ്യുന്ന 1840 കോടി രൂപ അടങ്കൽ തുകയുള്ള കുട്ടനാട് പാക്കേജിലെ പദ്ധതികൾ സമയബന്ധിതമായി ആരംഭിക്കാൻ കഴിയാത്തതിനാൽ അത് 4000 കോടി രൂപയുടെ മുകളിലേയ്ക്ക് എത്തിയിരിക്കു

ന്നു. ഇത് നടപ്പിലാക്കാൻ ഈ ഗവൺമെന്റ് നടപടിയെടുത്തിട്ടുണ്ടോ? ഇവിടെ പറഞ്ഞതെന്താണ്? 1840 കോടി രൂപ മാറ്റിവയ്ക്കാൻ തീരുമാനിച്ചിട്ടുള്ള ഈ പദ്ധതിക്ക് കേന്ദ്ര വിഹിതമായി 88 കോടി രൂപ, സംസ്ഥാന വിഹിതമായി 64 കോടി രൂപ, ആകെ മാറ്റിവച്ചിരിക്കുന്നത് 152 കോടി രൂപ. അതിൽ ചെലവഴിച്ച തെത്രയാണ്? 106 കോടി രൂപ മാത്രം. ആകെ ചെലവഴിക്കേണ്ട തുകയുടെ 2½ % മാത്രമാണ് കുട്ടനാട് പാക്കേജിനുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. 2½ % മാറ്റിവയ്ക്കുമ്പോൾ പോലും അതിന്റെ 60% മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ. എന്നുപറഞ്ഞാൽ മൂന്ന് വർഷക്കാലം പൂർത്തീകരിച്ച ഒരു ഗവൺമെന്റ് 1½% തുകയാണ് കുട്ടനാട് പാക്കേജിന്റെ ഭാഗമായി വകയിരുത്തിയിരിക്കുന്ന ത്. ഇത് ആലപ്പുഴ ജില്ലയെ സംബന്ധിച്ചാണ്. ഞങ്ങൾ മാവേലിക്കരയ്ക്കു വേണ്ടിയോ ചെങ്ങന്നൂരിനുവേണ്ടിയോ ഹരിപ്പാടിനുവേണ്ടിയോ ഒന്നും ചോദി ക്കുന്നില്ല.

പക്ഷേ കാർഷികമേഖലയായ ആലപ്പുഴ ജില്ലയുടെ ദുരന്തഫലം, അങ്ങ് കൂടിയുള്ള ഈ ജനതയുടെ ദുരന്തഫലം ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ അനുഭവിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. രണ്ട് കേന്ദ്ര സഹമന്ത്രിമാർ നിങ്ങൾക്കുള്ള ജില്ലയാണ് ആലപ്പുഴ. ഒരു പൈസപോലും മാറ്റിവച്ചിട്ടില്ല. കുട്ടനാടുപോലെയുള്ള കാർഷികമേഖലയെ, കുട്ടനാട് പാക്കേജിനെ പരിപൂർണ്ണമായി അവഗണിക്കുന്ന, ആലപ്പുഴ ജില്ലയെ പരിപൂർണ്ണമായി അവഗണിക്കുന്ന ഈ ബഡ്ജറ്റിന്റെ പ്രതിഫലനം ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് തീർച്ചയായും ഉണ്ടാകും. ഈ

പാർലമെന്റ് തെരഞ്ഞെടുപ്പിൽ ആലപ്പുഴയിൽ നിങ്ങൾ പരാജയപ്പെടുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഞാൻ ആലപ്പുഴ ജില്ലയുടെ കാര്യമാണ് പറഞ്ഞത്. അതിന്റെ പ്രത്യേകത കുട്ടനാട് പാക്കേജിനോ ആലപ്പുഴയ്ക്കോ പണം മാറ്റിവയ്ക്കാത്തതുകൊണ്ടല്ല. രാഹുൽഗാന്ധി വന്നത് കേരളത്തിലെ രണ്ട് മണ്ഡലങ്ങളിലാണ്. തുറവൂരിലും എന്റെ മണ്ഡലത്തിലെ പാലമേലുമാണ് അദ്ദേഹം വന്നത്. അവിടെ കമ്മ്യൂണിസ്റ്റ് പാർട്ടിക്കാരെല്ലാം കോൺഗ്രസ് ആയി മാറിയെന്ന ധാരണ കോൺഗ്രസ് പാർട്ടിക്കാർക്ക് വേണ്ട. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള യൂത്ത് കോൺഗ്രസ്സുകാർ എന്റെ മണ്ഡലത്തിലെ പാലമേൽ വന്നുനിന്നു എന്നതിനപ്പുറത്തേയ്ക്ക് അവിടെ ഒരു മാറ്റവുമില്ല. അത് ഇടതുപക്ഷ കേന്ദ്രങ്ങൾ തന്നെയാണ്. ഒരു കാര്യത്തിൽ ഞങ്ങൾക്ക് ആശ്വസിക്കാം. രാഹുൽഗാന്ധി അവിടേയ്ക്ക് വരണമേയെന്നാണ് ഞങ്ങൾ ആഗ്രഹിച്ചത്. രാഹുൽഗാന്ധി ഇന്ത്യയിൽ തെരഞ്ഞെടുപ്പിന്റെ ഭാഗമായി പോയ ഒരു സ്ഥലത്തും ജയിച്ചിട്ടില്ല. അതുകൊണ്ട് രാഹുൽഗാന്ധി ഇവിടെ വന്നിരിക്കുന്നത് ആലപ്പുഴയിലും മാവേലിക്കരയിലുമാണെന്നിരിക്കെ ആ രണ്ട് മണ്ഡലങ്ങളിലും ഞങ്ങൾ വിജയിച്ചുകഴിഞ്ഞു. ഞാൻ ദീർഘമായി പ്രസംഗിക്കുന്നില്ല. ഇവിടെ കഴിഞ്ഞ ബഡ്ജറ്റിന്റെ ഭാഗമായി പ്രഖ്യാപിച്ച യൂത്ത് റിസോഴ്സ് സെന്റർ എവിടെയാണ്? വിദ്യാർത്ഥിനികൾക്ക് ലാപ്ടോപ്പ് നല്ലതാണ്. പക്ഷേ 116 കോടി രൂപ വകയിരുത്തിയ സ്കൂൾ യൂണിഫോം കൊടുത്തിട്ടില്ല. ഭൂരഹിതരില്ലാത്ത പദ്ധതിയെക്കുറിച്ച്. ഞങ്ങൾ ചോദിച്ചു. ശ്രീ.ഇ. പി. ജയരാജന്റെ ചോദ്യത്തിന് വിവരം ശേഖരിച്ചുവരുന്നു എന്ന മറുപടി കിട്ടി.. ആരോഗ്യ വകുപ്പുമന്ത്രിയുടെ ആരോഗ്യകിരണം പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന ചോദ്യത്തിന് വിവരം ശേഖരിച്ചുവരുന്നുവെന്നാണ്

മറുപടി കിട്ടിയത്. കഴിഞ്ഞ ബഡ്ജറ്റിന്റെ ഭാഗമായി പ്രഖ്യാപിച്ച പദ്ധതിക ളൊന്നും ആരംഭിച്ചിട്ടില്ല. ഇവിടെ ഞങ്ങളുടെ പാർട്ടിയിലേയ്ക്ക് ചില ആളുകൾ വരുന്നുവെന്ന് സൂചിപ്പിച്ചു. രാഷ്ട്രപിതാവിനെയും രാഷ്ട്രതത്വങ്ങ ളെയും ഇല്ലായ്മ ചെയ്ത ഒരു വർഗ്ഗം ഇന്ത്യയുടെ ഭരണം പിടിക്കാൻ ശ്രമി ക്കുന്നു. ആ ഭരണം പിടിക്കാൻ ശ്രമിക്കുന്ന വർഗ്ഗത്തെ പ്രതിരോധിക്കാനാവ ശ്യമായ സംവിധാനംപോലും കോൺഗ്രസ് പാർട്ടിക്കില്ല. അതാണ് ഡ്രസ് റിഹേഴ്സലായ നാല് സംസ്ഥാനത്തെ തെരഞ്ഞെടുപ്പുകളിൽ കണ്ടത്. ക്ലാസ് മുറിയ്ക്കകത്തേയ്ക്ക് തലയിൽ തൊപ്പിവച്ചുകൊണ്ടുപോയതിന്റെ പേരിൽ ഷിഹാബുദ്ദീനെ പോലെയുള്ള ഒരു കൊച്ചുപയ്യനെ കൊലപ്പെടുത്തിയ നരേന്ദ്ര മോഡിക്ക് ഇന്ത്യയുടെ അധികാരത്തിലേയ്ക്ക് കടന്നുവരാതിരിക്കാ നാവശ്യമായ പ്രതിരോധം തീർക്കാൻ ഇവിടെത്തെ കോൺഗ്രസിന് ശേഷിയില്ല. അതുകൊണ്ടാണ് നരേന്ദ്ര മോഡിയേയും കോൺഗ്രസിന്റെ നയങ്ങളെയും എതിർത്തുകൊണ്ട് കോൺഗ്രസ് പാർട്ടിയിൽ നിന്ന്, ബി.ജെ. പി.-യിൽ നിന്ന്, ലീഗിൽനിന്ന് അടക്കമുള്ള ആളുകൾ സി.പി.ഐ.(എം) -ലേയ്ക്ക് വരുന്നത്. സി.പി.ഐ.(എം.)-ൽ നിന്ന് ആളുകൾ പോയാലും കുറ്റം സി.പി.ഐ.(എം.)-നാണ്. അബ്ദുള്ളക്കുട്ടിയടക്കമുള്ള ആളുകൾ അപ്പുറത്തേയ്ക്ക് പോയാലും കുഴപ്പം സി.പി.ഐ.(എം)-നാണ്. ഇവിടെ ആയി രക്കണക്കിന് ആളുകൾ ഈ പാർട്ടിയിലേയ്ക്ക് വന്നാലും കുഴപ്പം സി.പി. ഐ.(എം.)-ന്. ഞങ്ങൾ സൂചിപ്പിക്കുന്നു. നിങ്ങൾ ഇങ്ങനെ വളഞ്ഞിട്ട് ആക്രമിക്കുമ്പോൾ ഇ.എം.എസ്.-ന്റെ വാക്കുകൾ ഇത്തിരി തിരിച്ചെടുത്താൽ ഞങ്ങൾ ചെയ്തത് ശരിയാണെന്ന ബോധ്യം ഞങ്ങൾക്കുണ്ട്. അതുകൊണ്ടാണ് നിങ്ങൾ ഞങ്ങളെ വളഞ്ഞിട്ട് ആക്രമിക്കുന്നത്. ഈ ആക്രമണങ്ങൾ, ഞങ്ങളുടെ സമരങ്ങൾ ഒക്കെ പരാജയമാണെന്ന് നിങ്ങൾ

ആവർത്തിച്ചാവർത്തിച്ച് പറയുമ്പോഴും അത് ജനങ്ങളുടെ പരാജയമാണ്. വിലക്കയറ്റത്തിനെതിരെ സമരം ചെയ്യുമ്പോൾ പരാജയപ്പെട്ടാൽ........... ........(മൈക്ക് ഓഫ്).............

മി. ചെയർമാൻ: യെസ്, യെസ്, ഇത്രയും സമയം ആർക്കും കിട്ടിയിട്ടില്ല. അതുകൊണ്ട് ചുരുക്കുക.

ശ്രീ. ആർ. രാജേഷ്: സർ, അതുകൊണ്ട് ഈ പരാജയത്തിന്റെ തിരിച്ചടി ജനങ്ങൾ നൽകുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ അതിശക്തിയായി ഞാൻ എതിർക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ശ്രീ കെ. എം. മാണിസർ അവതരിപ്പിച്ച ധനാഭ്യർത്ഥനയെയും ഉപധനാഭ്യർത്ഥനയെയും അധിക ധനാഭ്യർത്ഥനയെയും ഞാൻ പിന്തുണയ്ക്കുന്നു. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. ആർ രാജേഷ്, ശ്രീ. എം. എൻ. വിജയന്റെ ഒരു വാചകം ക്വാട്ടുചെയ്തുകൊണ്ടാണ് പ്രസംഗം തുടർന്നത്. അദ്ദേഹം ജീവിച്ചിരുന്നപ്പോഴായിരുന്നുവെങ്കിൽ തീർച്ചയായും രാജേഷിനെതിരെ നടപടി വരുമായിരുന്നുവെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. കാരണം അദ്ദേഹം ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തെ പടിയടച്ച് പിണ്ഡം വച്ച പാർട്ടിയാണ് സി.പി.ഐ.(എം). എന്ന കാര്യത്തിൽ ആർക്കെങ്കിലും സംശയമുണ്ടോ? ശ്രീമതി ഇ. എസ്. ബിജിമോൾക്ക് ചിലപ്പോൾ സംശയം കാണുമായിരിക്കും. എനിക്ക് സംശയമില്ല. നാട്ടിൽ ആർക്കും സംശയമില്ല. ഇവിടെ നരേന്ദ്ര മോഡിയെ എതിർക്കാൻ രാജേഷിന്റെ പാർട്ടി ഏതാണ്ട് വലിയ സന്നാഹം ഒരുക്കുന്നുവെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഞാൻ അവസാനം സമയമുണ്ടെങ്കിൽ അതിലേയ്ക്ക് വരാം. ഇവിടെ സാക്ഷരതയിലും വിദ്യാഭ്യാസത്തിലും നമ്മുടെ രാജ്യത്ത് ഏറ്റവും

മുമ്പിൽ നിൽക്കുന്ന ജില്ലയാണ് പത്തനംതിട്ട. ശ്രീ. മാത്യു ടി തോമസ് പ്രതിനിധാനം ചെയ്യുന്ന തിരുവല്ല നിയോജക മണ്ഡലത്തിലെ തിരുവല്ല താലൂക്ക് ഇന്ത്യയിൽ ഏറ്റവും കൂടുതൽ സാക്ഷരതാ നിലവാരവും വിദ്യാഭ്യാസ നിലവാരവുമുള്ള ഒരു താലൂക്കാണ്. അതിനകത്ത് എന്റെ നിയോജക മണ്ഡലത്തിന്റെ ഭാഗം കൂടിയുണ്ട്. പക്ഷേ ഇതുവരെയും ഞങ്ങളുടെ ജില്ലയിൽ ഒരു സർക്കാർ കോളേജ് ഉണ്ടായിട്ടില്ല. അപ്പോൾ ആ ജില്ലയിൽ ഒരു കോളേജ് അനുവദിക്കാൻ തീരുമാനിച്ച ശ്രീ മാണിസാറിനെ പത്തനംതിട്ട ജില്ലയിലെ ജനങ്ങൾക്കുവേണ്ടി, ശ്രീ. മാത്യു ടി തോമസിനും, ശ്രീ. രാജു എബ്രഹാമിനും, ജില്ലയിലെ ജനങ്ങൾക്കുംവേണ്ടി ഞാൻ അഭിവാദ്യം ചെയ്യുകയാണ്. ഇവിടെ കേരളത്തിലെ പിന്നോക്ക വിഭാഗങ്ങളുടെ നവോത്ഥാന നായകൻ എന്നുതന്നെ വിശേഷിപ്പിക്കപ്പെടുന്ന മഹാനായ അയ്യങ്കാളി പത്ത് ബി.എ.-ക്കാർ എന്റെ സമുദായത്തിലുണ്ടാകണമെന്നതാണ് എന്റെ ജീവിതാഭിലാഷമെന്നാണ് മഹാത്മാഗാന്ധിയോട് പറഞ്ഞത്. ആ സമുദായത്തിന് ഇന്നുവരെ ഒരു കോളേജില്ല. ആ ആവശ്യം നിറവേറ്റിയ മാണിസാറിന് കേരളത്തിന്റെ മുഴുവൻ ജനങ്ങളുടെയും പിന്തുണയുണ്ടാകു മെന്ന കാര്യത്തിൽ ആർക്കും സംശയം വേണ്ട. ഇന്നുതന്നെയാണ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ ശ്രീ. അയ്യങ്കാളിയുടെ പേരിൽ ഒരു ചെയർ ഉണ്ടാകാൻ പോകുന്നുവെന്ന് ശ്രീ. കൊടിക്കുന്നിൽ സുരേഷിന്റെ ഒരു പ്രസ്താവന വന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന യു.ഡി.എഫ്. ഗവൺമെന്റും യു.പി.എ. ഗവൺമെന്റും ഇത്തരത്തിൽ മഹാനായ അയ്യങ്കാളിയുടെ പേരിൽ ഒരു ചെയർ സ്ഥാപിക്കുന്നതിനും കോളേജ് സ്ഥാപിക്കുന്നതിനും നടപടിയെടുത്തതിനെ ജനങ്ങൾ അംഗീകരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പട്ടികജാതി വിഭാഗങ്ങൾക്ക് കൂടുതൽ അർഹത

നൽകുന്നതിന് ശ്രീ. എ. പി. അനിൽ കുമാറിന്റെ വകുപ്പിൽ നിന്നും ഒരു മെഡിക്കൽ കോളേജ് അനുവദിച്ച ഗവൺമെന്റാണിത്. ഞങ്ങളുടെ പ്രതിബദ്ധത ആരോടാണെന്ന് ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ, അതുപോലെ ഞങ്ങളുടെ നടപടികളിലൂടെ വ്യക്തമാകുകയാണ്. അതുപോലെ മലപ്പുറം ജില്ലയിൽ ഒരു വനിതാ കോളേജ് അനുവദിക്കാനായി ഇന്നലെ തീരുമാനിച്ചു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനമുണ്ടായി. ഇവിടെ വലിയ സാമ്പത്തിക ഞെരുക്കമുണ്ടായി. വലിയ അപകടമുണ്ടാകാൻ പോകുന്നുവെന്ന് ഡോ. തോമസ് ഐസക്ക് എല്ലാ ചാനലുകളിലൂടെയും പ്രഖ്യാപിക്കുകയായിരുന്നു. ഇന്നലെ എത്രയെത്ര പദ്ധതികളാണ് മാണിസാർ പ്രഖ്യാപിച്ചത്. ബുദ്ധിമാന്ദ്യവും ഓട്ടിസവും ബാധിച്ച കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള തീരുമാനം ഇന്നലെയെടുത്തു. 100 കുട്ടികളുള്ള സ്കൂളുകൾക്കാണ് എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ചത്. 100 കുട്ടികളിൽ കുറവ് പഠിക്കുന്ന ധാരാളം സ്കൂളുകളുണ്ട്. അതുകൊണ്ട് 50 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾക്ക് ആ പദവി നൽകണമെന്നാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. ഇവിടെ അങ്ങയുടെ പ്രതിബന്ധത, ഈ ഗവൺമെന്റിന്റെ പ്രതിബദ്ധത സാധാരണക്കാരോടാണ്. ആശാ വർക്കേഴ്സ്, അംഗനവാടി ജോലിക്കാർ തുടങ്ങിയവരുടെ വേതനം വർദ്ധിപ്പിക്കുന്നു. പാർട്ട് ടൈം സ്വീപ്പേഴ്സിന്റെ വേതനം 3,500-ൽ നിന്നും 4,000 രൂപയാക്കാനായി തീരുമാ നിച്ചത് വളരെ നല്ല കാര്യമാണ്. ഞാൻ അതിനെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. പക്ഷേ 4,000 രൂപയും വളരെ കുറവാണ്. കുറച്ചുകൂടി വർദ്ധിപ്പിക്കണം. പാർട്ട്ടൈം സ്വീപ്പേഴ്സിന്റെ വേതനം 3,500-ൽ

നിന്നും 4,500 ആക്കിയിട്ടുണ്ട്. അത് 6,000 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഏതാനും രൂപ കൊടുക്കുന്നതിനുവേണ്ടി അദ്ദേഹം നാടുനീളെ സഞ്ചരിക്കുന്നുവെന്ന് ആക്ഷേപം ഉന്നയിച്ച ആളുകളല്ലേ? 15 കോടിയായിരുന്നു ബഡ്ജറ്റ് അലോക്കേഷൻ. 135 കോടി രൂപ അതിന് കഴിഞ്ഞ വർഷം അനുവദിച്ചുവെന്ന് മാണിസാർ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചില്ലേ? എത്രയാളുകൾക്ക് എത്ര രൂപ സഹായധനമായി കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്ന് നമ്മൾ ആലോചിക്കണ്ടേ? മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത് യൂണിവേഴ്സിറ്റികളുടെ ഭരണത്തെക്കുറിച്ചാണ്. കാലടി സംസ്കൃത യൂണിവേഴ്സിറ്റിയുടെ സാമ്പത്തിക പരാധീനത വളരെ വലുതാണ്. ഈ സപ്ലിമെന്ററി ഗ്രാന്റ്സിൽ 3 കോടി രൂപ വച്ചിട്ടുണ്ട്. പക്ഷേ, അതുകൊണ്ട് മതിയാകില്ല. ഗ്രാന്റല്ലാതെ മറ്റു വരുമാനമാർഗ്ഗങ്ങളൊന്നുമില്ലാത്ത ഒരു യൂണിവേഴ്സിറ്റി എന്ന നിലയിൽ സംസ്കൃത യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം സുഗമമായി നടക്കണമെന്നുണ്ടെങ്കിൽ കൂടുതൽ തുക അനുവദിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കെ.എസ്.ആർ.ടി.സി.-യുടെ കാര്യത്തിൽ അലോക്കേഷൻ കൂടാതെ തന്നെ ഗവൺമെന്റ് തുക അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം, എൽ.ഐ.സി. -യുമായി ചേർന്ന് പെൻഷൻ കൊടുക്കുന്നതിനുള്ള ഒരു പാക്കേജുണ്ടാക്കുമെന്ന് അങ്ങ് പറഞ്ഞു. എത്രയും വേഗം ആ പാക്കേജുണ്ടാക്കി കെ.എസ്. ആർ.ടി.സി.-യിലെ അർഹരായ മുഴുവൻ ആളുകൾക്കും താമസംകൂടാതെ പെൻഷൻ കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് അക്കാര്യത്തെ സംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇപ്പോഴുള്ള ഈ

എക്സസ് ഡിമാന്റിനെ എതിർക്കുന്നുവെന്നാണ് പ്രതിപക്ഷം പറഞ്ഞത്. 12 വർഷത്തേയ്ക്കുള്ള എക്സസ് ഡിമാന്റാണ് വന്നത്. ഡോ. തോമസ് ഐസക്കിന്റെ കാലത്ത് ചെലവഴിച്ച എക്സസ് ഡിമാന്റ് വന്നിരിക്കുകയാണ്. അപ്പോൾ അതൊന്നും കൊടുക്കേണ്ടതില്ല എന്നാണോ; പിന്നെ എന്തു കാര്യത്തിനാണ് ഇതിനെ എതിർക്കുന്നത്? കാര്യമില്ലാതെ, കാര്യങ്ങളറിയാതെ എതിർപ്പിനുവേണ്ടി എതിർക്കുന്ന ഒരു സംവിധാനമുണ്ടാകരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഡോ. കെ. ടി. ജലീൽ, അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽ പൈശാചികമായ ഒരു ആക്രമണം ഉണ്ടായതിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ആഭ്യന്തര വകുപ്പുമന്ത്രി അത് വളരെ ഗൗരവമായി കൈകാര്യം ചെയ്യുമെന്ന് പറഞ്ഞു. ഡോ. കെ. ടി. ജലീൽ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. വളരെ ശക്തമായ നടപടിയെടുക്കണം. ഒരു കാരണവശാലും ഇത്തരം സംഭവങ്ങൾ സംസ്ഥാനത്തുണ്ടാകാൻ പാടില്ല. ആരുടെ ഭാഗത്തുനിന്നുണ്ടായാലും ഇത്തരം സംഭവങ്ങളെ അമർച്ച ചെയ്യാൻ ഗവൺമെന്റ് ശക്തമായ നടപടിയെടുക്കണം. ഡോ. കെ. ടി. ജലീൽ, അങ്ങ് പറഞ്ഞ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. പക്ഷേ, എന്നാണ് അങ്ങേയ്ക്ക് ഈ പൈശാചികമായ അക്രമത്തെ അപലപിക്കാൻ തോന്നിയത്; ഏതൊക്കെ അക്രമങ്ങളെയാണ് അങ്ങ് പൈശാചികമെന്ന് വിളിക്കുന്നത്; എല്ലാ അക്രമത്തെയും ഡോ. തോമസ് ഐസക് പൈശാചികമെന്നാണോ വിളിക്കുന്നത്. ഞാൻ ടി. പി. ചന്ദ്രശേഖരൻ വധത്തെക്കുറിച്ച് പറയാം. കണ്ണൂരിലെ സി.പി.ഐ.(എം). പാർട്ടി ഗ്രാമമായ കായലോടിയിലെ പി. ടി. നിത്യാനന്ദനെ 2011-ൽ മാരകമായി വെട്ടിപരിക്കേൽപ്പിച്ചു. അദ്ദേഹം ഇപ്പോഴും ചികിത്സയിലാണ്. നിത്യാനന്ദൻ

ഡി.വൈ.എഫ്.ഐ. പ്രവർത്തകനായിരുന്നു. അദ്ദേഹം പാർട്ടി പ്രവർത്തന ത്തിൽ നിന്ന് പിൻമാറി എന്നുള്ളതാണ് ആക്രമണത്തിന് കാരണം. പൈശാചികമായ പ്രവർത്തനത്തെ നിങ്ങൾ അപലപിക്കുന്നുണ്ടോ; നിത്യാനന്ദന് നേരെയുള്ള ആക്രമണത്തെ ഡോ. തോമസ് ഐസക് എന്തു കൊണ്ടാണ് അപലപിക്കാത്തത്? സി.പി.ഐ.(എം)-ൽ നിന്ന് പോപ്പുലർ ഫ്രണ്ടിലേയ്ക്ക് മാറിയ മുഹമ്മദ് ഫസലിനെ പൈശാചികമായി വെട്ടിക്കൊന്നില്ലേ; അത് എന്തുകൊണ്ടാണ് പൈശാചികമാകാത്തത്; അതിനെ എന്തുകൊണ്ടാണ് നിങ്ങൾ അപലപിക്കാത്തത്? ഷുക്കൂർ എന്ന മുസ്ലീം ലീഗുകാരനെ കുറ്റവിചാരണ നടത്തി കൊല ചെയ്തില്ലേ; ഇതിൽ നിന്നൊക്കെ നിങ്ങളുടെ ഫാസിസ്റ്റ് മുഖമാണ് വെളിവാകുന്നത്. ടി.പി. ചന്ദ്രശേഖരന്റെ വധത്തെക്കുറിച്ചുള്ള വിധിയാണ് - ചന്ദ്രശേഖരന്റെ വധം അതിക്രൂരമാണ്, നേരത്തെ ആസൂത്രണം ചെയ്തതാണ്, നിഷ്ഠൂരമാണ്, ഈ കൊലയുടെ കാരണം വ്യക്തിപരമായ ശത്രുതയല്ല, കടുത്ത ധാർമ്മിക അധ:പതനത്തെ യാണ് ഈ കൊല നടത്തിയ രീതി വ്യക്തമാക്കുന്നത്, പ്രതികളുടെ പ്രവൃത്തി മനുഷ്യത്വമില്ലാത്തതുമാത്രമല്ല നീചവും പൈശാചികവുമാണ്, അത് നീതിന്യായ വ്യവസ്ഥയെ മാത്രമല്ല സമൂഹത്തെ ഒട്ടാകെ നടുക്കുന്നു. ഇന്നു വരെ പശ്ചാത്താപത്തിന്റേതായിട്ടുള്ള ഒരു വാക്ക് നിങ്ങളുടെ ആരുടെയെങ്കിലും നാവിൽ നിന്ന് വന്നിട്ടുണ്ടോ; നിങ്ങളുടെ പാർട്ടി ആലോചിച്ചല്ലേ ഞാൻ ഈ പറഞ്ഞ ആക്രമണങ്ങളൊക്കെ നടത്തിയത്; ശ്രീ.പി. ശ്രീരാമകൃഷ്ണൻ ഫാസിസത്തെക്കുറിച്ചും കൊലപാതക സംഘ ത്തെക്കുറിച്ചും ഇന്ന് രാവിലെ ഇവിടെ പറഞ്ഞു. ഈ കൊലപാതക സംഘ ങ്ങൾക്ക് വളംവച്ചുകൊടുത്തതും എല്ലാ സംരക്ഷണവും കൊടുത്തതും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയല്ലേ; ശ്രീ. ശ്രീരാമകൃഷ്ണന് ഈ കാര്യ

ത്തെക്കുറിച്ച് പറയാൻ എന്താണ് നാവ് പൊങ്ങാത്തത്? 51 വെട്ടുവെട്ടിയാണ് ടി.പി.-യെ കൊന്നത്, കെ.കെ. രമ നിങ്ങളുടെ സഹപ്രവർത്തകയായിരുന്നില്ലേ; ടി.പി. ചന്ദ്രശേഖരൻ നിങ്ങളുടെ സഹപ്രവർത്തകനായിരുന്നില്ലേ; കെ. കെ. രമയുടെ പിതാവ് മാധവൻ നിങ്ങളുടെ പ്രവർത്തകനായിരുന്നില്ലേ? പൈശാചികമായി 51 വെട്ട് നിങ്ങളുടെ പാർട്ടിക്കാരുടെ സംരക്ഷണയിൽ വെട്ടിയപ്പോൾ നിങ്ങൾ രമയെക്കുറിച്ച് ആലോചിച്ചോ; നിങ്ങൾ ആ സ്ത്രീയെക്കുറിച്ച് ആലോചിച്ചോ; പൈശാചികതയെക്കുറിച്ച് പറയാൻ നിങ്ങൾക്ക് എന്താണ് അവകാശം? ഈ കൊലപാതകത്തെക്കുറിച്ച് പശ്ചാത്താപത്തിന്റെ സ്വരത്തിൽ ഒരു വാക്കുപോലും നിങ്ങൾക്ക് സംസാരിക്കാൻ കഴിഞ്ഞില്ല. രാഷ്ട്രീയ കൊലപാതകത്തെക്കുറിച്ചാണ് ഇപ്പോൾ നിങ്ങൾ പറയുന്നത്; നിങ്ങളുടെ കൈകളിലെ രക്തക്കറ സപ്തസാഗരങ്ങളിലെ വെള്ളംകൊണ്ട് കഴുകിയാലും, മാക്ബത്തിലെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ പറയട്ടെ അറേബ്യയിലെ മുഴുവൻ സുഗന്ധദ്രവ്യങ്ങൾ പുരട്ടിയാലും അതിന്റെ പാപക്കറയും ഗന്ധവും പോകില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. ആ ചോരക്കറ മാറില്ല. കാരണം നിങ്ങൾക്ക് പശ്ചാത്താപമില്ല. ഇപ്പോഴും നിങ്ങൾ കൊലപാതകികളെ സംരക്ഷിക്കുകയാണ്, അവരുടെ സംരക്ഷണത്തിനുവേണ്ടി നെട്ടോട്ടമോടുകയാണ്. കൊലപാതകത്തെക്കുറിച്ച് പറയാൻ, ഫാസിസത്തെക്കുറിച്ച് പറയാൻ നിങ്ങൾക്ക് നാണമുണ്ടോ; അത് പറയാൻ നിങ്ങൾക്ക് എന്താണ് അവകാശം? ഏറ്റവും കൂടുതൽ കൊലയാളിസംഘങ്ങളെ സംരക്ഷിക്കുന്നത് നിങ്ങളുടെ പാർട്ടിയല്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, ഒരു അമ്പലമുറ്റത്ത് വച്ച് കോൺഗ്രസ്സുകാരനായ മധുവിനെ ഭാര്യയുടെ മുമ്പിൽ വച്ച് 42 കഷണമാക്കി. അതിന്

പ്രതികാരമായി ലാലിനെ ഒരു മാസത്തിനുള്ളിൽ, ഈ കൊലപാതകത്തിന് നേതൃത്വം കൊടുത്ത അതേ ആളുകൾ കൊന്നു. ഇരട്ടകൊലപാതകം നടന്നിട്ട് ഒരു ദിവസംപോലും കോൺഗ്രസ്സിന്റെ നേതാക്കൻമാർ തൃശ്ശൂർ ജില്ലയിൽ കടന്നുചെന്നിട്ടില്ല. എന്നിട്ടാണോ ശ്രീ. ശിവദാസൻ നായർ ഇതു പറയുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പറയുന്ന കാര്യങ്ങളെ ക്കുറിച്ച് മറുപടി പറയാനില്ലാത്തതുകൊണ്ട് വേറെന്തോ കാര്യങ്ങൾ സംസാരിക്കുകയാണ്. ശ്രീ. എ. കെ. ബാലൻ, ഇരുട്ട് കൊണ്ട് ഓട്ട അടയ്ക്കേണ്ട കാര്യമില്ല. നിങ്ങളാണ് ഈ സംസ്ഥാനത്തെ ഏറ്റവും വലിയ കൊലയാളിസംഘങ്ങളുടെ സംരക്ഷകർ. ജയകൃഷ്ണൻ മാസ്റ്ററുടെ മാത്രമല്ല എത്രയെത്ര കൊലപാതകങ്ങൾ. ആ കൊലപാതകങ്ങൾ നടത്തിയ ആളുകളിൽ ചിലരെ നിങ്ങൾ പോക്കറ്റിലിട്ടുകൊണ്ട് നടക്കുകയല്ലേ? അതു കൊണ്ട് നിങ്ങൾക്ക് ഇതു പറയാൻ ഒരു അവകാശവും ഇല്ലെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്.

ശ്രീ. സാജു പോൾ: സർ, പോയിന്റ് ഓഫ് ഓർഡർ, റൂൾ 307. ഈ സഭയിൽ 2001 മുതൽ ഞാൻ കേട്ടിട്ടുള്ളതാണ്, ഈ സഭയുടെ അദ്ധ്യ ക്ഷൻമാരായിരുന്ന ബഹുമാന്യ വ്യക്തികളെല്ലാം പറഞ്ഞിട്ടുള്ളതാണ്. നമ്മൾ സംബോധന ചെയ്യുമ്പോൾ അങ്ങ്, നിങ്ങൾ എന്നെല്ലാം പറയുന്നത് ചെയറിനെ ഉദ്ദേശിച്ചാണ്. ഇവിടെ ശ്രീ. കെ. ശിവദാസൻ നായർ നിങ്ങൾ കൊലപാതകികളാണ് എന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട ചെയറിനെയാണ് കൊലപാതകി എന്നു പറഞ്ഞിരിക്കുന്നത്. ഇത് ഓർഡറിലാണോ?

മി. ചെയർമാൻ: ഇതിൽ ഒരു പോയിന്റുമില്ല. അങ്ങേയ്ക്ക് പ്രസംഗം തുടരാം.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ആ വിഷയം ഞാൻ നിർത്തുന്നു. ഇവിടെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ പ്രസംഗിച്ചപ്പോൾ രണ്ട് വിമാനത്താവളങ്ങൾ ഇടുക്കിയിലും വയനാട്ടിലും കൊുവരുമെന്ന് മാണിസാർ പ്രഖ്യാപിച്ചിട്ടും എന്തുകൊണ്ട് നടത്തിയില്ല എന്നാണ് ചോദിച്ചത്. ശ്രീ. അബ്ദുൾ ഖാദർ, 2009–2010–ൽ മാണിസാർ ആയിരുന്നില്ല ഇവിടത്തെ ധനകാര്യ വകുപ്പുമന്ത്രി. 2009–2010–ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വിമാനത്താവളങ്ങളെക്കുറിച്ച് പറയുന്ന ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാം.

"വിമാനത്താവളങ്ങൾ:– പുതിയതായി ഇടുക്കിയിലും വയനാട്ടിലും രണ്ട് എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതാണ്. സംയുക്ത സംരംഭങ്ങളായിട്ടായിരിക്കും ഇവ സ്ഥാപിക്കുന്നത്. ഭൂമി ഏറ്റെടുക്കുന്നതിനായി അഞ്ചു കോടി രൂപ വകയിരുത്തുന്നു." ഇതിന്റെ ഉത്തരവാദിത്തം മാണിസാറിന്റെ തലയിലേക്ക് എന്തിനാണ് വയ്ക്കുന്നത്? ഇവിടെ 2011 ഫെബ്രുവരി നാലാം തീയതി ഗവർണ്ണർ ശ്രീ. ആർ. എസ്. ഗവായി നിയമസഭയിൽ ചെയ്ത പ്രസംഗമുണ്ട്, "ഇടുക്കിയുടെയും മൂന്നാറിന്റെയും ടൂറിസം വികസന സാധ്യതകൾ കണക്കിലെടുത്ത് എന്റെ സർക്കാർ ഇടുക്കിയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്...." എന്റെ സർക്കാർ എന്നുപറയുന്നത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായ സർക്കാരിനെയാണ്. ഇടുക്കിയിൽ അണക്കര എന്ന സ്ഥലത്താണ് ഈ ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കാൻ തീരുമാനിച്ചത്. അണക്കരയിൽ ഇപ്പോഴും കൃഷി ചെയ്യുന്ന വയലാണ്. അതിനെക്കുറിച്ചെല്ലാം ശ്രീമതി ഇ. എസ്. ബിജിമോൾക്കറിയാം. അവിടെ എയർപോർട്ട് സ്ഥാപിക്കുന്നതിന്

തീരുമാനിച്ച ഗവൺമെന്റാണ്. അവിടെ അഖിലലോക പരിസ്ഥിതിവാദികളാണ് മന്ത്രിമാരായി ഉണ്ടായിരുന്നത്. ശ്രീ. എം. എ. ബേബി, ശ്രീ. ബിനോയ് വിശ്വം, ശ്രീ. മുല്ലക്കര രത്നാകരൻ തുടങ്ങിയവരെല്ലാവരും മന്ത്രിമാരായിരിക്കുന്ന ഒരു മന്ത്രിസഭയിൽ ഗവർണ്ണറുടെ പ്രഖ്യാപനമാണ്, അണക്കരയിൽ ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കും എന്നത്. നിങ്ങളുടെ പ്രസംഗവും നിങ്ങളുടെ പ്രവൃത്തിയും തമ്മിൽ എന്ത് ബന്ധമാണുള്ളത്? എന്നിട്ട് ശ്രീ. കെ. വി. അബ് ദുൾഖാദർ ഇവിടെ വന്ന് എന്തുകൊണ്ട് ഇത് നടപ്പിലായില്ല എന്ന് മാണിസാറിന്റെ മുഖത്തു നോക്കി ചോദിക്കുകയാണ്. നിങ്ങളുടെ ഗവൺമെന്റ് എന്തുകൊണ്ട് ഇതിന് നടപടി എടുത്തില്ല എന്നുള്ളതിനെക്കുറിച്ച് ആദ്യം പറയണമെന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. അതു കഴിഞ്ഞ് ഞങ്ങളുടെ ഗവൺമെന്റ് എന്തുകൊണ്ട് നടപടി എടുത്തില്ല എന്നുള്ളതിനെക്കുറിച്ച് പറയാം. ഇവിടെ മറ്റൊരു കാര്യംകൂടി സൂചിപ്പിക്കാം. ഓട്ടോറിക്ഷകളുടെ രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കുന്നത് അങ്ങ് പിൻവലിച്ചു. വളരെ നല്ല കാര്യമാണ്. അതുപോലെ സഹകരണ മേഖലയിൽ എല്ലാവരും സ്വാഗതം ചെയ്യുന്ന ഗഹാന്റെ ഒഴികുറി കൊടുക്കുന്നതിന്റെ ഫീസ് വേണ്ടെന്നുവച്ചു. കൃഷിക്കാർ മുഴുവൻ അതിനെ സ്വാഗതം ചെയ്യുന്നതാണ്. നിരവധി നിർദ്ദേശങ്ങൾ ഇന്നലെ അങ്ങ് ഇവിടെ പറയുകയുണ്ടായി. ഈ ബഡ്ജറ്റിന്റെ മാനുഷികമുഖം വെളിവാക്കുന്ന, അങ്ങയുടെ പ്രതിബദ്ധത കേരളത്തിലെ സാധാരണക്കാരനോടാണ് എന്ന് വെളിവാക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങളാണ് അങ്ങ് കഴിഞ്ഞ ദിവസം ഇവിടെ പ്രഖ്യാപിച്ചത്. ഈ പ്രഖ്യാപനങ്ങളെയും ഈ ധനാഭ്യർത്ഥനകളെയും പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും 2013-2014 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളേയും ഞാൻ എതിർക്കുന്നു. ഇതിനെ എതിർക്കുന്നു എന്നു പറയുന്നത് മറ്റൊന്നും കൊണ്ടല്ല. ആദ്യം ഒരു കാര്യം സൂചിപ്പിച്ചതിനുശേഷം വിഷയത്തിലേയ്ക്ക് വരാം. എന്റെ ഏറ്റവും വലിയ സ്നേഹിതനാണ് ശ്രീ. കെ. ശിവദാസൻ നായർ. എനിക്ക് ഒരു സംശയമുണ്ട്, അദ്ദേഹം എന്നാണ് എസ്.ഡി.പി.ഐ.-യിൽ ചേർന്നത്. രണ്ടാളുകളെ ആക്രമിക്കുന്ന ദൃശ്യം ടി.വി.-യിൽ കാണിച്ചു കൊണ്ടിരിക്കുകയാണ്, പ്രതികളായ രണ്ട് ആളുകളെയും പിടിച്ചിട്ടുണ്ടെന്ന് ആഭ്യന്തര വകുപ്പുമന്ത്രി സമ്മതിക്കുകയും ചെയ്തു. അവർ എസ്.ഡി. പി.ഐ.-ക്കാരാണ്. മുസ്ലീംലിഗിനുപോലും അതിനകത്ത് അഭിപ്രായ വ്യത്യാസമില്ല. അത് അവർക്ക് അറിയാം, ഒരാളുപോലും സംസാരിച്ചിട്ടില്ല. പിന്നെ ഈ കാര്യത്തിൽ ശ്രീ. കെ. ശിവദാസൻ നായർക്ക് എന്താണ് ഇത്രയും താല്പര്യമുള്ളത്. ശ്രീ. ശിവദാസൻ നായരെ അറിയാവുന്നതുകൊണ്ടും സ്നേഹം ഉള്ളതുകൊണ്ടും ചോദിക്കുന്നതാണ്. സാധാരണ എല്ലാ കാര്യങ്ങളും എന്നോട് പറയുന്നതാണ്. ഇതിനെക്കുറിച്ച് പറഞ്ഞിരുന്നെങ്കിൽ പോകണ്ട എന്ന് ഞാൻ പറയുമായിരുന്നു. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു എന്നു പറയുന്നതിനുള്ള കാരണം ഈ ഗവൺമെന്റ് അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും മുഖമുദ്രയാണ്. ഈ ഭരണം അങ്ങനെയാണ്. എന്തുകൊണ്ടാണെന്ന് ചോദിച്ചാൽ പ്രഖ്യാപിക്കുവാൻ ഒരു വിഷമവുമില്ല, പക്ഷേ നടപ്പാക്കാനാണ് പ്രയാസമുള്ളത്. ഒന്നുരണ്ട് കാര്യങ്ങളെക്കുറിച്ച് ഞാൻ സൂചിപ്പിക്കാം. കഴിഞ്ഞ ഗവൺമെന്റ് 2008-ൽ

എടുത്ത ഒരു തീരുമാനം ഇതുവരെയും നടപ്പാക്കിയിട്ടില്ല. കല്ലറ–നന്ദിയോട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെല്ലഞ്ചിപ്പാലം, അവിടെത്തെ ആളുകളുടെ ആവശ്യമാണ്. ഈ പാലം പണിയുന്നതിന് കഴിഞ്ഞ് എൽ.ഡി. എഫ്. ഗവൺമെന്റ് തീരുമാനിച്ചതാണ്. അത് ഇതുവരെ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്? അതുപോലെ മലയോര പ്രദേശത്തുള്ള ചിപ്പഞ്ചിറയി ലുള്ള പാലം, അതും നടപ്പാക്കിയില്ല. ഒരു കാര്യവും നടക്കുന്നില്ല. ഇങ്ങനെ നിരവധി നിരവധി കാര്യങ്ങളെക്കുറിച്ച് എനിക്ക് പറയുവാനുണ്ട്. ഞാൻ വേറൊരു കാര്യം ചോദിക്കട്ടെ, മാണിസാറിനും ശ്രീ. ആര്യാടൻ മുഹമ്മദ് സാറിനും ഈ കാര്യങ്ങളെക്കുറിച്ചെല്ലാം അറിയാം.

ശ്രീ. വർക്കല കഹാർ : സർ,.....

ശ്രീ. കോലിക്കോട് എൻ. കൃഷ്ണൻ നായർ : സർ, ശ്രീ. വർക്കല കഹാറിനെ എനിക്ക് ഇഷ്ടമാണ്. എന്നാലും ഞാൻ വഴങ്ങുന്നില്ല. കഴിഞ്ഞ ഗവൺമെന്റ് എടുത്ത പരിപാടികൾപോലും ഈ ഗവൺമെന്റ് നടപ്പിലാക്കുന്നില്ല. എന്നുമാത്രമല്ല ഒരു കാര്യവും നടക്കുന്നില്ല. ഞാൻ ഒന്നു രണ്ടു കാര്യങ്ങൾ ചോദിക്കാം. സാധാരണ ജനങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് വിലക്കയറ്റം. ഈ ബഡ്ജറ്റിൽ അതിനെന്ത് പ്രതിവിധിയാണുള്ളത്? സപ്ലൈകോയ്ക്ക് 65 കോടി രൂപയും കൺസ്യൂമർ ഫെഡിന് 11 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. അങ്ങനെയുള്ള രണ്ടു ചെറിയ കാര്യങ്ങൾ മാത്രമേ ഈ ബഡ്ജറ്റിലുള്ളൂ. അത് ശരിയാണോ? കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഇവിടെ വിലക്കയറ്റം വന്നു. ഇപ്പോഴുള്ള വിലക്കയറ്റം പോലെയല്ല. അന്ന് സാധനങ്ങൾക്ക് തീപിടിച്ച വിലയായിരുന്നു. എന്താണ് അന്ന് ചെയ്തത്, സഹകരണരംഗം

മുഴുവൻ അതിന് മുന്നിട്ടിറങ്ങി, അന്ന് ശ്രീ. ജി. സുധാകരനാണ് സഹകരണ വകുപ്പുമന്ത്രി. എല്ലാവരേയും വിളിച്ചുകൂട്ടി, ഞങ്ങളൊക്കെ ഉണ്ടായിരുന്നു. ഇതൊക്കെ ശ്രീ. കെ. ശിവദാസൻ നായർക്കും അറിയാവുന്നതാണ്. കൺസോർഷ്യമുണ്ടാക്കി, ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും കൂടി ചേർന്നാണ് ആവശ്യമുള്ള പണം കൊടുത്തത്. അതിനുശേഷം ഉൽപ്പാദനം ചെയ്യുന്ന സ്ഥലത്തുനിന്നും ഉൽപ്പന്നങ്ങൾ എടുത്തുകൊണ്ടു വരികയും മാർക്കറ്റിലെ വിലയെക്കാൾ തുച്ഛമായ വിലയിൽ ലാഭകരമായി സാധനങ്ങൾ കൊടുക്കുകയും ചെയ്തു. രണ്ടാഴ്ചകൊണ്ട് വിലക്കയറ്റം തടഞ്ഞുനിർത്തി. ഇപ്പോൾ 65 കോടി രൂപ സപ്ലോയ്കോയ്ക്കും 11 കോടി രൂപ കൺസ്യൂമർഫെഡിനും കൊടുത്തു എന്നാണ് നിങ്ങൾ വീരവാദം പറയുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 800 കോടി രൂപയാണ് സബ്സിഡി കൊടുത്തത്, ആ രീതിയിലാണ് വിലക്കയറ്റം പിടിച്ചുനിർത്തിയത്. 2012-ൽ 211 കോടി ആയിരുന്നെങ്കിൽ 2013-ൽ 238 കോടിയാണ്. ഇവിടെ കാര്യങ്ങളൊന്നും നടക്കുന്നില്ല. പി.എം.ജി.എസ്.വൈ. എന്ന കേന്ദ്രാവിഷ്കൃത പദ്ധതിപോലും ഈ സർക്കാർ നടപ്പാക്കുന്നില്ല. എന്റെ നിയോജക മണ്ഡലത്തിൽ കല്ലിയോട്-വടക്കേക്കോണം, എസ്.എൻ. പുരം-പുല്ലാമല, പേരയം-പുള്ളിനട ഇതു മൂന്നും, ശ്രീ. പാലോട് രവിയുടെ നിയോജക മണ്ഡലമായ നെടുമങ്ങാടും ഒരു പാക്കേജിലുള്ളതാണ്. ഒന്നും നടക്കുന്നില്ല. ഞങ്ങളെല്ലാവരും ബഹുമാനപ്പെട്ട മന്ത്രിയെ കണ്ട് പറഞ്ഞതാണ് . നടന്നോ, ശ്രീ. പാലോട് രവി പറയട്ടെ, അദ്ദേഹം കോൺഗ്രസ്സുകാരനാണല്ലോ. അങ്ങനെ ഒരുപാട് കാര്യങ്ങളുണ്ട്. ഇനി വേറൊരു കാര്യം പറയാം, കെടുകാര്യസ്ഥതയല്ല അഴിമതിയാണെന്നാണ്

ഞാൻ പറയുന്നത്. എന്റെ നിയോജക മണ്ഡലത്തിൽ ടി.ബി.ജി.ആർ.ഐ. എന്നുപറയുന്ന വലിയ സ്ഥാപനമുണ്ട്, ഏഷ്യയിലെതന്നെ ഒന്നാമത്തെ സ്ഥാപനമാണത്. അത്രയധികം റിസർച്ച് സാധ്യതയുള്ള സ്ഥാപനമാണ്. അവിടെ ഒരേ ദിവസം ലാൽ, ഉല്ലാസ് എന്നു പറയുന്ന രണ്ട് ആളുകൾ ജോലിയിൽ പ്രവേശിച്ചു. ലാൽ ഷെഡ്യൂൾഡ് കാസ്റ്റാണ്. ഈ രണ്ടുപേരിൽ ഉല്ലാസിനുമാത്രം പ്രൊമോഷൻ കൊടുത്തു. എസ്.സി.-ക്കാരനായ ലാലിന് പ്രൊമോഷൻ കൊടുത്തില്ല. ഒരേ ജോലിയിൽ ഒരേ ദിവസം പ്രവേശിച്ചതാണ്. ഇക്കാര്യം ഞാൻ മുഖ്യമന്ത്രിയോട് പരാതിപ്പെട്ടു. ഈ സഭയിൽ അവതരിപ്പിക്കുകയും ചെയ്തു. സഭയിൽ പറഞ്ഞാൽ സാധാരണഗതിയിൽ അത് അംഗീകരിക്കേണ്ടതും നടപ്പിലാക്കേണ്ടതുമാണ്. അഷ്വറൻസ് എന്നു പറയും. പക്ഷേ, ഇതുവരെ ചെയ്തിട്ടില്ല. അതുപോലെതന്നെ മധുസൂദനൻ ആശാരി എന്നു പറയുന്ന ക്യാൻസർ രോഗിയെ വൈരാഗ്യം കൊണ്ട് അവിടെ നിന്ന് കഠിനംകുളത്തേയ്ക്ക് സ്ഥലംമാറ്റി. ഹൈക്കോടതി ഇടപെട്ടിട്ടുപോലും ആ കാര്യത്തിൽ ഒന്നും ചെയ്യാൻ തയ്യാറാകുന്നില്ല. അതാണ് അവിടെത്തെ സ്ഥിതി.

സഭയിൽ പറയുന്ന കാര്യങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കുക യാണ് ചെയ്യുന്നത്. അതിനെ അഷ്വറൻസ് എന്നുപറയും. കഴിഞ്ഞ 21-ാം തീയതി ഞാൻ ഈ സഭയിൽ ഒരു കാര്യം പറഞ്ഞിരുന്നു. വാമനപുരത്ത് രാത്രിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ചന്ത നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ചന്ത നിർത്തലാക്കാൻ കളക്ടർ ഓർഡർ കൊടുത്തു. ഇതുവരെ നിർത്തിയിട്ടില്ല. നിർത്താൻ പോകുന്നില്ല. കാരണം അവിടെ ഒരാ

ളിന് 5000 രൂപ ഡെയ്‌ലി കൊടുക്കുകയാണ്. ഈ 5000 രൂപയുടെ വിഹിതം ആർക്കൊക്കെ ലഭിക്കുന്നുണ്ടെന്നുള്ള കാര്യം എനിക്കറിയില്ല. അന്തിച്ചന്ത നിർത്തലാക്കാമെന്ന് ആഭ്യന്തര വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും കൂടി ഉറപ്പുതന്നിരുന്നതല്ലേ? പക്ഷെ ചന്ത ഇപ്പോഴും അവിടെ പ്രവർത്തിക്കു ന്നുണ്ട്. അപ്പോൾ ഇതിന്റെയൊക്കെ അർത്ഥമെന്താണ്; ഈ സഭയിൽ ഒരു തീരുമാനമെടുത്തുകഴിഞ്ഞാൽ ആ തീരുമാനം നടപ്പിലാക്കേണ്ടതാണ് അതാണ് ഇവിടത്തെ നടപടിക്രമം. എന്നാൽ ഇപ്പോൾ അതിനെ പുല്ലുപോലെ വലിച്ചെറിയുകയാണ്. ഇവിടെ പഴയ പഴയ ആളുകളൊക്കെ ഇരിക്കുകയാ ണല്ലോ; ശ്രീ. ആര്യാടൻ മുഹമ്മദിനും ശ്രീ. കെ.എം മാണി സാറിനുമൊക്കെ ഇതിനെക്കുറിച്ച് നന്നായി അറിയാമല്ലോ. ഇവിടെ കൃഷിയുടെ കാര്യം പറ ഞ്ഞു. കൃഷി വകുപ്പുമന്ത്രി ഇപ്പോളിവിടെ ഇല്ല. ആനുകൂല്യം കൊടുക്കു കയോ കൊടുക്കാതിരിക്കുകയോ ചെയ്യട്ടെ. എത്രമാത്രം സ്ഥലത്ത് ഇപ്പോൾ കൃഷി ചെയ്യുന്നുണ്ട്; കൃഷി സ്ഥലങ്ങളുടെ വിസ്തീർണ്ണം കൂടിയോ കുറഞ്ഞോ എത്രമാത്രം യീൽഡുണ്ട് എന്നുള്ളത് പരിശോധിച്ചാൽ എൽ.ഡി. എഫ് ഗവൺമെന്റിന്റെ കാലത്ത് നെല്ലുൽപ്പാദനം വർഷത്തിൽ 5,27,738 ലക്ഷം ടൺ ആയിരുന്നത് ഇപ്പോൾ 5,08,299 ലക്ഷം ടൺ മാത്രമേയുള്ളൂ. 19,439 ലക്ഷം ടൺ നെല്ല് കുറഞ്ഞിരിക്കുന്നു. അതുപോലെ കൃഷിയിടങ്ങ ളുടെ കാര്യം പറഞ്ഞാൽ എൽ.ഡി.എഫ്-ന്റെ കാലത്ത് 2,08,160 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തിരുന്നു. ഇപ്പോൾ 1,97,277 ഹെക്ടർ സ്ഥലത്ത് മാത്ര മാണ് കൃഷി ചെയ്യുന്നത്. 10,883 ഹെക്ടർ കൃഷി സ്ഥലം കുറവാണ്. കൃഷിക്കാർക്ക് പെൻഷനായി നൽകുന്നത് 400 രൂപയാണ്. അത് 1000 രൂപ

യാക്കിയാൽ എന്താണ് പ്രശ്നം; എൽ.ഡി.എഫ്-ന്റെ കാലത്ത് 5,941 ദശലക്ഷം സ്ഥലത്താണ് കൃഷി ചെയ്തിരുന്നതെങ്കിൽ ഇപ്പോഴത് 5,799 ദശലക്ഷമായി കുറഞ്ഞു. ധാരാളം പ്രഖ്യാപനങ്ങൾ നടത്തുന്നതല്ലാതെ ഒരു കാര്യവും നടപ്പിലാക്കുന്നില്ല. ശ്രീ. കെ. ശിവദാസൻ നായർ പറയുന്നതുപോലെയുള്ള കാര്യങ്ങളാണ് ചെയ്യുന്നത്. അതുപോലെ ഞാൻ പി.എം.ജി.എസ്.വൈ. യുടെ കാര്യം പറഞ്ഞു. ഏഴ് വർക്കുകളാണ് ഒരു പാക്കേജിൽ ഉൾപ്പെടുന്നതാണ്. അത് നടപ്പാക്കാമെന്നും മീറ്റിംഗ് വിളിക്കാമെന്നും മന്ത്രി എന്നോട് പറഞ്ഞതാണ്. ഒന്നും നടത്തിയില്ല. പ്രധാനമായും മറ്റൊരു കാര്യം പറയാനുള്ളത്, കെ.എസ്.ആർ.ടി.സി-യെക്കുറിച്ചാണ്. എന്താണ് കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി; നിലവിലുള്ള കടം തീർക്കാനുള്ള കാശ് കൊടുക്കണം. എന്താണിത്; പബ്ലിക് യൂട്ടിലിറ്റി സർവ്വീസാണ്, ജനസേവനത്തിനുള്ള സർവ്വീസാണ്. ഇത് ബിസിനസ്സല്ല. ആകെ 150 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്........ പ്ലീസ് കൺക്ലൂഡ്...........

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഡിപ്പോകളിൽ വണ്ടികളില്ല. ഷെഡ്യൂളുകൾ നടത്തുന്നില്ല. ടയറോ ഡീസലോ ഒന്നുമില്ല. അതുകൊണ്ടാണ് അടിയന്തരമായി കടം തീർക്കണമെന്ന് പറയുന്നത്. ദിവസവും രണ്ടേകാൽ കോടി രൂപയുടെ കടം വന്നുകൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.-യെ നല്ല രീതിയിൽകൊണ്ടുപോകണമെന്നുണ്ടെങ്കിൽ ഇതുവരെ എത്രരൂപ കടമുണ്ടോ അത് തീർക്കണം. എന്റെ മണ്ഡലത്തിൽ രണ്ട് ഡിപ്പോകളുണ്ട്. ഒന്നരക്കോടി രൂപ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് തന്നത് ഞാൻ അവിടെയാണ് വിനിയോഗിച്ചത്. ഡിപ്പോ നന്നാക്കിയതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്;

മി. സ്പീക്കർ: യെസ്...... പ്ലീസ് കൺക്ലൂഡ്........ അങ്ങേയ്ക്ക് 7 മിനി റ്റാണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ 5 മിനിറ്റ് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: വണ്ടി ഓടാനുള്ള സൗകര്യങ്ങളുണ്ടാക്കണമെന്നാണ് ഞാൻ പറയുന്നത്. അതുകൊണ്ട് കെ. എസ്.ആർ.ടി.സി-ക്ക് ആവശ്യമുള്ള കാശ് കൊടുക്കണമെന്നാണ് എനിക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ നിയമസഭയുടെ സ്റ്റാൻഡേർഡ് എന്താണ്; ഇന്നലെ ഇവിടെ എന്താണ് നടന്നത്; മാണി സാർ ബഡ്ജറ്റിന്റെ മറുപടി പ്രസംഗം നടത്തിയപ്പോൾ, ചിലത് പിൻവലിക്കുകയും ചിലത് കൊടുക്കു കയും ചെയ്യുന്നത് സ്വാഭാവികമാണ്. പക്ഷെ ഇവിടെ ലേലംവിളിയല്ലേ നടന്നത്. അപ്പുറത്തുനിന്ന് ഓരോരുത്തർ വിളിക്കുമ്പോഴും ശരി അനുവദിച്ചി രിക്കുന്നു, ശരി തന്നിരിക്കുന്നു എന്ന് പറയുകയായിരുന്നില്ലേ; മാണി സാറിന്റെ ചുറ്റും വളഞ്ഞുനിന്ന് ലേലം വിളിക്കുന്ന പരിപാടിയല്ലേ ചെയ്തത്. ഈ നിയമസഭയുടെ ചരിത്രത്തിൽ ഇതുവരെ ഇങ്ങനെയുണ്ടായിട്ടില്ല. ഇ.എം. എസ്. നമ്പൂതിരിപ്പാട്, പനമ്പിള്ളി ഗോവിന്ദ മേനോൻ, സി.എച്ച് മുഹമ്മദ് കോയ തുടങ്ങിയ മഹാന്മാർ ഇരുന്ന സഭയല്ലേ; അതുകൊണ്ട് അതൊക്കെ മറന്നുപോകാതെ നല്ലരീതിയിൽ സഭ മുന്നോട്ട് കൊണ്ടുപോകണം. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ഭവന പദ്ധതി പ്രഖ്യാപി ച്ചതല്ലാതെ ഒരു കാര്യവും നടക്കുന്നില്ലെന്ന് ഗുരുവായൂർ എം.എൽ.എ. ശ്രീ. കെ.വി. അബ്ദുൾ ഖാദർ പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം 13-ാം

ധനകാര്യ കമ്മീഷന്റെ ഫണ്ടുപയോഗിച്ച് 6473 വീടുകളും നാഷണൽ ഫിഷറീസ് വെൽഫെയർ ഫണ്ടുപയോഗിച്ച് 1600 വീടുകളും കൊടുത്തിട്ടുണ്ട്. 8073 വീടുകൾ ഇതിനകംതന്നെ കൊടുത്തിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് അഞ്ചുകൊല്ലംകൊണ്ട് 6500 വീടുകളാണ് കൊടുത്തത്. അന്ന് 50,000 രൂപ വീതമാണ് നൽകിയിരുന്നത്. ഇപ്പോൾ 2 ലക്ഷം രൂപ വീതമാണ് കൊടുക്കുന്നത്. അതിനുപുറമെ ഹഡ്കോയിൽനിന്നും 150 കോടിരൂപ ലോണെടുക്കാൻ തീരുമാനിച്ചു. ലോൺ പാസ്സായി. അതിനുള്ള അപേക്ഷ ക്ഷണിച്ചു. വീടിന് സഹായം നൽകേണ്ട ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു. ഈ മാസംതന്നെ 6000–നും 7500–നും ഇടയ്ക്കുള്ള എണ്ണം വീടുകൾ കൊടുക്കാൻ സാധിക്കും. അതിനുപുറമെ ഹാർബറുകളിൽ, നബാർഡിന്റെ സഹായത്തോടെ ഗ്രാമീണ അടിസ്ഥാന സൗകര്യവികസനപദ്ധതി പ്രകാരം 60.80 കോടിരൂപ, സംയോജിത മത്സ്യഗ്രാമം പദ്ധതി രണ്ടുവർഷങ്ങളിലായി 90 കോടി രൂപ, ഹഡ്കോയുടെ പദ്ധതിയുമുൾപ്പെടെ 300.80 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു. 155.68 കോടി രൂപയുടെ ഭരണാനുമതി നബാർഡിൽനിന്നും ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ മറ്റൊരു കാര്യം പറയാനുള്ളത് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചാണ്. ഫിഷറീസ് ഹാർബർ അർത്തുങ്കൽ, താനൂർ, വെള്ളയിൽ, മഞ്ചേശ്വരം എന്നിവിടങ്ങളിലായി 182. 36 കോടി രൂപ, എൻ.എഫ്.ഡി.ബി. സ്കീം മോഡേണൈസേഷൻ ഓഫ് ഫിഷ് ലാന്റിംഗ് സെന്റർ– 22.83 കോടി രൂപ, നബാർഡിന്റെ എ.എസ്. കിട്ടിയത് 139.63 കോടി രൂപ,

ആർ.കെ.വൈ 31 കോടി രൂപ, കോസ്റ്റൽ റോഡ് 285 കോടി രൂപ, ഡ്രഡ്ജിംഗ് 23 കോടി രൂപ ആകെ 684 കോടി രൂപയുടെ വർക്കുകൾ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽ നടന്നിട്ടുണ്ട്. വിശദമായ ഡിമാന്റ് ചർച്ച വരുമ്പോൾ പറയാം. ഒരു കാര്യംകൂടി ചാലക്കുടി മെമ്പർ ശ്രീ. ബി.ഡി. ദേവസ്സി മദ്യത്തിന്റെ സാമ്പിളെടുക്കുന്നതിന് വില കൊടുക്കണമെന്ന വ്യവസ്ഥ കൊണ്ടുവന്നത് ബാറുകാരെ സഹായിക്കാൻ വേണ്ടിയാണെന്ന് പറഞ്ഞു. ഞാൻ ഒരു തെറ്റേ ചെയ്തുള്ളൂ, എന്റെ മുൻഗാമി ശ്രീ. പി.കെ. ഗുരുദാസൻ 2010–11–ൽ ഒരു നയം പ്രഖ്യാപിച്ചു. ജി.ഒ (എം.എസ്) നമ്പർ 55/10/റ്റി.ഡി തീയതി 05–03–2010 – അബ്കാരി പോളിസി 2010–11 –ൽ സാമ്പിളിന്റെ വില നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. പക്ഷെ പോളിസി കൊണ്ടുവന്നെങ്കിലും റൂൾസിൽ ഭേദഗതി കൊണ്ടുവന്നില്ല. ഞാൻ ചെയ്ത തെറ്റ് അത് നടപ്പിലാക്കി എന്നതാണ്. രണ്ടാമത്തെ കാര്യം, ഇവിടെ എഫ്.എൽ. റൂൾ 33 എ(2) അനുസരിച്ച് സാമ്പിളെടുക്കുന്നതിന് വില കൊടുക്കാനുള്ള വ്യവസ്ഥയുണ്ട്. രണ്ടാമത്തെ കാര്യം ലീഗൽ മെട്രോളജിയും ഫുഡ് ഡിപ്പാർട്ടുമെന്റും സാമ്പിളെടുക്കുന്നത് വില കൊടുത്തിട്ടാണ്. ഇതിനുവേണ്ടി 13,50,000 രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ബാറുകാരെ സഹായിക്കാൻ വേണ്ടിയാണ് ഇത് ചെയ്തതെന്ന് ശ്രീ. ബി. ഡി. ദേവസ്സി പറഞ്ഞു. ബാറുകാർ 25 ലക്ഷം രൂപ ഫീസ് നൽകി പ്രവർത്തിക്കുന്നവരാണ്. അപ്പോൾ എക്സൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ അനാവശ്യമായി ബാറുകളിൽ കയറി സാമ്പിളെന്നുപറഞ്ഞ് നാലും അഞ്ചും കുപ്പികൾ എടുത്തുകൊണ്ടുപോകുന്നതായി ആക്ഷേപം ഉയർന്നു. ആ ആക്ഷേപത്തിന് പരിഹാരമായിട്ടാണ് ഇത്തരം നടപടി സ്വീക

രിച്ചത്. അതാകട്ടെ റൂളിലുള്ളതുമാണ്, എന്റെ മുൻഗാമി തുടങ്ങിവച്ച പ്രവർത്തനവുമാണ്. ഇതിനെക്കുറിച്ച് ഇത്രയേ പറയാനുള്ളൂ.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മെമ്പർ കോലിയക്കോട് എൻ. കൃഷ്ണൻ നായർ പ്രസംഗത്തിന്റെ അവസാനം കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് വളരെ രൂക്ഷമായി സംസാരിച്ചു. അത് ആ സ്ഥാപനത്തെ രക്ഷപ്പെടുത്തുന്നതിനുള്ള മാർഗ്ഗം നിർദ്ദേശിച്ച് കൊണ്ടാണെന്നും ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ ഗവൺമെന്റിന്റെ മാത്രം കുറ്റമല്ല. ഒരു അക്വയേർഡായി വന്ന ലയബിലിറ്റിയാണ്. ആ ലയബിലിറ്റിയിൽ നിന്ന് ഒഴിയുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഈ ഗവൺമെന്റ് ഒരു പാക്കേജായി കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അവർക്ക് പെൻഷൻ കൊടുക്കാൻ വേണ്ടി ശ്രമിക്കുകയാണ്. ഇന്നലത്തെ ക്യാബിനറ്റ് ചർച്ചയിൽ 40 കോടി രൂപ അവർക്കായി അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ വണ്ടിയില്ലെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഞാൻ ധനകാര്യ വകുപ്പുമന്ത്രിയുമായി അതിനെക്കുറിച്ച് ഒരു പ്രിലിമിനറി ഡിസ്ക്കഷൻ നടത്തി. ഓരോ നിയോജക മണ്ഡലത്തിലും വാഹനം ഓടിക്കാനുള്ള സൗകര്യം എം.എൽ.എ. മാർക്ക് കൊടുക്കുന്ന ഒരു പദ്ധതിയെക്കുറിച്ചാണ് ഞാൻ ആലോചിക്കുന്നത്. അസെറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്ന് അവർ വാഹനം വാങ്ങിക്കാനായിട്ടുള്ള ഒരു നിശ്ചിത തുക, പ്രത്യേക അക്കൗണ്ടിൽ കൊടുത്താൽ ഗതാഗത വകുപ്പ് വണ്ടി ഓടിക്കുന്നതിനുള്ള സൗകര്യമാക്കുകയും നിങ്ങൾ പറയുന്ന റൂട്ടിൽ കൊണ്ടുപോകുകയും ചെയ്യും. അതിൽ ഒരു കണ്ടീഷൻ മാത്രമാണുള്ളത്. 2000-നും 10,000-നും

ഇടയ്ക്ക് കളക്ഷനുകളുള്ള റൂട്ട് മാത്രമേ സജസ്റ്റ് ചെയ്യാൻ പാടുള്ളു. ഈ പദ്ധതി നടപ്പിലായാൽ, കേരളത്തിൽ അഞ്ചൂറോളം പുതിയ വാഹനങ്ങൾ എം.എൽ.എ. മാരുടെ സഹായത്തോടുകൂടി ഇറക്കാൻ സാധിക്കും. ആ പദ്ധതി, ബഹുജന സഹകരണത്തോടുകൂടി മുന്നോട്ടു കൊണ്ടുപോകാൻ പറ്റുന്ന ഒരു പദ്ധതിയാണെന്നാണ് ഗവൺമെന്റ് കരുതുന്നുത്. ഇക്കാര്യം ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുണ്ട്. അത് മുന്നോട്ടു കൊണ്ടുപോയാൽ നമുക്ക് കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുന്ന മാർഗ്ഗത്തിലേയ്ക്ക് കൊണ്ടുപോകാൻ സാധിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഇപ്പോൾ നമ്മൾ ഒന്നര കോടി രൂപ കൊടുത്തിട്ടുണ്ട്. അത് തിരികെ നൽകുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി, ഇത് അങ്ങ് അനൗൺസ് ചെയ്യേണ്ടതല്ല. ഇത് അസെറ്റ് ഡെവലപ്മെന്റ് ഫണ്ടായി എം.എൽ.എ. മാർക്ക് കൊടുക്കുന്നതാണ്. അത് ഡീറ്റയിൽഡായി ഡിസ്ക്കസ് ചെയ്യേണ്ടതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അതിന് ഡീറ്റയിൽഡായ ഒരു ചർച്ച ആവശ്യമാണ്. പക്ഷെ ജനറലായി അംഗീകരിക്കുന്ന നിയമസഭാ അംഗങ്ങളുണ്ടെങ്കിൽ ആ സ്കീം കൊണ്ടുപോകും. അതല്ല നോ, എന്ന് പറയുകയാണെങ്കിൽ നമുക്ക് ആ സ്കീം കൊണ്ടുപോകാൻ സാധിക്കില്ല. അതേസമയം അംഗീകരിക്കുന്ന ആളുകളുണ്ടെങ്കിൽ അതുമായി മുന്നോട്ടുകൊണ്ടുപോകാം. ഓരോ നിയോജക മണ്ഡലത്തിന്റെ ഘടന ഓരോന്നാണ്. വണ്ടി കൂടുതൽ വേണമെന്ന് ആഗ്രഹിക്കുന്നവർ ഉണ്ടാകാം.

മി. സ്പീക്കർ: വാഹനം ഓടിക്കേണ്ട ഉത്തരവാദിത്തം ഗവൺമെന്റിനുള്ളതാണ്. അത് എം.എൽ.എ. മാരുടെ ഉത്തരവാദിത്തമല്ല. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി, അത് അങ്ങനെയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അവർക്ക് സജസ്റ്റ് ചെയ്യാൻ പറ്റും. അവർ സജസ്റ്റ് ചെയ്യുന്ന വർക്കുകളാണ് എടുക്കേണ്ടി വരുന്നത്. അങ്ങനെ വരുമ്പോൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ ഒരു ക്ലിയറൻസ് ഉണ്ടെങ്കിൽമാത്രമേ ഇത് സാധ്യമാകുകയുള്ളു. അതുകൊണ്ടാണ് ഞങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ചു. എല്ലാ എം.എൽ.എ. മാരും വണ്ടി ചോദിക്കുകയാണ്. എവിടെനിന്ന് കൊടുക്കാൻ സാധിക്കും. അവരുടെകൂടി പാർട്ടിസിപ്പേഷൻ ആവശ്യമാണ്.

മി. സ്പീക്കർ: എങ്കിൽ ഒരു വണ്ടി വാങ്ങിത്തരണമെന്ന് പറയുന്നതാണോ ശരി. പ്ലീസ്..........പ്ലീസ്............അദ്ദേഹം ഒരു നിർദ്ദേശം വച്ചൂവെന്ന് മാത്രമേയുള്ളു. പ്ലീസ്........പ്ലീസ്...........സമയം പോകുന്നു. ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി ഒരു നിർദ്ദേശം വച്ചു. അതിനെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം.

ശ്രീ. പി.സി. ജോർജ്: ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി പറഞ്ഞ അഭിപ്രായത്തോട് അനുകൂലിക്കുന്ന ഒരാളാണ് ഞാൻ.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഫൈനൽ ഫിഗർ ഇപ്രകാരമാണ്. ബഡ്ജറ്റ് പ്രകാരമുള്ള വർഷാന്തര രൊക്ക ബാക്കി – –168. ഇപ്പോൾ പ്രഖ്യാപിച്ച അധിക ചെലവ് – 541.56, ഇപ്പോൾ പ്രഖ്യാപിച്ച ഇളവുകൾ – 54, ഇപ്പോൾ പ്രഖ്യാപിച്ച അധിക

വിഭവസമാഹരണം - 50. വർഷാന്ത രൊക്ക ബാക്കി - -714.48. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് ആണ് ആദ്യമായി ചർച്ചയിൽ സംസാരിച്ചത്.

ഡോ. ടി.എം. തോമസ് ഐസക്: ഫൈനൽ ഫിഗർ അവതരിപ്പിച്ചതിൽ ഞങ്ങൾക്ക് ഒബ്ജക്ഷനൊന്നുമില്ല. എന്നാൽ, റൂൾ 130 പ്രകാരം appointed day-ൽ ഇത് അവതരിപ്പിക്കേണ്ടതാണ്. അതായത് ഇന്നലെത്തന്നെ ഇത് അവതരിപ്പിക്കേണ്ടതായിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ശരിയാണ്. ഇന്നലെത്തന്നെ വേണ്ടതാണ്. എന്നോട് സഭ കഴിഞ്ഞതിനുശേഷം പല മെമ്പർമാരും ഇതേക്കുറിച്ച് പറഞ്ഞിരുന്നു. എനിക്കത് അറിയാമായിരുന്നു. പക്ഷേ ആ സമയത്ത് അദ്ദേഹം സംസാരിച്ചതിനുശേഷം നാളെ പറയാമെന്ന് പറഞ്ഞ് പറഞ്ഞതാണ്. അല്ലാതെ അദ്ദേഹം റൂൾ തെറ്റിച്ചതൊന്നുമല്ല. യെസ്.........യെസ്...........

ശ്രീ. കെ. എം. മാണി: സർ, ഇതിന് രണ്ട് കാരണങ്ങളാണ്. ഇന്നലെ ഈ ഒബ്ജക്ഷൻ ഉന്നയിച്ചിരുന്നൂവെങ്കിൽ ഞാൻ തീർച്ചയായും ഇന്നലെത്തന്നെ പറയുമായിരുന്നു. ഒന്നുകൂടി വിശദമായി നോക്കിയതിനുശേഷം നാളെ പറയാമെന്ന് പറഞ്ഞു, അക്കാര്യം സഭ അംഗീകരിക്കുകയും ചെയ്തു. അതു കൊണ്ട് ഞാൻ ഇന്ന് പറഞ്ഞൂവെന്നതേയുള്ളു. ചെറിയൊരു ടെക്നിക്കൽ കാര്യം എന്നുമാത്രമേയുള്ളു. അതിൽ വലിയ കാര്യമൊന്നുമില്ല. ക്ഷമിക്കാവുന്ന ഒരു ചെറിയ കാര്യം. ഞാൻ അതിനെ നല്ല സ്പോർട്സ്മെൻ സ്പിരിറ്റോടുകൂടിയാണ് എടുത്തിട്ടുള്ളത്. വളരെ അത്യാവശ്യമുള്ള കാര്യങ്ങൾക്ക് മാത്രമേ അധിക വിഹിതം നൽകിയിട്ടുള്ളു. ചെലവ് കഴിയുന്നതും നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. സാമൂഹ്യക്ഷേമ

പെൻഷൻ കുടിശ്ശിക കഴിയുന്നതും വേഗം മുഴുവൻ കൊടുത്തുതീർക്കുന്നതാണ്. ബഡ്ജറ്റിൽ ചില ജില്ലകളെ സംബന്ധിച്ച് പ്രത്യേകം പറയാത്തത് മന:പൂർവ്വമല്ല. പദ്ധതികൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. വളരെ ഇക്യുറ്റബിളായിട്ടാണ് പ്രവർത്തിച്ചിട്ടുളളത്. ഇവിടെ മാർക്കറ്റ് ഇന്റർവെൻഷനെ പറ്റിയാണ് ശ്രീ. കെ. സുരേഷ് കുറുപ്പ് വളരെ പ്രാധാന്യത്തോടെ പറഞ്ഞത്. ബഡ്ജറ്റിന്റെ 29-ാമത്തെ പാരാഗ്രാഫിൽ ന്യായവില നൽകി കാർഷികോൽപന്നങ്ങളുംമറ്റും സംഭരിക്കുമെന്ന് പ്രത്യേകിച്ച് പറയുന്നുണ്ട്. കൃഷിക്കാരെ സംബന്ധിച്ചാണ് ശ്രീ. സുരേഷ് കുറുപ്പ് മാർക്കറ്റ് ഇന്റർവെൻഷനെപ്പറ്റി ഊന്നൽകൊടുത്ത് പറഞ്ഞത്. ഏതാനും ബഹുമാനപ്പെട്ട മെമ്പർമാർ ക്രഷറിൻമേലും എം-സാന്റിന്മേലുള്ള നികുതി വർദ്ധനവിനെ സംബന്ധിച്ച് പരാമർശിച്ചിരുന്നു. അതിനകത്ത് വളരെ കാഠിന്യമുണ്ടെങ്കിൽ നമുക്കത് പരിശോധിക്കാം. ചെറിയ നീക്കുപോക്കുകൾ വേണമോയെന്നുള്ളത് പരിശോധിച്ച് ആവശ്യമെങ്കിൽ അക്കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് പ്രത്യേകം പറയട്ടെ.

ശ്രീമതി ഇ.എസ്. ബിജിമോൾ: എ.ഡി.എഫ്.(അസെറ്റ് ഡെവലപ്മെന്റ് ഫണ്ട്)-ൽ പ്രൊപ്പോസ് ചെയ്തിട്ടുള്ള വർക്കുകൾപോലും കൊടുത്തിട്ടുള്ള തുകയിൽ തീർക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: എം-സാന്റിനുള്ള 600 ശതമാനം ടാക്സ് കുറവുചെയ്താലേ പറ്റുകയുള്ളു. അല്ലെങ്കിൽ അവരത് കളഞ്ഞിട്ട് പോകും. അതുകൊണ്ട് ആ നികുതി കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. കെ.എം. മാണി: അതാണ് നോക്കാമെന്ന് ഞാൻ പറഞ്ഞത്. യുനാനിമസ് ഒപ്പീനിയൻ അല്ലെങ്കിലും ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ

നായരെപ്പോലെ പരിണിതപ്രജ്ഞരായ സീനിയർ മെമ്പർമാർ പറഞ്ഞിട്ടുള്ള സ്ഥിതിക്ക് ഞാനത് തീർച്ചയായും പരിശോധിക്കാം. സഭയുടെ ഏകദേശമൊരു സെൻസ് അതിലുണ്ട്. അതുകൊണ്ട് തീർച്ചയായും പരിശോധിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യാം. പിന്നീട് വലിയ കാര്യങ്ങളൊന്നും പറഞ്ഞിട്ടില്ല. ഉപധനാഭ്യർത്ഥനയാണ്. അതുകൊണ്ട് കൂടുതൽ സമയം എടുക്കുന്നില്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, പട്ടുനൂൽ കൃഷിയേയും പട്ടുനൂൽ വ്യവസായത്തേയും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സെറിഫെഡിനെ ശാസ്ത്രീയമായി പുന:സംഘടിപ്പിക്കണമെന്ന ഒരാവശ്യം ഞാൻ പറഞ്ഞിരുന്നു; അതിനെക്കുറിച്ചുകൂടി പറയണം.

ശ്രീ. കെ.എം. മാണി: സെറിഫെഡിനെ സഹകരണാടിസ്ഥാനത്തിൽ പുനസംഘടിപ്പിച്ചുകൊണ്ട്, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക-സാങ്കേതിക സഹായത്തോടെ സംസ്ഥാനത്തെ പട്ടുനൂൽ വ്യവസായ പുനരുദ്ധാരണ പദ്ധതി, പുതിയ കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കാം. അതൊന്ന് പരിശോധിക്കുന്നതാണ്.

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: സർ, പോളീഹൗസിനെക്കുറിച്ച് പറഞ്ഞതിൽ കൺഫ്യൂഷനുണ്ട്. പോളീ ഹൗസിന് 50 ശതമാനം കേന്ദ്ര സർക്കാരിന്റെ സബ്സിഡിയും 25 ശതമാനം സംസ്ഥാന സർക്കാരിന്റെ സബ്സിഡിയുമായി 75 ശതമാനം സബ്സിഡി നിലവിലുണ്ട്. 90 ശതമാനം പലിശരഹിത വായ്പ നൽകി 25 ശതമാനം സബ്സിഡി നൽകുമെന്നാണ് അങ്ങ് പ്രസംഗത്തിൽ പറഞ്ഞത്. ഇതിന്റെ അർത്ഥം നിലവിലുള്ള 75

ശതമാനം സബ്സിഡി 25 ശതമാനമായി കുറയുമെന്നാണോ അതല്ല ലോണെടുക്കുന്നതിന് അധികമായി കൊടുക്കുമെന്നാണോ അങ്ങ് ഉദ്ദേശിച്ചത്. കാരണം 75 ശതമാനം സബ്സിഡി നിലവിലുണ്ട്.

ശ്രീ. കെ.എം. മാണി: ശ്രീ. എം.വി. ശ്രേയാംസ് കുമാർ, അത് നമുക്ക് തമ്മിൽ ചർച്ച ചെയ്ത് പോരായ്മയെന്തെങ്കിലുമുണ്ടെങ്കിൽ കൂട്ടിത്തരാം.

മി. സ്പീക്കർ: ബഡ്ജറ്റ് ചർച്ച ഇന്നലെ അവസാനിച്ചതാണ്. അതിലേയ്ക്ക് വീണ്ടും പോയാൽ എങ്ങും ചെന്നെത്തുകയില്ല.

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: സർ, ഇവിടെ 50 ശതമാനം കേന്ദ്ര സർക്കാരിന്റെ സബ്സിഡിയും 25 ശതമാനം സംസ്ഥാന സർക്കാരിന്റെ സബ്സിഡിയുമായി 75 ശതമാനം നിലവിലുണ്ട്. അങ്ങ് പറഞ്ഞതിന്റെ അർത്ഥം അത് 25 ശതമാനമായി കുറയ്ക്കുമെന്നാണ്. അപ്പോൾ കേന്ദ്ര സർക്കാർ നൽകുന്ന 50 ശതമാനം സബ്സിഡി വേണ്ടെന്ന് വയ്ക്കുകയാണോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. കെ.എം. മാണി: അത് വേണ്ടെന്ന് വയ്ക്കില്ലല്ലോ.

മി. സ്പീക്കർ: ഇന്ന് നടന്ന ചർച്ചയെ സംബന്ധിച്ച് ധനകാര്യ വകുപ്പു മന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാവുന്നതാണ്.

ശ്രീ. കെ.എം. മാണി: സർ, പ്രത്യേകിച്ചൊന്നും പറയാനില്ല.

ശ്രീ. എ. പ്രദീപ് കുമാർ: സർ, കഴിഞ്ഞ തവണ മറുപടി പ്രസംഗത്തിൽ അങ്ങ് പറഞ്ഞിട്ടും രേഖയിൽ വന്നില്ലെന്ന കാരണത്താൽ അനുവദി

ക്കാതിരുന്ന ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. സ്വാതന്ത്ര്യ സമര സേനാനിയായ മൊയ്തു മൗലവി സ്മാരകത്തിനുവേണ്ടി .........

മി. സ്പീക്കർ: ഇന്ന് ആ വിഷയം സഭയിലെടുക്കാൻ കഴിയില്ല. ഈ വിഷയം ശ്രീ. എ. പ്രദീപ് കുമാർ പ്രത്യേകമായി ധനകാര്യ വകുപ്പു മന്ത്രിയെ ക്കണ്ട് സംസാരിച്ചാൽ മതി.

ശ്രീ. കെ.എം. മാണി: സർ, മംഗലാപുരത്ത് ചികിത്സ തേടുന്ന മലയാളി കളുടെ ചികിത്സാ ചെലവിനെ സംബന്ധിച്ച് കാരുണ്യ ബെനവലന്റ് ഫണ്ട് ആപ്ലിക്കബിളാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. എ.കെ. ബാലൻ: സർ, പോയിന്റ് ഓഫ് ഓർഡർ .......

മി. സ്പീക്കർ: യെസ് ......

ശ്രീ. എ.കെ. ബാലൻ: സർ, 2013–14-ലെ സപ്ലിമെന്ററി ഡിമാന്റും കഴിഞ്ഞ 12 വർഷത്തെ എക്സസ് ഡിമാന്റുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഇന്നലത്തെ ബഡ്ജറ്റിന്റെ ഭാഗമായുള്ള തുടർചർച്ചയല്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ ബഡ്ജറ്റിന്റെ ചർച്ചയിലേയ്ക്കാണ് പോകുന്നതെങ്കിൽ ഞങ്ങൾക്കും കുറെ പറയാനുണ്ട്. ഈ മേഖലയുമായി ബന്ധപ്പെട്ട് അപാര പാണ്ഡിത്യമുള്ള, പരിണിതപ്രജ്ഞനായ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് ഒരു തെറ്റായ പ്രിസീഡന്റുണ്ടാക രുത്. കരുണാകരൻ കേരളം ഭരിക്കുന്ന സമയത്തുള്ള എക്സസ് ഡിമാന്റാ ണിത്. സപ്ലിമെന്ററി ഡിമാന്റ് അതുമായി ബന്ധപ്പെട്ടാണ് പറയേണ്ടത്.

ശ്രീ. കെ.എം. മാണി: സർ, സപ്ലിമെന്ററി ഡിമാന്റിനുള്ളിൽമാത്രം ഒതു ങ്ങിനിന്നുകൊണ്ട് മെമ്പർമാർ സംസാരിച്ചിരുന്നെങ്കിൽ എനിക്ക് ഒരു ബുദ്ധിമു ട്ടുമില്ലായിരുന്നു. അതിനപ്പുറത്തേയ്ക്ക് പല കാര്യങ്ങളും മെമ്പർമാർ സംസാ

രിച്ചതുകൊണ്ട് അതിന് മറുപടി പറയേണ്ടതായി വരുന്നു. ഇക്കാര്യത്തിൽ എനിക്ക് യാതൊരു നിർബന്ധവുമില്ല. ഞാൻ സംസാരം ചുരുക്കുന്നു. ഇത് വോട്ട് ചെയ്ത് പാസാക്കി തന്നാൽ മതി.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, എൽ.എൻ.ജി.-ക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരുന്ന പതിനാലര ശതമാനം വാറ്റ് ഒഴിവാക്കണമെന്ന് ഞാൻ ഇന്നലെ ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യമുന്നയിച്ച് എഫ്.എ.സി.ടി-യിലെ തൊഴിലാളികൾ അനിശ്ചിതകാല നിരാഹാര സമരത്തിലാണ്. തൊഴിലാളികളുടെ നിരാഹാര സമരം പിൻവലിക്കാൻ സഹായകരമായ നിലയിൽ എൽ.എൻ.ജി. യുടെ പതിന്നാലര ശതമാനം വാറ്റ് ഒഴിവാക്കുമോ?

ശ്രീ. കെ.എം. മാണി: സർ, അത് ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ റൂളിംഗിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററിയുമായി ബന്ധപ്പെട്ടതല്ല. എങ്കിലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച സ്ഥിതിക്ക് അത് സെപ്പറേറ്റായി പരിശോധിക്കാം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ വാറ്റ് 14 ശതമാനം ഒഴിവാക്കണമെന്ന നിർദ്ദേശമുണ്ട്. അത് പോസിറ്റീവായി പരിഗണിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഫിനാൻസ് അത് കൺസിഡർ ചെയ്ത് വരുന്നുണ്ട്. അത് ഒരു പാക്കേജാണ്. അതിൽ വേറെയും കുറെ കാര്യങ്ങളുണ്ട്. ഫൈനാൻസ് പരിഗണിച്ചുവരുന്ന ഫയലുണ്ട്. അപ്പോൾ ആലോചിക്കാം.

മി. സ്പീക്കർ: ശ്രീ. എ.കെ. ബാലൻ, അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷേ ഇന്ന് നടന്ന ചർച്ചയിൽ ഭൂരിപക്ഷം ആളുകളും സംസാരിച്ചത് സപ്ലിമെന്ററി ഗ്രാന്റിനെക്കുറിച്ചായിരുന്നില്ല. നമ്മൾ നമ്മളെത്തന്നെ തിരിച്ചറിയണം. സംസാരിച്ചതുമുഴുവൻ ഇന്നലത്തെ ബഡ്ജറ്റ് ചർച്ചയെക്കുറിച്ചായിരുന്നു. അതുകൊണ്ടാണ് മറുപടി പറയേണ്ടി വന്നത് എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് ശരിയാണ്. പക്ഷേ ടെക്നിക്കലായി നോക്കുമ്പോൾ ശ്രീ. എ.കെ. ബാലൻ പറഞ്ഞതാണ് ശരി.

ശ്രീ. കെ.എം. മാണി: സർ, സ്പോർട്സിന് ഏറ്റവും കൂടുതൽ പോയിന്റ് വാങ്ങുന്ന സ്കൂളിന് ഒരു പാരിതോഷികം പ്രഖ്യാപിക്കണമെന്ന് പറഞ്ഞ് ചില കേന്ദ്രങ്ങളിൽ നിന്നൊക്കെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അങ്ങനെയൊരു സ്കീം കൊണ്ടുവരുന്നത് സംബന്ധിച്ച് പരിശോധിക്കാം.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഫൈനൽ ടൈ പറഞ്ഞത് ഞങ്ങൾ സ്വീകരിക്കുന്നു. പക്ഷേ ഇതിലെ പ്രശ്നം, ഉദാഹരണത്തിന് സിഗററ്റിന്റെ നികുതി എത്ര ശതമാനമായി വർദ്ധിപ്പിക്കുന്നുവെന്ന് പിന്നീട് തീരുമാനിക്കാമെന്ന് പറഞ്ഞു. അത് എത്ര ശതമാനമായാണ് വർദ്ധിപ്പിച്ചത്. ഫൈനൽ ടൈ വരണമെങ്കിൽ എത്ര ശതമാനമാണെന്നുള്ള കണക്ക് കൃത്യമായി വന്നുകാണുമല്ലോ. അത് എത്ര ശതമാനമായി വർദ്ധിച്ചു, വർദ്ധിപ്പിച്ചോ എന്നത് അറിയണം.

ശ്രീ. കെ.എം. മാണി: സർ, ഇത് വളരെ കൃത്യമായിട്ടല്ല പറഞ്ഞത്, അങ്ങനെ പറയാൻ കഴിയില്ല. സിഗററ്റിന്റെ നികുതി എത്ര ശതമാനം വർദ്ധിപ്പിക്കണമെന്നത് അയൽ സംസ്ഥാനങ്ങളിലെ നികുതി നിരക്കുകളും നിലവിലുള്ള നികുതി നിരക്കുകളുമൊക്കെ പരിശോധിച്ചാണ് ചെയ്യേണ്ടത്. അതുകൊണ്ട് പരിശോധിച്ച് ചെയ്യാം.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ഏപ്രിൽ ഒന്നാം തീയതി മുതൽ നടപ്പിലാക്കുന്ന നികുതി നിരക്കിനെ സംബന്ധിച്ച് തീരുമാനമാകാതെ പുതുതായി പ്രഖ്യാപിച്ച ആനുകൂല്യങ്ങളെ ചേർത്ത് ഫൈനൽ ടൈ വച്ചിരിക്കുന്നു. ഇപ്പോഴും അദ്ദേഹം പറയുന്നത് എത്ര ശതമാനമായി വർദ്ധിപ്പിക്കുന്നു എന്ന് തീരുമാനിച്ചില്ലെന്നാണ്. എത്ര ശതമാനമെന്ന് തീരുമാനിക്കാതെ എങ്ങനെയാണ് ഫൈനൽ അക്കൗണ്ട് വച്ചത്.

<u>ശ്രീ. കെ.എം. മാണി</u>: ഇത് എസ്റ്റിമേറ്റാണ്, കൃത്യമായിട്ടല്ല പറയുന്നത്. പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ ഞങ്ങളുടെയൊരു സിമ്പിൾ, ഹമ്പിൾ എസ്റ്റിമേറ്റാണ് പറഞ്ഞത്. അല്ലാതെ കൃത്യമായി പറയാൻ കഴിയില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, നികുതി നിർദ്ദേശങ്ങൾ വയ്ക്കുമ്പോൾ അത് സ്പെസിഫൈ ചെയ്യണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ പറഞ്ഞത് പുകയിലയ്ക്കുള്ള നികുതി വർദ്ധിപ്പിക്കാമെന്നാണ്. എത്ര ശതമാനം നികുതിയാണ് വർദ്ധിപ്പിക്കുന്നതെന്ന് പിന്നീട് പറയാമെന്നാണ്. ഇതുമൂലം സംഭവിക്കാൻ പോകുന്നത്, പുകയില കച്ചവടക്കാർ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ കാണാൻ നാളെമുതൽ പോവുകയാണ്. അവർ ഓരോരുത്തരും പറയുന്നതനുസരിച്ചായിരിക്കും നികുതി നിശ്ചയിക്കാൻ പോകുന്നത്. അനിശ്ചിതത്വത്തിൽ നിന്നാൽ വലിയ അഴിമതിക്ക് പഴുതിട്ടുകൊടുക്കലാണിത്. ഇന്നുവരെ ഒരു ധനകാര്യ വകുപ്പുമന്ത്രിയും ഇങ്ങനെയൊരു നികുതി നിർദ്ദേശം സഭയിൽ വച്ചതായി ഞാൻ കേട്ടിട്ടില്ല. വ്യക്തമായ നികുതി ചുമത്താതെ ഇത്ര വർദ്ധിപ്പിക്കാമെന്ന് പറയുകയും അത് പിന്നീട് വർദ്ധിപ്പിക്കാമെന്ന് പറയുകയും ചെയ്താൽ അതെങ്ങനെയാണ് നികുതി നിർദ്ദേശമാകുന്നത്, എങ്ങനെയാണ് അവസാനം ടൈ ആകുന്നത്? അത് വലിയ തോതിലുള്ള സ്കാൻഡൽ ഉണ്ടാകുന്നതിന് കാരണമാകും.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, റൂൾ 139 ഡോ. ടി.എം. തോമസ് ഐസക് ഇവിടെ ക്വാട്ട് ചെയ്തു. The Annual Financial Statement of the Estimated Receipts and Expenditure of the Government of Kerala in respect of each financial year (herein after referred to as the Budget) shall be presented to the Assembly on such days as the Governor may appoint. ഇന്നലെയാണ് അതിന്റെ ദിവസം. ഇന്നലെ പറയേണ്ട കാര്യങ്ങളാണ് ഇതെല്ലാം. എന്നാൽ ഹൗസിന്റെ സമ്മതത്തോടു കൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് അവസാനത്തെ ഫിഗർ നാളെ പറയാമെന്നാണ്. അത് അസംബ്ലി അഡോപ്റ്റ് ചെയ്ത കാര്യമാണ്. ഇന്ന് വീണ്ടും ചർച്ചയ്ക്ക് അത് കൊണ്ടുവരുന്നത് ഓർഡറിലാണോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇന്ന് ഫൈനൽ ടൈ പറഞ്ഞു. എസ്റ്റിമേറ്റ് ആയിക്കോട്ടെ, റവന്യൂ എസ്റ്റിമേറ്റ് ചെയ്യുന്നതിന് എത്ര നിരക്കിൽ നികുതി പിരിക്കണമെന്ന അസംപ്ഷൻ ഉണ്ടാകുമല്ലോ; എത്ര ശതമാനം നിരക്കിലാണ് സിഗററ്റിന് നികുതി പിരിക്കുന്നത്; ഏത് നിരക്കിലാണ് നികുതി പിരിക്കണമെന്ന് തീരുമാനിക്കാതെ മൊത്തം വരുമാനത്തെക്കുറിച്ചുള്ള ഫൈനൽ എസ്റ്റിമേറ്റ് എങ്ങനെയാണ് നിങ്ങൾക്ക് കിട്ടിയത്?

ശ്രീ. കെ.എം. മാണി : സർ, 20 ശതമാനം എന്നുള്ളത് ചിലപ്പോൾ 22 ശതമാനമാകും, ആ രീതിയിലാണ് കാൽക്കുലേഷൻ വരുന്നത്. വളരെ ആക്യുറേറ്റായിട്ടുള്ള കണക്കല്ല ഇവിടെ പറയുന്നത്. എസ്റ്റിമേറ്റായിട്ടാണ് 714 കോടി രൂപയെന്ന് പറഞ്ഞത്. **ഇപ്പോൾ പ്രഖ്യാപിച്ച ഇളവുകൾ 54 –ഉം അധിക**

**വിഭവ സമാഹരണം 50 –ഉം ആണ്. ശതമാനത്തിൽ പറഞ്ഞാൽ 22 വരും.**

ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## 2013–14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,18,78,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹം എന്ന III–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,05,87,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,18,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 78,39,45,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,76,92,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

**പ്രതികൂലിക്കുന്നവർ**...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,77,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ 98,08,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 61,24,10,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 49,70,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,04,49,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 19,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,82,51,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,50,29,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,70,85,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ: 70

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. ശ്രീമതി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ

27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. റ്റി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേഷ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. ഷാഫി പറമ്പിൽ
55. ശ്രീ. കെ. എം. ഷാജി
56. ശ്രീ. എൻ. ഷംസുദീൻ

57. ശ്രീ. ആർ. സെൽവരാജ്
58. ശ്രീ. ഷിബു ബേബി ജോൺ
59. ശ്രീ. കെ. ശിവദാസൻ നായർ
60. ശ്രീ. വി. എസ്. ശിവകുമാർ
61. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
62. ശ്രീ. സണ്ണി ജോസഫ്
63. ശ്രീ. സി. എഫ്. തോമസ്
64. ശ്രീ. തോമസ് ഉണ്ണിയാടൻ
65. ശ്രീ. പി. ഉബൈദുള്ള
66. ശ്രീ. എം. ഉമ്മർ
67. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
68. ശ്രീ. എം. എ. വാഹീദ്
69. ശ്രീ. എം. പി. വിൻസെന്റ്
70. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ: 58</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. എ. എ. അസീസ്
7. ശ്രീ. ബാബു എം. പാലിശ്ശേരി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ

15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ
18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. ജോസ് തെറ്റയിൽ
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
30. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. മാത്യു റ്റി. തോമസ്
33. ശ്രീ. സി. കെ. നാണു
34. ശ്രീ. കെ. കെ. നാരായണൻ
35. ശ്രീ. എ. പ്രദീപ്കുമാർ
36. ശ്രീ. പുരുഷൻ കടലുണ്ടി
37. ശ്രീ. കെ. രാധാകൃഷ്ണൻ
38. ശ്രീ. പി. റ്റി. എ. റഹീം
39. ശ്രീ. എസ്. രാജേന്ദ്രൻ
40. ശ്രീ. ആർ. രാജേഷ്
41. ശ്രീ. റ്റി. വി. രാജേഷ്
42. ശ്രീ. കെ. രാജു
43. ശ്രീ. രാജു എബ്രഹാം
44. പ്രൊഫ. സി. രവീന്ദ്രനാഥ്

45. ശ്രീ. സി. കെ. സദാശിവൻ
46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ
48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. വി. ശശി
50. ശ്രീ. എ. കെ. ശശീന്ദ്രൻ
51. ശ്രീ. ബി. സത്യൻ
52. ശ്രീ. വി. ശിവൻകുട്ടി
53. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
54. ശ്രീ. ജി. സുധാകരൻ
55. ശ്രീ. വി. എസ്. സുനിൽകുമാർ
56. ശ്രീ. കെ. സുരേഷ് കുറുപ്പ്
57. ഡോ. ടി. എം. തോമസ് ഐസക്
58. ശ്രീ. ഇ. കെ. വിജയൻ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ – 70

പ്രതികൂലിക്കുന്നവർ – 58

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,19,25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,02,60,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 67,29,49,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,29,57,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 436,58,92,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 192,88,16,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 116,67,37,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 25,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 62,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 55,28,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,51,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:70

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദുസമദ് സമദാനി
6. ശ്രീ. കെ. അച്ചുതൻ
7. ശ്രീ. ടി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. കെ. ബാബു
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. സി. എൻ. ബാലകൃഷ്ണൻ
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. ബെന്നി ബെഹനാൻ
17. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
18. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
19. ശ്രീ. എ. റ്റി. ജോർജ്
20. ശ്രീ. പി. സി. ജോർജ്
21. ശ്രീ. ഹൈബി ഈഡൻ
22. ശ്രീമതി പി. കെ. ജയലക്ഷ്മി
23. ഡോ. എൻ. ജയരാജ്
24. ശ്രീ. കെ. സി. ജോസഫ്
25. ശ്രീ. പി. ജെ. ജോസഫ്
26. ശ്രീ. ജോസഫ് വാഴക്കൻ
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. പി. എ. മാധവൻ
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. കെ. പി. മോഹനൻ
36. ശ്രീ. സി. മോയിൻകുട്ടി
37. ശ്രീ. മോൻസ് ജോസഫ്
38. ശ്രീ. സി. പി. മുഹമ്മദ്
39. ശ്രീ. ആര്യാടൻ മുഹമ്മദ്
40. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
41. ഡോ. എം. കെ. മുനീർ
42. ശ്രീ. കെ. മുരളീധരൻ
43. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
44. ശ്രീ. ഉമ്മൻ ചാണ്ടി
45. ശ്രീ. അടൂർ പ്രകാശ്
46. ശ്രീ. റ്റി. എൻ. പ്രതാപൻ
47. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
48. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
49. ശ്രീ. രമേഷ് ചെന്നിത്തല
50. ശ്രീ. പാലോട് രവി
51. ശ്രീ. റോഷി അഗസ്റ്റിൻ
52. ശ്രീ. വി. പി. സജീന്ദ്രൻ
53. ശ്രീ. എൻ. ശക്തൻ
54. ശ്രീ. ഷാഫി പറമ്പിൽ
55. ശ്രീ. കെ. എം. ഷാജി
56. ശ്രീ. എൻ. ഷംസുദീൻ
57. ശ്രീ. ആർ. സെൽവരാജ്
58. ശ്രീ. ഷിബു ബേബി ജോൺ
59. ശ്രീ. കെ. ശിവദാസൻ നായർ

60. ശ്രീ. വി. എസ്. ശിവകുമാർ
61. ശ്രീ. എം. വി. ശ്രേയാംസ്കുമാർ
62. ശ്രീ. സണ്ണി ജോസഫ്
63. ശ്രീ. സി. എഫ്. തോമസ്
64. ശ്രീ. തോമസ് ഉണ്ണിയാടൻ
65. ശ്രീ. പി. ഉബൈദുള്ള
66. ശ്രീ. എം. ഉമ്മർ
67. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
68. ശ്രീ. എം. എ. വാഹീദ്
69. ശ്രീ. എം. പി. വിൻസെന്റ്
70. ശ്രീ. പി. സി. വിഷ്ണുനാഥ്

പ്രതികൂലിക്കുന്നവർ:58

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. അജിത്
5. ശ്രീ. എ. എം. ആരിഫ്
6. ശ്രീ. എ. എ. അസീസ്
7. ശ്രീ. ബാബു എം. പാലിശ്ശേരി
8. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീമതി ഇ. എസ്. ബിജിമോൾ
11. ശ്രീ. എം. ചന്ദ്രൻ
12. ശ്രീ. ഇ. ചന്ദ്രശേഖരൻ
13. ശ്രീ. വി. ചെന്താമരാക്ഷൻ
14. ശ്രീ. കെ. ദാസൻ
15. ശ്രീ. ബി. ഡി. ദേവസ്സി
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ചിറ്റയം ഗോപകുമാർ

18. ശ്രീ. പി. കെ. ഗുരുദാസൻ
19. ശ്രീ. എം. ഹംസ
20. ശ്രീമതി ജമീലാ പ്രകാശം
21. ശ്രീ. ജെയിംസ് മാത്യു
22. ഡോ. കെ. ടി. ജലീൽ
23. ശ്രീ. കെ. കെ. ജയചന്ദ്രൻ
24. ശ്രീ. ജി. എസ്. ജയലാൽ
25. ശ്രീ. ജോസ് തെറ്റയിൽ
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
28. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
29. ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
30. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
31. ശ്രീ. കോവൂർ കുഞ്ഞുമോൻ
32. ശ്രീ. മാത്യു റ്റി. തോമസ്
33. ശ്രീ. സി. കെ. നാണു
34. ശ്രീ. കെ. കെ. നാരായണൻ
35. ശ്രീ. എ. പ്രദീപ്കുമാർ
36. ശ്രീ. പുരുഷൻ കടലുണ്ടി
37. ശ്രീ. കെ. രാധാകൃഷ്ണൻ
38. ശ്രീ. പി. റ്റി. എ. റഹീം
39. ശ്രീ. എസ്. രാജേന്ദ്രൻ
40. ശ്രീ. ആർ. രാജേഷ്
41. ശ്രീ. റ്റി. വി. രാജേഷ്
42. ശ്രീ. കെ. രാജു
43. ശ്രീ. രാജു എബ്രഹാം
44. പ്രൊഫ. സി. രവീന്ദ്രനാഥ്
45. ശ്രീ. സി. കെ. സദാശിവൻ
46. ശ്രീ. സാജു പോൾ
47. ശ്രീമതി കെ. എസ്. സലീഖ

48. ശ്രീ. എസ്. ശർമ്മ
49. ശ്രീ. വി. ശശി
50. ശ്രീ. എ. കെ. ശശീന്ദ്രൻ
51. ശ്രീ. ബി. സത്യൻ
52. ശ്രീ. വി. ശിവൻകുട്ടി
53. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
54. ശ്രീ. ജി. സുധാകരൻ
55. ശ്രീ. വി. എസ്. സുനിൽകുമാർ
56. ശ്രീ. കെ. സുരേഷ് കുറുപ്പ്
57. ഡോ. ടി. എം. തോമസ് ഐസക്
58. ശ്രീ. ഇ. കെ. വിജയൻ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ – 70

പ്രതികൂലിക്കുന്നവർ – 58

നിഷ്പക്ഷത പാലിക്കുന്നവർ– ആരുമില്ല.

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,43,17,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 55,23,10,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 57,14,81,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 96,39,86,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 36,85,64,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

**ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.**

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 269,75,61,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 340,73,35,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 245,18,52,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>ചർച്ചകൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ</u>

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,78,94,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരെഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,00,19,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,97,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1663,99,36,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 82,28,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സേവനങ്ങൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 12,34,72,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,37,34,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## അധിക ധനാഭ്യർത്ഥനകൾ

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1990–1991 സാമ്പത്തിക വർഷത്തേയ്ക്ക് 4,33,23,974 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക /ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1992–1993 സാമ്പത്തിക വർഷത്തേയക്ക് 3,67,400 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1995–1996 സാമ്പത്തിക വർഷത്തേയക്ക് 21,12,10,533 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1997–1998 സാമ്പത്തിക വർഷത്തേയക്ക് 3,92,65,631 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1998–1999 സാമ്പത്തിക വർഷത്തേയക്ക് 7,87,64,570 രൂപയുടെ അധികധ നാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ..........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2000–2001 സാമ്പത്തിക വർഷത്തേയക്ക് 14,65,60,697 രൂപയുടെ അധികധ നാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ..........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2001–2002 സാമ്പത്തിക വർഷത്തേയക്ക് 19,35,59,472 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ..........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2001–2002 സാമ്പത്തിക വർഷത്തേയക്ക് 9,72,09,059 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2003–2004 സാമ്പത്തിക വർഷത്തേയക്ക് 4,11,22,987 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2003–2004 സാമ്പത്തിക വർഷത്തേയക്ക് 2,64,00,000 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2006–2007 സാമ്പത്തിക വർഷത്തേയക്ക് 1,27,72,873 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2008–2009 സാമ്പത്തിക വർഷത്തേയക്ക് റവന്യൂ ഇനത്തിൽ 28,37,441 രൂപയുടെയും മൂലധന ഇനത്തിൽ 19,86,814 രൂപയുടെയും അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2008–2009 സാമ്പത്തിക വർഷത്തേയക്ക് 99,22,90,290 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2008–2009 സാമ്പത്തിക വർഷത്തേയക്ക് 24,22,867 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2008–2009 സാമ്പത്തിക വർഷത്തേയക്ക് 3,54,86,464 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2009–2010 സാമ്പത്തിക വർഷത്തേയക്ക് 10,40,075 രൂപയുടെ അധികധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........................

പ്രതികൂലിക്കുന്നവർ...........................

അധികധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

(ചട്ടം 130 അനുസരിച്ചുള്ള ചർച്ച)